ജനകീയാസൂത്രണം

പന്നൂർ ഗ്രാമപഞ്ചായത്ത്

വികസനരേഖ-

1996

അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

- ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- വാർഡ് തോറും പ്രത്യേക ഗ്രാമസഭകൾ
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.
- ഗ്രാമവികസനത്തിന് തൊഴിലധിഷ്ഠിത സമീപനം
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ
- ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി

വികസന പരിപാടികളുമായി സഹകരിക്കുക

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

പന്ന്യന്നൂർ

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ ഏറെ പ്രതീക്ഷയോടും അതിലേറെ ചാരിതാർത്ഥ്യത്തോടെ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കയാണ്.

ഇതിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ പ്രവർത്തകരോടും ഞങ്ങൾക്കുള്ള കടപ്പാട് നിസ്സീമമാണ്.

പുത്തൻ വികസന സംസ്കാരത്തിന് പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് വേണ്ടിയുള്ള യാത്രയിൽ ഈ രേഖ പാഥേയമാവുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ഇ.എം. തങ്കമ്മ ടീച്ചർ
പ്രസിഡൻറ്
പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

പന്ന്യന്നൂർ
17-11-96

എഡിറ്റോറിയൽ ബോഡ്

ചീഫ് എഡിറ്റർ : കെ. കെ. മണിലാൽ

അംഗങ്ങൾ : ഇ. എം. തങ്കമ്മ ടീച്ചർ

കെ. രവീന്ദ്രൻ

കെ. വി. ശശിധരൻ

എം. ജയദേവൻ

എ. എം. നാണുമാസ്റ്റർ

ഇ. ചന്ദ്രൻ

വി. പി. അബൂബക്കർ

എം. ഗിരിജ

കെ. എം. രവീന്ദ്രൻ

കെ. ഹരിദാസ്

കവർ : എം. ജയദേവൻ

പ്രിൻറിങ്: ഗായത്രി ഓഫ്സെറ്റ്പ്രിൻേറർസ്,

കണ്ണൂർ - 1 ഫോൺ. 68936


കേരളം
ഭരണസംവിധാനം
കർണ്ണാടക
തമിഴ്നാട്
ലക്ഷദ്വീപു് കടൽ

Perinadam Veyalidam
Alakode
Kankole Alapadamba
Karivellur — Peralam
Eramam Kuttoor
Kadannappally Panapuzha
Naduvil
Chapparapadavu
Kuttimangalam
Periyaram
Kurumathur
Cheruthazham
Tahparamba
Mayyil
Payyannoor
Ramanthali
Eramam
Pattuvam
Kannapuram
Kallisseri
Andoor
Kolacheri
Cherukunnu
Munderi
Kadalai
Narath
Kuttiattoor
Kizhallur
Azhikode
Pappinisseri
Chirakkal
Chelora
Anchampeedika
Puzhathi
Kadamboor
Peralasseri
Valapattanam
Pallikkunnu
Mangattidam
Muzhappilangad
Vengad
Chirakkalpuram
Elayavoor
Edakkad
Kannur
Kottayam
Pinarayi
Kadirur
Dharmadam
Eranholi
Meloor
Payyannur
Kunhuparamba
Pattiom
Taliparamba
Pappinisseri
Kuttiyattur
Perinjalam
New Mahe
Cholali
Kariyad
Peyyavoor
Madayi
Padiyur Kallad
Ayyankunnu
Keezhurchevvayi
Muzhikkunnu
Aralam
Mattannur
Thillankeri
Kolakom
Kottiyoor
Peravoor
Melur
Kanichar
Kolayad


PANIYANNOOR PANCHAYAT
ASSETS
KADIRUR PANCHAYAT
To Kadiyur
MUSHA
To Mokeri
MOKERI PANCHAYAT
To T.Thalassery
To Panoor
PANOOR PANCHAYAT
To Thalassery
MAHE
To THALASSERY
To Panoor
CHOKLI PANCHAYAT
PERINGALAM PANCHAYAT
Tr. Chokli
75° 33'
75° 34'
11° 46'
11° 45'
11° 44'
INDEX
Panchayat office
Village office
High School
U.P. School
L.P. School
Anganwadi
Nursery
Mosque
Temple
Tar surfaced Road
Gravel Surface Road
Panchayat boundary.
Reading room.
Hospital

1. ആമുഖം
    a. ഗ്രാമസഭാവലോകനം
    b. ജനകീയ ആസൂത്രണപ്രസ്ഥാനം
    c. പൊതുവിവരങ്ങൾ
    d. ഭരണചരിത്രം
2. സാമൂഹിക സാംസ്കാരിക ചരിത്രം
3. ഭൂപ്രകൃതി
    a. ജലപ്രകൃതി
4. മൃഗപരിപാലനം
    a. വിപണനരംഗം
    b. മൃഗചികിത്സാരംഗം
    c. നടപ്പ് പദ്ധതികൾ
5. കുടിവെള്ളം
6. കൃഷിയും ജലസേചനവും
7. സാമൂഹ്യക്ഷേമം
8. വിഭവസമാഹരണം
9. വ്യവസായം
10. വനിത
11. പട്ടികജാതി-പട്ടികവർഗ്ഗ വികസനം
12. പൊതുജനാരോഗ്യം
13. സാംസ്കാരികം
14. പാർപ്പിടം
15. ഊർജ്ജം
16. മാർക്കറ്റിങ്ങ്
17. ഗതാഗതം
18. സഹകരണം
19. വിദ്യാഭ്യാസം

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

ഭരണസമിതി

1. ഇ. എം. തങ്കമ്മ ടീച്ചർ - പ്രസിഡൻറ്
2. കെ. രവീന്ദ്രൻ - വൈസ് പ്രസിഡൻറ്
3. കെ. ജയരാജൻ - സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
4. ടി. സുമതി
5. പന്ന്യന്നൂർ രാമചന്ദ്രൻ
6. സി. വത്സല
7. ആർ. ശാന്ത
8. പി. ടി. കെ. പ്രേമൻ
9. എം. ഗിരിജ
10. ടി. അഷ്റഫ്



ആമുഖം

കേരളം നിരവധി രംഗങ്ങളിൽ ഇന്ത്യക്കും ലോകരാഷ്ട്രങ്ങൾക്കും മാതൃകയായി വർത്തിച്ചിട്ടുള്ള സംസ്ഥാനമാണ്. ലോകത്തിനുതന്നെ മാതൃകയാകാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനംവഴി നമ്മുടെ സംസ്ഥാനത്തിന്റെ വികസന ആസൂത്രണരംഗത്ത് ഒരു പുതുയുഗം തുറക്കാൻ പോകുകയാണ്. ജനകീയ ആസൂത്രണം എന്നത് അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനായുള്ള ജന മുന്നേറ്റമാണ്. പഞ്ചായത്ത് രേണ സമിതിയുടെ നേതൃത്വത്തിൽ ബഹുജനങ്ങളേയും, സംഘടനകളേയും വിദഗ്ധരേയും പ്രാദേശികമായി കോർത്തിണക്കുന്ന ശൈലിയിലാണ് നമ്മളും ഈ പ്രസ്ഥാനത്തിന്റെ സംഘാടനം നിർവ്വഹിച്ചിട്ടുള്ളത്. ജനകീയ ആസൂത്രണ പ്രവർത്തനത്തിന്റെ അന്തസത്ത ബഹുജനങ്ങളിലെത്തിക്കുന്നതിന് ഈ ശൈലി നമുക്ക് സഹായകമായിത്തീർന്നിട്ടുണ്ടെന്ന് ഇതുവരെ നടന്നപ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധി ക്കുന്നു.

അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാനും അതുവഴി ജനാഭിലാഷത്തിലൂന്നിയ പദ്ധതികളുടെ രൂപീകരണത്തിനും നിർവഹണത്തിനും ജനപങ്കാളിത്തം ഉറപ്പാക്കണമെന്ന ആശയത്തിന്റെ ഭാഗമായാണ് സംസ്ഥാനസർക്കാരും ആസൂത്രണ ബോർഡും 9ാം പദ്ധതിയുടെ സമീപനരേഖക്ക് രൂപം കൊടുത്തിട്ടുള്ളത്

വികസനമെന്നത് ദാരിദ്ര്യരേഖക്ക് താഴെയുള്ള സർവമാന ജനങ്ങളുടേയും സർവതോന്മുഖമായ ഉന്നമനം തന്നെയാണ്. സമ്പത്തിന്റെ വളർച്ച മാത്രമല്ല നീതിപൂർവ്വകമായ വിതരണവും വികസനത്തിന് അനുപേക്ഷണീയമാണ്. സ്ഥായിയും നീതിപൂർണ്ണവും ദ്രുതഗതിയിലും ഉള്ളസാമ്പത്തിക് വളർച്ചയിലൂടെ മാത്രമേ നമുക്ക് മുന്നേറാൻ കഴിയുകയുള്ളൂ.

ഗ്രാമസഭാവലോകനം

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ പത്ത് വാർഡുകളിലേയും ഗ്രാമസഭകൾ സപ്തമ്പർ 14മുതൽ 29വരെയുള്ള തീയ്യതികളിലായി നടന്നു. 120 മുതൽ 360 വരെ ആളുകളുടെ പങ്കാളിത്തം ഈ ഗ്രാമസഭകളിൽ ഉണ്ടായിരുന്നു. 6 ഗ്രൂപ്പുകളായി തിരിഞ്ഞുകൊണ്ട് നടന്ന ചർച്ചകൾ സജീവമായിരുന്നു. അതാത് പ്രദേശത്തെ വികസന പ്രശ്നങ്ങൾ ചിട്ടപ്പെടുത്താനും സാധ്യമായ പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്താനും ഗ്രാമ സഭകളിലൂടെ സാധിച്ചിട്ടുണ്ട്. ഗ്രാമസഭകളിലെ സ്ത്രീപങ്കാളിത്തം സാധ്യതക്കനുസരിച്ച് ഉയർന്നതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത്തല ശില്പശാലകളിൽ നിന്ന് പരിശീലനം സിദ്ധിച്ച റിസോസ് പേഴ്സൺസിന്റെ നേതൃത്വത്തിലാണ് ഗ്രൂപ്പുതിരിഞ്ഞുള്ള ചർച്ചകൾ നടന്നത്. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനായി മുഴുവൻ വാർഡുകളിലും സംഘാടകസമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. മുഴുവൻ വീടുകളും സന്ദർശിക്കുന്നതിനായി 4 മുതൽ 8 വരെ സ്കാർഡുകൾ പ്രവർത്തിച്ചു. ഇതോടൊപ്പം പ്രചരണ പ്രവർത്തനങ്ങളെന്നനിലയിൽ വിവിധ സ്ഥാപനങ്ങളും സംഘടനകളും സ്പോൺസർ ചെയ്തബോർഡുകളും ബാനറുകളും ഈ പദ്ധതിയുടെ ഉദ്ദേശ്യത്തെ ജനഹൃദയങ്ങളിലെത്തിക്കാൻ സഹായിച്ചിട്ടുണ്ട്. വികസന ദീപമാല, ചെണ്ടകൊട്ടി പ്രചരണം, ഗാന സദസ്സ്, സ്കൂൾ വിദ്യാർത്ഥികളുടെ വിളംബര ജാഥകൾ, ദീപാലങ്കാരം, ബാലദീപമാല, മൈക്ക്പ്രചരണം എന്നീ വ്യത്യസ്ത പ്രചരണരീതികൾ ഈ പരിപാടിക്ക് മാറ്റുകൂട്ടുകയുണ്ടായി.

ജനകീയ ആസൂത്രണ പ്രസ്ഥാനം

1992ൽ പന്ന്യന്നൂർ പഞ്ചായത്തിൽ ആരംഭിച്ച വിഭവഭൂപട നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ ആസൂത്രണ പരിപാടിക്ക് സഹായകമായിത്തീർന്നിട്ടുണ്ട്. കേരള ശാസ്ത്രസാഹിത്യപരിക്ഷത്തിന്റെ ഗവേഷണ സ്ഥാപനമായ ഐ. ആർ ടി. സി. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സി. ഇ. എസ്. എസ്, സർക്കാർ ഏജൻസിയായ സി. ഡി. എസ് എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്ന വിഭവ ഭൂപട നിർമ്മാണപ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലെ ജനകീയ സന്നദ്ധ പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുകയുണ്ടായി. ഇതിന്റെ ഭാഗമായി ഇവരുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ 22 പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ജനകീയവികസനാസൂത്രണം നടന്നു വരുന്നുണ്ട്. അതിൽ ഉൾപ്പെട്ട ഒരു പഞ്ചായത്താണ് പന്ന്യന്നൂർ പഞ്ചായത്ത്. 355/ 96 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത 'പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് വികസന സമിതി' പ്രവർത്തിച്ചുവരുന്നു. ഈ വികസന സമിതിയുടെ കീഴിൽ താഴെപറയുന്ന സബ് കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

	സബ് കമ്മറ്റി	അംഗങ്ങളുടെ എണ്ണം
1.	വിദ്യാഭ്യാസം	18
2.	കാർഷികം	20
3.	വ്യവസായം	19
4.	ആരോഗ്യം	21
5.	സ്ഥാപന പഠനം	19

സപ്തംബർ 11ന് നടന്ന പഞ്ചായത്ത്തല ശില്പശാലയിൽ 76 ആളുകൾ പങ്കെടുത്തു. ഇവരെ 6 ഗ്രൂപ്പുകളായിതിരിച്ച് ഗ്രാമസഭാ ചർച്ചകൾക്ക് നേതൃത്വം നല്കാൻ നിയോഗിച്ചു. ഗ്രാമസഭകൾക്ക് ശേഷം ഈ കോർ ഗ്രൂപ്പ് കൂടിച്ചേരുകയും ഗ്രാമസഭാ നിർദ്ദേശങ്ങളെ ക്രോഡീകരിച്ച് പട്ടികപ്പെടുത്തുകയുംചെയ്തു. വികസന സമിതിയുടെ നേതൃത്വത്തിൽ നേരത്തെ ശേഖരിച്ച ദ്വിതീയ വിവരശേഖരങ്ങൾ പരിശോധിച്ചു. കൂടുതൽ വിവരങ്ങൾ ശേഖരിക്കാനായി വിവിധ ഗ്രൂപ്പുകളെ നിയോഗിച്ചു. വികസനരേഖ തയ്യാറാക്കുന്ന പ്രാഥമിക പ്രവർത്തനങ്ങൾക്കായി സപ്തംബർ 21നും പഞ്ചായത്ത് തല ശില്പശാല നടന്നു. ജില്ലാതലത്തിൽ നടന്ന രണ്ടാംഘട്ട പരിശീലനത്തെതുടർന്ന് സപ്തംബർ 27ാം തീയ്യതി വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ശില്പശാല ചമ്പാട് വെസ്റ്റ് യു. പി.

സ്കൂളിൽവെച്ച് നടന്നു. പന്ത്രണ്ട് വികസന മേഖലകളിലുള്ള കാര്യങ്ങൾ റിപ്പോർട്ടാക്കി മാറ്റുന്നതിനു വേണ്ടി 12 ഗ്രൂപ്പുകളെ നിയോഗിച്ചു. മൊത്തം പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ സജീവമായ നേതൃത്വം ഉണ്ടായിരുന്നു. പരിശീലനം ലഭിച്ചവർഉദ്യോഗസ്ഥൻമാർ വിദഗ്ധന്മാർ, സന്നദ്ധ പ്രവർത്തകർ തുടങ്ങി നൂറിൽപരം ആളുകളുടെ അശ്രാന്ത പരിശ്രമത്തിന്റെ ഉല്പന്നമാണ് ഈ വികസന റിപ്പോർട്ട്.

പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	-	പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്
പിൻകോട്	-	670 694
ഫോൺ	-	311387
ഉൾപ്പെടുന്ന റവന്യൂ വില്ലേജ്	-	പന്ന്യന്നൂർ
ബ്ലോക്ക് ഡിവിഷൻ	-	പാനൂർ
ബ്ലോക്ക് പഞ്ചായത്ത്	-	കൂത്തുപറമ്പ്
താലൂക്ക്	-	തലശ്ശേരി
ജില്ല	-	കണ്ണൂർ
അസംബ്ലി മണ്ഡലം	-	പെരിങ്ങളം
പാർലിമെൻറ് മണ്ഡലം	-	വടകര
വിസ്തീർണ്ണം	-	10.02 സ്കയർ കിലോമീറ്റർ
വാർഡുകളുടെ എണ്ണം	-	10
ജനസംഖ്യ	-	19312
പുരുഷൻ	-	8794
സ്ത്രീ	-	10518
ജനസാന്ദ്രത	-	1927
സ്ത്രീ സംവരണ വാർഡുകൾ	-	4
പട്ടികജാതി സംവരണ വാർഡുകൾ	-	1
പ്രസിഡണ്ട്	-	ഇ. എം. തങ്കമ്മ ടീച്ചർ
വൈസ്. പ്രസിഡണ്ട്	-	കെ. രവീന്ദ്രൻ

ഭരണചരിത്രം

1962ന് മുമ്പ് ഇന്നത്തെ പന്ന്യന്നൂർ പഞ്ചായത്ത് പാനൂർ, തൃപ്പങ്ങോട്ടൂർ, മൊകേരി, കുന്നോത്ത്പറമ്പ് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പാനൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. കൂത്തുപറമ്പ് ഫർക്കയിൽ ഉൾപ്പെട്ട അന്നത്തെ പാനൂർ പഞ്ചായത്തിന്റെ ആദ്യപ്രസിഡണ്ട് പന്ന്യന്നൂർ കാരനായ ചന്ദ്രോത്ത് കെ. ടി. പത്മനാഭൻ നമ്പ്യാർ ആയിരുന്നു. 1951ലെ മദ്രാസ് പഞ്ചായത്ത് നിയമമനുസരിച്ച്പാനൂർ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡണ്ട് ശ്രീ. പി. ആർ കുറുപ്പായിരുന്നു. അന്ന് പ്രസിഡണ്ട് തിരഞ്ഞെടുപ്പ് നേരിട്ടായിരുന്നു. ഭരണസമിതിയിലെ ഏക കമ്മ്യൂണിസ്റ്റ് അംഗം ശ്രീ. കെ. സി. കെ അടിയോടിയായിരുന്നു.1962ൽ പന്ന്യന്നൂർ വില്ലേജ് അതിർത്തിയായുള്ള പന്ന്യന്നൂർ പഞ്ചായത്ത് നിലവിൽ വന്നു. 1963ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി. വി. കുഞ്ഞിരാമൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 7 തെരഞ്ഞെടുക്കപ്പെട്ടവരും ഒരു നോമിനേറ്റഡ് മെമ്പറും അടങ്ങിയതായിരുന്നു ഭരണസമിതി. ആ കാലത്തെ ഭരണസമിതി അംഗങ്ങളുടെ പേർവിവരം താഴെകൊടുക്കുന്നു.

പ്രസിഡണ്ട്	-	ശ്രീ. പി. വി. കുഞ്ഞിരാമൻ
അംഗങ്ങൾ	-	കെ. സി. കെ. അടിയോടി
	-	നിറ്റാറത്ത് കുമാരൻ മാസ്റ്റർ
	-	പുതിയാടത്ത് കേളു
	-	ചുമടത്തിൽ അനന്തൻ അടിയോടി
	-	കെ. കെ. വി. അടിയോടി
	-	കുഞ്ഞിക്കണ്ണൻ മേസ്ത്രി
	-	മാതുട്ടീച്ചർ (നോമിനേറ്റഡ് മെമ്പർ)

ഈ ഭരണസമിതി 1979 വരെ നിലനിൽക്കുകയുണ്ടായി. അന്നത്തെ പഞ്ചായത്ത്ഓഫീസ് ചന്ദ്രോത്ത് ബംഗ്ലാവിലാണ് പ്രവർത്തിച്ചിരുന്നത്.

1979ലെ തെരഞ്ഞെടുപ്പിൽ ശ്രീ. കെ. കെ. ജി. അടിയോടി പ്രസിഡണ്ടായുള്ള ഭരണസമിതി നിലവിൽ വന്നു. 8 വാർഡുകളിലായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേർ താഴെക്കൊടുക്കുന്നു.

പ്രസിഡണ്ട്	-	ശ്രീ. കെ. കെ ജി. അടിയോടി
അംഗങ്ങൾ	-	പി. പി. കുഞ്ഞിക്കണ്ണൻ
	-	മീനാക്ഷി ടീച്ചർ
	-	കെ. പി. മമ്മുമാസ്റ്റർ
	-	ആലക്കാടൻ ശ്രീധരൻ
	-	വി. ലീല
	-	ടി. കുഞ്ഞമ്മദ് മാസ്റ്റർ
	-	കെ. ആർ. ചാത്തു

ഈ ഭരണസമിതി 1988വരെ നിലനിന്നു. 1988ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ഇ. വിജയൻ മാസ്റ്റർ പ്രസിഡണ്ടായുള്ള ഭരണസമിതിനിലവിൽവന്നു. 9 വാർഡുകളിലായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേർ താഴെ കൊടുക്കുന്നു.

പ്രസിഡണ്ട്	-	ശ്രീ. ഇ. വിജയൻ മാസ്റ്റർ
അംഗങ്ങൾ	-	സി. കെ. അശോകൻ
	-	പാളിൽ ബാലൻ
	-	വേണു ഗോപാലൻ
	-	ടി. എം. ബാലൻ
	-	ഇ. എം. തങ്കമ്മ
	-	കെ. ബാലൻ
	-	എം. സൈനബ
	-	വി. ലീല

ഈ ഭരണ സമിതി 1995 വരെ നിലനിന്നു. ഇപ്പോഴുള്ള ഭരണസമിതി 1995 തെരഞ്ഞെടുപ്പോടെ അധികാരമേറ്റു.

സാമൂഹ്യ സാംസ്കാരിക ചരിത്രം

കേരളത്തിന്റെ സാംസ്കാരിക സാമൂഹിക ചരിത്രം പരിശോധിക്കുമ്പോൾ മധ്യകാലഘട്ടത്തിൽ കണ്ണൂർ ജില്ല കേരളചരിത്രത്തെ സമ്പന്നമാക്കിയ സംഭവ പരമ്പരകളുടെ വിളഭൂമിയാണെന്ന് കാണാം. പ്രാചീന കാലത്ത് മൂഷകവംശ രാജാക്കൻമാരും ചിറക്കൽ രാജവംശവും (കോലത്തിരി) മുസ്ലീം രാജവംശമായ അറക്കൽ കുടുംബവും ഇവിടെ ഭരണം നടത്തി. പിന്നീട് മൈസൂർ സുൽത്താൻമാരും ഫ്രഞ്ചുകാരും, ബ്രിട്ടീഷുകാരും വിവിധ കാലങ്ങളിൽ ഇവിടെ ആധിപത്യം പുലർത്തിപ്പോന്നു. കോട്ടയം രാജവംശത്തിന്റെ അധീന പ്രദേശമായിരുന്നു പന്ന്യന്നൂർ പഞ്ചായത്തും പരിസരങ്ങളും ഉൾകൊള്ളുന്ന ഇരുവൈനാട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ കാലഘട്ടത്തിൽ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും നാലുവീട്ടിൽ നമ്പ്യാൻമാരുടെ അധീനതയിലായിരുന്നു. ചന്ത്രോത്ത്, കാമ്പ്രത്ത്, കുന്നുമ്മൽ, കിഴക്കേടത്ത് എന്നീ നാല് കുടുംബക്കാർ കൊല്ലും കൊലയുമാക്കി ഈപ്രദേശം ഭരിച്ചുവന്നു. എന്നാൽ ഇവരിൽ ചന്ത്രോത്ത് നാടുവാഴി കുടുംബം തങ്ങളുടെ കുടിയാൻമാരോട് താരതമ്യേന മാന്യമായി പെരുമാറി എന്ന് പറയപ്പെടുന്നു. ഇവരെ കൂടാതെ കീരാൽക്കൂലോത്ത്, കോട്ടകുന്നുമ്മൽ, മനയിൽ, ഇഴിക്കൽ മുതലായ ബ്രാഹ്മണി കുടുംബങ്ങളുടെ അധീനതയിലും കുറച്ചു പ്രദേശങ്ങൾ ഉണ്ടായിരുന്നു. ഇടക്കാലത്ത് ചാത്തോത്ത് ഉസ്സാനും ജൻമി നാടുവാഴി വ്യവസ്ഥയുടെ ഭാഗമായി ഉയർന്നുവന്നു. വടക്കേ മലബാറിന്റെ പൊതുവായ ജാതിവ്യവസ്ഥാ രീതികളും ആചാര ക്രമങ്ങളും തന്നെയാണ് നമ്മുടെ പ്രദേശത്തും പണ്ട് കാലങ്ങളിൽ നിലനിന്നിരുന്നത്. നായർ, തീയ്യർ എന്നീ രണ്ട് പ്രബല സമുദായക്കാരായിരുന്നു ജനങ്ങളിൽ ഭൂരിഭാഗവും. ഇവരോടൊപ്പം മറ്റ് സമുദായങ്ങളായ കാവുതീയ, വാണിയ, വണ്ണത്താൻ, മലയ, കണിയാൻ, കുശവൻ, ശാലിയ, പരവൻ, ആശാരി, കൊല്ലൻ മുതലായ ജാതി വിഭാഗങ്ങളിൽ പെട്ടവരും മുസ്ലീംങ്ങളും ഉണ്ടായിരുന്നു.

ജാതിപരമായ ഉച്ചനീചത്വങ്ങളും സാമൂഹ്യാചാരങ്ങളും കർശനമായി പാലിക്കപ്പെട്ടിരുന്നു എങ്കിലും പ്രതികേകളെ ജാതി നോക്കാതെ ആദരിച്ചിരുന്നു. ഉയർന്ന ജാതിക്കാരല്ലെങ്കിലും പാളിൽ ചാത്തുഗുരുക്കൾ, രാമർ ഗുരുക്കൾ, വെള്ളോത്ത് കണ്ണൻ ഗുരുക്കൾ മുതലായ ഗുരുജനങ്ങൾ ഇതിനുദാഹരണമാണ്.

നമ്പ്യാൻമാരും നായൻമാരുമായിരുന്നു

പ്രധാന ജൻമികൾ. ചുരുക്കം ചില തീയർക്ക് സ്വന്തം ഭൂമി ഉണ്ടായിരുന്നു എങ്കിലും ഇവർക്ക് കുടിയാൻമാരില്ലായിരുന്നു. ജൻമി കുടിയാൻ സംഘട്ടനങ്ങൾ ഉണ്ടായതായി ചരിത്ര രേഖകൾ ഇല്ല. ഇതേ കാലഘട്ടത്തിൽ ഏതാനും മുസ്ലീം കുടുംബങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു. അക്കാലത്തും മതപരമായ സൗഹാർദ്ദം നിലനിന്നിരുന്നു എന്നത് സ്മരണീയമാണ്.

എല്ലാ സമുദായങ്ങളിലും തനതായ ആചാര ക്രമങ്ങൾ നിലനിന്നിരുന്നു. പ്രബല സമുദായങ്ങളിൽ മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്നപ്പോൾ മുസ്ലീം, ആശാരി, കുശവ സമുദായങ്ങൾ മക്കത്തായ സമ്പ്രദായമാണ് പാലിച്ചുപോന്നത്. തൊട്ടുകൂടായ്മ, തീണ്ടൽ, വാലായ്മ, പുല, മാറ്റ്, പലവിധ ഭ്രഷ്ട് എന്നിവ ആ കാലത്ത് നിലനിന്നിരുന്നു. നായർ തറവാടിലെ കാരണവർ മരിച്ചാൽ ഭാര്യയേയും മക്കളേയും ഇറക്കിവിടുന്ന " പടികടത്തിവിടൽ " എന്ന ആചാരം നിലനിന്നിരുന്നു.

നായർ, തീയ്യ സമുദായങ്ങൾക്കിടയിൽ തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ എന്നിങ്ങനെയുള്ള ആചാരങ്ങൾ നിലനിന്നിരുന്നപ്പോൾതന്നെ തീയ്യരും മറ്റു ചില സമുദായക്കാർ തമ്മിലും ഇത്തരം ആചാരങ്ങൾ ശക്തമായിതന്നെ ആചരിച്ചുവന്നു. മുസ്ലീങ്ങളും മറ്റുസമുദായക്കാർ തമ്മിലും ഇതേ നില പിൻതുടർന്നിരുന്നു. എല്ലാ സമുദായങ്ങളിലും തനതായ ആരാധനാ രീതികൾ നിലവിലുണ്ടായിരുന്നു. കാവുകളിൽ തെയ്യം മുതലായ അനുഷ്ഠാന ചടങ്ങുകളിൽ വിവിധ സമുദായങ്ങൾ ഒത്തുചേർന്നപ്പോൾ, ക്ഷേത്രങ്ങളിൽ കീഴ്ജാതിക്കാർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു. എങ്കിലും തീയ്യ സമുദായക്കാരുടെ " അടിയറ" എന്ന കാഴ്ച ക്ഷേത്രനടവരെ പോയി സമർപ്പിക്കാറുണ്ട്.

ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ ജൻമിമാർക്ക് കുല, നെല്ല്, നെയ്യ് മുതലായവ കുടിയാൻമർ കാണിക്ക വച്ചിരുന്നു. കുടിയാന് ഭൂമി പാരിതോഷികമായും, അന്തസ്സ് നിലനിർത്തുന്ന ഉപാധിയായി "ചാർത്ത്" കൊടുക്കലും, അപ്രീതിക്ക് പാത്രമാകുന്ന കുടിയാന്റെ ഭൂമി മേൽ ചാർത്ത് കൊടുക്കുന്ന രീതിയും അന്ന് പ്രചാരത്തിൽ ഉണ്ടായിരുന്നു. എല്ലാ സമുദായങ്ങളിലും ചുരുക്കം ഉല്പതിഷ്ണുക്കൾ ഉണ്ടായിരുന്നതുകൊണ്ട് സാമൂഹിക ആചാരങ്ങൾ പാലിക്കണമെന്ന നിഷ്കർഷ ഉണ്ടായിരുന്നില്ല. ഇതോടൊപ്പം നമ്പൂതിരി കുടുംബങ്ങൾ ഇവിടെ ഇല്ലായിരുന്നു എന്നതും ഇതിനൊരു കാരണമാവാം

വിദ്യാഭ്യാസം :

നമ്മുടെ പഞ്ചായത്തിൽ സ്ഥാപനമുണ്ടാക്കി വിദ്യാഭ്യാസ പ്രചരണ പ്രവർത്തനം ആരംഭിച്ചവരിൽ മുൻപന്തിയിൽ ചാത്തു ഗുരുക്കൾ, കണ്ണൻ ഗുരുക്കൾ, രാമർ ഗുരുക്കൾ എന്നിവരായിരുന്നു. ഇവർ പിന്നോക്ക സമുദായക്കാരായിരുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്. 1920 ന് മുമ്പ് തന്നെ ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള 18 വിദ്യാലയങ്ങളിൽ 17ഉം ആരംഭിച്ചിരുന്നു. ഗവ. എൽ.പി സ്കൂൾ പന്ന്യന്നൂർ സെൻറർ ആണ് അവസാനമായി ഉണ്ടായത്. ഫീസില്ലാതെ ഇ.എസ്.എൽ.സി (എലിമെൻററി സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റ്) പഠിക്കാനും പരീക്ഷയെഴുതാനും സൗകര്യമുണ്ടായിരുന്ന സമീപ പ്രദേശങ്ങളിലുള്ള ഏക സ്കൂൾ കുന്നുമ്മൽ യു.പി. സ്കൂൾ ആയിരുന്നു.

ദേശീയ പ്രസ്ഥാനം :

ദേശീയ പ്രസ്ഥാനത്തിന് വേരോട്ടമുണ്ടായിരുന്ന മണ്ണാണിത്. 1937 ൽ പന്ന്യന്നൂർ അരയാകുൽ സ്കൂളിൽ വച്ച് ചേർന്ന മലബാർ കോൺഗ്രസ് രാഷ്ട്രീയ സമ്മേളനം ഒരു പ്രധാന സംഭവമായിരുന്നു. ദിനകർമേത്ത, എ.കെ.ജി, ഇ.എം.എസ്, സി.എച്ച്. കണാരൻ എന്നീ പ്രമുഖ കോൺഗ്രസ് നേതാക്കൾ പങ്കെടുത്തു. തറമ്മൽ കൃഷ്ണൻ അധ്യക്ഷനായിരുന്നു. ഇതോടനുബന്ധിച്ച് നടന്ന മിശ്രഭോജനം സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. ഇക്കാലത്ത് കോട്ടയം താലൂക്കിലെ കോൺഗ്രസ് നേതാവായിരുന്നു ടി.എൻ. ഗോവിന്ദൻ അടിയോടി. അക്കാലത്ത് കോൺഗ്രസ്സിന്റെ മഹിളാവിഭാഗം പ്രവർത്തകരായിരുന്നു അരയാകൂൽ സ്കൂളിലെ അച്ചായി ടീച്ചറും നാരായണി ടീച്ചറും. 1938 ൽ ടി.എൻ. ഗോവിന്ദൻ അടിയോടിയും നാരായണി ടീച്ചറും തമ്മിലുള്ള മിശ്ര വിവാഹം സാമൂഹ്യ ചലനത്തിന് നാന്ദി കുറിച്ചു. ഇ.എം.എസ്. അടക്കം 600 ഓളം കോൺഗ്രസ് പ്രവർത്തകർ പങ്കെടുത്ത ഈ വിവാഹത്തിന്റെ മുഖ്യ കാർമ്മികൻ വി.ടി. ഭട്ടതിരിപ്പാടായിരുന്നു.

അക്കാലത്ത് ഇവിടെ പ്രവർത്തിച്ചിരുന്ന കോൺഗ്രസ് പ്രവർത്തകരിൽ ഭൂരിഭാഗം പേരും 1939 ൽ സ്ഥാപിച്ച കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തകരായി. തുടർന്ന് 1942 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിലവിൽ വന്നതോടെ മൊയാരത്ത് ശങ്കരന്റെ നേതൃത്വത്തിൽ ഭൂരിഭാഗം കോൺഗ്രസ് സോഷ്യലിസ്റ്റുകാരും കമ്മ്യൂണിസ്റ്റ്കാരായി മാറി.

1946 ൽ കൊപ്പരക്കളം വയലിൽ (ഇന്നത്തെ കാവിലേരി താഴെ കുനി) നടന്ന മലബാർ വിള നിയന്ത്രണ സമ്മേളനം മറ്റൊരു മഹാ സംഭവമായിരുന്നു. ഈ സമ്മേളനത്തിൽ സി.എച്ച് കണാരൻ, കൃഷ്ണപിള്ള, സർദാർ ചന്ദ്രോത്ത്, ഇമ്പിച്ചിബാവ, എം.കെ കേളു (കേളു ഏട്ടൻ) എന്നിവർ പങ്കെടുത്തിരുന്നു. ഈ ഘട്ടത്തിൽ രാഷ്ട്രീയ നേതൃത്വത്തിലേക്ക് ഉയർന്നു വന്ന കെ.സി.കെ അടിയോടി, കെ.കെ.ജി അടിയോടി, കാവിലേരി കുമാരൻ, കെ.പി. ചാത്തുമാസ്റ്റർ, സി.പി. ചാത്തുകുട്ടി, ആണ്ടി മാസ്റ്റർ, കുറ്റിയിൽ ശങ്കരൻ മാസ്റ്റർ, പി.വി. കുഞ്ഞിരാമൻ, ഗോപാലൻ മേസ്ത്രി തുടങ്ങി ഈ നിര നീണ്ടു പോകുന്നു.

1957 ലെ മാഹി വിമോചന സമരത്തിൽ ഈ പഞ്ചായത്തിൽ നിന്ന് പങ്കെടുത്തവരായിരുന്നു കെ.കെ.ജിയും പി.വി.കുഞ്ഞിരാമനും. ഗോവ വിമോചന സമരത്തിൽ നമ്മുടെ പഞ്ചായത്തുകാരായ പി.വി.കുഞ്ഞിരാമനും കാവിലേരി കുമാരനും പങ്കെടുത്തിരുന്നു.

സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് വിദ്യാഭ്യാസ രംഗത്ത് നാം നേരത്തെതന്നെ ഏറെ മുന്നേറിയിരുന്നു. തൽ ഫലമായി ധാരാളം ആളുകൾ വിവിധ മേഘലകളിൽ സേവനം അനുഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതിന്നും തുടരുകയാണ്.

പന്ന്യന്നൂരിന്റെ ചരിത്രപരവും സാംസ്കാരികവുമായ മുന്നേറ്റം പരിശോധിക്കുമ്പോൾ കാർഷിക വ്യാവസായിക മേഖലകളിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ടോ എന്ന് സ്വയം വിമർശനപരമായി ചിന്തിക്കേണ്ടതുണ്ട്. 1990-91 കാലഘട്ടത്തിൽ നടന്ന ജനകീയ പ്രവർത്തനമായ സാക്ഷരതാ പ്രസ്ഥാനം പോലെ ജനകീയാസൂത്രണ പ്രക്രിയയിൽ ഗ്രാമത്തിന്റെ സർഗ്ഗശക്തിയെ കോർത്തിണക്കാനും അതുവഴി പുതിയ ഒരു വികസനത്തിന് പടി തുറക്കാനും നമുക്ക് കഴിയുകതന്നെ ചെയ്യും.

PANIYANNOOR PANCHAYAT
ENVIRONMENTAL APPRAISAL



INDEX

- Reclaimed paddy fields
- Dry area
- Low water potential
- Rock exposures
- Ponds
- Scarp
- Tar road
- Canal / puzha
- Panchayat boundary
- Ridge crest — Laterite soil
- Hill crest — Laterite soil
- Side slope, gentle — Laterite soil
- Side slope, moderate — Laterite soil
- Side slope, moderately steep — Laterite soil
- Valley floor — Riverine alluvium
- Flood plain — Riverine alluvium
- Levees — Riverine alluvium

ഭൂപ്രകൃതി

കണ്ണൂർ ജില്ലയുടെ തെക്കേ ഭാഗത്ത് അറബിക്കടലിന് ഏകദേശം 7 കിലോമീറ്റർ കിഴക്കുമാറിയാണ് പന്ന്യന്നൂർ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഉത്തരഅക്ഷാംശം 11°-43' നും, 11°-46'നും മധ്യേയും പൂർവ്വരേഖാംശം 75°-32'നും, 75°-34'നും മധ്യേ സ്ഥിതിചെയ്യുന്ന നമ്മുടെ പഞ്ചായത്തിന്റെ വിസ്തൃതി 10.02 ചതുരശ്ര കിലോമീറ്ററാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗവും 20 മീറ്ററിൽ കുറഞ്ഞ ഉയരമുള്ള പീഠഭൂമി പ്രദേശമാണ്. പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്തുള്ള കുന്നിൻനിരനീളെയൊഴുക്കിനെ തെക്ക്കിഴക്ക് ഭാഗത്തുള്ള മാഹിത്തോടിലേക്കും വടക്കുപടിഞ്ഞാറ് ഭാഗത്തുള്ള ചാടാല പുഴയിലേക്കും (തലശ്ശേരിപുഴ) എത്തിക്കുന്നു.

അതിരുകൾ

വടക്ക് കതിരൂർ മൊകേരി പഞ്ചായത്തുകളും തെക്ക് പൊക്ലി പഞ്ചായത്തും കിഴക്ക് പാനൂർപെരിങ്ങളം പഞ്ചായത്തുകളും പടിഞ്ഞാറ് കേന്ദ്രഭരണ പ്രദേശമായ മയ്യഴിയും അതിരുകളായി നിൽക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ വടക്ക്പടിഞ്ഞാറ് അതിർത്തിയിലൂടെ ചാടാല പുഴ (തലശ്ശേരിപുഴ)ഒഴുകുന്നു.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 3 മേഖലകളായിതിരിക്കാം.

1. ഉയർന്ന ലാറ്ററൈറ്റ് സമതലം
2. ചരിവ് പ്രദേശം
3. താഴ്ന്ന സമതലം

ഇവയിലോരോന്നിന്റെ വിസ്തൃതി ചുവടെ കൊടുക്കുന്നു.

പട്ടിക 1

ഭൂപ്രകൃതി	വിസ്തീർണ്ണം ച. കി. മി	ശതമാനം
ഉയർന്ന ലാറ്റ റൈറ്റ്സമതലങ്ങൾ	1.72	17.16
ചരിവ് പ്രദേശം	5.21	51.99
താഴ്ന്ന സമതലം	2.47	24.65

Environmental appraisal map കാണുക.

നിർമ്മാണത്തിനെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ 3 വിഭാഗങ്ങളാക്കിയിരിക്കുന്നു. [റിലീഫ് മേപ്പ് - കാണുക]

1. സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ വരെ ഉയരം
2. 20നും 40നുമിടയിൽ
3. 40 മീറ്ററിന് മുകളിൽ

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഒന്നാമത്തെ വിഭാഗത്തിൽപെടുന്നു. രണ്ടാം വാർഡിലെ കോട്ടക്കുന്നിന്റെ ചില ഭാഗങ്ങൾ, 10ാം വാർഡിലെ മയിലാടികുന്നിന്റെ ചില ഭാഗങ്ങൾ, ഒന്നാം വാർഡിലെ മുള്ളാക്കാട് പ്രദേശം എന്നിവിടങ്ങളാണ് 40 മീറ്ററിൽ കൂടുതൽ ഉയരമുള്ളത് ഇവിടങ്ങളിൽ ജലലഭ്യതയും കുറവാണ്. പഞ്ചായത്തിന്റെ70% പ്രദേശത്തും ലാറ്റ റൈറ്റ് വിഭാഗത്തിലുള്ള ചെമ്മണ്ണാണുള്ളത്. ഈ മണ്ണിൽ ചില സ്ഥലങ്ങളിൽ ചരലും മറ്റ് സ്ഥല ങ്ങളിൽ പൂഴിയും കലർന്ന് കിടക്കുന്നു. ബാക്കി ഭാഗത്ത് നദീജന്യമായ ചെളിമണ്ണാണ് കാണ പ്പെടുന്നത്. ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും താഴെ കൊടുക്കുന്നു.

സർഫൈസ് മെറ്റീരിയൽ മേപ്പ് കാണുക

പട്ടിക - 2

മൺതരം	വിസ്തൃതി ച.കി.മീ	ശതമാനം
ചരൽ കലർന്ന ചെമ്മണ്ണ്	2.25	23.87
പൂഴികൾ കലർന്ന ചെമ്മണ്ണ്	4.68	49.88
നദീ ജന്യമണ്ണ്	2.47	26.25

അവലംബ ഭൂപടം

ജനപ്രകൃതി

1991ലെ സെൻസസ് കണക്കുകൾ പ്രകാരം പന്ന്യന്നൂരിലെ ആകെ ജന സംഖ്യ 19312 ആണ്. ഇതിൽ 8794 പുരുഷ ന്മാരും 10518 സ്ത്രീകളുമാണ്. ജനസാന്ദ്രത 1927/ച. കി. മിആണ്. ആൺ പെൺ അനുപാതം 1000പുരു ഷന് 1196 സ്ത്രീകൾ എന്നതാണ്.6 വയസ്സ് വരെയുള്ള കുട്ടികളുടെ എണ്ണം 2459 ആണ്. ഇതിൽ 1229 ആൺകുട്ടികളും 1230 പെൺകുട്ടി കളുമാണ്. ജനസംഖ്യയിൽ 93.88% പേർ സാക്ഷ രരാണ്. ഇതിൽ പുരുഷ സാക്ഷരതാ നിരക്ക് 98%വും സ്ത്രീ സാക്ഷരതാനിരക്ക് 93.11%വു മാണ്. വാർഡ് തലത്തിലെ ജനസംഖ്യാ വിവരങ്ങൾ പട്ടികപ്പെടുത്തി യിരിക്കുന്നു.

പട്ടിക 3

വാർഡ്	ജനസംഖ്യ			6വയസ്സ്വരെയുള്ള കുട്ടികൾ			പട്ടികജാതി പട്ടികവർഗ്ഗം		
നമ്പ്ർ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	1208	1370	2578	190	187	377	9	7	16
2	1076	1249	2325	160	151	311	11	12	23
3	893	1121	2014	130	147	277	-	2	2
4	1045	1342	2387	149	155	304	5	8	13
5	983	1136	2119	129	133	262	7	10	17
6	928	1101	2029	108	109	217	9	11	20
7	718	803	1521	-86	77	163	5	7	12
8	985	1202	2187	127	116	243	14	18	32
9	958	1194	2152	150	155	305	-	-	-
10	8794	10518	19312	1229	1230	2459	60	82	142

PANIYANNOOR PANCHAYAT

RELIEF



PANIYANNOOR PANCHAYAT.

SURFACE MATERIAL



PANNIANNOOR PANCHAYAT

LANDFORM



അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പഞ്ചായത്തിന്റെ ഒരു പ്രധാന പ്രശ്നമാണ്. ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയും മറ്റ് അനുബന്ധതൊഴിലുകളുമാണ് എന്നാൽ കാർഷിക മേഖല ആദയകരമല്ലാതായിത്തീർന്നത് മൂലം ഈ രംഗത്തെ തൊഴിലവസരങ്ങൾ കുറഞ്ഞുവരികയാണ്. കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലവസരങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും പൊതുവെ തൊഴിലില്ലായ്മ രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്.

ജലപ്രകൃതി

നമ്മുടെ പഞ്ചായത്തിന്റെ ജലലഭ്യത പ്രധാനമായും കാലവർഷത്തെ ആശ്രയിച്ചിരിക്കുന്നു. ജൂൺ ജൂലായ് ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ശരാശരി 3647മി. മീറ്റർ മഴ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ (3063മി.മീ) കൂടുതലാണ്. നവമ്പർ മുതൽ മെയ് വരെ മാസങ്ങളിൽ മഴയുടെ ലഭ്യത സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. മറ്റ് മാസങ്ങളിൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലുമാണ്. വിവധമാസങ്ങളിലെ മഴയുടെ അനുപാതം സൂചിപ്പിക്കുന്ന പട്ടിക ചുവടെ കൊടുക്കന്നു.

പട്ടിക-4

	ജ	ഫെ	മാ	ഏ	മെ	ജൂ	ജൂലൈ	ആഗ	സപ്ത	ഒക്	നവം	ഡിസം	വർഷിക പാതം
പന്ന്യന്നൂർ പഞ്ചായത്ത്	4	4	8	64	244	891	1085	570	249	226	99	23	3467
കേരളം	14	17	39	112	256	691	760	433	247	288	163	42	3063

സമതലങ്ങളിൽ ജലലഭ്യത ഉയർന്നതോതിലാണ്. എന്നാൽ ഉയർന്ന പ്രദേശങ്ങളിൽ മഴ കുറഞ്ഞ മാസങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ഭൂഗർഭ ജലലഭ്യത നമ്മുടെ പഞ്ചായത്തിൽ പൊതുവേ ഇല്ലെന്ന് തന്നെ പറയാം. (Water avialability Map കാണുക.)

കിണറുകൾ, കുളങ്ങൾ തോടുകൾ പഞ്ചായത്ത് അതിർത്തിയിലൂടെ കടന്നു പോകുന്ന തലശ്ശേരി പുഴ എന്നിവയാണ് പ്രധാന ജല സ്രോതസ്സുകൾ. 3710 കിണറുകളും 185 കുളങ്ങളും പഞ്ചായത്തിലുണ്ട്.

	വറ്റുന്നത്	വറ്റാത്തത്	ആകെ
കിണർ	1030	2680	3710
കുളം	43	142	185

അവലംബം വിഭവഭൂപടസർവ്വേ.

മഴവെള്ളം ഒഴുകിപോകുന്നതിനുള്ള തോടുകളുടെ ശൃംഖല പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടെങ്കിലും ഇവ വേനൽകാലത്ത് വരളുന്നവയാണ്.


PANIYANNOOR PANCHAYAT
WATER AVAILABILITY
KADIRUR PANCHAYAT
MOKERI PANCHAYAT
PANOOR PANCHAYAT
MAHE
CHOKLI PANCHAYAT
PERINGAM PANCHAYAT
To Tellichery
To Chokli
75° 33'
75° 34'
11° 46'
11° 45'
11° 44'
INDEX
Low
Medium
High
Seasonal
Ponds
Canal / puzha
Tar road
Metalled road



സാമൂഹിക സാമ്പത്തിക മേഖലകൾ





മൃഗപരിപാലനം

കേരളത്തിന്റെ മൃഗസംരക്ഷണ രംഗത്ത് കഴിഞ്ഞ മുപ്പത്തിയഞ്ച് വർഷങ്ങൾക്കിടയിലുണ്ടായ വളർച്ചയും വികാസവും പരിശോധിച്ചാൽ ഏറ്റവും പ്രകടമായി കാണുന്ന വസ്തുത പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും ഉണ്ടായ ഗണ്യമായ വർദ്ധനയാണ്. ഏതൊരു കാർഷിക സമ്പദ് വ്യവസ്ഥയിലും വളരെ പ്രാധ്യാന്യമുള്ള ഒന്നാണ് അവിടുത്തെ മൃഗസമ്പത്ത്. 1960 കളുടെ മദ്ധ്യത്തിൽ മൊത്തം പാലുൽ പാദനം കേരളത്തിൽ ഏതാണ്ട് രണ്ട് ലക്ഷം ടൺ ആയിരുന്നു. ഇപ്പോൾ 12 ലക്ഷം ടണ്ണിലേറെ വർദ്ധിച്ചിരിക്കുന്നു. 1977-78നും 1984-85നുമിടയ്ക്ക് പാലുൽപാദനത്തിൽ 55% വർദ്ധനവ് ഉണ്ടായി. നമ്മുടെ പഞ്ചായത്തിലെ മൃഗസമ്പത്ത് 1987ലെ സെൻസസ് അനുസരിച്ച് താഴെ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

അവലംബം
പഞ്ചായത്ത് ലെവൽസ്റ്റാസ്റ്റിക്സ് - 1995

പട്ടിക 1
കന്നുകാലികൾ

സങ്കരവർഗ്ഗം			നാടൻ ഇനം		
ആൺ	പെൺ	ബ്രിഡബിൾ	ആൺ	പെൺ	ബ്രീ ഡബിൾ
93	769	422	84	937	508

ആട്

ആണ്	പെണ്	ആകെ
165	700	865

കോഴി

നാടൻ	ഇംപ്രൂവ്ഡ്
4441	797

താറാവ് - 19

കഴിഞ്ഞ ഒൻപത് വർഷകാലം കൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ മൃഗസമ്പത്ത് ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. കൃത്രിമ ബീജസങ്കലനത്തിലൂടെ പഞ്ചായത്തിലെ കറവ മാടുകളിൽ 60% ത്തിലധികം സങ്കരവർഗ്ഗം കന്നുകാലികളായി മാറിയിട്ടുണ്ട്. ഈ രംഗത്ത് അവശ്യം വേണ്ടതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ സാങ്കേതിക വിദ്യയുടെ വ്യാപക പ്രവർത്തനം വഴിവർഗ്ഗഗുണം വർദ്ധിപ്പിച്ചതനുസരിച്ച് പാലുൽപാദനത്തിൽ നമ്മുടെ പഞ്ചായത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ കന്നുകാലികളെ സംബന്ധിച്ച വിവരങ്ങളും പാലുല്പാദനത്തെ സംബന്ധിച്ച വിവരങ്ങളും പട്ടികരണ്ടിൽ ചേർത്തിരിക്കുന്നു.

പശുക്കളുടേയും പാലിന്റേയും
എണ്ണവും അളവും
പട്ടിക 2

നാടൻ ഇനം	490
സങ്കര ഇനം	1124
ആകെ	1614
കറവപശുക്കൾ	970
കന്നു കുട്ടികൾ	540
കിടാരികൾ	104

പാലുൽപ്പാദനം പ്രതിദിനം	4250 ലിറ്റർ
സംഘം സംഭരിച്ച് വിതരണം ചെയ്യുന്നത്	930 ലിറ്റർ

അവലംബം - ദ്വിതീയ വിവരശേഖരണം

1614 പശുക്കളിൽനിന്നായി 4,250 ലിറ്റർ പാൽ പ്രതിദിനം നമ്മുടെ പഞ്ചായത്തിൽ നിന്ന് ഉല്പാദിപ്പിക്കുന്നു. കേരളത്തിലെ കറവയുള്ള ഒരു പശുവിൽ നിന്ന് ദിനംപ്രതി 5 ലിറ്റർ പാലുൽപാദിപ്പിക്കുന്നു. നമ്മുടെ പഞ്ചായത്തിലാകട്ടെ ഒരു പശുവിൽ നിന്ന് ശരാശരി 2.63ലിറ്റർ പാൽ മാത്രമാണ് ഉല്പാദിപ്പിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ പാൽ ഉൽപാദനത്തേയും അതിന്റെ ഉപഭോഗത്തേയും വിളിച്ചറിയിക്കുന്ന വിവരങ്ങൾ പട്ടിക മൂന്നിൽ ചേർത്തിരിക്കുന്നു.

പാലുൽപാദനവും ഉപഭോഗവും

പട്ടിക - 3

ജനസംഖ്യ	പാലുൽപാദനം. ലി	പഞ്ചായത്ത് ഉപഭോഗം	സംസ്ഥാന ഉപഭോഗം
19312	4250	250 ഗ്രാം	185 ഗ്രാം

അവലംബം - ദ്വിതീയ വിവര ശേഖരണം

ലോകാരോഗ്യ സംഘടനയുടെ ഒരു കണക്ക് പ്രകാരം ഒരു മനുഷ്യന്റെ ശരാശരി പാലിന്റെ ഉപയോഗം 250ഗ്രാം ആയിരിക്കണം. നമ്മുടെ സംസ്ഥാനത്തിലെ പാലിന്റെ ഉപയോഗം 185ഗ്രാം ആണെങ്കിലും അതിനിയും വർദ്ധിപ്പിക്കുന്നതിനു 2000മാണ്ട് ആകുമ്പോഴേക്കും അത് 210 ഗ്രാം എങ്കിലും ആക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ശരാശരി പലുപയോഗം വെറും 25ഗ്രാം മാത്രമാണ്. നമ്മുടെ പഞ്ചായത്തിലെ 5 വയസ്സുവരെയുള്ള കുട്ടികളിലെ പോഷാകാഹാരകുറവുമായി ബന്ധപ്പെടുത്തി പാലുൽപാദനം വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ഇവിടെ ഇന്നുള്ള കന്നുകാലികളെ തീറ്റിപോറ്റുന്നതിന് ഏതാണ്ട് 1500ടൺ കാലിതീറ്റയും 13500ടൺ പച്ചപുല്ലും പ്രതിവർഷം ആവശ്യമാണ്. ഇന്ന് കൃഷി ചെയ്തുവരുന്നതിന്റെ പതിൻമടങ്ങ് സ്ഥലത്തേക്ക് പുൽകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമെ ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും കൃഷി ഭൂമിയുടെ തുണ്ട് വൽക്കരണവും അശാസ്ത്രീയമായ കന്നുകാലി പരിപാലനവും നമ്മുടെ കർഷകർക്ക് മാർഗ്ഗ തടസങ്ങളായി ഭവിക്കുന്നുണ്ട്. ഇന്ന് നമ്മുടെ പഞ്ചയാത്തിൽ 818ഹെക്ടർ സ്ഥലം തെങ്ങിൻതോപ്പാണ്. ഈ തോപ്പുകളിൽ ഇടവിളയായി പുൽകൃഷി ചെയ്യുന്നതിനുള്ള സന്നദ്ധത കൃഷിക്കാർ ഇനിയും പ്രകടിപ്പിക്കുന്നില്ല. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗവൺമെൻറ് ഏജൻസികളുടെ പ്രവർത്തനം ഫലപ്രദമായി ജനങ്ങൾക്ക് ലഭിക്കുന്നില്ല. ധാതുലവണ മിശ്രിതം, വിറ്റമിൻ സപ്ലിമെൻറ് എന്നിവകളുടെ വിതരണവും അപര്യാപ്തമാണ്. സങ്കരയിനം കന്നുകാലികൾ പ്രചരിച്ചതോടെ പരാമ്പരാഗത പരിപാലനരീതികൾ അപര്യാപ്തമായിട്ടുണ്ട്. ഈ രംഗത്ത് കർഷകർക്ക് ശാസ്ത്രീയ പരിപാലനമുറകൾ മനസ്സിലാക്കാൻ കഴിയുംവിധം വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇന്ന് വിപണിയിൽ ലഭിക്കുന്ന കാലി തീറ്റ

വിലകൂടിയതും മിക്കവാറും ഗുണമേന്മ ഇല്ലാത്തതുമാണ്. ക്ഷീരോല്പാദന സഹകരണ സംഘത്തിലെ അംഗങ്ങളല്ലാത്ത കർഷകർക്ക് കാലിതീറ്റയുടെ കാര്യത്തിൽ വൈഷമ്യം ഏറെ അനുഭവപ്പെടുന്നുണ്ട്.

വിപണനരംഗം÷

പഞ്ചായത്തിലെ പഴയ 5, 6 വാർഡുകളെ കേന്ദ്രീകരിച്ച് മനേക്കര ക്ഷീരോൽപാദക സഹകരണ സംഘം പ്രവർത്തിച്ച് വരുന്നു. ഈ സംഘം 210 കർഷകരിൽ നിന്നായി ദിനം പ്രതി 930 ലിറ്റർ പാൽ സംഭരിച്ച് വിതരണം നടത്തുന്നു. പഞ്ചായത്തിൽ ഉൽപാദിപ്പി ക്കപ്പെടുന്ന പാൽ തദ്ദേശിയമായി തന്നെ വിപണനം ചെയ്യുന്ന രീതിയാണിപ്പോഴുള്ളത്. എന്നാൽ പാലുൽ പാദനം വർദ്ധിക്കുന്നതിനനുസരിച്ച് വിപണന രംഗം ശക്തമാക്കേണ്ടതുണ്ട്. എല്ലാ വാർഡുകളിലും സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും പാൽ സംഭരിച്ച് വില്പന നടത്താൻ കഴിയുന്ന വിധം ക്ഷീരോ ല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും ശക്തമാക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ, പാൽ, പാലുല്പന്നങ്ങളാക്കി വിൽപ്പന നടത്തുന്ന യൂണിറ്റുകൾ തുടങ്ങിയാൽ ആ രംഗത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാവും. ഈ വിധത്തിലുള്ളൊരു വനിതാ ക്ഷീരോൽപ്പന്ന യൂനിറ്റ് പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. നിലവി ലുള്ള സംഘത്തിന്റെ വ്യാപനത്തിനും പുതിയ സംഘം രൂപീകരിക്കാനുമാവശ്യമായ രീതിയിൽ ഗവൺമെൻറ് നിയമം ഭേഗതി ചെയ്യേണ്ടത് ആലശ്യമാണ്. പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതി നുള്ള നടപടികൾ ഇപ്പോൾ കാര്യമായൊ ന്നും നടന്നുവരുന്നില്ല. ആവശ്യകതക്കനുസ രിച്ച് നമ്മുടെ പഞ്ചായത്തിൽ ആടുമാടിറച്ചി കളുടെ ലഭ്യത ഇല്ലെന്നാണ് ഗ്രാമസഭാ ചർച്ചക ളിൽ തെളിയുന്നത്. ഈ രംഗത്തുള്ള വിപണനം പ്രധാന മായും ഉത്സവവിവാഹ വേളകളിൽ കേന്ദ്രീകരിച്ചാണ് നില്ക്കുന്നത്. ഒരു വിപണന കേന്ദ്രം പഞ്ചായത്തിൽ തുടങ്ങാനുള്ള സാധ്യ തകൾ ഏറെയാണ്.

മൃഗ ചികിത്സാ രംഗം

വർദ്ധിച്ചു വരുന്ന കന്നുകാലികളുടെ എണ്ണത്തിന്നനുസരിച്ച് മൃഗചികിത്സാരംഗത്ത് ആവശ്യമായ പുരോഗതി നമുക്ക് കൈവ ന്നിട്ടില്ല. പഞ്ചയാത്തിൽ ഒരു മൃഗാശുപത്രി അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ടെങ്കിലും അതിന്റെ സേവനം ശരിയായ വിധത്തിൽ കർഷകർക്ക് ലഭ്യമല്ല. 1996 ആഗസ്റ്റ് മാസത്തിൽ പന്ന്യന്നൂർ ഐ. സി. ഡി, പി, സെൻററിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് താഴെ പറയുന്ന കന്നുകാലിരോഗങ്ങളാണ് മുഖ്യ മായും കണ്ടുവരുന്നത്.

1. ദഹനസംബന്ധമായവ
2. ശ്വാസകോശ സംബന്ധമായവ
3. ധാതുലവണങ്ങളുടെ അഭാവം
4. പരാദ രോഗങ്ങൾ
5. പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ
6. വന്ധ്യത
7. അകിടുവീക്കം
8. മുടന്തൻ പനി

രോഗ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും ബോധവല്ക്കരണവും കർഷകർക്ക് സമയോചിതമായി ലഭി ക്കേണ്ടതാണ്. ഊർജ്ജിത ഗോസംവർദ്ധന ഉപ കേന്ദ്രം(ഐ. സി. ഡി.പി)പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് മുൻകാലങ്ങളിൽ ലഭി ച്ചി രുന്നതുപോലെ വിരചികിത്സാ മരു ന്നുകളും പ്രഥമ ചികിസ്താ മരുന്നുകളും, പ്രതിരോധ

മരുന്നുകളും സബ്- സെൻറർ വഴി കർഷകർക്ക് എത്തിച്ചുകൊടുത്താൽ ഇതുമായി ബന്ധപ്പെട്ട രോഗങ്ങളെ തടയുവാൻ കഴിയും. കൃത്രിമ ബീജസംങ്കലന പരിപാടി കൂടുതൽ കാര്യക്ഷമമാക്കുക വഴി ഗർഭകോല ഇടവേള കുറയ്ക്കുവാൻ കഴിയും ബീജദാന സേവനങ്ങൾ കർഷകരുടെ വീട്ടുമുറ്റത്ത് എത്തിക്കുന്നവിധം മൊബയിൽ യൂനിറ്റുകൾ ആരംഭിക്കാവുന്നതാണ്. കോഴി- താറാവ്, കൃഷി, പഞ്ചായത്തിൽ വ്യാപകമായി കാണുന്നില്ല. ആടുവളർത്തൽ കൂടുതൽ ലാഭകരമാണെങ്കിലും കർഷകർ ഈ രംഗത്ത് തല്പരരല്ല. തലശ്ശേരി താലൂക്കിലെ പ്രധാന ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് നമ്മുടെ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. 'വിഭവേ'ങ്ങളെപ്പറ്റി ഉള്ള പുതിയ കാഴ്ചപാടിൻെറ അടിസ്ഥാനത്തിൽ സീമയറ്റ സാധ്യതകൾ പ്രത്യക്ഷപ്പെടുന്ന മേഖല യാണിത്. മറ്റു പല രംഗങ്ങളുടെയും അവശിഷ്ങ്ങളിൽ നിന്ന് കോഴിതീറ്റകൾ ഉൽപാദിപ്പിക്കുവാൻ കഴിയും. ഇതോടൊപ്പം മുട്ടകോഴി വളർത്തലും ആലോചിക്കാവുന്നതാണ്. മുട്ട കേടു കൂടാതെ സംരക്ഷിക്കുന്നതിനും ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്നതിനുമുള്ള സംഭരണ - വിതരണ സൗകര്യങ്ങളുണ്ടാകേണ്ടതുണ്ട്. വ്യാപാരാടിസ്ഥാനത്തിൽ ഇറച്ചികോഴി വളർത്തുന്നതിനും മുട്ടകോഴി വളർത്തുന്നതിനുമുള്ള സാങ്കേതികവും ശാസ്ത്രീയവുമായരീതികൾ അവലം ബിക്കേണ്ടതായിട്ടുണ്ട്. അവശിഷ്ടങ്ങളുടെ സംസ്ക്കരണം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

* പഞ്ചായത്തിലെ വളർത്തുനായ്ക്കൾക്ക് പേ വിഷബാധ നിർമ്മാർജ്ജന വാക്സിൻ ചെയ്ത് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

നടപ്പ് പദ്ധതികൾ÷

1. വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ

ക്ഷീരവികസന മേഖലയിലുണ്ടാവുന്ന പുതിയ പ്രവണതകളും ശാസ്ത്രീയമായ അറിവുകളും കർഷകരിൽ എത്തിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന മറ്റ് പ്രവർത്തനങ്ങൾ

(1) കർഷക സമ്പർക്ക പരിപാടി
(2) ക്ഷീരോൽപന്ന നിർമ്മാണ പ്രദർശനം
(3) പരിശീലന ക്ലാസുകൾ
(4) ഭവന സന്ദർശന പരപാടി

2 <u>പുൽകൃഷി വികസനം;-</u>

(1) ചെറുകിട കർഷകർക്ക് അവരുടെ ഭൂമിയിലും ഭൂരഹിതരായ കർഷകർക്ക് പാട്ടത്തിനും പുൽ കൃഷി ചെയ്യാം. 15000 രൂപ ഇതിന്നായി ധനസഹായം ചെയ്യുന്നു. 3 വർഷമെങ്കിലും തുടർച്ചയായി പുൽകൃഷി ചെയ്യണം. ക്ഷീര സംഘങ്ങൾക്കോ സന്നദ്ധ സംഘടനകൾക്കോ ഈ പദ്ധതി ഏറ്റെടുത്ത് നടത്താവുന്നതാണ്.

(2) വ്യാവസായികാടിസ്ഥാനത്തിൽ പച്ചപ്പുൽ സംഭരണ - വിതരണ പരിപാടി ക്ഷീര സംഘത്തിന് 13,500 രൂപ വരെ സഹായധനം നല്കുന്നു. മനേക്കര ക്ഷീരോൽപാദക സംഘത്തിന് ഈ പദ്ധതി ഏറ്റെടുത്ത് നടത്താവുന്നതാണ്.

(3) <u>പുൽ വയൽ മിശ്രിത കൃഷി;-</u>

ഗണമേന്മയുള്ള പച്ചപ്പുൽ ഉൽപ്പാദിപ്പിക്കുന്നതിന്നായി നല്ലയിനം തീറ്റപുൽ വിത്തുകൾ പകുതി വിലയ്ക്ക് വിതരണം ചെയ്യുന്നു.

4. പുൽകട കൃഷി+

പുൽകട ഉപയോഗിച്ച് പുൽകൃഷി വ്യാപിപ്പിക്കുക. പുൽകട സൗജന്യമായി വിതരണം ചെയ്യുന്നു.

5. ഹ്രസ്വകാല തീറ്റ വിള

അന്നജപ്രാധാന്യവും കുറഞ്ഞകാലം കൊണ്ട് വിളവ് തരുന്നതുമായ ചോളം, പയർ വിത്തുകൾ, എന്നിവ കർഷകർക്ക് പകുതി വിലയ്ക്ക് നല്കുന്നു.

3. മോഡേൺ ഡയരി യൂണിറ്റുകൾ

കാലിതൊഴുത്ത് നിർമ്മിച്ച് പശുക്കളെ വാങ്ങുന്നതിന് 7000 രൂപ ധനസഹായം നല്കുന്നു. പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായി പശുക്കളെ പരി പാലിക്കുന്നതിന് ഈ പദ്ധതി പ്രാധാന്യം നല്കേണ്ടതാണ്.

4. കാലിത്തൊഴുത്ത് നിർമ്മാണം;-

രണ്ട് പശുക്കളെ വളർത്താൻ കഴിയുന്ന വൃത്തിയുള്ളതും ഉറപ്പുള്ള മേൽക്കൂരയുള്ളതുമായ തൊഴുത്തുകൾ നിർമ്മിക്കുന്നതിനു 1250 രൂപ ധനസഹായംചെയ്യുന്നു.

5. ധാതുലവണം, വിറ്റമിൻ സപ്ലിമെൻറ്;-

ധാതുലവണം, വിറ്റമിൻ സപ്ലിമെൻറ് എന്നിവ പകുതി വിലയ്ക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്തു വരുന്നു.

6. ക്ഷീരോല്പാദക നിർമ്മാണ യൂനിറ്റ്;-

വനിതകൾക്ക് തൊഴിലവസരങ്ങൾ നല്കാൻ പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കാൻ, പാലുല്പന്നങ്ങൾക്ക് പ്രചാരം നല്കാൻ നാലുവനിതകൾ പരിശീലനം നല്കുന്നു. ധനസഹായം 22,000 രൂപ

7.ക്ഷീര സംഘങ്ങളുടെ നവീകരണ പദ്ധതി കൾ

പ്രശ്നങ്ങൾ;

1. ക്ഷീരവികസന യൂണിറ്റ് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്നു. അതുകൊണ്ട് പഞ്ചായത്തിൽ പ്രവർത്തനം കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല.
2. പച്ചപുല്ല്, വൈക്കോൽ എന്നിവ ആവശ്യത്തിന് ലഭിക്കുന്നില്ല.
3. കാലിത്തീറ്റ വിലകൂടിയതും താരതമ്യേന വില കുറഞ്ഞവയുമാണ്.
4. വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
5. ചികിസ്താസൗകര്യങ്ങൾ കറവാണ്.
6. കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ പരിമിതമാണ്.
7. പാൽ വിപണനത്തിന് വേണ്ടത്ര സൗകര്യം ഇല്ല.
8. പുതിയ സംഘങ്ങൾ രൂപീകരിക്കപ്പെടുന്നില്ല.
9. അറവുശാലകൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
1 മത്സ്യവളർത്തലിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമല്ല.
11.ആടുമാടിറച്ചികൾ ലഭിക്കാൻ വിഷമമനുഭവിക്കുന്നു.

സാധ്യതകൾ;-

1. പന്ന്യന്നൂർ പഞ്ചായത്തിൽ ഒരു ക്ഷീരവികസന യൂനിറ്റ് (ക്ഷീരഭവൻ) സ്ഥാപിക്കുക.
2. പച്ചപുൽ കൃഷി വ്യാപകമാക്കാൻ പ്രോത്സാഹനവും ബോധവൽക്കരണവും നല്കുക.
3. ഗുണമേന്മയുള്ള കാലിതീറ്റകൾ ലഭ്യമാക്കുക.
4.കോഴിത്തീറ്റ നിർമ്മാണയൂനിറ്റ് ആരംഭിക്കുക.
5. പാലിൻെറ ഗുണനിയന്ത്രണ സംവിധാനം ജില്ലാതലത്തിൽ സാധ്യമാക്കുക.
6. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
7. മൃഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
8. കൃത്രിമ ബീജസങ്കലന സൗകര്യത്തിനായി കൂടുതൽപേരെ സ്വയംതൊഴിൽ പദ്ധതി പ്രകാരം ഈ രംഗത്ത് കൊണ്ടുവരിക(1973ൽ നടപ്പിലാക്കിയ കാറ്റിൽ ഇംപ്രൂവ്മെൻറ് സ്കീം മാതൃകയാക്കാം.)
9 പാൽ സംഭരണത്തിനും വിപണനത്തിനും സംവിധാനം ഉണ്ടാക്കുക.
10. പുതിയ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
11.കോഴി വളർത്തലിന് പ്രചാരവും സാമ്പത്തിക സഹായവും ചെയ്യുക.
12. കോഴിമുട്ട സംഭരിക്കാനും വിപണനം നടത്താനും സംവിധാനം ഉണ്ടാക്കുക.
13. സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക.
14. ആടുമാടിറച്ചികളുടെ വിപണന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

കുടിവെള്ളം

ഒരു സമൂഹത്തിന്റെ മുഖ്യ ആരോഗ്യസൂചികകളിലൊന്നാണ് കുടി വെള്ളത്തിന്റെ ലഭ്യത. ലോക ആരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ ഒരു പ്രദേശത്തിലെ വാട്ടർടാപ്പുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും അവിടുത്തെ ആരോഗ്യ നിലവാരം. സമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ ശുദ്ധജലത്തിന്റെ ലഭ്യതയ്ക്ക് വേണ്ടി വിവിധ പദ്ധതികൾ വന്നെങ്കിലും കുടിവെള്ള ലഭ്യത ഇന്നും ഒരു പ്രശ്നമായി തുടരുകയാണ്.

പുതിയ ജീവിത സാഹചര്യങ്ങൾ, ഉയർന്ന ജനസാന്ദ്രത ഉയർത്തുന്ന ഭീഷണി, നെൽവയലുകളുടെ നികത്തൽ, ജല സംര ക്ഷണ പ്രവർത്തനങ്ങളുടെ അഭാവം ഇവയുടെ ആകെത്തുകയാണ് നിലവിൽ നമ്മുടെ പഞ്ചായത്ത് അനുഭവിക്കുന്ന കുടി വെള്ള പ്രശ്നം.

പട്ടിക 1

വിസ്തീർണ്ണം	ജനസംഖ്യ	വീടുകളുടെ എണ്ണം	കുളം	കിണറുകളുടെഎണ്ണം	സീസണൽ
10.02 ച. കി.മി	20.132	5021	142	2680	1030

അവലംബം - ദ്വിതീയ വിവരശേഖരണം

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളത്തിന്റെ ഏക സ്രോതസ്സ് കിണറുകളാണ്. മേൽ കാണിച്ച പട്ടിക പ്രകാരം 53.38% വീടുകൾക്ക്മാത്രമെ കിണറുകളുള്ളൂ. ഇത് ആരോഗ്യ രംഗത്ത് ഉയർത്തുന്ന പ്രശ്നങ്ങൾ അതിഗുരുതരമാണ്.

പട്ടിക 11

വയറിളക്കരോഗങ്ങൾ

1994 - 95	80
1995 - 96	61
1996 - 97	154

ഏറെ ശ്രദ്ധിക്കപ്പെടേണ്ട കാര്യം മൊത്തം കിണറിൽതന്നെ 38.43%ത്തിൽ ശുദ്ധജലം വേനൽ കാലങ്ങളിൽ ലഭിക്കാറില്ല. 142കുളങ്ങളുള്ളതാകട്ടെ സ്വകാര്യ വ്യക്തികളുടെതാണെന്നതിനുപുറമെ ശുദ്ധജലത്തിന് ഉപയോഗപ്പെടുന്നില്ല. ഇവ കൃഷി ആവശ്യത്തിനുപോലും വേണ്ടരീതിയിൽ ഉപയോഗിച്ചുവരുന്നില്ല.

പഞ്ചായത്തിന്റെ വിഭവഭൂപട നിർമ്മാണവുമായി ബന്ധപ്പെട്ട് 'സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്)- ലെ വദഗ്ധന്മാരുടെ അഭിപ്രായത്തിൽഇവിടെ ഭൂഗർഭ ജലത്തിനുള്ള സാദ്ധ്യത വളരെ പരിമിതമാണ്. മാത്രമല്ല 1990കളിൽ ജല അതോറിറ്റിയിലെ വിദഗ്ധന്മാർ 19 കുഴൽ കിണർ കുഴിക്കാൻ പദ്ധതി തയ്യാറാക്കി. 4 സ്ഥലത്ത് കുഴൽ കിണർ കഴിച്ചെങ്കിലും കേവലം ഒരു സ്ഥലത്ത് മാത്രമെ ശുദ്ധജലം ലഭിച്ചള്ളൂ. അതും നാമമാത്രമാണ്. ഭൂഗർഭ ജലത്തിന്റെ പരിമിതിയിൽ നിന്ന് ഉപരിതലജല ത്തിന്റെ മാർഗ്ഗങ്ങളും സാധ്യതകളും ആരായുകയാണ് ശാസ്ത്രീയ മാർഗ്ഗം.

പഞ്ചായത്തിൽ പൊതുജനങ്ങ ളുടെ സൗകര്യാർത്ഥം മൊത്തം 8 പൊതു കിണർ ഉണ്ട്.

ക്രമനമ്പർ	സ്ഥലം	വാർഡ്
1	പടിഞ്ഞാറേ മനേക്കര ലക്ഷം വീട് കോളനി	7
2	കോട്ടക്കുന്ന്	2
3	മീത്തലെ ചമ്പാട്	5
4	താഴെ ചെമ്പാട്	4
5	തെക്കെ പന്ന്യന്നൂർ പെരിയാണ്ടി സ്കൂളിന് സമീപം	9
6	നെല്ലിയുള്ളതിൽ ലക്ഷം വീട് കോളനി	7
7	തോട്ടോൾ - ലക്ഷം വീട്	3
8	ആണ്ടിപീടിക	10

എല്ലാ പൊതുകിണറും ആൾമറകെട്ടി സംരക്ഷിച്ച് വരുന്നുണ്ട്. പഞ്ചായത്തിലെ കുടിവെള്ള പ്രശ്നമുള്ള പ്രദേശങ്ങളെ വാർഡ്തലത്തിൽ മുൻഗണനാക്രമത്തിൽ ഇങ്ങനെ രേഖപ്പെടുത്താം.

10	9	8	7	5	2	4	3	1	6

ഏറ്റവും കൂടുതൽ ജലക്ഷാമമുള്ള പ്രദേശം 10ാം വാർഡും കൂടിതൽ ജല ലഭ്യതയുള്ള പ്രദേശം 6ാം വാർഡുമാണ്.

പഞ്ചായത്തിന്റെ ജലക്ഷാമം പരിഹരിക്കുന്നതിന്വേണ്ടി 1990ൽ ജല അതോറിറ്റിയുടെനേതൃത്വത്തിൽ പഞ്ചായത്തിൽ 106 വാട്ടർ ടേപ്പുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ത്വരിത നഗര ശുദ്ധജല പദ്ധതി. (AUWSS) തയ്യാറാക്കി പ്രവർത്തനം നടന്നുവരുന്നുണ്ട്.

1994ൽ കമ്മീഷൻ ചെയ്യേണ്ടിയിരുന്ന ഈ പദ്ധതി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നീണ്ടുപോയി. 1കോടിയോളം രൂപ പദ്ധതി ചെലവിനായി ജല അതോറിറ്റി നീക്കി വെച്ചിട്ടുണ്ട്. പന്ന്യന്നൂർ, പാനൂർ, മൊകേരി, പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ശുദ്ധ ജലവിതരണം നടത്താനുള്ള ഈ പദ്ധതി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഇപ്പോഴും പ്രശ്നങ്ങൾ നേരിടുകയാണ്.

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു ശുദ്ധജല വിതരണ പദ്ധതിയുടെ ആലോചനയും ഇതിനകം നടന്നിട്ടുണ്ട്. ചാടാലപ്പുഴയ്ക്ക് ചെക്ക്ഡാം കെട്ടി ജല സേചന വകുപ്പിന്റെ പദ്ധതിയുമായി ബന്ധപ്പെടുത്തി 19.5 ലക്ഷത്തിന്റെ അടങ്കലുള്ള പദ്ധതി സർക്കാർ ലീസ്റ്റിലുണ്ട്. കോളയാട് പഞ്ചായത്തിലെ ചെമ്പൂക്കാവിൽ നിന്നും ഉത്ഭവിച്ച് 28.കിമീ. തെക്ക്പടിഞ്ഞാറ് സഞ്ചരിച്ച് പന്ന്യന്നൂർ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറ് അതിർത്തിയിലുള്ള ചാടാലപ്പു ഴയുടെ (തലശ്ശേരിപുഴ) വാർഷിക പ്രവാഹം 251.മില്ല്യൺ ഘനമീറ്ററാണ്. വാർഷിക ലഭ്യത 125 ദശലക്ഷം ഘനമീറ്ററാണ്. എക്കൽമണ്ണ് കാലാകാലങ്ങളിൽ നീക്കംചെയ്താൽ ആവശ്യമായ ശുദ്ധജലം ലഭ്യമാകും. വാട്ടർ അതോറിറ്റിയുടെ ആവശ്യത്തിനു വേണ്ടി നിർമ്മിക്കുന്ന അതേ ജലസംഭരണി ഇതിനുപയോഗിക്കാവുന്നതാണ്.

സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കുടിവെള്ള പദ്ധതി എന്ന രീതിയിൽ പഞ്ചായത്തിലെ 18 സ്കൂളുകളിൽ ഒരു യു. പി സ്കൂളിൽ മാത്രമെ ഈ സംവിധാനം ഉള്ളൂ. വൻകിട ചെറുകിട പദ്ധതിയുമായി മുന്നോട്ട് പോകുന്നതോടൊപ്പം ആവശ്യക്കാർക്ക് കിണർ കുഴിക്കാൻ സഹായങ്ങൾ ചെയ്തു കൊണ്ടുമാത്രമെ പഞ്ചായത്തിലെ ജല ലഭ്യത ഉറപ്പുവരുത്താനാവൂ.

പ്രശ്നങ്ങൾ÷

- പല വാർഡുകളിലും സ്ഥിരമായ കുടിവെള്ളക്ഷാമം നേരിടുന്നു.
- കിണറുകളിൽ വേനൽകാലങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.
- ഭൂഗർഭജലത്തിന്റെ പരിമിതി വെല്ലുവിളിയാകുന്നു.
- പൈപ്പ് വെള്ളം പഞ്ചായത്തിലില്ല.
- വിദ്യാലയങ്ങളിൽ കുടിവെള്ള പദ്ധതി ആവശ്യത്തിനില്ല.
- പൊതുകിണറുകൾ വേനൽകാലത്ത് വറ്റുന്നു.
- 10, 9, 8, 7,വാർഡുകളിലെ കുടിവെള്ള പ്രശ്നം രൂക്ഷമാണ്.

സാധ്യതകൾ÷

- കിണർകുഴിക്കുന്നതിന് ഭാരിച്ച സാമ്പത്തിക ബാധ്യതകൾ വരുന്നതിനാൽ ചുരുങ്ങിയ പലിശ നിരക്കിൽ വായ്പ നല്കണം. നിലവിൽ കാർഷികാവശ്യത്തിനാണ് കിണർ കുഴിക്കാൻ സമ്പത്തിക സഹായം നല്കുന്നത്. സ്ഥലപരിമിതി കൂടാതെ എല്ലാ വീടിനും കിണർ കുഴിക്കാൻ വായ്പ നല്കണം.
- 9ാം പഞ്ചവത്സരപദ്ധതിയിൽ ഒരു കോടി രൂപ വായ്പയായി സർക്കാരിൽനിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ഗ്രാമ പഞ്ചായത്തിന്റെ ഗ്യാരണ്ടിയിൽ വാങ്ങണം. വർഷം പ്രതി 500 വീടുകൾക്ക് നാമമാത്ര പലിശ നിരക്കിൽ (പരമാവധി 10%) കിണർ കുഴിക്കാൻ വായ്പ നല്കണം.

  500 X 20,000 = 10,000,000

  5വർഷം കൊണ്ട് 2500 കിണർ കഴിക്കാം. ലോണെടുത്ത ഒരു കോടി രൂപ 5 വർഷത്തിനകം തിരിച്ചടക്കുകയും ചെയ്യാം. സഹകരണസംഘങ്ങളുടെ സഹായങ്ങളും പരിശോധിക്കപ്പെടണം.
- ചാടാലപ്പുഴ ചെക്ക്ഡാം പദ്ധതി പൂർത്തീകരിക്കണം.
- പന്ന്യന്നൂർ, പാനൂർ, മൊകേരി ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം തൊരിതപ്പെടുത്തണം.
- ജലവിനിയോഗവും സംരക്ഷണവും സംബന്ധിച്ച് ബോധവല്ക്കരണം നടത്തണം.
- വിദ്യാലയങ്ങളിൽ പി. ടി. എ യുടെ സഹകരണത്തോടെ ശുദ്ധജല പദ്ധതികൾ നടപ്പാക്കണം.
- പൊതുകിണറുകൾ അതാത് കാലങ്ങളിൽ ചെളി കോരി വൃത്തിയായി സംരക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

കൃഷിയും ജലസേചനവും

കേരളത്തിന്റെ ഭൂപ്രകൃതിയിൽ തീരപ്രദേശത്തോട് തൊട്ടുകിടക്കുന്ന കേവലം 1002 ഹെക്ടർ മാത്രം വിസ്തൃതിയുള്ള ഒരു കൊച്ചു പഞ്ചായത്താണ് പന്ന്യന്നൂർ. ഇവിടെ ചെങ്കുത്തായ മലകളോ, കുന്നുകളോ കൂലംകുത്തിയൊഴുകുന്ന നീർച്ചാലുകളോ, ഇല്ല. കൃഷിക്ക് അനുയോജ്യമായ ലാറ്ററേറ്റ് എന്നുവിശേഷിപ്പിക്കുന്ന ചെങ്കൽ മണ്ണാണ് പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ മുക്കാൽ ഭാഗവും.

പട്ടിക 1

വിവിധയിനം മണ്ണിന്റെ വിതരണത്തെ സംബന്ധിക്കുന്ന ചാർട്ട്

ക്രമ നമ്പ്‌	പേര്	വിതരണം ശതമാനത്തിൽ	വിസ്തൃതി സ്ക്വ കി.മി
1	മണൽ കലർന്ന ചെമ്മണ്ണ്	49	4.68
2	ചരൽ കലർന്ന ചെമ്മണ്ണ്	23.31	2.25
3	കളിമണ്ണും മണലും കലർന്ന വയൽമണ്ണ്	21.48	2.213
4	മണൽ കലർന്ന വയൽമണ്ണ്	6.21	0.257
	ആകെ	100	9.400
	അവലംബം		

പട്ടിക 2

ക്രമ നമ്പ്രി	വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഏതാണ്ട് പ്രതീക്ഷിക്കുന്ന വരുമാനം
1	നെല്ല് (ഒന്നാംവിള)	20 ഹെക്ടർ	50000കി.	250000
2	നെല്ല് (രണ്ടാംവിള)	20 ഹെ.	55000കി.	275000
3	തെങ്ങ്	818ഹെ.	4724800 തേങ്ങ	18899000
4	കവുങ്ങ്	30ഹെ	5850000 എണ്ണം	1828125
5	കുരുമുളക്	16ഹെ.	17920കി.	1075200
6	വാഴ	15ഹെ.	37500കി.	450000
7	മരച്ചീനി	6ഹെ.	6900കി.	207000
8	പയർ	5ഹെ.	3500കി.	21000
9	പച്ചക്കറികൾ	5ഹെ.	4000കി.	20000
10	പ്ലാവ്	9ഹെ.	9000 എണ്ണം	72000
11	മാവ്, വിവിധഇനങ്ങൾ	6ഹെ.	20000കി.	10,0000
12	കശുമാവ്	2ഹെ.	2000കി	40000
13	ഇഞ്ചി, മഞ്ഞൾ	$2^1/_2$ഹെ.	5000കി.	53000

അവലംബം-കൃഷിഭവൻ, പ്രാഥമിക വിവര ശേഖരണ റജിസ്റ്റർ.

കാർഷിക പ്രാധാന്യത്തെ അടിസ്ഥാനമാക്കി പഞ്ചായത്തിലെ അഞ്ചുവിളകൾ എടുത്താൽ അവ ഇങ്ങനെ ക്രമീകരിക്കാവുന്നതാണ്. 818 ഹെക്ടർ സ്ഥലത്ത് തെങ്ങും 30 ഹെക്ടർ സ്ഥലത്ത് കവുങ്ങും 20 ഹെക്ടർ സ്ഥലത്ത് നെല്ലും 16 ഹെക്ടർ സ്ഥലത്ത് കുരുമുളകും, 15 ഹെക്ടർ സ്ഥലത്ത് വാഴയും കൃഷി ചെയ്യുന്നു. ഇതിനുപുറമെ മാവ്, പ്ലാവ്, കശുമാവ്, എന്നിവയും ഇടവിളയായി പച്ചക്കറി, മഞ്ഞൾ, ഇഞ്ചി, ചേമ്പ്, കാച്ചിൽ, ചേന, പയർ തുടങ്ങിയവയും നാമമാത്രമായി കൃഷിചെയ്തു വരുന്നു.

കാർഷിക യോഗ്യമല്ലാത്ത 97 ഹെക്ടർ സ്ഥലത്തിനുപുറമെ തരിശായി കിടക്കുന്ന 7 ഹെക്ടർ സ്ഥലവും പഞ്ചായത്തിലുണ്ട്. കാലാനുഗതമായ ജനസംഖ്യാ വർദ്ധനവിനനുസരിച്ച് കൃഷിഭൂമി തുണ്ടമായി മാറിയതിന്റെ ഫലമായി ഒരു കുടുംബത്തിന്റെ കൈവശം 20 മുതൽ 30 സെൻറുവരേയുള്ള ഭൂമിയാണ് ശരാശരിയുള്ളത്. ഗൾഫ് പണത്തിന്റെ ആധിക്യം മൂലം തുണ്ടം തുണ്ടമായി കിടക്കുന്ന തെങ്ങിൻതോട്ടം തന്നെ വെട്ടിമാറ്റി കൂറ്റൻ മണിമന്ദിരങ്ങളും അങ്കണങ്ങളും നിർമ്മിക്കുന്ന പ്രവണത കൂടി വരുന്നു. പരിമിതമായ കൃഷിഭൂമിയിൽ നിന്നുതന്നെ പരമാവധി ഉൽപാദിപ്പിക്കുന്നതിനായി ഇതുവരെയും കഴിഞ്ഞിട്ടില്ല.

കൃഷി മുഖ്യതൊഴിലായി സ്വീകരിക്കുന്നതിന് ആൾക്കാർ കാണിക്കുന്ന വിമുഖത, നമ്മുടെ പ്രധാന വിൽപ്പന ചരക്കായ തേങ്ങയുടെ അസ്ഥിരമായ വിലനിലവാരം, ശാസ്ത്രീയമായ കൃഷിരീതി അവലംബിക്കുന്നതിന് കർഷകർ മുന്നിട്ടിറങ്ങാതിരിക്കൽ, കൃഷിപ്പണി ചെയ്യാൻ കർഷകതൊഴിലാളികളെ വിശേഷിച്ചും സ്ത്രീതൊഴിലാളികളുടെ അപര്യാപ്തത, വർദ്ധിച്ചുവരുന്ന കീടരോഗബാധകളും കൃഷിനാശങ്ങളും, കൃഷിക്കാർ കാണിക്കുന്ന അശ്രദ്ധ, തൊഴിലാളികളുടെ ആത്മാർത്ഥത കുറവ്, ഉൽപാദനക്ഷമത കുറഞ്ഞുവരുന്ന അവസ്ഥ, ഉൽപാദനവുമായി തട്ടിച്ചുനോക്കുമ്പോൾ വളപ്രയോഗം, കൂലി എന്നിവയ്ക്ക് വേണ്ടി വരുന്ന അമിതമായ പണച്ചിലവ്, ജൈവവള ദൌർലഭ്യത, തത്വദീക്ഷയില്ലാതെ നെൽപ്പാടങ്ങൾ നികത്തി പുരയിടങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും വിനിയോഗിക്കുന്നത് മണ്ണിന്റെ ജലസംഭരണശേഷി നശിപ്പിക്കൽ, പാരമ്പര്യകൃഷിരീതിയിൽ ഉണ്ടാകാതിരുന്ന രോഗകീടങ്ങളുടെ ആവിർഭാവം, അശാസ്ത്രീയമായ ജലവിനിയോഗം മൂലമുള്ള

ജലദൌർലഭ്യത, അശാസ്ത്രീയമായ റോഡു നിർമ്മാണം, രാസവളത്തിന്റെ അശാസ്ത്രീയമായ ഉപയോഗം, കർശനനിബന്ധനകൾമൂലം കാർഷികവായ്പകൾ സമയത്തിന് ലഭ്യമാകുന്നതിനുള്ള കാലതാമസം, ചമ്പാട് പുഞ്ചവയൽ പന്ന്യന്നൂർ പഞ്ചായത്തിൽപ്പെട്ട മൊകേരി വയൽ എന്നിവിടങ്ങളിൽ ചാടാലപ്പുഴ കരകവിഞ്ഞ് ഒഴുകൽ എന്നിവ കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.

എന്നിരുന്നാൽക്കൂടി ഇന്നത്തെ ഈ അവസ്ഥ പരിഹരിക്കുന്നതിനായി പ്രതിവിധികൾ ഇല്ലാതില്ല. കാർഷിക വിളവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ, കർഷകന് അംഗീകാരവും പരിരക്ഷയും നൽകുക, കാർഷിക വിളകൾക്ക് ന്യായമായ തറവില നിശ്ചയിക്കുക, സാധ്യമാകുന്ന മേഖലകളിലൊക്കെ യന്ത്രവൽക്കരണം നടപ്പിലാക്കുക, അയൽക്കൂട്ടങ്ങൾ വിളിച്ചു ചേർത്ത് ശാസ്ത്രീയ കൃഷിരീതിയിൽ ബോധവൽക്കരണം നടത്തുക, പ്രൈമറി സ്കൂൾതലത്തിൽതന്നെ ശാസ്ത്രീയ കാർഷികരീതികൾ പ്രായോഗികമായി പഠിപ്പിക്കുക, കർഷക-കർഷകത്തൊഴിലാളി ബന്ധം ഊട്ടി ഉറപ്പിക്കുക, കൃത്യമായ രീതിയിൽ ജൈവവള പ്രയോഗം, നടത്തി ശാസ്ത്രീയ കൃഷി നടപ്പിലാക്കുക, കൃഷിച്ചിലവ്, കൃഷിയിൽ നിന്നുള്ള വരവ് എന്നിവ താരതമ്യം ചെയ്ത് ആവശ്യമായവയ്ക്ക് യുക്തമായ സബ്സിഡികൾ വിതരണം ചെയ്യുക, ജൈവവള വികസനത്തിനായി കമ്പോസ്റ്റ്കുഴികൾ നിർമ്മിക്കുന്നതിനുള്ള സഹായധനം നൽകി പ്രോൽസാഹിപ്പിക്കുകയും, വളച്ചെടി വിത്തുകളും ശീമക്കൊന്ന കമ്പുകളും കാലാകാലങ്ങളിൽ എത്തിക്കുക, പട്ടണങ്ങളിൽ ഉള്ള മാലിന്യങ്ങൾ പൊതുകമ്പോസ്റ്റ് കുഴികുഴിച്ച് കമ്പോസ്റ്റാക്കി മാറ്റുക, നെൽവയലുകൾ മറ്റുവിളകൾക്കായും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമായി ഉപയോഗിക്കുന്നത് ശിക്ഷാർഹമായ നിയമ നടപടികൾ മൂലം നിരോധിക്കുക, വനവൽക്കരണത്തിനേറയും ഇടവിള ആവരണകൃഷി എന്നിവയുടേയും പ്രാധാന്യത്തെപ്പറ്റി ബോധവാൻമാരാക്കുക, വരമ്പുകൾ നിർമ്മിച്ച് മഴവെള്ളത്തെ അതാതു സ്ഥലങ്ങളിൽതന്നെ സംഭരിക്കുന്നതിനാവശ്യമായ നീർമറിപ്രദേശ പദ്ധതികൾ ആവിഷ്ക്കരിക്കുക, ചെന്നീരൊലിപ്പും, കുമ്പുചീയൽ, മച്ചിങ്ങ പൊഴിച്ചൽ എന്നീ രോഗങ്ങൾക്കെതിരേ മരുന്നു തളിക്കുന്നതിനായി സ്കാഡുകൾ രൂപീകരിച്ച് പ്രവർത്തനം സുഗമമാക്കുക, കാർഷിക വായ്പാ സൗകര്യങ്ങൾ ലഘൂകരിക്കുകയും കൃത്യമായ ഗുണഭോക്താക്കൾക്ക് തന്നെ ലഭ്യമാകുന്നു എന്നുറപ്പുവരുത്തുകയും ചെയ്യുക, കരകവിഞ്ഞൊഴുകുന്ന ചാടാലപ്പുഴ വെള്ളത്തെ നിയന്ത്രിക്കുന്നതിനാവശ്യമായ യുക്തമായ പരിപാടികൾ ആരംഭിക്കുക എന്നീ പ്രശ്നപരിഹാര മാർഗ്ഗങ്ങൾക്ക് പുറമെ പഞ്ചായത്തിൽ കൃഷി ചെയ്യുന്ന ഓരോ വിളകളേയും പറ്റി പ്രത്യേകം പ്രത്യേകമായി താഴെ പറയുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും കൂടി അവലംബിക്കേണ്ടതാണ്.

തെങ്ങ്: 100 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്ന ഈ പഞ്ചായത്തിൽ ഇന്ന് 20 ഹെക്ടർ സ്ഥലത്തുമാത്രമാണ് നെൽകൃഷി നടത്തിവരുന്നത്. നെൽകൃഷി അനാദായകരമായപ്പോൾ പലരും നെൽവയലുകൾ നികത്തുകയും പുരയിടങ്ങളും തെങ്ങിൻ തോട്ടങ്ങളുമായി മാറ്റപ്പെടുകയും ചെയ്തു. തത്വദീക്ഷയില്ലാത്ത ഈ നികത്തലുകൾ കൃഷിയുടെ മൊത്തം താളക്രമം തെറ്റിച്ചു. പല ജലനിർഗ്ഗമന ചാലുകളും അടഞ്ഞു. വറ്റാത്ത ഉറവകൾ മണ്ണിട്ട് ഉയർത്തപ്പെട്ടു. കുളങ്ങൾ പലതും നികന്നു തുടങ്ങി. മഴക്കാലത്ത് വെള്ളത്തിന്റെ അമിതമായ ഉയർച്ചയും വേനൽക്കാലത്തെ വരൾച്ചയും ഇന്ന് ഇവിടെ പ്രശ്നമാണ്. പഴയ കാർഷിക മര്യാദകൾ ഇവിടെ ലംഘിക്കപ്പെടുന്നു. പഞ്ചായത്തിന്റെ കിഴക്കേ അറ്റം മുതൽ പടിഞ്ഞാറെ അറ്റമായ പന്തക്കൽ വരെ പരന്നുകിടന്ന വിശാലമായ പുഞ്ചവയലും പുഞ്ചവയൽ മദ്ധ്യത്തിൽക്കൂടി പഞ്ചായത്തിലെ ദേശങ്ങളുടെ അതിരായിരുന്ന തോടും ഇന്ന് എങ്ങോ പോയ്മറഞ്ഞിരിക്കുന്നു. പാവലും, ഇളവനും, ചീരയും കൊതിതോന്നിപ്പിക്കുമാറ് വളർന്നു നിന്ന മനേത്ത് വയൽ ഇന്നു കിടപ്പാടങ്ങളായി മാറിയിരിക്കുന്നു. നെൽവയലുകൾ തെങ്ങിൻ തോട്ടങ്ങളായി മാറിയെങ്കിലും തേങ്ങയുടെ ഉത്പാദനം ഇങ്ങനെ നികത്തപ്പെട്ട സ്ഥലങ്ങളിൽ തുലോം കുറവാണ്. പഞ്ചായത്തിലെ മൊത്തം തേങ്ങ ഉത്പാദന ശേഷി തെങ്ങൊന്നിന് ശരാശരി 40 ആണ്. ഇവിടങ്ങളിലാകട്ടെ അത് 30 ൽ താഴെ മാത്രമാണ്. 818 ഹെക്ടർ സ്ഥലത്താണ് തെങ്ങു കൃഷി നടത്തുന്നത്. പഞ്ചായത്തിന്റെ മൊത്തം തേങ്ങ ഉത്പാദനം 4724800 മാത്രമാണ്. 18899000 രൂപ ഈ ഇനത്തിൽ വരുമാനമായി കണക്കാക്കാവുന്നതാണ്.

തേങ്ങയുടെ ഉത്പാദനം ഗണ്യമായി

പട്ടിക 3

തേങ്ങയുടെ ഉല്പാദനത്തേയും തെങ്ങിൻെറ രോഗകീടങ്ങളെയും സംബന്ധിക്കുന്ന ചാർട്ട്.

മൊത്തം കൃഷിചെയ്യുന്ന സ്ഥലം	ആകെ തെങ്ങിൻെറ എണ്ണം		ആകെ തേങ്ങയുടെ എണ്ണം	രോഗകീടങ്ങൾമൂലം പ്രതിവർഷ ഉല്പാദന നഷ്ടം	
	കാ.ഉള്ളത്	ഇല്ലാത്തത്		പേര്	എണ്ണം
818 ഹെക്ടർ	118120 എണ്ണം	27430 എണ്ണം	4724800 എണ്ണം	കൂമ്പ് ചീയൽ ചെന്നീരൊലിപ്പ് ഓലചീയൽ കൊമ്പൻ ചെല്ലി	15800 തേങ്ങ 44160 480 600

അവലംബം – സെക്കൻറി ഡാറ്റാ കലക്ഷൻ ചാർട്ട്

വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതാണ്. താരതമ്യേന കൃഷിഭൂമി കുറഞ്ഞിരിക്കുന്ന കർഷകർ അവരുടെ കൈവശമുള്ള തെങ്ങുകൾ നിരീക്ഷിക്കുന്നതിനും പരിചരണമുറകൾ സ്വീകരിക്കുന്നതിനും ആഴ്ചയിൽ അരമണിക്കൂറെങ്കിലും ചിലവഴിക്കണം. എല്ലാ തെങ്ങുകളേയും നിരീക്ഷിച്ചു രോഗകീടബാധകൾക്ക് വിധേയമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. തെങ്ങിൻെറ വളർച്ചയിൽ എന്തെങ്കിലും പ്രത്യേക മാറ്റങ്ങൾ കണ്ടാൽ അധികാരികളെ സമീപിച്ച് വേണ്ടപ്പെട്ട പരിഹാരമുറകൾ സ്വീകരിക്കേണ്ടതാണ്. മുൻ കാലങ്ങളിൽ കർക്കിടകം, തുലാം എന്നീ മാസങ്ങളിൽ തെങ്ങിൻ തടങ്ങൾ കിളക്കുകയും സ്ഥലത്തിൻെറ വ്യത്യാസങ്ങളനുസരിച്ച് കാല വർഷാരംഭത്തിലോ കഴിയാറാകുമ്പോഴോ വളരെ കൂടുതൽ ജൈവവളങ്ങൾ തെങ്ങിന് പ്രയോഗിച്ചിരുന്നു. കർഷകർ പലകാരണങ്ങളാലും കൃഷി പ്രവർത്തികൾ ചെയ്യാതിരിക്കുകയോ ഭാഗികമായി മാത്രം ചെയ്യുകയോ ചെയ്യുന്നു. ഇതിനു പരിഹാര മാർഗ്ഗം കാണേണ്ടതാണ്. മണ്ണിൻെറ ജല ആഗിരണ ശേഷി വർദ്ധിപ്പിക്കുന്നതിനും വേനൽകാലത്ത് മണ്ണിൻെറ ഈർപ്പം നില നിർത്തുന്നതിനും കർക്കിടകത്തിലെ കുതിരുവച്ച കിളക്കലും തുലാമാസത്തിലെ പൊടിയാക്കി തട്ടി നിരത്തലും ഉപകരിച്ചിരുന്നു. ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകളെ വെട്ടി മാറ്റി പുതിയവ വെച്ചുപിടിപ്പിക്കുന്നതിന് കർഷകർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. മരുന്നുതളി ഉപകരണങ്ങൾ പഞ്ചായത്തിൽ പല സ്ഥലങ്ങളിൽ ഉണ്ടെങ്കിലും വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. കീടനാശിനികൾ ഉപയോഗിക്കേണ്ട ക്രമം, ഉണ്ടാക്കേണ്ട രീതി (ബോഡോമിശ്രിതം, പുകയില കഷായം തുടങ്ങിയവ)ഇവ തളിക്കേണ്ട ക്രമം ഇവയിൽ പരിശീലനം ലഭിച്ച രണ്ടോമൂന്നോ സ്കാഡുകൾ പഞ്ചായത്തിൽ ഉണ്ടാക്കുകയും അവരെ കൃഷിഭവനിൽ ബന്ധപ്പെട്ടാൽ ലഭിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുകയും വേണം. തേങ്ങാ വ്യവസായത്തിൽ (തേങ്ങ കൊപ്രയാക്കൽ, കൊപ്രകച്ചവടം) ഈ തൊഴിലുകൾ ചെയ്യുന്നവർ ഈ പഞ്ചായത്തിൽ നിരവധി ഉണ്ട് എന്നാൽ ഈ കൊപ്ര കൊണ്ട് പഞ്ചായത്തിൽ തന്നെ തുടങ്ങാവുന്ന വ്യവസായങ്ങളെ കുറിച്ച് ആലോചിക്കേണ്ടതാണ്. തേങ്ങയും തേങ്ങയുടെ മറ്റ് ഭാഗങ്ങളും ഉപയോഗിച്ച് നടത്താവുന്ന വ്യവസായങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതാണ്.

വേനൽകാലത്ത് തെങ്ങുകളുടെ ഓല കണ്ട മാനം ഉണങ്ങി പോവുകയും മച്ചിങ്ങ കൊഴിഞ്ഞു പോവുകയും ചെയ്യുന്നു. പഴശ്ശി കനാലിൻെറ ഈ പഞ്ചായത്തിലുള്ള എല്ലാ ഉപശാഖകളിലും ഫിബ്രവരി മുതൽ മെയ് വരെ മാസത്തിൽ രണ്ട് തവണ എന്ന തോതിൽ വെള്ളം വിടുക. ചാടാല പുഴക്ക് കുറുകെ പെരിക്കോത്ത് താഴെ ചെക്ക്ഡാം ഉടൻ പൂർത്തീകരിക്കുക, ജൈവവള വികസന പദ്ധതികൾ പൂർണമായും നടപ്പിലാക്കുക, ചെറുകിട ജലസേചന പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുക എങ്കിൽ വരൾച്ചമൂലമുള്ള പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

നെല്ല്: പഴയതലമുറ ഐശ്വര്യത്തിൻേറയും പ്രതാപത്തിൻേറയും മാനദണ്ഡമായി കണ്ടിരുന്ന നെൽകൃഷി –ആരവത്തോടും ആർപ്പ്വിളിയോടും കൂടി ഉത്സവ പ്രതിഛായ നൽകി ആദരിച്ചു വന്നിരുന്ന നെൽകൃഷി –തുണ്ടം തുണ്ടമാക്കലിൻേറയും അശാസ്ത്രീയമായ നികത്തലിൻേറയും ഫലമായി

നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നെൽകൃഷി, അതാണ് ഇന്നത്തെ നെൽകൃഷി. ഓരോ കർഷകനും പ്രത്യേക താൽപര്യം എടുത്തും കർഷക സംഘടനകൾ മറ്റു സാംസ്കാരിക സംഘടനകൾ എന്നിവ പ്രത്യേക പരിഗണന കൊടുത്തും പാടശേഖര സമിതികൾ ഊർജ്ജിതപ്പെടുത്തിയും യന്ത്രവൽക്കരണം നടപ്പിലാക്കിയും ശാസ്ത്രീയ കൃഷിരീതിയിൽ കർഷക തൊഴിലാളികളെ പരിശീലിപ്പിച്ചും നെൽകൃഷി സംരക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒരുകാലത്ത് 100 ഹെക്ടറോളം നെൽകൃഷി ഉണ്ടായിരുന്ന നമ്മുടെ പഞ്ചായത്തിൽ ഇന്ന് കേവലം 20 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. 7 ഹെക്ടറോളം ഭൂമി തരിശായിട്ടിരിക്കുന്നു. മുൻ കാലങ്ങളിൽ പൊതുവെ രോഗകീടങ്ങളിൽനിന്നും മുക്തമായിരുന്ന നാടൻ ഇനങ്ങളായ വടക്കൻ, തൊണ്ണൂറാൻ, കീരിപാല, കയമ(കൊത്തമ്പാരി കയമ, തവളക്കണ്ണൻ, കുഞ്ഞികയമ) ചീറ്റേനി, ആനക്കോടൻ, ഒറ്റചീറ്റേനി രോഗബാധകളുടെ ആധിക്യംമൂലവും വൈക്കോലിന്റെ ലഭ്യതക്കുറവ്മൂലവും ശക്തമായ വെള്ളക്കെട്ട്മൂലവും അത്യുൽപാദന വിത്തിനങ്ങൾ സ്വീകരിക്കാൻ കർഷകർ വിമുഖത കാണിക്കുന്നു. നഷ്ടവിള കൊയ്യുന്നതിനായി താൽപര്യമില്ലാത്ത വിത്തുകളും സൗകര്യമുണ്ടെങ്കിൽ മാത്രം പാടത്ത് പോവുകയും ചെയ്യുക എന്നത് കൃഷിക്കാർ ഒരു സ്വഭാവമായി മാറ്റിയിരിക്കുന്നു. ഏതാനും ചിലർമാത്രം ഇതിന് അപവാദമായിരിക്കാം. ഉല്പാദന ക്ഷമതയുമായി തീരെ ബന്ധമില്ലാത്ത കൂലിയും തൊഴിലാളികളുടെ ആത്മാർത്ഥതക്കുറവും അവരെ സമയത്തിന് ലഭിക്കാത്ത അവസ്ഥയും ഇതിന് കാരണമായി കൃഷിക്കാർ ചൂണ്ടികാട്ടുന്നു. വിരലിൽ എണ്ണാവുന്ന സ്ത്രീ തൊഴിലാളികളും ഏതാനും ദിവസങ്ങളിൽ ഒതുങ്ങുന്ന കാർഷിക തൊഴിൽ ദിനങ്ങളും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

മൂന്ന് പാടശേഖര സമിതികൾ ഇവിടെ പ്രവർത്തിക്കുന്നു.

ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ട

പട്ടിക 4

പാടശേഖര സമിതികളുടെ വിശദവിവരം

ക്രമ നമ്പ്ർ	പേര്	നെൽവയൽ വിസ്തീർണ്ണം	കർഷകരുടെ എണ്ണം	കൈവശമുള്ള യന്ത്ര സാമഗ്രികളുടെ പേർ	എണ്ണം
1.	ചമ്പാട് പുഞ്ച	9ഹെ.	78	പവർടില്ലർ മെതിയന്ത്രം സ്പ്രെയർ	1 1 1
2.	തോട്ടോൾ താഴവയൽ	6ഹെ.	42	സ്പ്രെയർ	1
3.	പന്ന്യന്നൂർ പഞ്ചായത്തിൽ പെട്ട മൊകേരി വയൽ	5ഹെ.	38	സ്പ്രെയർ വിത്ത്സംഭരണി	1 1

എന്നീ വിത്തിനങ്ങൾ കൃഷിചെയ്ത് നല്ല വിളവ് ലഭ്യമാക്കിയിരുന്നു. അതേ സ്ഥാനത്ത് അത്യുൽപാദന വിത്തിനങ്ങളുടെ കൃഷിരീതി ഉണ്ടായിട്ടുകൂടി ഇന്ന് മൊത്തം ഒരുലക്ഷം കിലോ നെല്ല് മാത്രമാണ് ഇവിടുത്തെ ഉല്പാദനം. കൃത്യമായ രീതിയിലും സമയത്തും പരിചരണങ്ങൾ ലഭിക്കാതെയും ആവശ്യത്തിന് ജൈവ വളങ്ങൾ ലഭിക്കാതെയും നെൽകൃഷി നശിച്ചുകൊണ്ടിരിക്കുന്നു. വർഷകാലത്തെ ശക്തമായ വെള്ളപ്പൊക്കംമൂലം കൃഷി തീരെ നശിച്ചുപോവുന്ന പ്രദേശങ്ങളുണ്ട്. വെള്ളത്തിന്റെ നിർഗ്ഗമന മാർഗ്ഗത്തിൽ നേരിട്ട തടസ്സം ചില സ്ഥലങ്ങളിൽ കൃഷിയെ വല്ലാതെ ബാധിക്കുന്നു. കീടതുണ്ട്. ഞാറ്റടി തയാറാക്കൽ, കീടരോഗങ്ങൾക്കെതിരെ കീടനാശിനികൾ പ്രയോഗിക്കൽ, രാസവള പ്രയോഗം, ഉഴവുചാലുകൾ തയ്യാറാക്കൽ, കൊയ്ത്ത് തുടങ്ങി എല്ലാ കാർഷിക പ്രവൃത്തികളും സമിതികൾ നേരിട്ട് ചെയ്യേണ്ടതാണ്.ഒഴിച്ചിടുന്ന വയലുകളിൽ കൃഷി ഇറക്കുന്നതിനായി നടപടികൾ സ്വീകരിക്കണം. ഒരു വിള മാത്രം എടുക്കുതിനുള്ള വയലുകൾ, രണ്ടുവിള എടുക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണം. തണ്ടുതുരപ്പൻ, ഓലചുരുട്ടി, ചാഴി എന്നീ കീടങ്ങൾമൂലവും ഇലപ്പുള്ളി രോഗം, ഓലപഴുക്കൽ എന്നീ രോഗങ്ങൾ മൂലവും നെൽകൃഷി ഇന്ന് വലിയൊരു പ്രതിസന്ധിയിലാണ്. മരുന്നുതളി യന്ത്രങ്ങൾ

ഉപയോഗപ്പെടുത്തുന്നതിനും കീടനാശിനികൾ സമയത്തിന് എത്തിച്ചുകൊടുക്കുന്നതിനും നിർദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷിഭവൻ ഉദ്യോഗസ്ഥൻമാർ ആഴ്ചയിലൊരുദിവസമെങ്കിലും അഗ്രോക്ലിനിക്കിൽ കേമ്പ് ചെയ്യേണ്ടതാണ്. നെൽപാടങ്ങൾ നികത്തുന്നത് നിരുത്സാഹപ്പെടുത്തണം. നെൽകൃഷിക്കാർക്ക് ഈ ഉത്പാദന ബോണസ്സ് വർദ്ധിപ്പിക്കണം. പഴയ തോടുകൾ ആവശ്യമായ നീളവും വീതിയും ആഴവും കൂട്ടി പുനരുജ്ജീവിപ്പിക്കണം.

കവുങ്ങ്; കുരുമുളക്;

പഞ്ചായത്തിലെ കാർഷിക വരുമാനത്തിൽ കാര്യമായ പങ്ക് വഹിക്കുന്ന വിളകളാണ് ഇവ. വലിയ പരിചരണമില്ലാതെ നല്ല വിളവ് ലഭിക്കുന്നു. കൂടാതെ വിലനിലവാരവും കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നു. ലഭ്യമായ എല്ലാ സ്ഥലങ്ങളിലും ഈ വിളകൾ ഇടവിളകളായി വ്യാപിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൃഷിഭവനിൽ നിന്ന് ഈ രംഗത്ത് വേണ്ട സഹായങ്ങൾ നൽകുന്നുണ്ട്. അവ ഉപയോഗിക്കാൻ കർഷകർ മുന്നോട്ടുവരണം. ആകെ 30 ഹെക്ടർ സ്ഥലത്ത് കവുങ്ങും 18 ഹെക്ടർ സ്ഥലത്ത് കുരുമുളകും കൃഷി ചെയ്യുന്നുണ്ട്. 58,50,000 അടക്കയും 17920 കി.ഗ്രാം കുരുമുളകും ഇവിടെ വിളയുന്നു. വർഷത്തിൽ ഏതാണ്ട് മുക്കാൽ കോടിയോളം രൂപ ഈ ഇനത്തിൽ കർഷകരുടെ കൈകളിൽ എത്തിച്ചേരുന്നു.

കുരുമുളകിന് തിരി കൊഴിഞ്ഞുപോകുന്ന രോഗം, കവുങ്ങിന് അടക്ക കൊഴിഞ്ഞുപോകുന്ന രോഗം എന്നിവ ഇവിടെ ധാരാളമായി കാണുന്നു. മരുന്നു തളി ഇതിന് തക്കതായ പ്രതിവിധിയാണ്. പക്ഷെ പലരും ഈ കാര്യത്തിൽ വിമുഖരാണ്. ഇതിനായി സ്കാഡ് രൂപീകരിച്ച് അവരുടെ സേവനം ലഭ്യമാക്കേണ്ടതാണ്. മണ്ണിന്റെ ഇനം തിരിച്ചുള്ള കവുങ്ങ് കൃഷി പ്രോത്സാഹനം നൽകണം. (കരപ്പറമ്പിൽ നടേണ്ട കാസർകോടൻ ഇനം വയലോരങ്ങളിൽ ചെയ്യേണ്ടുന്ന അത്യുല്പാദന ഇനം)

വാഴ; മരച്ചീനി; പയറുവർഗ്ഗങ്ങൾ;

തെങ്ങിൻ തോട്ടത്തിൽ ഇടവിളയായി താഴ്ന്ന പ്രദേശങ്ങളിൽ തനിവിളയായും കൃഷി ചെയ്തുവരുന്നു. 15 ഹെക്ടർ സ്ഥലത്ത് വാഴയും 5 ഹെക്ടർ സ്ഥലത്ത് പയറുവർഗ്ഗങ്ങളും 6 ഹെക്ടർ സ്ഥലത്ത് മരച്ചീനിയും ഇവിടെ കൃഷിചെയ്യുന്നു. ഈ വിളകൾ ഒരു കാലത്ത് നന്നായി നടത്തിവന്നിരുന്നുവെങ്കിലും മറ്റു രംഗത്തെ മരവിപ്പ് ഈ കൃഷിയിയേയും ബാധിച്ചിരിക്കുന്നു. കുറുനാമ്പ് രോഗം വാഴകൃഷിയെ വല്ലാതെ ബാധിക്കുന്നു. ഏത്തവാഴകൃഷിക്ക് നൽകേണ്ട താങ്ങ് കാലിന്റെ ദൌർലഭ്യതയും അമിതമായ വിലയും ഈ കൃഷിയെ ബാധിക്കുന്നു. അടുക്കൻ, കദളി, പാളയൻകോടൻ, പൂവൻ തുടങ്ങിയവയ്ക്ക് ഇന്ന് നല്ല വില ലഭിക്കുന്നു. ദിവസങ്ങളോളം കേടുകൂടാതെ സൂക്ഷിക്കാമെന്നതും ഈ പഴങ്ങളുടെ പ്രത്യേകതയാണ്. പഞ്ചായത്തിൽ ഈ കൃഷി ഇന്ന് നാമാവശേഷമായികൊണ്ടിരിക്കുന്നു. കുറുനാമ്പ് രോഗം തന്നെ പ്രധാന കാരണം. നടീൽ വസ്തുക്കളുടെ ദൌർലഭ്യതയാണ് മറ്റൊരു കാരണം. വലിയ പരിചരണവും, ജലസേചനവും ഈ കൃഷിയെ സംബന്ധിച്ചിടത്തോളം ആവശ്യമില്ല.

വാർഡ് അടിസ്ഥാനത്തിൽ നാടൻ വാഴകന്നുകൾ ആവശ്യമുള്ള കൃഷിക്കാരുടെ ലിസ്റ്റ് തയ്യാറാക്കുകയും അവ മൊത്തമായി ശേഖരിച്ച് സമയത്തിന് കൃഷിക്കാർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുകയാണെങ്കിൽ ഈ കൃഷി വ്യാപകമാക്കാൻ കഴിയും. കാലവർഷാരംഭത്തോടെ ഓരോ പറമ്പിലും ഇടവിളയായി പയർകൃഷി നടത്താത്ത പുരയിടങ്ങൾ പഞ്ചായത്തിൽ ഒരുകാലത്ത് ഉണ്ടായിരുന്നില്ല. ഇന്ന് അവ നാമാവശേഷമായിരിക്കുന്നു. പയർ കൃഷി വർദ്ധിപ്പിക്കുന്നതിന് തീവ്രയത്നപരിപാടി സംഘടിപ്പിക്കണം. മകരകൊയ്ത്തിന് ശേഷം പാടങ്ങളിലും പയർ കൃഷി വ്യാപിപ്പിക്കേണ്ടതാണ്. ഇതിനുള്ള വിത്തുകൾ സമയത്തിന് കൃഷിഭവൻ മുഖേന ലഭ്യമാക്കണം. ഉൽപാദനക്ഷമത കൂടുതൽ ഉള്ളതും പ്രോട്ടീൻ കൂടുതൽ അടങ്ങിയിരിക്കുന്നതു മായ പയർ ഇനങ്ങൾ വ്യാപിപ്പിക്കേണ്ടതാണ്. വളരെ കുറഞ്ഞതോതിലെ മരച്ചീനി ഇവിടെ ഉൽപാദിപ്പിക്കുന്നുള്ളൂ. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്താൽ നല്ല വിളവ് തരുന്ന എത്രയോ ഇനങ്ങൾ ഇന്നുമുണ്ട്. പക്ഷെ മരച്ചീനികൃഷിയോട് ജനങ്ങൾ അവഗണന കാണിക്കുന്നുവെന്നതാണ് സത്യം. മറ്റു സ്ഥലങ്ങളിൽ നിന്ന് വന്നെത്തുന്ന മരച്ചീനി ധാരാളമായി ഇവിടെ ചെലവാകുന്നു. മരച്ചീനി ചിപ്സ് ധാരാളമായി വിറ്റഴിയുന്നു. പാടം നികത്തി തെങ്ങു വച്ചിരിക്കുന്ന എല്ലാ സ്ഥലങ്ങളിലും നേന്ത്രവാഴയും മരച്ചീനിയും ഇടവിളയായി ഇവിടെ കൃഷിചെയ്യുന്ന രീതി പ്രോൽസാഹിപ്പിക്കണം.

പച്ചക്കറി:

നമ്മുടെ ആഹാരരീതിയിൽ വന്ന മാറ്റത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് പച്ചക്കറിയുടെ പെട്ടെന്നുള്ള ഉപയോഗകൂടുതൽ ആണ്. ഏതാണ്ട് 65 ലക്ഷം രൂപയുടെ പച്ചക്കറി ഒരു വർഷത്തിൽ പഞ്ചായത്തിൽ ചെലവാകുന്നു. മാംസഭുക്കുകൾ പലരും സസ്യഭുക്കുകളായി മാറികൊണ്ടിരിക്കുന്നു. നമ്മുടെ പച്ചക്കറിമാർക്കറ്റ് മറ്റു സംസ്ഥാനക്കാർ അടക്കിവാഴുന്നു. എന്നിട്ടും നാം പച്ചക്കറി ഉൽപാദനത്തിന്റെ കാര്യത്തിൽ ശ്രദ്ധക്കുറവ് കാട്ടുന്നു. നമ്മുടെ സമ്പത്ത് ചോർന്ന് പോകുന്നത് നാം അറിയുന്നില്ല. പച്ചക്കറി രംഗത്ത് ജനകീയ സമിതികളും മറ്റു പ്രസ്ഥാനങ്ങളും ബോധവൽക്കരണം നടത്തുന്നതിനും ഉൽപാദനരംഗത്തും മുന്നോട്ട് വരണം. ഓരോ കിടപ്പാടത്തിലും ഒരു സെൻറ് സ്ഥലത്തെങ്കിലും അടുക്കളതോട്ടം വച്ചുപിടിപ്പിക്കാനുള്ള തീവ്രശ്രമം ആരംഭിക്കണം. ഇക്കാര്യത്തിൽ അമ്മമാരുടെ സ്കാഡ് രൂപീകരണവും അയൽ കൂട്ടങ്ങൾ വിളിച്ചു ചേർക്കലും പരിശോധിച്ച് നോക്കേണ്ടതാണ്. മൽസരാടിസ്ഥാനത്തിൽ സമ്മാനങ്ങൾ നൽകുന്നതിനുള്ള പദ്ധതിയും ഈ തുറയിൽ ആസൂത്രണം ചെയ്യണം. കുറഞ്ഞ സ്ഥലം മാത്രം കൈവശമുള്ള ആൾക്കാർ ചാക്കുകളിലോ, ചട്ടികളിലോ വീട്ടുമുറ്റത്തുതന്നെ പച്ചക്കറി ചെയ്യേണ്ടതാണ്. ഇതേ രീതിയിൽ തന്നെ വീടിന്റെ ടെറസ്സിൻമേലും പച്ചക്കറികൃഷി ചെയ്യണം. ആവശ്യമായ സാമ്പത്തിക സാങ്കേതികസഹായം, വിത്ത് നൽകൽ എന്നിവ കൃഷിവകുപ്പ് നടത്തണം . അവ കാലാകാലങ്ങളിൽ പരിശോധിക്കുകയും വേണം. മുളകിന്റെ അമിതമായ വില പരിഗണിച്ചു കൂടുതൽ ഉൽപാദിപ്പിക്കുന്നതിനായി ജ്വാല തുടങ്ങിയ ഇനങ്ങൾ സാർവത്രികമായി വ്യാപിപ്പിക്കണം. മുളക് തൈകൾ കിട്ടുക വളരെ പ്രയാസമുള്ള കാര്യമാണ്. പഞ്ചായത്ത് നേഴ്സറിയിൽകൂടി ആവശ്യത്തിന് ലഭ്യമാക്കണം.

ചേമ്പ്, ചേന, മുരിങ്ങ, അഗസ്ത്യായ ചീര, പപ്പായ മുതലായവ പറമ്പുകളിൽ വെച്ചുപിടിപ്പിക്കാൻ തീവ്രശ്രമം നടത്തണം. പച്ചക്കറി എന്നതിന് പുറമേ ഔഷധപരമായ ഗുണംകൂടി ഇവയ്ക്ക് ഉണ്ടെന്നകാര്യം വിസ്മരിച്ചുകൂടാ.

രണ്ടാം വിളക്ക് ശേഷം ഓരോ പ്രദേശത്തെയും യുവജനങ്ങളുടെ സ്കാഡുകൾ രൂപീകരിച്ച് പഞ്ചായത്തിന്റേയും കൃഷിഭവന്റേയും സംയുക്താഭിമുഖ്യത്തിൽ കൂട്ടായ പച്ചക്കറി കൃഷിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഊർജ്ജിത പച്ചക്കറികൃഷി ആരംഭിക്കേണ്ടതാണ്. ജലസേചനത്തിനുള്ള സൗകര്യവും ഉണ്ടാക്കികൊടുക്കണം. പച്ചക്കറി വികസനം പഞ്ചായത്തിന്റെ പൊതു ആവശ്യമായി കണക്കിലെടുക്കേണ്ടതാണ്. മണ്ണുംതരവും നോക്കി പറ്റിയ സമയത്ത് തന്നെ നല്ല ഇനം വിത്തുകൾ ലഭ്യമാക്കണം.

കശുമാവ്:

തരിശ് ഭൂമിയിലും മറ്റുകൃഷികൾ കൃത്യമായ വിളവ് തരാത്ത സ്ഥലത്തും പറമ്പുകളുടെ പുറം ഭാഗങ്ങളിലും കശുമാവു കൃഷിചെയ്യാവുന്നതാണ്. രണ്ടു ഹെക്ടർ സ്ഥലത്ത് മാത്രമാണ് ഇവിടെ കശുമാവ് കൃഷി ചെയ്യുന്നത്. വലിയ പരിചരണ മുറകൾ ഇല്ലാതെ നല്ല കായ്ഫലം തരുന്ന ഈ കൃഷിക്ക് പ്രോൽസാഹനം നൽകേണ്ടതാണ്. ഊർജ്ജിത കശുമാവ് വികസന പദ്ധതി പ്രകാരം ഒരിക്കൽ കശുമാവിൻതൈകൾ കൃഷിഭവൻ മുഖാന്തരം വിതരണം ചെയ്യുന്നു.പക്ഷെ കർഷകർ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. ആവശ്യമായത്ര ഒട്ടിച്ച കശുമാവിൻ തൈകൾ സർക്കാർ ഫാമുകളിൽനിന്നുതന്നെ ലഭ്യമാക്കണം. പഴശ്ശി കനാലിന്റെ ഇരു പാർശ്വ ഭാഗങ്ങളിലും മറ്റു പുറമ്പോക്ക് സ്ഥലങ്ങളിലും കശുമാവ് കൃഷി വ്യാപിപ്പിക്കേണ്ടതാണ്.

മാവ്; പ്ലാവ് :

മാങ്ങയ്ക്ക് പ്രിയം കൂടിവരുന്നു. ചക്കയ്ക്ക് ആവശ്യക്കാർ കുറയുന്നു. ചക്കപ്പഴം കേടു കൂടാതെ സംഭരിച്ചു വയ്ക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം ജനങ്ങളിലെത്തിക്കുക. മരപ്പണിക്ക് ആവശ്യമായ തടികൾ, ആടിനാവശ്യമായ ഇലകൾ എന്നിവ സമൃദ്ധമായി ലഭിക്കുന്നതിന് പ്ലാവുകൾ ആവശ്യമാണ്. പച്ചിലവള പ്രയോഗത്തിന് നമുക്ക് ആശ്രയിക്കാൻ പറ്റുന്ന ഏറ്റവും നല്ല വൃക്ഷ വിളകളാണ് ഇവ. വർദ്ധിച്ചു വരുന്ന ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ഈ വിളകൾ നമ്മെ സഹായിക്കുന്നു. നല്ലയിനം മാവുകൾ കുറവാണ്. കുറ്റ്യാട്ടൂർ, ഇരിങ്ങൽ എന്നീ ഇനങ്ങൾ പ്രോൽസാഹിപ്പിക്കണം. "ഒന്ന് മുറിക്കുമ്പോൾ രണ്ട് നടുക" എന്ന തത്ത്വം ഈ രംഗത്ത് പ്രാവർത്തികമാക്കണം. നാളത്തെ തലമുറയോട് നാം കാണിക്കുന്ന ദീർഘ വീക്ഷണത്തോടുകൂടിയ ഒരു പ്രവൃത്തിയായിരിക്കും ഇത്.

മഞ്ഞൾ; ഇഞ്ചി:

പഞ്ചായത്തിൽ രണ്ടര ഹെക്ടർ സ്ഥലത്ത് ഇവ കൃഷിചെയ്ത് വരുന്നു. ആഹാര ആവശ്യത്തിന് പുറമെ ഔഷധ നിർമ്മാണത്തിനും ഇവ ഉപയോഗിക്കുന്നു. ഇവ കണക്കിലെടുത്ത് മഞ്ഞൾ കൃഷിയും ഇഞ്ചികൃഷിയും പ്രോൽസാഹിപ്പിക്കേണ്ടതാണ്. മുൻകാലങ്ങളിൽ എല്ലാ പുരയിടങ്ങളിലും കുറച്ച് സ്ഥലമെങ്കിലും കൃഷി ചെയ്തിരുന്ന ഇവ ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഓരോ കുടുംബത്തിനും ആവശ്യമായത്ര കൃഷിചെയ്തുണ്ടാക്കുന്നതിനായി അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഈ രംഗത്ത് പരാശ്രയം തികച്ചും ഒഴിവാക്കിയാൽ ഒരു കുടുംബത്തിന് ഒരു വർഷത്തിൽ നൂറ്റമ്പത് രൂപയെങ്കിലും ലാഭിക്കാവുന്നതാണ്.

ജലസേചനം :

പഴശ്ശി പദ്ധതിയുടെ കനാലുകൾ പഞ്ചായത്തിന് കീറിമുറിച്ചുകൊണ്ട് പല ഭാഗങ്ങളിലൂടെയും കടന്നുപോകുന്നുണ്ടെങ്കിലും അതുകൊണ്ട് പഞ്ചായത്തിന് ജലസേചനപരമായി യാതൊരു നേട്ടവും ഇല്ല. നല്ല കൃഷി നടന്നിരുന്ന സ്ഥലങ്ങൾ പാഴ്ഭൂമിയായി മാറിയെന്നതാണ് ദുരന്തഫലം. ജലസേചനത്തിനുവേണ്ടി പഞ്ചായത്തിൽ നാമമാത്രമായ പ്രവർത്തനം മാത്രമേ നടന്നിട്ടുള്ളൂ. കരിങ്ങാട്ടിൽ ഒരു കുളം കുഴിക്കുകയും പമ്പ്സെറ്റ് സ്ഥാപിക്കുകയും ചെയ്തിരുന്നു. പക്ഷെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. പൊന്ന്യം പുഴയ്ക്ക് ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായം മുമ്പ് ഏർപ്പെടുത്തി മാക്കുനി ഭാഗത്തേക്ക് ജലസേചനത്തിനായി ഉപയോഗപ്പെടുത്താൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. കാർഷിക ആവശ്യത്തിനായി ബേങ്കുകൾ മുഖാന്തരം വളരെ കൂടുതൽ പമ്പ്സെറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പക്ഷെ ഇവയിൽ പലതും വീട്ടാവശ്യങ്ങൾക്കായി ചുരുങ്ങുന്നു എന്നതാണ് സത്യം. കാർഷിക ആവശ്യത്തിന് കിണർകുഴിക്കാൻ നൽകിയ വായ്പയുടെ അവസ്ഥയും ഇതുതന്നെ- 52 കുളങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട് പക്ഷെ ഇവയിൽ പലതും ഇന്ന് ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ കുളങ്ങൾ അധികവും സ്വകാര്യ വ്യക്തികളുടെ കൈവശമാണ്. ഇവ ആഴം കൂട്ടി ജലസേചനത്തിന് ഉപയോഗിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചാൽ കുറേ ഭൂമികളിൽ ജലസേചന സൗകര്യം ഉണ്ടാക്കാൻ കഴിയും. കൂടാതെ മത്സ്യ കൃഷി നടത്താനും മണ്ണിന്റെ ഈർപ്പം നിലനിർത്താനും ഇതുകൊണ്ട് കഴിയും. ഒരു സത്വര കാർഷിക പുരോഗതി കൈവരിക്കുന്നതിനായി ചില അടിയന്തിര ജലനിർഗമന, ജലസേചന ജോലികൾ ഉടൻ ചെയ്തു തീർക്കേണ്ടുന്നതിന്റെ ആവശ്യമുണ്ട്. പാടങ്ങൾ നികത്തി വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തിയതുമൂലം പഞ്ചായത്തിന്റെ പല ഭാഗത്തും ഉണ്ടായിട്ടുള്ള നീർക്കെട്ട് ഒഴിവായി പ്പോകുന്നതിനും വർഷകാലത്തെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും തദ്വാരാ സാദ്ധ്യമാണ്.

1.ചിത്രപ്പൊയിൽ താഴെമുതൽ അരയാക്കൂൽ താഴെ- ചന്ത്രോത്ത്താഴെ- മനേക്കരവഴി- പന്തക്കൽവരെ നീണ്ടുപോകുന്ന തോട്ടോൾ താഴെ പാടശേഖരത്തിലുള്ള പന്ന്യന്നൂർ, ചമ്പാട് ദേശങ്ങളുടെ അതിർത്തി തോട് ഒരുഭാഗം നടപ്പാതയോടുകൂടി ആവശ്യമായത്ര ആഴം വീതികൂട്ടി പുനർ നിർമ്മിക്കുക

2. ഒന്നാം വാർഡിൽ ശ്രീ. മമ്മുമാസ്റ്ററുടെ വീടുപരിസരം മുതൽ വാലച്ചേരി താഴ വഴി- പുലയൻറവിട കൃഷ്ണന്റെ വീട്ടുപരിസരം വഴി വലിയ തോടുവരെ നടപ്പാതയോടുകൂടി ആവശ്യമായത്ര ആഴം വീതികൂട്ടി പുനർ നിർമ്മിക്കുക.

3. വിന്നേഴ്സ് കോർണർ തുടങ്ങി ഒഴുകിയെത്തുന്ന വെള്ളം പുഞ്ചക്കര ലിങ്ക് റോഡിൽകൂടി നീലിയാറത്ത് ചന്ദ്രന്റെ വയലിൽ എത്തുന്നു. ശക്തമായ നീർകെട്ടും ഉണ്ടാകുന്നു. ഈ പ്രശ്നം ഒഴിവാക്കാനായി പുഞ്ചക്കരമുതൽ അതിരുകളിൽകൂടി പുതിയ തോടും നിർമ്മിച്ച് പുഞ്ചവയൽ എക്യിഡേറ്റർ വരെ ഒരു തോടും നടവഴിയും ഉണ്ടാക്കുക.

4. ചമ്പാട് എക്യിടേറ്റർ മുതൽ പട്ടാറത്ത്പൊയിൽ താഴെ മൂന്നാം മുക്ക്വരെ തോട് പുനർനിർമ്മിക്കുക.

5. പരോർത്ത് മുക്ക് മുതൽ മൂന്നാം മുക്കുവരെ പോകുന്ന പഴയ തോട് പുനഃസ്ഥാപിക്കുക.

6. പന്ന്യന്നൂർ അരയാക്കൂൽ താഴ മുതൽ കോട്ടീൻറവിട പരിസരം വഴി- കുട്ടീൻറവിട പറമ്പിന്റെ അരികിൽകൂടി- അരയാൽകണ്ടി രാജന്റെ വീടിന്റെ മുന്നിൽകൂടി- തട്ടാറത്ത് താഴെ വഴി പോകുന്ന തോടും ആഴവും വീതിയും കൂട്ടി ഒരു ഭാഗം നടപ്പാതയോടുകൂടി പുഞ്ചത്തോടിനോട് യോജിപ്പിക്കുക.

7. മനത്താനത്ത് താഴ റോഡിനരികിൽകൂടി പഞ്ചായത്താഫീസിന് അടുത്തുള്ള ഓവ് പാലംവഴി വെള്ളം ഒഴിഞ്ഞുപോകാനുള്ള സംവിധാനം ഉണ്ടാക്കുക.

8. പുഞ്ചവയലിൽ കരിക്കാട്ട്കുളം കേന്ദ്രീകരിച്ച് ചുറ്റുവട്ടത്ത് ചെറു സിമൻറ് ചാലുകൾ പണിത് പച്ചക്കറികൃഷിക്ക് അനുയോജ്യമായ രീതിയിൽ പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചനയോഗ്യമാക്കുക.

9. വേണാടൻകുണ്ടും പരിസരം ചാത്തോത്ത് താഴെ പരിസരം കിഴക്കേടത്ത് ചിറ പരിസരം സർവ്വീസ് സഹകരണ ബേങ്ക് പരിസരം ചോരൻകുളം പരിസരം എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കേണ്ടുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുക.

10. സർവ്വീസ് ബേങ്ക് പരിസരം മുതൽ നിടുമ്പ്രത്തേക്ക് അര കി.മി തോട് നിർമ്മിക്കുക.

പ്രശ്നങ്ങൾ

1. മഴക്കാലത്ത് നീർക്കെട്ടും വേനൽക്കാലത്ത് വരൾച്ചയും.

2. സംയോജിതമായ കൃഷിചെയ്യാതിരിക്കുകയോ ഭാഗികമായി മാത്രം ചെയ്യുകയോ ചെയ്യുന്നു.

3. ജൈവവള ദൌർലഭ്യത.

4. വർദ്ധിച്ചുവരുന്ന കീടരോഗബാധകളും കൃഷിനാശവും.

5. കീടനാശിനി സൗകര്യം വേണ്ടത്ര ഉപയോഗിക്കുന്നില്ല.

6. തേങ്ങയുടെ അസ്ഥിരമായ വില നിലവാരം.

7. കൃഷിഭൂമി തുണ്ടം തുണ്ടമായി മാറി കൊണ്ടിരിക്കുന്നു.

8. കൃഷി, കൃഷിപ്പണി തൊഴിലായി സ്വീകരിക്കുന്നതിന് പുതിയ തലമുറ കാണിക്കുന്ന വിമുഖത.

9. നാടൻ വാഴകൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ നാമാവശേഷമായികൊണ്ടിരിക്കുന്നു.

10. നല്ലയിനം പച്ചക്കറിവിത്തുകളുടെ ദൌർലഭ്യം

11. ഇടവിളയായി പയർകൃഷിചെയ്യുന്നത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

12. തൊഴിലാളികളുടെ പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികളുടെ അപര്യാപ്തത.

13. വരൾച്ചമൂലം തെങ്ങിന് കാര്യമായ ക്ഷീണം സംഭവിക്കുന്നു.

പരിഹാരങ്ങൾ

1. വർഷാരംഭത്തോടുകൂടി ജലത്തിൻെറ ആഗിരണശേഷി വർദ്ധിപ്പിക്കാൻ ഉതകുന്ന കുതിരുവെച്ചുകിളക്കലും മഴയ്ക്ക് ശേഷം മണ്ണിൻെറ ഈർപ്പം ബാഷ്പീകരിച്ചുപോകുന്നത് തടയാൻ ഉപയോഗിക്കുന്ന പൊടിയാക്കിതട്ടിനിരത്തലും വളർത്തികൊണ്ടുവരേണ്ടതാണ്.

2. ഉൽപാദനക്ഷമത കുറഞ്ഞതും രോഗകീടബാധ ഉള്ളതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കുക.

3. ജനകീയ സമിതികൾ രൂപീകരിച്ചു മരുന്നു തളിക്കാൻ പരിശീലനം നൽകി പ്രവർത്തനക്ഷമമാക്കുക.

4. തെങ്ങിൻെറ ഓലകൊണ്ടും മറ്റു പച്ചിലകൾ കൊണ്ടും വേനൽകാലത്തിൻെറ ആരംഭത്തോടുകൂടി തെങ്ങിന് പുതയിടുക.

5. ഗ്രൂപ്പ്ഫാമിൻ സമിതികളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് കാലാകാലങ്ങളിൽ അവലോകനം നടത്തുക.

6. ഉല്പാദന ചിലവ് കുറയ്ക്കുന്നതിനായി പരമാവധി യന്ത്രവല്കരണം നടപ്പിലാക്കുക.

7. കർഷകതൊഴിലാളികൾക്ക് പരിശീലനം നല്കുക.

8. ഒഴിച്ചിടുന്ന നെൽപ്പാടങ്ങളിൽ കൃഷി ഇറക്കുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കുക.

9. കർഷകസമ്പർക്കത്തിനായി കൂടുതൽ അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക. ഉദ്യോഗസ്ഥർ കർഷകരുമായി നിരന്തരം സമ്പർക്കം പുലർത്തുക. ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുക.

10. നീർവാർച്ചാതോടുകൾ കൃത്യമായ ആഴം വീതികൂട്ടി നടപ്പാതയോടുകൂടി പുനഃസ്ഥാപിക്കുക.

11. നെല്ല് ഉൽപാദകർക്കുള്ള ബോണസ്സ് വർദ്ധിപ്പിക്കുക.

12. നെൽവയലുകൾ മറ്റു വിളകൾക്കായും കെട്ടിടങ്ങൾ പണിയുന്നതിനുമായി ഉപയോഗിക്കുന്നത് കർശന നിയമനിർമ്മാണത്തിലൂടെ തടയുക.

13. പ്രൈമറി സ്കൂളുകൾ മുതൽ തന്നെ ശാസ്ത്രീയ കൃഷിരീതികൾ പ്രായോഗികമായി പഠിപ്പിക്കുക.

14. നാടൻ വാഴക്കന്നുകൾ, ചേമ്പ്, ചേന, കാച്ചിൽ, നല്ലയിനം പച്ചക്കറി എന്നിവയുടെ വിത്തുകൾ സമയോചിതമായി ലഭ്യമാക്കുക.

15. തെങ്ങിൻതോട്ടങ്ങളിൽ ചെയ്യാൻ പറ്റാവുന്ന പയർവിത്തുകൾ ലഭ്യമാക്കുക.

16.പച്ചക്കറി കൃഷിയിൽ ബോധവൽക്കരണവും അടുക്കളത്തോട്ട പ്രോൽസാഹനവും കൂട്ടായ്മയോടുകൂടിയുള്ള പച്ചക്കറി കൃഷിയും പ്രോൽസാഹിപ്പിക്കുക.

17. ഉൽപാദനച്ചെലവുമായി താരതമ്യപ്പെടുത്തി സബ്സിഡികൾ നൽകുക.

18. സന്ദർശനവും പരിശീലനവും പരിപാടി പുനഃസ്ഥാപിക്കുക.

19. പൊതു നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുക.

പദ്ധതികൾ

സമഗ്ര കാർഷിക വികസനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ യഥാസമയം കർഷകരിലെത്താതിരിക്കൽ, നടീൽ വസ്തുക്കളുടേയും മറ്റും ദൌർലഭ്യതക്ക് പുറമേ യഥാസമയങ്ങളിൽ അല്ലാതെയുള്ള വിതരണം, പദ്ധതികളെപ്പറ്റി കൃഷിക്കാർക്ക് സമയോചിതമായി അറിയിപ്പ് ലഭിക്കാതിരിക്കൽ എന്നിവ ഒരു പരിധി വരെ കാർഷിക പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

കാർഷികവികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു.

1. തെങ്ങിൻ തോട്ടത്തിൽ കുരുമുളക് ഇടവിളയായി ചെയ്യുന്നതിന് വേരുപിടിപ്പിച്ച കുരുമുളക് തൈകൾ വിതരണം ചെയ്യുന്നു.

2. പഴവർഗ്ഗച്ചെടികളുടെ തൈകൾ വിതരണം ചെയ്യുന്നു.

3. ഒട്ടിച്ച കശുമാവിൻ തൈകളും അവ നടുന്നതിനാവശ്യമായ ധനസഹായവും ലഭ്യമാക്കുന്നു.

4. തെങ്ങിൻ തൈകൾ, കവുങ്ങിൻ തൈകൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

5. പ്രത്യേക ഘടക പദ്ധതിപ്രകാരം പട്ടികജാതിക്കാർക്ക് നിലവിലുള്ള വിളകൾക്ക് രാസവളവും മറ്റു നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നു.

6. കൃത്യമായ രീതിയിലും അളവിലും ഉള്ള വളപ്രയോഗത്തിനായി മണ്ണ് സാമ്പിളുകൾ പരിശോധിക്കുന്നു.

7. രാസവള ഗുണനിലവാരം ഉറപ്പാക്കുന്നതിനായി രാസവള ഗുണനുലവാര പരിശോധന നടത്തുന്നു.

8. പ്രകൃതി ക്ഷോഭത്തിനെതിരെ കാർഷിക വിളകൾ ഇൻഷുർ ചെയ്യുന്നു. വിളനാശം സംഭവിച്ച കർഷകർക്ക് തെങ്ങിന് 1000 രൂ. പ്രകാരവും വാഴയ്ക്ക് 50 രൂ. പ്രകാരവും വിതരണം ചെയ്യുന്നു.

9. സമഗ്ര നാളികേര വികസന പദ്ധതിപ്രകാരം കൂട്ടായ്മയോടുകൂടി തെങ്ങ് കൃഷിതോട്ടം നനക്കുന്നതിന് 2ലക്ഷം രൂപയും, പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും കിണർ കുഴിക്കുന്നതിനും 2500 രൂപ വീതവും കൂടാതെ പച്ചില വള വിത്തുകളുടെ വിതരണം, കർഷകർക്ക് ആധുനിക കൃഷിരീതിയെ സംബന്ധിച്ച് പരിശീലനക്ലാസ്സ് നടത്തൽ, തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

10. പ്രകൃതിക്ഷോഭംമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം ലഭ്യമാക്കുന്നു.

11. ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി പ്രകാരം കാർഷിക പരിചരണങ്ങൾ രജിസ്ട്രർ ചെയ്ത 3 സമിതികൾ മുഖാന്തരം നടപ്പിലാക്കി വരുന്നു.

12. സർക്കാർ നിയന്ത്രണത്തിലുള്ള പൊതുതവാരണയിൽനിന്നും അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നു.

13. കവുങ്ങുരോഗത്തിനെതിരെ കുമിൾ നാശിനികൾ വിതരണം ചെയ്യുന്നു.

14. കുരുമുളക് പുനരുദ്ധാരണപദ്ധതി പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

15. വർദ്ധിച്ചുവരുന്ന ഇന്ധന ചിലവ് കുറക്കുന്നതിനായി ബയോഗ്യാസ് പ്ലാൻറ് നിർമ്മാണത്തിനായി ധനസഹായം ലഭ്യമാക്കുന്നു.

16. നല്ലയിനം നെൽവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി രജിസ്ട്രേഡ് വിത്തുൽപാദന പദ്ധതി നടപ്പിലാക്കുന്നു.

17. വിവിധ പദ്ധതികളിൽ ജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സെമിനാറുകളും സമ്മാന പദ്ധതികളും നടപ്പിലാക്കുന്നു.

18. സ്ക്കൂൾ പച്ചക്കറി വികസന പദ്ധതി പ്രകാരം വിത്തുകളും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നു.

ഇങ്ങനെ വിവിധയിനം പദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പിലാക്കിവരുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കൃഷിഭവൻ നടീൽ വസ്തുക്കളും മറ്റാനുകൂല്യങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കേമ്പുചെയ്ത് വിതരണം നടത്തുക.

2. ജൈവവള വിത്തുകളും കമ്പുകളും ലഭ്യമാക്കുക.

3.പുതുതായി കാർഷിക തൊഴിൽ മേഖലയി

ലേക്ക് കടന്നുവരുന്നവർക്ക് ആവശ്യമായ പ്രോത്സാഹനം നല്കുക.

4. കാർഷിക വിളകൾക്ക് സംഭരണ, സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. സ്ഥലപരിധിയില്ലാതെ എല്ലാവർക്കും പുതിയ കിണറുകളും കുളങ്ങളും കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

6. വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ടും വില്ലേജ് മാപ്പിൽ അടയാളപ്പെടുത്തിയ എല്ലാ തോടുകളും പുനരുജ്ജീവിപ്പിക്കുക.

7. മണ്ണ് പരിശോധന നടത്തി യുക്തമായ വളപ്രയോഗത്തിനാവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

8. രാസവളങ്ങളുടെ സബ്സിഡി വർദ്ധിപ്പിക്കേണ്ടതാണ്.

9. കമ്പോസ്റ്റുകുഴി കുഴിക്കുന്നതിന് നിലവിലുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കേണ്ടതാണ്.

10. പ്ലാസ്റ്റിക് വസ്തുക്കളുടെ അലസമായ നിക്ഷേപം മൂലം മണ്ണിന്റെ ഫലഭൂയിഷ്ടത ഒഴിവാക്കുന്നതിന് അപ്രകാരമുള്ള വസ്തുക്കൾ അതാതവസരത്തിൽ തന്നെ കത്തിച്ച് കളയുക.

11. മുഴുവൻ തോടുകളിലും ജലാകിരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി തടയണകൾ നിർമ്മിക്കുക.

12. പാതയോരങ്ങളിൽ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക.

13. കാർഷിക തൊഴിൽദാന പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.

14. തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കുക.

15. സങ്കരയിനം നടീൽവസ്തുക്കൾക്ക് പകരം രോഗപ്രതിരോധ ശക്തി കൂടിയ നാടൻ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുക.

16. കർഷക തൊഴിലാളികൾക്ക് സാമൂഹ്യ ക്ഷേമ പദ്ധതികൾ നടപ്പിൽ വരുത്തുക.

17. സൗജന്യമായി നടീൽ വസ്തുക്കളും കീടനാശിനികളും വിതരണം ചെയ്യുക.

18. ഔഷധ ചെടികളും, പൂച്ചെടികളും വികസിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുക.

19. നീർകെട്ടുകൾ ഒഴിവാക്കുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ തോടുകൾ സ്ഥാപിക്കുക.

20. ഓവുചാലുകൾ വഴിയുള്ള നീരൊഴുക്ക് ശാസ്ത്രീയമായ രീതിയിൽ തിരിച്ചുവിടുക.

21. നിലവിലുള്ള കിണറുകളിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്താൻ റിപ്പയർ ചെയ്യാനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

22. കൈതക്കാടുകൾ വെട്ടിമാറ്റുക.

23. വരൾച്ച അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

24. ജലസേചന ആവശ്യത്തിനുള്ള മുഴുവൻ പമ്പുകൾക്കും വൈദ്യുതി കണക്ഷൻ നൽകി കൃഷിക്കാരെ സഹായിക്കേണ്ടതാണ്.

25. നവോദയ വിദ്യാലയത്തിനുവേണ്ടി പന്തക്കൽ 10 ഏക്കർ നെൽപാടം നികത്തിയതുമൂലം ഇവിടെയുണ്ടായിട്ടുള്ള നീർകെട്ടുകൾ ഒഴിവാക്കുക.

26. രാസവളങ്ങൾ കൃഷിഭവനിൽനിന്ന് തന്നെ വിതരണം ചെയ്യുക.

27. കൃഷിക്കാരുടെ ആവശ്യം അനുസരിച്ച് മാത്രം തെങ്ങിൻ തൈകൾ കൃഷിഭവനിൽ എത്തിക്കുക.

സാമൂഹ്യക്ഷേമം

മനുഷ്യജീവിതത്തിലെ ഏറ്റവും പരിതാപകരമായ അനുഭവമാണ് ദാരിദ്ര്യം. സാമ്പത്തിക വളർച്ചയോടൊപ്പം സമ്പത്തിന്റെ നീതിനിഷ്ഠമായ പുനർവിഭജനം ഉറപ്പുവരു ത്താത്തതിൽ നിന്ന് വന്നുച്ചേർന്ന വീഴ്ച, ദുർബല ജനവിഭാഗങ്ങളുടെ ജീവിതഭാരം ലഘൂകരിക്കുവാനുള്ള നടപടികൾ യഥാസമയം കൈക്കൊള്ളാത്തതിന്റെ പോരായ്മ ഇങ്ങിനെ പലതും ദാരിദ്ര്യത്തിന്ന് കാരണമായി എടുത്ത് കാട്ടാം.

പ്രതിശീർഷ വരുമാനത്തിൽ വലിയ വർദ്ധനവ് ഇല്ലാതെ തന്നെ ജനക്ഷേമ പരിപാടികളിലൂടെ മുന്നേറ്റം നടത്താമെന്ന് തെളിയിച്ച് കൊടുത്ത നാടാണ് കേരളം.

മുഖ്യമായും സ്ത്രീകൾ, ശിശുക്കൾ വികലാംഗർ എന്നിവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കാണ് സാമൂഹ്യക്ഷേമവകുപ്പ് കൂടുതൽ ഊന്നൽ നല്കുന്നത്. 7 തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ ഈ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നുണ്ട്.

1 ശിശുക്ഷേമ പദ്ധതികൾ
2 വനിതാക്ഷേമ പദ്ധതികൾ
3 വികലാംഗർക്കുള്ള ക്ഷേമപദ്ധതികൾ
4 പുനരധിവാസകേന്ദ്രങ്ങൾ
5 അനാഥാലയങ്ങൾ
6 മറ്റ് സ്ഥാപനങ്ങൾക്കുള്ള സഹായ പദ്ധതികൾ
7 മിശ്ര വിവാഹിതർക്കുള്ള ധനസഹായം

എന്നിവയാണ് പ്രധാനമായ പദ്ധതികൾ.

പട്ടികജാതി വികസനത്തിനും ഉന്നമനത്തിനും ആയി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും ഇതോടൊപ്പം പ്രവർത്തി

ക്കുന്നുണ്ട്. മൊത്തത്തിൽ വിലയിരു ത്തുമ്പോൾ ഈ പദ്ധതികളെല്ലാം വളരെ അപര്യാപ്തമാണെന്ന് കണക്കുകൾ വ്യക്തമാ ക്കുന്നു. അർഹതപ്പെട്ടവർ ഏറെയുണ്ടെ ങ്കിലും സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ച് അജ്ഞരായ ഒരു നല്ല വിഭാഗം ഉണ്ട്. മറ്റ് ചിലരാകട്ടെ സാമൂഹ്യ പ്രവർത്തകരുടേയും സന്നദ്ധ സംഘടന കളുടേയും സഹായത്തോടെ അപേക്ഷ സമർപ്പിക്കാറുണ്ടെങ്കിലും ഇതിനായി ഹാജ രാക്കേണ്ട സർട്ടിഫിക്കറ്റുകളുടേയും മറ്റ് നൂലാമാലകളും കൊണ്ട് മാറി നിൽക്കുന്നു.

ഗുണഭോക്താക്കളുടെ പട്ടിക നോക്കിയാൽ ഇത് ഉപയോഗപ്പെടുത്തുന്ന വരുടെ എണ്ണവും മറ്റും മനസ്സിലാക്കാൻ സാധിക്കും. ഇക്കാര്യത്തിൽ സാമൂഹ്യ സംഘടനകളും, സന്നദ്ധപ്രവർത്തകരും തൊഴിലാളിസംഘടനകളും അർഹതപ്പെട്ട വർക്ക് പ്രാപ്യമാകുന്ന വിധത്തിൽ പദ്ധതി കൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

പട്ടിക 1

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായംലഭിച്ചതിൽദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർഉൾപ്പടെ)
I	156					
II	118					
III	117					
IV	125		42	3	-	1163
V	128	2				
VI	147					
VII	108					
VIII	130	1				
IXX	134					

അവലംബം; വി.ഇ.ഒ. ആഫീസ് റിക്കാർഡ് സെക്കൻററി ഡാറ്റാ

ദാരിദ്ര്യരേഖയ്ക്ക് താഴെ 1163 കുടുംബങ്ങൾ ഉള്ളതിൽ 42 കുടുംബങ്ങൾക്കാണ് ഏതെ ങ്കിലും രൂപത്തിലുള്ള സാമ്പത്തിക സഹായം ലഭിച്ചത്. സാമൂഹ്യക്ഷേമ പദ്ധതി കൾ എത്രമാത്രം അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ട് എന്ന് മേൽ കൊടുത്ത പട്ടിക വ്യക്തമാക്കുന്നുണ്ട്.

പട്ടിക - 2
ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലനം- വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം	ഇതര തൊഴി ലുകളിൽഏർപ്പെ ട്ടിരിക്കുന്നവർ	അവശേഷി ക്കുന്നവർ
I X	പ്രിൻറിംങ്ങ് & കമ്പോസിങ്ങ്	1	-	-	-
	,, ,,	1	-	-	-

1995 - 96 വർഷം പന്ന്യന്നൂർ വി. ഇ. ഒ സർക്കിളിൽ ആകെ രണ്ട് പേർക്കാണ് പരിശീലനം നല്കിയത് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നല്കാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ലെന്ന പരാതി ഉദ്യോഗസ്ഥരിൽ നിന്നുണ്ട്. ഇത് പരിഹരിക്കാൻ അർഹരായവരെ കണ്ടെത്തി അവരെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്താൻ യുവജന സംഘടനകൾക്ക് സാധിക്കേണ്ടതാണ്.

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ് (RAP)

വാർഡ് നമ്പർ	IRDPസർവ്വേ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ	ഇനി സഹായ ത്തിന് അർഹത യുള്ളവരുടെ എണ്ണം	കുറിപ്പ്
		ലഭ്യമല്ല		

പട്ടിക - 3

CRSP കക്കൂസുകൾ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നല്കുന്ന പദ്ധതിയാണ് സി. ആർ. എസ്. പി. വളരെ ചുരുങ്ങിയ ആളുകൾക്ക് മാത്രമെ ഈ പദ്ധതിയിലൂടെ സഹായം ലഭിച്ചിട്ടുള്ളൂ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കാനും സഹായധനം വർദ്ധിപ്പിക്കുകയും വേണം.

പട്ടിക 4
കക്കൂസ് നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം [IRDPസർവ്വെ പ്രകാരം]	ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവരുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
I	79			
II	41			
III	66			
IV	71			
V	59	7	7	
VI	54			
VII	54			
VIII	66			
IX,X	41			

വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ ലഭിക്കുന്ന ആനുകൂല്യം അർഹരായ മുഴുവൻ പേർക്കും കിട്ടുന്നില്ലെന്നും അനർഹരായ കുറേ പേർ ആനുകൂല്യം കൈപ്പറ്റുന്നതായും വിവിധ ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നമാണ്. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറുകയും എത്രയും പെട്ടെന്ന് ഫണ്ട് അനുവദിക്കുകയും ചെയ്താൽ ഇക്കാര്യത്തിലുണ്ടാകുന്ന പരാതികൾ പരിഹരിക്കാൻ കഴിയുമെന്ന് മിക്ക ഗ്രാമസഭകളും ചൂണ്ടികാട്ടുകയുണ്ടായി.

പട്ടിക - 5
പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ

വർഷം	വാർദ്ധക്യം	വിധവ	വികലാംഗർ	അവശ കലാകാരന്മാർ	ആകെ
1990 - 91	8	7	8	-	23
1991 - 92	5	14	10	1	30
1992 - 93	3	8	8	1	20
1993 - 94	3	7	7	1	18
1994 - 95	-	11	10	1	22
1995 - 96	3	5	6	-	14

[അവലംബം ദ്വിതീയ വിവര ശേഖരണം]

■പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ വിധവാ പെൻഷൻ ലഭിക്കില്ല എന്ന നിയമത്തിൽ മാറ്റം വരുത്തിവരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാൻ നടപടി സ്വീകരിക്കണം.

■വിവിധ സാമൂഹ്യക്ഷേമ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുംവിധം വായനശാലകൾ, ക്ലബ്ബുകൾ, മറ്റ് സാമൂഹ്യസന്നദ്ധസംഘടനകൾ എന്നിവ മുഖാന്തരമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

■വിവിധ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് ലഭിക്കാനും, വ്യവസ്ഥകൾ ലഘൂകരിക്കാനും, തുക വർദ്ധിപ്പിക്കാനും ഗ്രാമപഞ്ചായത്തുകളിലൂടെ ജനകീയ സമിതികളുടെ അംഗീകാരത്തോടെ ഇവ നടപ്പിലാക്കാനും വേണ്ട സംവിധാനം ഉണ്ടാക്കണം.

■വികലാംഗർക്കും, മന്ദബുദ്ധികൾക്കും, നിരാലംബർക്കുമുള്ള ക്ഷേമപദ്ധതികൾ കൂടുതൽ പ്രാമുഖ്യത്തോടെ നടപ്പിലാക്കേണ്ടതാണ്.

■ സാമൂഹ്യക്ഷേമവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സേവനം ജനങ്ങൾക്ക് പരമാവധി ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

<u>അംഗൻ വാടികൾ</u>

ഈ പഞ്ചായത്തിലെ 10 വാർഡുകളിലെ 5 വയസ്സിനുതാഴെയുള്ള മുഴുവൻ കുട്ടികൾക്കുമായി ആകെ 7 അംഗൻവാടികളാണ് ഉള്ളത്. ഒന്നാം വർഡിൽ പഞ്ചായത്ത് സ്ഥാപിച്ച ശിശുമന്ദിരം പ്രവർത്തിച്ചുവരുന്നു. 4 അംഗൻവാടികൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. മറ്റുള്ളവയിൽ രണ്ടെണ്ണം ശ്രീനാരായണ മഠങ്ങളിലും, 1 താല്ക്കാലിക കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. അംഗൻവാടികളോട് സമൂഹത്തിന്റെ സമീപനത്തിൽ മാറ്റം വരണം. അതോടൊപ്പം അംഗൻവാടികൾക്ക് ആവശ്യമായ കെട്ടിടങ്ങൾ പണിയാനും കളിക്കോപ്പുകൾ സമാഹരിക്കാനും അതത് പ്രദേശത്തെ ജനകീയ സഹകരണത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

ക്ഷേമനിധികളെ സംബന്ധിച്ച്

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി;-

പഞ്ചായത്തിൽ വളരെപ്പേർ കെട്ടിടനിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നവരായുണ്ട്. തൊഴിലാളി സംഘടനകളുടെ ശ്രമകരമായ പ്രവർത്തനത്തിന്റെ ഭാഗമായി കുറേപ്പേർ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. എന്നിരുന്നാലും നല്ലൊരു ശതമാനം പേർ ഇപ്പോഴും ഈ പദ്ധതിയിൽ ചേരാതെ മാറി നിൽക്കുകയാണ്. ഈ പദ്ധതിയെപ്പറ്റിയുള്ള അജ്ഞത ഇതിനു ഒരു പ്രധാന കാരണമാണ്. ഈ ക്ഷേമ നിധിയുമായി ബന്ധപ്പെട്ട് ഉടമകളിൽ നിന്നും വിഹിതം പിരിക്കുന്നില്ല.

<u>കൈത്തൊഴിലാളി - വിദഗ്ദ തൊഴിലാളി ക്ഷേമനിധി</u>

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പേർമാർ, ഫോട്ടോഗ്രാഫർമാർ, എന്നിവർ ഈ ക്ഷേമനിധിയുടെ പരിധി യിൽ വരുന്നു. സംഘടിത മേഖലയിൽ ഈ പഞ്ചായത്തിൽ കേരള ദിനേശ് ബീഡിതൊഴിലാളികൾ ഈ ക്ഷേമനിധിയിൽ അംഗങ്ങളാണ്. തയ്യൽ തൊഴിലാളികൾ കൊല്ലന്മാർ എന്നിവരിൽ കുറച്ച് പേർ ക്ഷേമനിധി അംഗങ്ങളാണ്.

■ നിലവിലുള്ള ക്ഷേമനിധികളിൽ അതതു മേഖലകളിലെ തൊഴിലാളികളെ ഉൾപ്പെടുത്താനും ക്ഷേമനിധിയില്ലാത്ത തൊഴിൽ മേഖലകളിൽ അവ വ്യാപിപ്പിക്കാനും സംവി ധാനം ഉണ്ടാക്കണം.

പൊതുവിതരണ കേന്ദ്രം(റേഷൻ കട)

ഈ പഞ്ചായത്തിൽ ആകെ 8 റേഷൻ കടകളിലായി 3146 കാർഡുടമകളുണ്ട്. ഇതിൽ 57കാർഡുകൾ ഈ സംവിധാനം സ്ഥിരമായി ഉപയോഗിക്കാത്തവരാണ്. പുതുതായി താമസം തുടങ്ങിയ കുറേ വീടുകൾക്ക് ഇനിയും കാർഡ് ലഭിക്കാതുണ്ട്. മറ്റ് പഞ്ചായത്തുകളിൽ താമസിക്കുന്ന ചില കുടുംബങ്ങൾ ഇവിടുത്തെ റേഷൻകടകളെ ഉപയോഗപ്പെടുത്തുന്നു. നേരെമറിച്ചുമുണ്ട്. ആഴ്ചയിൽ 251കി.ൻറൽ അരിയും 55കി.ൻറൽ ഗോതമ്പും മാസത്തിൽ 76കി.ൻറൽ പഞ്ചസാരയും 11745 ലിറ്റർ മണ്ണെണ്ണയും വിതരണം ചെയ്യുന്നു. മണ്ണെണ്ണയ്ക്ക് 340സ്പെഷൽ പെർമിറ്റ് ഉണ്ട്.

സഹകരണ കൺസ്യൂമർസ്റ്റോർ

കണ്ണൂർ ജില്ലയിൽ തന്നെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ ഈ പഞ്ചായത്തിലെ മീത്തലെ ചമ്പാട് ഉണ്ട്. ഈ സ്ഥാപനം ഉപയോഗപ്പെടുത്താൻ പഞ്ചായത്തിലെ ജനങ്ങൾ വേണ്ടത്ര തയ്യാറാവുന്നില്ലെന്നതാണ് വസ്തുത.

പൊതു വിതരണ കേന്ദ്രം

റേഷൻ ഷോപ്പ് നമ്പർ	ആകെ കാർഡുകളുടെ എണ്ണം	സ്ഥിരമായി റേഷൻ ഷോപ്പിൽ എത്താത്തകാർഡുകളുടെ എണ്ണം	വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം	മണ്ണെണ്ണ പെർമിറ്റ്			ആഴ്ചയിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവ്			
				ഗാർഹികം	കൃഷി	സ്ഥാപനങ്ങൾ	അരി കിൻറൽ	ഗോതമ്പ് കിൻറൽ	പഞ്ചസാര മാസത്തിൽ കിൻറൽ	മണ്ണെണ്ണ മാസത്തിൽ ലിറ്റർ
ARD 291	503	-	358	48	-	1	35	8	12	1800 Ltr
ARD 296	375	-	248	17	-	-	37	14	10	1300Ltr
ARD 383	230	-	169	30	-	-	270	3	3	500
ARD 295	509	2	357	41	-	-	45	6	13	1915
ARD 292	230	20	179	55	-	-	17.50	4	4.75	1000
ARD 298	295	25	196	14	-	-	20	4.50	7.08	1100
ARD 297	453	10	351	61	-	-	31	4	11	1870
	551	-	407	74	-	-	45	11	14.72	2260
ആകെ	3146	57	2265	340	-	1	250.50	54.50	75.55	11745



വിഭവസമാഹരണം

നിലവിലുള്ള വിഭവങ്ങളെ ആസൂത്രിതമായി ഉപയോഗിക്കുകയും പുതിയ വിഭവങ്ങൾ കണ്ടെത്തുകയും ചെയ്തുകൊണ്ട് മാത്രമെ ഏതൊരു സ്ഥാപനത്തിനും മുന്നോട്ട് പോകുവാൻ കഴിയുകയുള്ളൂ എന്ന ലളിതമായ സാമ്പത്തീക തത്വം മുൻനിർത്തിക്കൊണ്ട് മാത്രമേ നമ്മുടെ പഞ്ചായത്തിന്റെ വിഭവസമാഹരണത്തെ കുറിച്ച് നമുക്ക് ആലോചിക്കാനാവുകയുള്ളൂ.

താരതമ്യേന വരുമാനം കുറഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേത്. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറായി ലഭിക്കുന്നത് വളരെകുറഞ്ഞ സംഖ്യമാത്രമാണ് വരുമാനത്തെക്കുറിച്ച് വിശദമാക്കുന്ന പട്ടിക ഒന്നും, ഗ്രാഫ് ഒന്നും പരിശോധിച്ചാൽ വരുമാനത്തിന്റെ ഉറവിടങ്ങൾ തുലോം പരിമിതമാണെന്ന് നമുക്ക് മനസ്സിലാക്കാം.

പഞ്ചായത്തിന്റെ വരുമാനം
ഗ്രാഫ് - 1



പഞ്ചായത്തിന്റെ ചെലവ് വിവരം ഗ്രാഫ് 2



പട്ടിക - 1
വരവു സംബന്ധിച്ച വിവരങ്ങൾ

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ശതമാനം
കെട്ടിട നികുതി	2,28,460-10	2,28,460-10	36-01
സർവ്വീസ് ചാർജ്ജ്	-	-	-
തൊഴിൽ നികുതി	67,895.00	67,895.00	10.70
വാഹന നികുതി	-	-	-
വിനോദ നികുതി	-	-	-
അഡീ; വിനോദനികുതി	-	-	-
പ്രദർശന നികുതി	-	-	-
പ്രദർശന നികുതി സർചാർജ്ജ്	-	-	-
ചന്തവരവ്(ലേലം)	7324.00	7324.00	1.15
ലേൻറ് സെഡ്സ്	-	-	-
ലൈസൻസ് ഫീസ്	10,978.00	10,978.00	1.73
കെട്ടിട നികുതി [സർ ചാർജ്ജ്]	11,326.60	11,326.60	1.78
വസ്തു കൈമാറ്റ നികുതി 75%	1,33,461.00	1,33,461.00	21.04
വസ്തു കൈമൈറ്റ നികുതി 25%	85,000.00	85,000.00	13.39
സർക്കാർ ഗ്രേൻറ് ഒഴികെ മറ്റ് വരവ്	16,665.75	16,665.75	2.63
സംഭാവന	-	-	-
ഡെപ്പോസിറ്റ്	23560.25	23560.25	3.71
മറ്റുള്ളവ	49754.00	49754.00	7.84
ആകെ	634424.70	634424.70	

മേൽക്കൊടുത്ത പട്ടികയിലെ വിവരങ്ങളെ വഴവേസമാഹരണത്തിനുള്ള സാധ്യതകളുമായി ബന്ധപ്പെടുത്തുമ്പോൾ സാധ്യതകളെ പൂർണ്ണമായും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലാക്കാം. ഇതുകൊണ്ട്തന്നെ വിഭവസമാഹരണം മുഖ്യകടമയായി ഏറ്റെടുത്ത് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. ഇതിനുതകുന്ന പ്രായോഗിക നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുമുണ്ട്.

ചെലവുകൾ സംബന്ധിച്ചുള്ള പട്ടിക രണ്ടും, ഗ്രാഫ് രണ്ടും പരിശോധിച്ചാൽ ചെലവിന്റെ നല്ലൊരംശം ഭരണച്ചെലവുകൾ അപഹരിക്കുന്നുവെന്ന് കാണാം. വരുമാനവും ചെലവും താരതമ്യം ചെയ്താൽ പല വർഷങ്ങളിലും വരുമാനത്തേക്കാൾ ചെലവ് ചെയ്തതായികാണാം. ഗ്രാഫിലെ സൂചനകൾ പരിശോധിച്ചാൽ ഭരണച്ചെലവിന്റെ ശതമാനം 90-91ലെ 31ൽ നിന്നും 95-96ൽ എത്തുമ്പോൾ 46-53 ആയി വർദ്ധിച്ചത് കാണാം. ഇത് ഗുണപരമായ വളർച്ചയല്ലെന്ന് ബോധ്യപ്പെട്ടുകൊണ്ട് വികസന പ്രവർത്തനങ്ങൾക്കുള്ള പങ്ക് വർദ്ധിപ്പിക്കാൻ ബോധപൂർവ്വമായി ശ്രമിക്കേണ്ടതുണ്ട്.

പട്ടിക - 2

ചെലവു സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക	ആകെ ചെലവിന്റെ എത്ര %
ഭരണം	3,87,012.90	46.53%
പൊതുമരാമത്ത്	2,96,359.00	35.64%
വിദ്യാഭ്യസം	16,597.00	2%
ജലവിതരണം-ഓടകൾ പൊതുജനാരോഗ്യം	405.95	0.05%
തെരുവു വിളക്കുകൾ	30,636,00	3.68 %
മറ്റുള്ളവ	1,200,570.10	13%
ആകെ	8,31,580.95	

കാർഷികരംഗത്തും വ്യാവസായികരംഗത്തും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് പൂർണ്ണമായി കൈവന്നാൽ മാത്രമേ സാമ്പത്തിക മുരടിപ്പ് ഒരു പരിധിവരെയെങ്കിലും പരിഹരിക്കാനാവുകയുള്ളൂ. വിവിധതരത്തിലുള്ള സർക്കാർ ഗ്രൂപ്പുകൾ അപ്പപ്പോൾ തന്നെ പഞ്ചായത്തുകൾക്ക് പരിപൂർണ്ണമായി കൈമാറാനാവശ്യമായ നിയമനിർമ്മാണം നടക്കേണ്ടിയിരിക്കുന്നു.

ഫണ്ടുകൾ ലഭിക്കുന്ന കാലതാമസം അതിന്റെ ദുരുപയോഗത്തിനുതന്നെ കാരണമാകുന്നു. നമ്മുടെ പഞ്ചായത്തിൽ ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ മിച്ച വരുമാനം പഞ്ചായത്തിന്റെ പ്രഥമ, ദ്വിതീയ മേഖലകളുടെ വികസനത്തിനും മറ്റ് നിർവ്വഹണ പ്രവർത്തനത്തിനും ഉപയോഗിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. പഞ്ചായത്ത് വക കടപ്പത്രം ഇറക്കി ഗൾഫ് നിക്ഷേപത്തിന് സുരക്ഷിതത്വം നല്കാവുന്നതാണ്.

കെട്ടിടനികുതി

കെട്ടിടനികുതിയെ സംബന്ധിച്ച വിവരങ്ങൾ യുക്തിസഹമല്ല. തികച്ചും തെറ്റായ വിവരംനല്കി വൻതോതിൽ കെട്ടിട നികുതി ചോർത്തുന്നത് പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നു. വികസന ആസൂത്രണ പ്രക്രിയയിൽ എന്റേതായ പങ്ക് നിർവ്വഹിക്കാനാണ് 'ഞാൻ' നികുതി കൊടുക്കുന്നത് എന്ന ബോധം ജനകീയ സമിതികളുടെ ഇടപെടൽ വഴി ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച പട്ടികയിൽ കെട്ടിടനികുതി സർചാർജ്ജ് ഇനത്തിൽ വരുമാനമൊന്നുമില്ല. വെള്ളം, വൈദ്യുതിപോലുള്ള സർവ്വീസുകൾക്ക് നികുതി ചുമത്തി വിഭവം സമാഹരിക്കാവുന്നതാണ്. കെട്ടിടനികുതി കൃത്യമായി ചുമത്താനും സമയോചിതമായി പരിഷ്ക്കരിക്കാനുമുള്ള ഔദ്യോഗിക സംവിധാനം ശക്തമാക്കണം. നമ്മുടെ പഞ്ചായത്തിൽ 1991, 96 വർഷങ്ങളിൽ വിവിധ ഇനം കെട്ടിടങ്ങൾക്ക് ചുമത്തിയ നികുതിയുടെ വിവരം പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 3 A (1991)

കെട്ടിട ഇനം	10രൂപ വരെ	11-25	26-50	51-100	101-250	251-500	500നുമുകളിൽ
1	2	3	4	5	6	7	8
ഗാർഹികം	714	617	538	539	180	113	21
ഗാർഹികേതരം	734	501	240	160	17	-	-
ആകെ	1148	1118	778	699	197	113	21

പട്ടിക - 3 B (1996)

ഗാർഹികം	779	678	589	587	203	120	33
ഗാർഹികേതരം	764	539	341	179	148	61	-
ആകെ	1543	1217	930	766	351	181	33

തൊഴിൽ നികുതി

തൊഴിൽ നികുതി ഈടാക്കുന്നതിലും പോരായ്മകളുണ്ട്. സർക്കാർ/ സ്വകാര്യ മേഖലകളിലെ മാസവരുമാനക്കാരിൽ (ക്ലിപ്തവരുമാനക്കാർ) നിന്നുമാത്രമാണ് തൊഴിൽ നികുതി പിരിച്ചെടുക്കുന്നത്. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം. വാർഡ് വികസന സമിതികളും വാർഡ് പ്രതിനിധികളും ഇതൊരു വികസന പ്രവർത്തനമായി കണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്നു എന്നുറപ്പ് വരുത്തേണ്ടിയിരിക്കുന്നു. തൊഴിൽ സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്ത്നിന്ന് നികുതി പിരിക്കുന്നതിന്

പകരം തൊഴിലെടുക്കുന്ന വ്യക്തി താമസിക്കുന്ന പഞ്ചായത്തിന് നികുതി പിരിയ് ക്കാനുള്ള അധികാരം നിയമനിർമ്മാണംവഴി നടപ്പിലാക്കേണ്ടതാണ്.

വിനോദനികുതി

ഈ ഇനത്തിൽ പഞ്ചായത്തിന് യാതൊരു വരുമാന മാർഗ്ഗവും ഇല്ല. ഒരു സിനിമാതിയേറ്റർ നിർമ്മിക്കാനുള്ള സ്വകാര്യ സംരഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടതാണ്. കേബിൾ ടി.വി ഉപയോഗിക്കുന്നവരിൽ നിന്ന് വിനോദനികുതി ഈടാക്കാവുന്നതാണ്. മീത്തലെ ചമ്പാട് മിനി സ്റ്റേഡിയം വികസിപ്പിച്ചെടുത്ത് കലാകായിക പരിപാടികൾ നടത്താനാവശ്യമായ സൗകര്യമുണ്ടാക്കി നികുതി ഈടാക്കാവുന്നതാണ്.

മറ്റ് വരുമാന മാർഗ്ഗങ്ങൾ

ദേശീയ സമ്പാദ്യ പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ അംഗങ്ങളാക്കി പഞ്ചായ ത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന് ഇന്നനുവദിച്ചിട്ടുള്ള വിഹിതം വർദ്ധിപ്പിക്കേണ്ടതാണ്. ഇതരസർക്കാർ/ പോസ്റ്റാഫീസ് നിക്ഷേപങ്ങളുടെ വിഹിതം പഞ്ചായത്തിന് ലഭിക്കാനാവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതാണ്. ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കുന്നത് മൊത്തം വരുമാനത്തിന്റെ 1.84% മാത്രമാണ്. അല്പം കൂടി ശുഷ്കാന്തി കാണിച്ചാൽ ഇത് വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി ഓട്ടോ ടാക്സി തുടങ്ങിയവ പാർക്ക് ചെയ്യുന്നുണ്ട്. ഇവയ്ക്ക് പാർക്കിംഗ് ഫീ ചുമത്താവുന്നതാണ്. ആർഭാടപൂർവ്വം പണം ദുർവ്യയം ചെയ്ത് നടത്തുന്ന വിവാഹാഘോഷങ്ങൾക്ക് നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിലുള്ള പുറംമ്പോക്ക് ഭൂമി കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

പഞ്ചായത്തിൽ ഒരു സഹകരണ ബേങ്കും ഒരു വാണിജ്യബേങ്കിന്റെ ശാഖയും പ്രവർത്തിക്കുന്നു. നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് ചമ്പാട് ശാഖ 15-2-1982ന് പ്രവർത്തനം തുടങ്ങി. പഞ്ചായത്തിന്റെ പത്ത് വാർഡുകളും ബേങ്കിന്റെ സർവ്വീസ് ഏരിയായിൽപ്പെടുന്നു. ബേങ്കിന്റെ വായ്പാ നിക്ഷേപ അനുപാതം സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. പഞ്ചായത്തിലെ സാമ്പത്തിക മേഖലയിൽ ഗ്രാമീണ ബേങ്ക് തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നു.

പന്ന്യന്നൂർ സർവ്വീസ് സഹകരണബേങ്ക് 2-1-1981 മുതൽ ബേങ്കിംഗ് പ്രവർത്തനമാരംഭിച്ചു. രണ്ട് ശാഖകളിലായി 133 ലക്ഷം രൂപ നിക്ഷേപവും 198 ലക്ഷം രൂപ വായ്പയും ഉണ്ട്. പന്ന്യന്നൂർ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഈ ബേങ്കിന്റെ പ്രവർത്തനമേഖലയിലാണ്. ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിർവഹിക്കുന്നതിൽ ഈ ബേങ്ക് വഹിക്കുന്ന പങ്ക് നിസ്തുലമാണ്.

പഞ്ചായത്തിന് ക്രെഡിറ്റ് പ്ലാനുണ്ടാക്കാനുള്ള അധികാരം നല്കി ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ പദ്ധതികൾക്ക് നിർദേശം നല്കാൻ സാദ്ധ്യമാകണം. നമ്മുടെ പഞ്ചായത്തിൽ നിരവധി അനധികൃത സ്വകാര്യ പണമിടപാടുകാരുണ്ട്. അത്യാവശ്യക്കാരിൽ നിന്ന് അമിതമായ പലിശ ഈടാക്കുന്ന ഇത്തരം ബ്ലേഡ് കമ്പനികളെ നിയന്ത്രിക്കാൻ ബോധവല്ക്കരണവും, പഞ്ചായത്തിന്റെ ഇടപെടലും അത്യാവശ്യമാണ്. ബേങ്കുകൾ വായ്പ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വേണം.

ജനപങ്കാളിത്തം

നമ്മുടെ പഞ്ചായത്തിൽ ധാരാളം സന്നദ്ധ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. മീത്തലെ ചമ്പാട് ഓപ്പൺ തീയറ്ററും സ്റ്റേഡിയവും ഇതിനു മകുടോദ്ധാഹരണമാണ്. ഏകദേശം 700ഓളം ആളുകളുടെ അധ്വാനശേഷി ഇതിന്നായി ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഉൾ പ്രദേശങ്ങളിലെ അടക്കം മുഴുവൻ പ്രാരംഭ

പ്രവർത്തനങ്ങൾ സന്നദ്ധ പ്രവർത്തനത്തിലൂടെയാണ് നടന്നിട്ടുള്ളത് എന്നത് ആവേശകരമാണ്. ഇതുപോലെ മറ്റനവധി പ്രവർത്തനങ്ങൾ നടത്തുന്നതിനും സന്നദ്ധ മനുഷ്യാധ്വാനം സഹായകമായിട്ടുണ്ട്. ഈ കഴിഞ്ഞ മൂന്നുനാലു വർഷമായി നമ്മുടെ പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തനങ്ങൾ നേരിയ തോതിൽ മന്ദീഭവിച്ചിരിക്കുകയായിരുന്നു. എന്നാൽ ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി രംഗം വീണ്ടും സജീവമാകുന്നുണ്ട്. 1996 നവംബർ 1 ന്റെ പുനരർപ്പണദിനത്തിന്റെ ഭാഗമായി 6ാം വാർഡിലെ പുഞ്ചവയൽ പ്രദേശത്ത് തോട് നിർമ്മാണം, 10ാം വാർഡിലെ ശിശുമന്ദിരത്തിലേക്കുള്ള റോഡ് നിർമ്മാണം എന്നിവയുടെ ഉൽഘാടനം നടന്നു കഴിഞ്ഞു.

ജനപങ്കാളിത്തത്തോടുകൂടി നിർമ്മിച്ചതാണ് താഴെ ചമ്പാട് ആയുർവ്വേദ ഡിസ്പെൻസറി. പ്രസ്തുത ഡിസ്പെൻസറിക്കാവശ്യമായസ്ഥലം വാങ്ങുന്നതിന് ആവശ്യമായതുക സമാഹരിച്ചത് ജനങ്ങളിൽനിന്നും സംഭാവനയിൽ കൂടിയാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ തുകയിൽ 50000രൂപ ഇത്തരത്തിൽ സമാഹരിക്കപ്പെട്ടതാണ്. 1972-73കാലത്ത് നിർമ്മിച്ച പന്ന്യന്നൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സ്വന്തമായ 54 സെന്റ് സ്ഥലം ജനങ്ങളുടെ സംഭാവന സ്വരൂപിച്ച് വാങ്ങിയതാണ്. ആശുപത്രി നിർമ്മാണചെലവിൽ ഒരു ലക്ഷം രൂപയും ഇത്തരത്തിൽ സംഭാവനയിലൂടെ സമാഹരിച്ചതാണ്. നവകേരളവായനശാല കെട്ടിട നിർമ്മാണം, പി. ടി. കെ. അനന്തൻ മെമ്മോറിയൽ ലൈബ്രറി കെട്ടിടനിർമ്മാണം സി. കെ ഗോപാലൻ സ്മാരക വായനശാല കെട്ടിട നിർമ്മാണം, ആറാം വാർഡിലെ പുതുതായി നിർമ്മിക്കപ്പെട്ട കോട്ടേക്കൂലോം മുള്ളൻ മാളി റോഡ് നിർമ്മാണ തുടങ്ങിയ അനവധി പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിന് ഉത്തമോദാഹരണങ്ങളായിട്ടുണ്ട്.

<u>പ്രശ്നങ്ങൾ</u>

1 തനത് വരുമാനം കുറഞ്ഞ പഞ്ചായത്താണ് പന്ന്യന്നൂർ

2 വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താത്ത അവസ്ഥ

3 വായ്പകളുടെ ലക്ഷ്യംവിട്ടുള്ള വിനിയോഗം

4 സർക്കാറിന്റെ സാമ്പത്തിക സഹായം വേണ്ടത്ര വേണ്ടസമയത്ത് ലഭിക്കുന്നില്ല.

5 ഗ്രാൻറ് നല്കുന്നതിലുള്ള വിവേചനം

<u>സാധ്യതകൾ</u>

1 നികുതി പിരിവ് കാര്യക്ഷമമാക്കൽ

2 സേവനങ്ങൾക്ക് ചാർജ്ജ് ഈടാക്കുക

3 പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ

4 ധനകാര്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക സ്കീമുകൾ തയ്യാറാക്കുക

5 ഗൾഫ് കുടിയേറ്റക്കാരുടെ സമ്പത്ത് പഞ്ചായത്തിൽ തന്നെ കാർഷിക വ്യവസായിക മേഖലകളിൽ ഉപയോഗപ്പെടുത്താൻ ആവശ്യമായ പഞ്ചായത്ത് തല സംവിധാനം ഉണ്ടാവണം.

6 പുറംമ്പോക്കുഭൂമിയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തുക.

<u>ഗ്രാമസഭാ നിർദ്ദേശങ്ങൾ</u>

1 പഞ്ചായത്തിൽ ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മിച്ച് വരുമാനമുണ്ടാക്കുക.

2 ആർഭാടപൂർവ്വം പണം ദുർവിനിയോഗം ചെയ്ത് നടത്തുന്ന കല്ല്യാണങ്ങൾക്ക് നികുതി ചുമത്തുക.

3 വികസനപ്രവർത്തനങ്ങൾക്ക് വാർഡ്തലത്തിൽ വികസന ക്ലബുകൾ രൂപീകരിക്കുക.

4 വലുതും ആർഭാഡപൂർണ്ണവുമായ വീടുകൾക്ക് കൂടുതൽ നികുതി ചുമത്തുക

5 അനധികൃതമായി പ്രവർത്തിച്ചുവരുന്ന അറവുശാലകൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തി ഫീസ് ചുമത്തുക.

6 എല്ലാ വിഭാഗം തൊഴിലാളികളേയും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ നികുതി ഈടാക്കുക.

7 പൊതുമരാമത്ത് പണികളിൽ കരാർ സമ്പ്രദായം കുറച്ചുകൊണ്ട്വരികയും ജനകീയ സമിതികളെ കൊണ്ട് പ്രവർത്തികൾ നടത്തിക്കുകയും ചെയ്യുക.

വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് പന്ന്യന്നൂർ. വർഷങ്ങൾക്ക് മുമ്പെ പരമ്പരാഗതവ്യവസായങ്ങളായ കൈത്തറി നെയ്ത്ത്, കള്ള് ചെത്ത്, അവിൽ നിർമ്മാണം, എണ്ണയാട്ട്, എന്നിവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു. എന്നാൽ കൈത്തറി നെയ്ത്ത്, അവിൽ നിർമ്മാണം, എണ്ണയാട്ട് വ്യവസായം എന്നിവ ഇന്ന് ഏറെക്കുറേ നാമാവശേഷമായിരിക്കുന്നു. അപ്രത്യക്ഷമായ മറ്റൊരു ചെറുകിട വ്യവസായ സംരംഭം തെങ്ങിൻ ചക്കര വ്യവസായമാണ്. ചക്കര സൊസൈറ്റി എന്ന പേരിൽ വിപണന സംവിധാനം പോലും ഏർപ്പെടുത്തിയ ഈ രംഗം പഴമക്കാരുടെ ഒരു ഓർമ്മമാത്രമാണ്. നാല് കള്ളുഷാപ്പുകൾ കേന്ദ്രീകരിച്ച് പഞ്ചായത്തിലുള്ള കള്ള്ചെത്ത് വ്യവസായം 40ഓളം തൊഴിലാളികൾക്ക് ഉപജീവനം നല്കുന്നുണ്ട്

ബീഡി നിർമ്മാണ വ്യവസായം 1950കളിൽ താഴെ ചമ്പാട് കേന്ദ്രമായി ആരംഭിച്ചു. ആരംഭത്തിൽ 15പേർ ജോലി ചെയ്തിരുന്നു. ഈ കേന്ദ്രം പിന്നീട് വികസിച്ച് വ്യത്യസ്ത ബ്രാൻറുകളായി അമ്പതോളം തൊഴിലാളികളുള്ള താഴെ ചമ്പാട്ടെ ഒരു കേന്ദ്രമായും പതിനഞ്ചോളം തൊഴിലാളികളുള്ള മനേക്കരയിലെ മറ്റൊരു കേന്ദ്രമായും വളർന്നു. സ്വകാര്യമേഖലയിലായിരുന്ന ബീഡി നിർമ്മാണവ്യവസായം തൊഴിൽ ചൂഷണ മേഖല യായി മാറുകയുണ്ടായി.1967ൽ ഇ എം എസ് മന്ത്രിസഭ ബീഡിതൊഴിലാളി മിനിമം കൂലി നടപ്പിലാക്കിയപ്പോൾ സ്വകാര്യ മുതലാളിമാർ ബീഡി വ്യവസായം പറിച്ച് നടുകയും നിരാലംബരായ തൊഴി ലാളികൾ പുനരധിവാസത്തിന് നിർബ ന്ധിക്കപ്പെടുകയും ചെയ്തു.

തുടർന്നുള്ള വർഷങ്ങളിൽ മറ്റ് സ്വകാര്യബീഡി നിർമ്മാണ യൂനിറ്റുകളും നിലച്ചുപോയി. ഈ സാഹചര്യത്തിൽ ദിനേശ് ബീഡി സഹകരണ സംഘം നിലവിൽ വരികയും തുടർന്ന് അതിന്റെ ഒരു ബ്രാഞ്ച് താഴെ ചമ്പാട് സ്ഥാപിതമായി. ഇന്ന് ഈ കേന്ദ്രത്തിൽ വനിതകളടക്കം 115 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇന്ന് ബീഡി വ്യവസായവും, ചെത്ത് വ്യവസായവും തകർച്ചയെ നേരിടുകയാണ്. നികുതി ഘടനയിൽ മാറ്റം വരുത്തിയാൽ മാത്രമെ ബീഡിവ്യവസായത്തെ രക്ഷിക്കാൻ ആവുകയുള്ളൂ. ശീതളപാനീയമെന്നനിലയിൽ വൈവിധ്യവല്ക്കരിച്ചാൽ ചെത്ത് വ്യവസായത്തേയും പരിപോഷിപ്പിക്കുവാൻ സാധിക്കും. കൈത്തറി നെയ്ത്ത് രംഗത്ത് ഇന്ന് പഞ്ചായത്തിൽ 10പേർ ജോലി ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങളായി ഫർണ്ണിച്ചർ നിർമ്മാണം ബെയ്ക്കറി, ഗ്രിൽസ് നിർമ്മാണം, ഫ്ലവർ മിൽസ്,ചിപ്സ് നിർമ്മാണം പ്രിൻറിംഗ് പ്രസ്, അവിൽമിൽ, ഇലക്ട്രോണിക്സ്, റെഡി മെയ്ഡ്സ് ഗാർമെൻറ്സ്, ടൈൽസ് നിർമ്മാണം എന്നീമേഖലകളിലായി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ ഡി. ഡബ്ല്യൂ. സി. ആർ. എ. യിൽ രജിസ്റ്റർ ചെയ്ത ഒരു വനിതാ വ്യവസായ യൂനിറ്റും ഉൾപ്പെടുന്നു. ഇതിൽ 6 വനിതകൾ തൊഴിലാളികൾ ആയിട്ടുണ്ട്. നേന്ത്രക്കായ, ചിപ്സ്, പപ്പടം അതുപോലുള്ള മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവ നിർമ്മിച്ച് വിപണനം നടത്തുന്ന ഈ സ്ഥാപനം നല്ല നിലയിൽ നടന്നുവരുന്നുണ്ടെന്നത് പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലുള്ള തൊഴിൽ രഹിതരായ വനിതകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അടുത്ത കാലത്തായി കെ. ജി. പ്രൊഡക്ട്സ് എന്ന ഒരു സ്ഥാപനം മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ കേരളത്തിന് പുറത്തും വിപണനം നടത്തുന്നുണ്ട്.

പഞ്ചായത്തിലെ മൊത്തം വ്യവസായ യൂനിറ്റുകൾ തരംതിരിച്ച് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പരമ്പരാഗത വ്യവസായം

നമ്പർ	സ്ഥാപനത്തിന്റെ പേര്	പൊതു	സ്വകാര്യ	സഹകരണം	തൊഴിലാളികളുടെ എണ്ണം	ഉൽപ്പന്നം
1	കേരള ദിനേശ് ബീഡി	-	-	-	115	ബീഡി
2	കള്ള്ചെത്ത്	-	-	-	40	കള്ള്
3	കൈത്തറി നെയ്ത്ത്	-	-	-	10	തുണി

ആധുനിക ചെറുകിട വ്യവസായം

നമ്പർ	സ്ഥാപനം	തൊഴിലാളി	ഉല്പ്പന്നം	ആരംഭം
1.	ടി. കെ ഇലക്ട്രോണിക്സ് (സ്വകാര്യം)	4	ഇലക്ട്രോണിക്സ് കോമ്പനെൻറ്	1995
2.	പി. എം എസ് പ്രിൻേറർസ്["]	2	അച്ചടി	1989

ചെറുകിട വ്യവസായം	സ്ഥാപനം	മേഖല	തൊഴിലാളി	ഉൽപ്പന്നം	ആരംഭം
ഫർണ്ണിച്ചർ	1 സി. എം. സുധീഷ്	സ്വകാര്യം	4	ഫർണ്ണിച്ചർ	1994
	2 ജനതാ ട്രെയിഡേർസ്	"	2	"	1993
	3 നാണു ഫർണ്ണിച്ചർ	"	2	"	1987
	4 സ്വാമി ദാസൻ	"	2	"	1994
	5 വരദഫർണ്ണിച്ചർ(പവിത്രൻ)	"	1	"	1991
	6 മനോജ്കുമാർ	"	3	"	1994

7 ജോൺ ഇനോഷ് ഇൻറസ്ട്രീസ്	"	5	"	1996
8 സുഭാഷ് ഇൻറസ്ട്രീസ്	"	2	"	1996
9 പത്മനാഭൻ മൈലാടി മൊട്ട	"	4	"	1991
10 കെ. പി. കെ. ഫർണ്ണിച്ചർ	"	3	"	1990
11 വഡ്കാർവിങ്ങ് സെൻറർ				
12 (രാധാകൃഷ്ണൻ)	"	4	"	1995
13 പൊന്ന്യംപാലം ഫർണ്ണിച്ചർ	"	3	"	1990
14 വത്സൻ ഫർണ്ണിച്ചർ	"	3	"	1987
15 ഈ. ആർ ഇൻറസ്ട്രീസ്	"	2	ഗ്രിൽസ് നിർമ്മാണം	1986
16 പി. കെ. ഇൻറസ്ട്രീസ്	"	4	"	1985
17 ജി. പി. അഞ്ജിത് ഇൻറസ്ട്രീസ്	"	4	"	1991
18 ടി. കെ. അബൂബക്കർ ഫ്ലോർ മിൽ	"	1	ധാന്യം പൊടിയ്ക്കൽ	1970
19 പന്ന്യന്നൂർ ശാരദാ ഫ്ലോർ മിൽ	"	1	"	1969
20 സുലൈഖ ഫ്ലോർ മിൽ	"	3	"	1991
21 ഊവിൽ ഗാർമെൻറ്സ്	"	8	ഗാർമെൻറ് നിർമ്മാണ്	1991
22 നവജ്യോതി ഇൻറസ്ട്രീസ്	സഹകരണം	6	പപ്പടം, ചിപ്സ്	1991
23 കെ. ജി. ഇൻറസ്ട്രീസ്	സ്വകാര്യം	3	ചിപ്സ്	1992

പട്ടികയിൽ നിന്നും വ്യക്തമാകുന്നതുപോലെ ഫർണ്ണിച്ചർ വ്യവസായം അടുത്തകാല ത്തായി കൂടുതൽ സംരംഭകരെ ആകർഷിച്ച് വരുന്ന ഒരു മേഖലയാണ്. മരഫർണ്ണിച്ചറോട് ജനങ്ങൾക്ക് ഏറി വരുന്ന ആഭിമുഖ്യവും വിവാഹത്തോട് അനുബന്ധിച്ച് മുസ്ലീം വീടുകളിൽ ഒരുക്ക പ്പെടുന്ന ആർഭാടകരമായ മണിയറകൾ ഇതിൻറെ പിന്നിലെ ചോദക ശക്തികളാണ്. ഈ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ നമ്മുടെ പഞ്ചായത്തിൽ നിന്നുള്ളതല്ല എന്നത് വസ്തുതയാണ്. പഞ്ചായത്തിന് പുറത്തും ഇവയിലെ ഉൽപ്പന്നങ്ങൾക്ക് വിപണിയുണ്ട്. ഈ രംഗത്ത് വൈവിധ്യവൽക്കരണം നിലനിൽപ്പിന്നായി അത്യാവശ്യമാണ്.

പന്ന്യന്നൂർ പഞ്ചായത്തിൽ ഏഴ് ബേക്കറികൾ ഉണ്ട്. ചെറുകിട വ്യവസായ സംരഭങ്ങളായ ഇവയിൽ ആകെ 26പേർ ജോലി ചെയ്യുന്നുണ്ട്. ബെയ്ക്കറി ഉൽപ്പന്നങ്ങൾക്ക് ഏറെ പ്രിയമുള്ള ഒരു പഞ്ചായത്താണ് ഇതെങ്കിലും അതിനനുസരിച്ചുള്ള പുരോഗതിയോ ആധുനിക വൽക്കരണമോ ഈ രംഗത്ത് കാണുന്നില്ല.

പഞ്ചായത്തിൽ 3 ഗ്രിൽസ് നിർമ്മാണ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 12 തൊഴിലാളികൾ ജോലി ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിൻറെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഇവ പര്യാപ്തമല്ല. അതിനാൽ ധാരാളം സാധ്യതയുള്ള ഒരു മേഖലയാണിതെന്ന് തൊഴിലില്ലാത്ത ചെറുപ്പക്കാർ തിരിച്ചറിയേണ്ടതുണ്ട്.

നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു ചെറുകിട സ്വകാര്യസംരംഭമാണ് ഊവിൽ ഗാർമെൻറ്സ്. ഇതിൽ 10വനിതകൾ തൊഴിലാളികളായുണ്ട്. വൈവിധ്യവൽക്കരണത്തിൽ കൂടി ഇതിനെ കൂടുതൽ മെച്ചപ്പെടുത്താനാവും, നടത്തിപ്പിൻറെ വൈകല്യം കാരണം മറ്റൊരു ഗാർമെൻറ് യൂണിറ്റ് ഈ പഞ്ചായത്തിൽ നിർജ്ജീവാവസ്ഥയിലാണ്. പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിലായി ഗാർമെൻറ് നിർമ്മാണത്തിലും തയ്യലിലും പരിശീലനംലഭിച്ച ധാരാളംപെൺകുട്ടികൾ ഉണ്ട്. വളരെയധികം വീടുകളിൽ തയ്യൽ മെഷീനുകളുമുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഇവരെ അനുയോജ്യമായ കുടക്കീഴിൽ കൊണ്ടുവന്നാൽ ഗാർമെൻറ്

നിർമ്മാണ മേഖലയിലും അതിന്റെ വിപണനത്തിലും പഞ്ചായത്തിന് അകത്തുംപുറത്തും സാധ്യതകളേറെയുണ്ട്.

ചെറുകിട വ്യവസായ സംരംഭം എന്ന രീതിയിൽ ഇലക്ട്രോണിക്സ് വ്യവവസായരംഗത്ത് നല്ല സാധ്യതകളുണ്ട്. മനേക്കരയിൽ പ്രവർത്തിക്കുന്ന കോംപേക്ട് ഫ്ലൂറസൻറ് ട്യൂബ് ഈ രംഗത്തുള്ള ഒരു വാഗ്ദാനമാണ്. വൈദ്യുതോർജ്ജത്തിന്റെ ഉപഭോഗം കുറക്കാൻ വളരെ സഹായിക്കുന്ന ഈ ഉൽപ്പന്നം സംസ്ഥാനാടിസ്ഥാനത്തിലും ദേശീയാടിസ്ഥാനത്തിലും വിപണന സാധ്യതയുള്ളതാണ്. ഈ രംഗത്ത് കൂടുതൽ ആളുകളെ പരിശീലിപ്പിച്ച് പുതിയ സാധ്യതകൾ കണ്ടെത്തണം.

ഒരു പ്രിൻറിംഗ് പ്രസും മൂന്ന് ഫ്ലോർ മില്ലുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രസ്സ് കൂടുതൽ സജ്ജീകരിക്കേണ്ടതായിട്ടുണ്ട്. ധാന്യം പൊടിക്കുന്നതി നുപുറമെ ഒരു ഫ്ലോർ മില്ലിൽ അവിൽ നിർമ്മാണത്തിനുള്ള സംവിധാനവുമുണ്ട്.

ബീഡി, റെഡീമെയ്ഡ് ഗാർമെൻറ്സ് ക്ഷ്യവസ്തുക്കളുടെ നിർമ്മാണം എന്നീ ചെറുകിട വ്യവസായരംഗങ്ങളിൽ ധാരാളം വനിതാ തൊഴിലാളികൾ ലഭ്യമാണെങ്കിലും വേണ്ടത്ര വനിതാ സംരഭകർ മുന്നോട്ട് വരുന്നില്ല. ഇക്കാര്യത്തിൽ ഡി. ഡബ്ല്യൂ. സി. ആർ. എ പോലെയുള്ളഏജൻസികളുടെ സഹായ സാധ്യതകൾ പരാമാവധി ഉപയോഗപ്പെടുത്തി വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

നിലവിൽ പഞ്ചായത്തിലുള്ള മിക്ക വ്യവസായ സംരഭങ്ങൾക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നവയല്ല. പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളായ തേങ്ങ, അടയ്ക്ക, ചക്ക തുടങ്ങിയ കാർഷി കോല്പ്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായ യൂനിറ്റുകൾ പഞ്ചായത്തിൽഇല്ല എന്നുള്ളത് എടുത്തുപറയത്തക്കപോരായ്മയാണ്.

<u>പ്രശ്നങ്ങൾ</u>

1 മൂലധനത്തിന്റെ കുറവ്

2 വായ്പ ലഭിക്കുവാനുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങൾ

3 വിവിധ ലൈസൻസുകൾ ലഭിക്കുവാനുള്ള തടസ്സങ്ങൾ

4 വിപണിയുടെ ദൗർലഭ്യം

5 സാങ്കേതിക പരിജ്ഞാനത്തിന്റെ അപര്യാപ്തത

6 പൊതുവെ വ്യവസായരംഗത്ത് കടന്നുവരാനുള്ള ആളുകളുടെ വിമുഖത

7 വൻകിട വ്യവസായ സംരംഭത്തിന്ന് സ്ഥലമില്ലായ്മ

8 ഊർജ്ജലഭ്യതയെകുറിച്ച് ആശങ്ക

<u>സാധ്യതകൾ</u>

1 വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

2 വ്യവസായസംരഭകർക്ക് ആവശ്യമായ പരിശീലനം ഒരുക്കുക

3 പ്രധാന കാർഷികോല്പ്പന്നമായ തേങ്ങയെ അടിസ്ഥാനമാക്കി വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുക.

4 ക്ഷീരസഹകരണ സംഘവുമായി ബന്ധപ്പെട്ട് പാലുല്പ്പന്നങ്ങൾ, കാലിത്തീറ്റ എന്നിവ ഉൽപാദിപ്പിച്ച് വിപണനം നടത്തുക

5 വനിതാ വ്യവസായ സംരഭങ്ങൾ സ്ഥാപിച്ച് വിവിധ വാർഡുകളിലായി വിവിധ ഉല്പ്പന്നങ്ങൾ നിർമ്മിച്ച് കേന്ദ്രീകൃത വിപണന സൗകര്യം ഏർപ്പെടുത്തുക

6 ഡി. ഡബ്ല്യൂ. സി. ആർ . എ യുടെ എല്ലാ സഹായ സാധ്യതകളെ കുറിച്ചും ബാങ്കുകളുടെ വായ്പാ സൗകര്യങ്ങളെ കുറിച്ചും വനിതകളിലും വ്യവസായ സംരംഭകർക്കിടയിലും ബോധവൽക്കരണം നടത്തുക.

7 പഞ്ചായത്തിൽ നിന്നുള്ള ഗൾഫ് കുടിയേറ്റക്കാരേയും സാമ്പത്തിക ശേഷിയുള്ളവരേയും വ്യവസായരംഗത്ത് മുതൽമുടക്കാൻ പ്രേരിപ്പിക്കുക.

8 അഭ്യസ്ത വിദ്യർക്കിടിയിലുള്ള തൊഴിലില്ലായ്മ പരിഗണിച്ച് സ്വയം തൊഴിൽ കണ്ടെത്താനുള്ള വ്യവസായ സംരഭങ്ങളെ കുറിച്ച് യുവജനങ്ങൾക്കിടയിൽ ബോധ വൽക്കരണം നടത്തുക.

<u>ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ</u>

1 നാളികേര ഉൽപ്പന്നങ്ങൾ, അടയ്ക്കാ, ചക്ക, വാഴപഴം, പച്ചക്കായ എന്നിവ സംസ്ക്കരിക്കുന്ന വ്യവസായ യൂനിറ്റുകൾ സ്ഥാപിക്കണം.

2 റബർ, പ്ലാസ്റ്റിക് ഉപകരണങ്ങളും ഉൽപ്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക

3 ഗൃഹോപകരണങ്ങളും ഭക്ഷ്യോൽപ്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.

4 റെഡീമെയ്ഡ് ഗാർമെൻറ്സുകളുടെ നിർമ്മാണയൂണിറ്റ് - പ്രയേഗിച്ചും വനിതകൾക്കുവേണ്ടി - സ്ഥാപിക്കുക.

5 അയുർവ്വേദ മരുന്നുല്പാദന യൂനിറ്റുകൾ സ്ഥാപിക്കുക.

6 പാലുൽപ്പന്നങ്ങളുടെ നിർമ്മാണ യൂനിറ്റ് സ്ഥാപിക്കുക.

7 ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

8 കെൽട്രോൺ, കെൽ, മുതലായ സ്ഥാപനങ്ങൾക്ക് ആവശ്യമായ ചെറിയ തരം സ്പേർപാർട്ടുകൾ നിർമ്മിക്കാനുള്ള യൂനിറ്റുകൾ സ്ഥാപക്കുക.

9 കെൽട്രോണിന്റെ ഒരു യൂണിറ്റ്
പഞ്ചായത്തിൽ സ്ഥാപിക്കുവാനുള്ള സാധ്യത ആരായുക.

10 കോഴികൂട് എന്നിവയുടെ വ്യവസായിക അടിസ്ഥാനത്തിലുള്ള യൂണിറ്റ് സ്ഥാപിക്കുക.

11 മരമിൽ, ഗ്രിൽസ്, സോപ് നിർമ്മാണ് എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കുക

12 ഓർക്കിഡ്, കുറ്റിമുല്ല എന്നിവയെ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്താനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക

13 നിർദ്ധിഷ്ട വനിതാ വ്യാവസായ കേന്ദ്രത്തിൽ പ്രസ് സ്ഥാപിക്കുക.

14 ആറാം വാർഡിൽ നിർദ്ദേശിക്കപ്പെട്ട രണ്ട് സ്ഥലങ്ങളിൽ ഒരിടത്ത് മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.



വനിത

ഒരു പരിഷ്കൃത സമൂഹത്തിൽ ഏത് രംഗത്തായാലും പുരുഷന്മാരോടൊപ്പം വനിതകളും കൂട്ടായി പ്രവർത്തിച്ചാൽ മാത്രമേ നാടിന് അഭിവൃദ്ധിയുണ്ടാവൂ എന്നത് യാഥാർത്ഥ്യമാണ്.

സമൂഹത്തിലെ വനിതകളുടെ അധമമായ പദവി സാമൂഹ്യഘടനയുടെ ചരിത്രപരമായ വളർച്ചയുമായി ബന്ധപ്പെട്ടുകിടക്കുന്നു. ചരിത്രത്തിൽ സ്ത്രീയുടെ അധഃപതനം ആരംഭിക്കുന്നത് സ്വകാര്യ സ്വത്തിന്റെ ഉദ്ഭവത്തോടെയാണ്. സ്വകാര്യ സ്വത്തിനെ ആധാരമാക്കി ഉയർന്നു വന്നിട്ടുള്ള സാമൂഹ്യ വ്യവസ്ഥകളെല്ലാം പുരുഷ കേന്ദ്രീകൃത സാമൂഹ്യ വ്യവസ്ഥകളാണ്. പുരുഷ മേധാവിത്വത്തിന്റെ സ്വഭാവത്തിലും രൂപത്തിലും കാല ദേശങ്ങൾക്ക് അനുസൃതമായ അന്തരങ്ങൾ ഉണ്ടായിട്ടുണ്ടുതാനും.

വിദ്യാഭ്യാസത്തിന്റേയും സാംസ്കാരിക നിലവാരത്തിന്റേയും കാര്യത്തിൽ ബഹുദൂരം മുന്നിൽ നിൽക്കുന്ന നമ്മുടെ നാട്ടിൽ പോലും സ്ത്രീകൾ 'ഇരട്ട ചൂഷണം' അനുഭവിക്കേണ്ടി വരുന്നു. നമ്മുടെ പഞ്ചായത്തിൽ, 54.46 ശതമാനം വരുന്ന വനിതകളെ ഒഴിച്ചുനിർത്തി വികസന പരിപ്രേക്ഷ്യം തയാറാക്കാൻ ആവില്ലതന്നെ.

പട്ടിക 1

ജനസംഖ്യ	പുരുഷൻ	സ്ത്രീ	സ്ത്രീ സാക്ഷരതാ ശതമാനം
19312	8794	10518	93.11%

അവലംബം 1991 സെൻസസ്സ്

സ്ത്രീ പുരുഷ അനുപാതം സംബന്ധിച്ചാണെങ്കിൽ നമ്മുടെ പ്രദേശം സംസ്ഥാന -ജില്ലാ അനുപാത ത്തെക്കാളും വളരെ മെച്ചമാണെന്ന് കണക്കുകൾ കാണിക്കുന്നു.

പട്ടിക 2

	കേരളം	കണ്ണൂർ ജില്ല	പന്ന്യന്നൂർ
സ്ത്രീപുരുഷ അനുപാതം	1036	1049	1196

മെച്ചപ്പെട്ട സ്ത്രീപുരുഷ അനുപാതം നിലനില്ക്കുന്നത്, സമൂഹത്തിൽ സ്ത്രീകൾക്കു ലഭിക്കുന്ന അംഗീകാരത്തിന്റേയും പരിരക്ഷ യുടേയും സൂചകമായി കണക്കാക്കാം. കൂത്തുപറമ്പ് ബ്ലോക്കിൽ ഏറ്റവും കൂടിയ സ്ത്രീ സാക്ഷരത യുള്ളത് നമ്മുടെ പഞ്ചായത്തിലാണ്.

തൊഴിൽ മേഖല :

ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ കമ്പോളങ്ങളുടെ ഭിന്നിപ്പിക്കൽ തൊഴിൽ മേഖലകളിൽ വനിതകൾക്ക് ഏറെക്കുറേ പ്രതിസന്ധിയുണ്ടാക്കുന്നുവെന്നതിന് മതിയായ സൂചനകളുണ്ട്. പൊതുവേ ഉയർന്ന വേതനം

ലഭിക്കാവുന്ന തൊഴിൽ മേഖലകളിൽ സ്ത്രീപുരുഷ അന്തരം വളരെ പ്രകടമാണ്.

പട്ടിക 3

തൊഴിൽ മേഖലാ പങ്കാളിത്തം						
	മുഖ്യ തൊഴിൽ		ഉപതൊഴിൽ		തൊഴിൽ പങ്കാളിത്ത നിരക്ക്	
	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ
കേരളം	6404458	1896629	394692	450639	47.58%	15.85%
കൂത്തുപറമ്പ് ബ്ലോക്ക്	40369	11132	3290	2985	42.67%	11.63%
പന്ന്യന്നൂർ	3262	709	142	58	38.71%	7.29%

അവലംബം 91 സെൻസസ്സ്

തൊഴിൽ മേഖലാ പങ്കാളിത്തം : മുഖ്യ തൊഴിൽ മേഖലയിൽ സംസ്ഥാനത്ത് 29.61 ശതമാനത്തോളം വനിതാ തൊഴിലാളികളാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ ഇത് കേവലം 21.74 ശതമാനം മാത്രമാണ്. സംസ്ഥാന ശരാശരിയേക്കാൾ നാം പിന്നിലാണെന്ന് കാണാം. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലാകട്ടെ കേവലം 7.29 ശതമാനമാണ്. ബ്ലോക്ക് നിലവാരത്തിലും സംസ്ഥാന ശരാശരിയിലും വളരെ പിന്നോക്കമാണ് നമ്മുടെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തമെന്ന് മനസ്സിലാക്കുമ്പോൾ, വനിതകളുടെ തൊഴിൽ സംരംഭ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കേണ്ടതുണ്ടെന്ന് പദ്ധതി ആസൂത്രണ വേളയിൽ പരിഗണനാർഹമാവേണ്ടതാണ്.

വിവിധ മേഖലകളിൽ ഈ അടുത്ത കാലത്തായി സ്ത്രീകളുടെ തൊഴിലവസരം വീണ്ടും കുറഞ്ഞു വരുന്നതായാണ് അനുഭവം. കാർഷിക മേഖലയിൽ നെൽ വയലുകൾ നികത്തപ്പെടുന്നതും നെൽ കൃഷിയോടുള്ള വിമുഖതയും ഇതിന് കാരണമാണ്. എന്നാൽ അദ്ധ്യാപക മേഖലയിൽ മാത്രമാണ് സ്ത്രീകൾ തൊഴിൽ മേഖലയിൽ മുന്നിട്ടു നിൽക്കുന്നത്.

പട്ടിക 4

ആകെ സ്ക്കൂൾ	അധ്യാപകർ	പു	സ്ത്രീ
18	148	63	85

(ദ്വിതീയ വിവര ശേഖരണം)

പുരുഷ മേധാവിത്വം അധിരൂക്ഷമായി തുടരുന്നതിന്റെ ഫലമായി വീടിന് പുറത്തുള്ള തൊഴിലിനോടൊപ്പം വീട്ടുപണിയുടെ ഭാരവും അവരുടെ ചുമലിൽ തന്നെ തുടരുന്നിടത്തോളം തൊഴിലെടുക്കുന്ന സ്ത്രീകൾ പൊതുപ്രവർത്തനത്തിൽ ഏർപ്പെടുന്നത് ശ്രമകരമായിരിക്കും. പഞ്ചായത്തിൽ മൊത്തം 18 വിദ്യാലയങ്ങളിലായി പഠിക്കുന്ന പെൺകുട്ടികളുടെ അനുപാതം പരിശോധിക്കുന്നത് ഏറെ ഗുണകരമായിരിക്കും.

പട്ടിക5

ആകെ എണ്ണം	പെൺകുട്ടികൾ	ആൺ കുട്ടികൾ
3400	1782	1618

സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആരോഗ്യപരമായി പുരുഷൻമാരേക്കാൾ പിന്നിലാണ്. വിവിധ ആശുപത്രികളിൽ നിന്നുള്ള രോഗത്തെ സംബന്ധിച്ച വിവരങ്ങൾ ഇത് വ്യക്തമാക്കുന്നു. മാത്രമല്ല പ്രസവം തുടങ്ങി ജീവശാസ്ത്രപരമായ ഒട്ടേറെ പ്രശ്നങ്ങൾ വേറെയുമുണ്ട്.

ഒരു വരുമാനമാർഗ്ഗമെന്നനിലയിൽ കന്നുകാലി വളർത്തൽ, കോഴിവളർത്തൽ എന്നീ മേഖലകളിൽ നമ്മുടെ പ്രദേശത്തെ സ്ത്രീകൾ മുന്നോട്ട് ഇനിയും വന്നിട്ടില്ല.

പൊതു പ്രവർത്തനം :

പൊതുപ്രവർത്തനരംഗത്ത് വനിതകളുടെ പ്രാതിനിധ്യം ഏറെ മോശമല്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. അവകാശ സമരങ്ങളുടെ ആവേശമായ ശനിയൻ മഹാസഭാ ബഹിഷ്ക്കരണത്തിന് നേതൃത്വം കൊടുത്ത അച്ചായി ടീച്ചറുടെ പിൻമുറക്കാരാണ് നമ്മുടെ വനിതകൾ.

സാക്ഷരതാ പ്രസ്ഥാനത്തിൽ ആവേശത്തോടെ വനിതകൾ പങ്കാളികളായിട്ടുണ്ട്. വിവിധ വനിതാ സംഘടനകളിലും വനിതകൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് ഭരണസമിതിയിൽ ആകെയുള്ള 10 സ്ഥാനങ്ങളിൽ 5 പേരും വനിതകളാണെന്നത് ശ്രദ്ധേയമാണ്. പാർലിമെൻറിൽ പോലും 33% സ്ത്രീസംവരണം പാസ്സാവാതെ പോവുന്ന ഈ കാലഘട്ടത്തിൽ 50% സ്ത്രീ പ്രാധിനിധ്യമുള്ള നമ്മുടെ പഞ്ചായത്ത് ഈ

രംഗത്ത് മാതൃകയാണ്. എന്നിരുന്നാലും നേതൃത്വ പരമായ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിൽ ഏറെ മുന്നേറണം.

ക്ഷേമ പദ്ധതികൾ :

സാമൂഹ്യക്ഷേമ വകുപ്പിന്റെ വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ ഇവ വനിതകൾക്ക് ലഭിച്ചുവരുന്നു. 620 പേർക്ക് വിധവാപെൻഷനും 13 പേർക്ക് വാർദ്ധക്യ പെൻഷനും ലഭിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ ഗർഭകാല ആനുകൂല്യത്തിന് അപേക്ഷിക്കപ്പെട്ട 5പേരിൽ 3പേർക്ക് 300രൂപ റൊക്കം തുക നൽകിയിട്ടുണ്ട്. ട്രൈസം പദ്ധതിയിൻ കീഴിൽ 3 വിദ്യാർത്ഥിനികൾക്ക് പോളിടെക്നിക്ക് വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. ക്ഷേമ പ്രവർത്തനങ്ങൾ പരിമിതമാണ്.

അംഗനവാടികൾ :

സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിൽ അംഗനവാടികൾക്ക് മുഖ്യ പങ്കുണ്ട്. പഞ്ചായത്തിൽ 7 അംഗനവാടികൾ പ്രവർത്തിച്ചു വരുന്നു. ഒരു ശിശുമന്ദിരവും ഉണ്ട്. ക്രഷെ സമ്പ്രദായം പഞ്ചായത്തിൽ നിലവിലില്ല.

മഹിളാ സമാജങ്ങൾ :

വനിതകളുടെ ക്ഷേമകാര്യങ്ങൾക്ക് കൂട്ടായ്മ നല്കുന്ന സ്ഥാപനങ്ങളാണല്ലോ മഹിളാ സമാജങ്ങൾ. 8 മഹിളാ സമാജങ്ങൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ പ്രവർത്തനം പരിമിതമാണ്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണം അംഗനവാടി മുഖേന നടക്കുന്നുണ്ട്. അംഗനവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യ രംഗത്ത് ഇടപെടുന്നതിനായി മഹിളാ സ്വാസ്ഥ്യസംഘം പ്രവർത്തിച്ചുവരുന്നു.

വനിതാ വ്യവസായം :

വനിതകൾ DWCRAയുടെ നേതൃത്വങ്ങൾ നടത്തുന്ന രണ്ട് ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. ഒന്ന് ക്ഷീരോത്പന്ന രംഗത്തും മറ്റൊന്ന് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്തുമാണ്. കേവലം നാമമാത്രമായ വനിതകൾ മാത്രമാണ് ഇതിന്റെ ഗുണഭോക്താക്കൾ.

ഒരു ഗ്രാമീണ അന്തരീക്ഷമുള്ളതിനാലായിരിക്കാം പ്രകടമായ സ്ത്രീപീഡനമോ ആക്രമണങ്ങളോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

" സ്ത്രീകളുടെ അവകാശങ്ങളുടെ കാര്യത്തിൽ ഞാൻ വിട്ടുവീഴ്ച ചയില്ലാത്തവനാണ്. എന്റെ അഭിപ്രായത്തിൽ പുരുഷനില്ലാത്ത നിയമജന്യമായ യാതൊരു അവശതകളും അവർക്കുണ്ടായിരിക്കരുത്." -ഗാന്ധിജിയുടെ ഈ അഭിപ്രായത്തിന് ഇന്നും ഏറെ പ്രസക്തിയുണ്ട്.

സകല വൈരുദ്ധ്യത്തിനും കാരണം സ്ത്രീപുരുഷ വൈരുദ്ധ്യമാണെന്ന വാദം ശരിയല്ല. വർഗ്ഗപരമായ വൈരുദ്ധ്യങ്ങളും പിന്നോക്കാവസ്ഥയ്ക്ക് കാരണമായിരിക്കണം. സ്ത്രീസമത്വത്തിന്റെ ആശയങ്ങൾ ഉയർത്തിപ്പിടിക്കുകയും, കണ്ണീരും, നോവും നിശബ്ദതയുമെല്ലാം തീയാക്കിമാറ്റി സ്വപ്നങ്ങൾക്കൊക്കെയും അർത്ഥമുണ്ടാക്കാൻ ഇനിയും കാത്തുനിൽക്കേണ്ടതില്ല.

പ്രശ്നങ്ങൾ :

★സ്ത്രീകളുടെ തൊഴിലില്ലായ്മ

★പൊതുപ്രവർത്തനത്തിൽ ഏർപ്പെടുന്നവരോടുള്ള അദൃശ്യത

★തൊഴിൽ മേഖലയിലെ കൂലിയിലുള്ള അന്തരം.

★തൊട്ടടുത്ത മാഹിയുമായി ബന്ധപ്പെട്ട് മദ്യപാനികളുടെ ശല്യം കൊണ്ട് ബസ്സ് യാത്രപോലും ദുഷ്ക്കരമാവുന്നു.

★സ്ത്രീധനം, വിവാഹ ധൂർത്ത് ഇവ കൂടിവരുന്നു.

★സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ

സാദ്ധ്യതകൾ :

★കന്നുകാലി വളർത്തൽ, കോഴിവളർത്തൽ, പച്ചക്കറികൃഷി തുടങ്ങിയ മേഖലകളിൽ തൊഴിൽ സാദ്ധ്യതയുണ്ടാകണം.

★നേതൃത്വ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക - മഹിളാസമാജങ്ങൾ ശക്തിപ്പെടുത്തുക

★മദ്യപിച്ച് ബസ്സ് യാത്ര നിരോധിക്കുക

★വിവാഹചിലവിന് പരിധി നിശ്ചയിക്കുക., പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക, പൊതുസ്ഥലത്ത് കല്യാണം നടത്തുക.

★പുകയില്ലാത്ത അടുപ്പ് വ്യാപകമാക്കുക. ഗർഭകാല അവധിക്കാലം വർദ്ധിപ്പിക്കുക. സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകുക.

പട്ടികജാതി പട്ടികവർഗ്ഗ വികസനം

ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗം എന്ന നിലയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ഭരണഘടനാപരമായിത്തന്നെ നമ്മുടെ വികസന സങ്കൽപ്പങ്ങളുടെ കേന്ദ്രബിന്ദുവാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ(19312) പട്ടികജാതി-പട്ടികവർഗ്ഗത്തിൽ വരുന്നത് 0.73% (142) മാത്രമാണ്. ഇവരാകട്ടെ ഒറ്റപ്പെട്ട കുടുംബങ്ങളായാണ് അധിവസിക്കുന്നത്. അതുകൊണ്ടുതന്നെ കോളനികളെ ഉദ്ദേശിച്ചുള്ള തീവ്രസങ്കേത വികസന പദ്ധതിപോലുള്ള വ്യവസ്ഥാപിത വികസന പദ്ധതികൾക്ക് സാധ്യതയില്ല. ഓരോ കുടുംബത്തേയും പൂർണ്ണമായ വിശദാംശങ്ങളിൽ കണ്ടുകൊണ്ടുള്ളതും പ്രായോഗികതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതുമായ ഒരു സമഗ്ര ക്ഷേമപദ്ധതിക്ക് വ്യക്തമായ സാദ്ധ്യതകൾ ഉണ്ട്. ചുവടെ കൊടുത്ത സ്ഥിതിവിവര കണക്കുകളുടെ പട്ടിക ഈ സാദ്ധ്യതകളിലേക്ക് വെളിച്ചം വീശുന്നു.

പട്ടിക 1

1.	മൊത്തം പട്ടികജാതി- പട്ടികവർഗ്ഗ ജനസംഖ്യ	172
	പുരുഷൻ	78
	സ്ത്രീ	94
2.	ആകെ കുടുംബങ്ങളുടെ എണ്ണം	29
3.	സ്വന്തം ഭൂമിയിൽ സ്വന്തമായി വീടുള്ള കുടുംബങ്ങളുടെ എണ്ണം	17
4.	ഭൂമി സ്വന്തമായി ഉണ്ടെങ്കിലും സ്വന്തം വീടില്ലാത്തവർ	1
5.	സ്വന്തം ഭൂമിയും വീടും ഇല്ലാത്തവർ	7
6.	ലക്ഷംവീട്ടിൽ താമസിക്കുന്നവർ	4
7.	ലക്ഷംവീടിന്റെ പട്ടയം ലഭിക്കാത്തവർ	1
8.	സർക്കാർ ജോലി ഉൾപ്പെടെ മെച്ചപ്പെട്ട ജോലിയുള്ളവർ	3
9.	കൂലിപ്പണിയും മറ്റ് ചെറിയ വരുമാനജോലിയും ചെയ്യുന്നവർ	21
10.	തൊഴിൽരഹിതരായ അഭ്യസ്തവിദ്യർ	12
11.	പരമ്പരാഗതമായ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം	ലഭ്യമല്ല
12.	വിദ്യാഭ്യാസം തുടരുന്ന കുട്ടികൾ	34

പട്ടിക 1ൽ സൂചിപ്പിച്ച 29 കുടുംബങ്ങൾ വണ്ണാൻ, മലയൻ, വേലൻ, പരവൻ, പുള്ളുവൻ എന്നീ ജാതികളിൽ പെടുന്നവരാണ്. ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മേൽപ്പറഞ്ഞ സ്ഥിതിവിവരക്കണക്കുകൾ നിർദ്ധാരണം ചെയ്യുമ്പോൾ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചുവടെ ചേർക്കും വിധമുള്ള രൂപ രേഖ തയ്യാറാവുന്നു.

പാർപ്പിടം :

സർക്കാരും മറ്റ് ഏജൻസികളും പട്ടിക ജാതി – പട്ടിക വിഭാഗങ്ങൾക്കായി നടപ്പാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതിക്ക് പലവിധ പരിമിതികളും ഉണ്ട്. ലഭിക്കുന്ന വായ്പതുക ശരാശരി അടിസ്ഥാന സൗകര്യമുള്ള വീടുകൾ നിർമ്മിക്കാൻ അപര്യാപ്തമാണ്. വായ്പാതുക ലഭിക്കുന്നവർ പോലും അത് വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല. ഭവന നിർമ്മാണത്തിൽ ജനകീയ സമിതികളുടെ ഇടപെടൽ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ആസൂത്രണമാണുണ്ടാക്കേണ്ടത്. ഇതേ പദ്ധതിയുടെ ഭാഗമായിതന്നെ കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

വിദ്യാഭ്യാസം :

നമ്മുടെ പഞ്ചായത്തിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 34 കുട്ടികൾ വിവിധ സ്കൂളുകളിലായി പഠനം നടത്തുന്നുണ്ട്. ഇവരിൽ ആരും തന്നെ സ്കൂളിൽ പോവാത്തവരായി ഇല്ല. ഈ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ പഠനനിലവാരത്തിൽ പുറകോട്ടാണ്.

പഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരിൽ ഭൂരിപക്ഷം പേരും പരമ്പരാഗത അനുഷ്ഠാന കലാകാരൻമാരാണ്. ഇവരുടെ കുട്ടികളുടെ ഹാജർ നിലവാരം ഉത്സവ കാലങ്ങളിൽ (ജനുവരി, ഫെബ്രുവരി, മാർച്ച്) വളരെ കുറവായി കാണുന്നു ഒരു പരമ്പരാഗത കല എന്നനിലയിൽ ഈവിഭാഗത്തിലുള്ള കുട്ടികൾക്ക് തെയ്യങ്ങളോടുള്ള താല്പര്യം പ്രോത്സാഹിപ്പിക്കേണ്ടതാണെങ്കിലും, നെച്ചപ്പെട്ട ഹാജർനിലയും നിലവാരവും കാണിക്കുന്ന കുട്ടികൾക്ക് സ്കൂൾ അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകിക്കൊണ്ട് മേൽപ്പറഞ്ഞ പ്രവണതയെ നിരുൽസാഹപ്പെടുത്തേണ്ടതാണ്. കൂടാതെ മാതൃസമിതികൾ വഴിയും അയൽക്കൂട്ടങ്ങൾ വഴിയും ഈ വിഭാഗത്തിലെ കുട്ടികളുടെ അമ്മമാരിൽ ബോധവൽക്കരണം നടത്തേണ്ടതാണ്. വിദ്യാഭ്യാസത്തിനുള്ള സഹായം എന്ന നിലയിൽ നൽകിവരുന്ന ലംസം ഗ്രാൻറ് പോലുള്ള സാമ്പത്തിക സഹായത്തിന് പകരം പഠനോപകരണങ്ങൾ വിദ്യാലയങ്ങൾ വഴി വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കാവുന്നതാണ്.

തൊഴിൽ :

പട്ടികജാതിക്കാരിൽ കൂലിപ്പണിയും മറ്റു ചെറിയ വരുമാനമുള്ള ജോലിചെയ്യുന്നവർ 21പേരും, സർക്കാർ ജോലി ഉൾപ്പടെ മറ്റു ജോലികൾ ചെയ്യുന്ന 3 പേരുമാണ് ഉള്ളത്. പട്ടികജാതിക്കാർക്കിടയിലെ തൊഴിൽ സ്ഥിതിയുമായി ബന്ധപ്പെട്ട പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2

ആകെ പട്ടിക ജാതിക്കാർ	കുട്ടികൾ ഒഴിച്ച് ഉള്ളവർ	തൊഴിൽ ഉള്ളവർ	തൊഴിൽ രഹിതർ	തൊഴിൽ രഹിതരുടെ ശതമാനം
172	131	24	107	81.67

തൊഴിൽ രഹിതരായ 12 അഭ്യസ്തവിദ്യരടക്കം 81.67 ശതമാനം പേർ തൊഴിൽ രഹിതരാണെന്ന് മേൽപട്ടികയിൽ നിന്നും മനസ്സിലാക്കാം. ഈ വിഭാഗക്കാരെ മുൻനിർത്തിയുള്ള ഒരു പ്രത്യേകതൊഴിൽ ക്ഷേമപദ്ധതിക്ക് രൂപം നൽകാനുള്ള ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു.

പഞ്ചായത്തിലെ പട്ടികവിഭാഗക്കാരിൽ തെയ്യം കലാകാരൻമാരുണ്ട്. ജീവിതശൈലിയുടെ പ്രത്യേകത കാരണം വരുമാനം ആസൂത്രിതമായി ഉപയോഗിക്കാൻ ഇവരിൽ ചിലർക്ക് കഴിയുന്നില്ല. ഇവർക്ക് യുക്തമായ കൈതൊഴിലുകളോ കുടിൽ വ്യവസായങ്ങളോ ആരംഭിക്കാനുള്ള സാധ്യതകൾ ആരായേണ്ടതാണ്. പഞ്ചായത്തിൽ ഒരു പ്രിൻറിങ്ങ് പ്രസ്സ് ആരംഭിക്കണമെന്ന ഗ്രാമസഭാനിർദ്ദേശം പരിഗണനീയമാണ്.

സംസ്കാരം :

ഉച്ചനീചത്വങ്ങളോ ജാതീയമായ പീഡനങ്ങളോ പഞ്ചായത്തിനെ സംബന്ധിച്ച് പ്രസക്തമല്ലെങ്കിലും വിമുഖതയും, അലസതയും ചിലരുടെ ഇടയിലെങ്കിലും നിലനിൽക്കുന്നുണ്ട്. ക്രിയാത്മകമായ പരിപാടികൾ നടപ്പിലാക്കുന്നതിലൂടെയും ബോധവത്ക്കരണത്തിലൂടെയും ഈ നില തരണം ചെയ്യേണ്ടതാണ്. കലാസാംസ്കാരിക രംഗങ്ങളിൽ ഉയർന്നുവരാൻ പറ്റുംവിധം അനുഗ്രഹീതരായ

യുവതീയുവാക്കൾ ഇവർക്കിടയിലുണ്ട്. ഇവർക്ക് പ്രോത്സാഹനം നൽകും വിധമുള്ള പദ്ധതികൾ ഉണ്ടാവേണ്ടതുണ്ട്.

ആരോഗ്യം, ശുചിത്വം :

ആരോഗ്യത്തിന്റേയും പരിസര ശുചിത്വത്തിന്റേയും കാര്യത്തിൽ പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ നിലവാരം ഇവർക്കുമുണ്ട്. എന്നാൽ വീടുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ഈ നിലവാരം നില നിർത്താൻ കഴിയാത്ത അവസ്ഥയുണ്ട്.

എല്ലാ സർക്കാർ വകുപ്പുകളുടേയും പദ്ധതി വിഹിതത്തിന്റെ 10% പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയായും 2% പട്ടിക വർഗ്ഗങ്ങൾക്കുള്ള ഉപപദ്ധതിയായും നീക്കി വെയ്ക്കണമെന്ന വ്യവസ്ഥയുണ്ട്. പട്ടിക വർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ മേൽ പറഞ്ഞ ഘടകം പ്രത്യേകം പരിഗണനാർഹമാണ്.

പ്രശ്നങ്ങൾ :

1. ഉത്സവ കാലങ്ങളൊഴിച്ചുള്ള സന്ദർഭങ്ങളിൽ പട്ടികജാതിക്കാർക്കിടയിൽ ദാരിദ്ര്യം പോലുള്ള ജീവിത പ്രയാസങ്ങളുണ്ട്.

2. സ്കൂൾ കുട്ടികളിൽ പഠനകാര്യങ്ങളിൽ പിന്നോക്കാവസ്ഥയുണ്ട്.

3. അർഹമായ ആനുകൂല്യങ്ങൾ പലപ്പോഴും ലഭിക്കുന്നതിൽ തടസ്സം നേരിടുന്നു.

4. വിദ്യാഭ്യാസ കാര്യത്തിലും, തൊഴിൽ നേടിയെടുക്കുന്നതിലും ആവശ്യമായ മാർഗ്ഗരേഖകൾ ലഭിക്കുന്നില്ല.

5. സ്വന്തമായി ഭൂമി സ്ഥലം എന്നിവ ഇല്ലാത്തവരുണ്ട്.

6. ലക്ഷംവീട്ടിൽ താമസിക്കുന്നവരിൽ ചിലർക്ക് പട്ടയം ലഭിച്ചിട്ടില്ല.

7. വീടുകളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്.

8. സാമ്പത്തിക പിന്നോക്കാവസ്ഥയുണ്ട്.

9. മദ്യപാനം പോലുള്ള തെറ്റായ ആരോഗ്യശീലങ്ങൾ കണ്ടുവരുന്നു.

സാധ്യതകൾ :

1. ഉത്സവകാലങ്ങളിൽ ലഭിക്കുന്ന സമ്പത്തിനെ ക്രീയാത്മകമായി ഉപയോഗിക്കാനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, നിക്ഷേപങ്ങൾ വഴിക്കുള്ള സ്വയം പര്യാപ്തതയ്ക്ക് ഊന്നൽ നൽകണം.

2. വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്ന പരിപാടികളിൽ ഈ വിഭാഗത്തിലുള്ള കുട്ടികൾക്ക് പ്രത്യേകം ഊന്നൽ നൽകണം.

3. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കണം.

4. അർഹമായവരെ കണ്ടെത്തി ആനുകൂല്യങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും അതിന്റെ ഉപയുക്തതയിലും മൂല്യനിർണ്ണയത്തിലും ഉള്ള ഉത്തരവാദിത്വം പഞ്ചായത്ത് നിർവഹിക്കണം.

5. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് അത് നൽകാനുള്ള നിലവിലുള്ള പദ്ധതികളെ ലഘൂകരിച്ച് നടപ്പാക്കണം.

6.അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ഉണ്ടാവണം.

7.നല്ല ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കാനാവശ്യമായ ബോധവൽക്കരണം നടപ്പിലാക്കണം.

8. തെയ്യം കലാകാരൻമാരെ കണ്ടെത്തി നിലവിലുള്ള പെൻഷൻ പദ്ധതിക്കുള്ളിൽ കൊണ്ടുവരണം.

9.നിലവിലുള്ള പദ്ധതികളെ പ്രയോജനപ്രദമാക്കാനും ആനുകൂല്യങ്ങൾ നേടിയെടുക്കാനും ഇവരെ സഹായിക്കുംവിധം ജനകീയ സമിതിക്ക് രൂപം നല്കണം.

10.തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ :

1. പഞ്ചായത്തിന്റെ കീഴിൽ ഒരു പ്രിൻറിംഗ് പ്രസ് തുടങ്ങി പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കണം.

2. പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ട നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തണം.

3. തൊഴിൽ രഹിതരായവർക്ക് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം.

4. ജോലി സംവരണത്തിന്റെ പല ആനുകൂല്യങ്ങളും പട്ടികജാതിക്കാർക്ക് ലഭിക്കുന്നില്ല. വേണ്ട നടപടികൾ സ്വീകരിക്കണം.

5. ലക്ഷംവീട്ടിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കണം.

6.I.R.D.P പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കണം.

7. ഭവനനിർമ്മാണ പദ്ധതികളിലൂടെ ലഭിക്കുന്ന വായ്പകൾ അപര്യാപ്തമാണ്. വായ്പാതുക വർദ്ധിപ്പിക്കണം.

8. പ്രായാധിക്യം മൂലം അവശത അനുഭവിക്കുന്നവർക്ക് പെൻഷൻ അനുവദിക്കണം.

9. ഭൂമിയോ വീടോ ഇല്ലാത്ത പട്ടികജാതിക്കാർക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കണം.

പൊതുജനാരോഗ്യം

വിദ്യാഭ്യാസം കഴിഞ്ഞാൽ സർക്കാർ ഏറ്റവും കൂടുതൽ പണം ചിലവിടുന്ന മേഖലയെന്ന നിലയിൽ 9ാം പദ്ധതിയുടെ ആസൂത്രണത്തിൽ പൊതുജനാരോഗ്യ പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും വളരെ പ്രാധാന്യമർഹിക്കുന്നു. നമ്മുടെ മൊത്ത വരുമാനത്തിന്റെ 1 മുതൽ 3 വരെ ശതമാനവും ബജറ്റിന്റെ 10 ശതമാനവും നാളിതുവരെ ചിലവാക്കി വന്നത് പൊതുജനാരോഗ്യ പദ്ധതികൾക്കായിരുന്നു.

ഒരു ജനതയുടെ ആരോഗ്യ സ്ഥിതി അവലോകനം ചെയ്യുന്നതിനാവശ്യമായ പൊതുമാനദണ്ഡങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു. :-

ജനന മരണ നിരക്ക് ഇന്നത്തെ നിലയിൽ തുടർന്നാൽ A.D 2000 ആകുമ്പോഴേക്കും പഞ്ചായത്തിലെ ജനസംഖ്യ 26,576 ആകും. ഇതിനനുസൃതമായ പദ്ധതി ആസൂത്രണം ഈ രംഗത്ത് നടത്തേണ്ടി വരുമെന്ന് കണക്കാക്കാം. പ്രായ-ഘടന അനുസരിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. 1 മുതൽ 5 വയസ്സുവരേയുള്ള 1538 കുട്ടികൾ പഞ്ചായത്തിലുണ്ട്. 60 വയസ്സിന് മുകളിലുള്ളവരുടെ വർദ്ധനവ് പരിശോധിച്ച് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യണം.

രോഗാതുരത :-

പട്ടിക H1

ആരോഗ്യ സൂചിക	പന്ന്യന്നൂർ പഞ്ചായത്ത്	കേരളം
പൊതുമരണനിരക്ക്	4.7	5.9
ശിശുമരണനിരക്ക്	-★	16
മാതൃ മരണനിരക്ക്	-★	1.33
ജനനനിരക്ക്	12.86	17
ആൺ- പെൺ അനുപാതം	1000 : 1191	1000 : 1036
★ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല		

സംസ്ഥാന ആരോഗ്യ നിലവാരത്തെ അപേക്ഷിച്ച് നാം ഏറെ മുന്നിലാണെന്ന് ഇത് വ്യക്തമാക്കുന്നു.

മരണത്തിൽ കലാശിക്കുന്നില്ലെങ്കിലും രോഗിയെ വളരെ ബുദ്ധിമുട്ടിക്കുകയും, ജീവിതത്തിന്റെ ഗുണമേൻമ കുറക്കുകയും

ചെയ്യുന്ന നിരവധി രോഗങ്ങൾ നമുക്കിടയിലുണ്ട്. പ്രത്യേകിച്ച് വാർദ്ധക്യസഹജമായ രോഗങ്ങൾ. രോഗാതുരതയെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.-

പട്ടിക H2

	പഞ്ചായത്ത്	സംസ്ഥാനം 1980 എൻ.എസ്.എസ് 28th round
രോഗാതുരത	100	71

★O.P Strength ഗവൺമെൻറ് ആസ്പത്രികൾ അടിസ്ഥാനമാക്കിയെടുത്തത്.

കുട്ടികളുടെ പോഷണ നിലവാരം :-

കുട്ടികളുടെ പോഷണ നിലവാരം കണ്ടുപിടിക്കാനുള്ള മാർഗ്ഗം അവർക്ക് പ്രായത്തിന് അനുസരിച്ച് തൂക്കമുണ്ടോ എന്ന് പരിശോധിക്കുകയാണ്. അംഗൻവാടി, ബാലവാടി കേന്ദ്രങ്ങളിൽ നിന്ന് ലഭിച്ച കണക്കുകൾ ആശാവഹമല്ല. 1 മുതൽ 3 വയസ്സുവരേയുള്ള കുട്ടികളിൽ 9 ശതമാനം പേർക്ക് പോഷണക്കുറവ് അനുഭവപ്പെടുന്നു. ഇത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതുണ്ട്. 1 വയസ്സിൽ താഴെയുള്ള 164 കുട്ടികളിലും 1-3 വയസ്സുവരേയുള്ള കുട്ടികളിലും നടത്തിയ പഠനം ചുവടെ കൊടുക്കുന്നു.

പട്ടിക H3

പോഷകാഹാര കുറവ്	
വയസ്സ്	ശതമാനം
ഒരുവയസ്സിന് താഴെ	21.53
1 - 3 വയസ്സ്	50.07

★അവലംബം :- ദ്വിതീയ വിവരശേഖരം

ഇതനുസരിച്ച് സ്കൂൾ അംഗൻവാടി, ബാലവാടി എന്നിവിടങ്ങളിലെ പോഷകാഹാരപരിപാടി ശക്തിപ്പെടുത്തേണ്ട ആവശ്യകത മനസ്സിലാക്കാം.

സ്ഥാപനങ്ങളും ജീവനക്കാരും :-

പൊതുജനാരോഗ്യ സംവിധാനങ്ങൾ ശക്തമായി നിലനിൽക്കുന്ന ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ മുന്നിലാണ്. 10.02 ച.കി.മി. പരന്നുകിടക്കുന്ന പഞ്ചായത്തിൽ 4 ആരോഗ്യ സ്ഥാപനങ്ങളാണ് സർക്കാർ തലത്തിലുള്ളത്. 19,312 ജനസംഖ്യയും 1927 ജനസാന്ദ്രതയുമാണ്. മൊത്തം 5021 കുടുംബങ്ങൾ ഉള്ളതിൽ 1122 എണ്ണം ദാരിദ്ര രേഖക്ക് താഴെയുള്ളവരാണ്.

പട്ടിക H4 I.R.D.P Survey 1991 (ജന സാന്ദ്രത)

പന്ന്യന്നൂർ	കണ്ണൂർജില്ല	കേരളം	ഇന്ത്യ
1927	759	749	257

അവംലംബം :- 1991 സെൻസസ്

മേൽകൊടുത്ത പട്ടികയിലെ ജനസാന്ദ്രക്കനുസരിച്ച് ആരോഗ്യ സംവിധാനങ്ങൾ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് മനസ്സിലാക്കാം. ഒരു പ്രൈമറി ഹെൽത്തു സെൻററും രണ്ട് സബ് സെൻററും ഒരു ആയുർവ്വേദ ഡിസ്പെൻസറിയുമാണ് സർക്കാർ മേഖലയിൽ നിലവിലുള്ളത്. സ്ഥാനപരമായ വിവരങ്ങൾ താഴെ പട്ടികയിൽ

പട്ടിക H5

നമ്പ്രം	സ്ഥാപനത്തിൻെറ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ജീവനക്കാർ	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നം
1.	പി.എച്ച്.സി. പന്ന്യന്നൂർ	അലോപ്പതി	സ്വന്തം	15	1975	വാർഡ്ചോർച്ച ചുറ്റുമതിൽ ഇല്ല
2.	ആയുർവ്വേദ ഡിസ്പെൻസറി ചമ്പാട്	ആയുർവ്വേദം	സ്വന്തം	4	1986	ചുറ്റുമതിൽ ഇല്ല
3.	സബ്സെൻറർ മീത്തലെ ചമ്പാട്	അലോപ്പതി	സ്വന്തം	1	1970	പി.ടി.എസ്. ഇല്ല
4	സബ്സെൻറർ★ മനേക്കര	അലോപ്പതി	വാടക	1	-	കെട്ടിടമില്ല
	★പ്രവർത്തക്ഷമമല്ല					

പന്ന്യന്നൂർ പഞ്ചായത്തിന്റെ 8ാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രൈമറി ഹെൽത്തുസെന്ററിന് നാട്ടുകാരുടെ ശ്രമഫലമായി 10 കിടക്കകളുടെ സൗകര്യത്തോടുകൂടിയ കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞുവെങ്കിലും കിടക്ക നാളിതുവരെയായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വൈദ്യുതീകരിച്ചിരിന്നുവെങ്കിലും കെട്ടിടത്തിന്റെ ചോർച്ച കാരണം ഇത് നശിച്ചുകൊണ്ടിരിക്കുകയാണ്. ആശുപത്രിയിൽ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഏർപ്പെടുത്താൻ ആരോഗ്യവകുപ്പ് ഒടുവിൽ തയ്യാറായെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ വൈദ്യുതീകരണം പൂർത്തിയാകേണ്ടതുണ്ട്. ഒപ്പം ചുറ്റുമതിൽ കെട്ടി രോഗികളിൽ സുരക്ഷാബോധം ഉളവാക്കേണ്ടതുണ്ട്. ഇത് മെച്ചപ്പെടുത്താൻ ആവശ്യമായ ജനകീയ സമ്മർദ്ദം ഉണ്ടാവേണ്ടതുണ്ട്. ഒ.പി വിഭാഗത്തിൽ ചികിൽസ തേടിയെത്തുന്ന 1500 പേരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. 1995–96 ൽ 21, 522 രൂപയും 1996–97 24,432 രൂപയും ഔഷധ ഇനത്തിൽ ചിലവാക്കിയിട്ടുണ്ട്. മരുന്നിന്റേയും ഉപകരണങ്ങളുടേയും ദൌർലഭ്യം നിലനിൽക്കുന്നു.

ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി :-

നാട്ടുകാരുടെ ശ്രമഫലമായി സ്ഥാപിച്ച സ്വന്തം കെട്ടിടമുള്ള ആയുർവ്വേദ ഡിസ്പെൻസറി ഏറെ പ്രതീക്ഷയ്ക്ക് വക നൽകുന്നു. 2500 പ്രതിമാസ ഒ.പിയുള്ള ഡിസ്പെൻസറിയിൽ മരുന്നിന്റെ ദൌർലഭ്യം ഏറെയാണ്. മാത്രമല്ല ആവശ്യത്തിന് ലഭിക്കുന്നില്ലാന്നുള്ള പരാതിയുമുണ്ട്. കിടത്തി ചികിൽസിക്കാനാവശ്യമായ സംവിധാനത്തിനുവേണ്ടി പരിശ്രമം നടന്നുവരുന്നു. ചുറ്റുമതിൽ കെട്ടൽ, മോട്ടോർ സ്ഥാപിക്കൽ, വൈദ്യുതീകരണം തുടങ്ങിയ അടിയന്തിരമായി നിർവ്വഹിക്കേണ്ട പട്ടിക വലുതാണ്.

ആരോഗ്യവകുപ്പിന് ആവശ്യമായ രേഖകൾ കൈമാറാത്തതാണ് വൈദ്യുതീകരണത്തിനുള്ള തടസ്സമെന്ന് മനസ്സിലാക്കുന്നു. ഡോക്ടേഴ്സ് ക്വാർട്ടേസ് പണിതാൽ ഡോക്ടർമാരുടെ സേവനം കാര്യക്ഷമമായി ഉപയോഗപ്പെടുത്താം. പൊതുജന പങ്കാളിത്തത്തോടെ ആശുപത്രി കോമ്പോണ്ടിൽ ഔഷധത്തോട്ടം വെച്ചുപിടിപ്പിക്കുവുന്നതും ആലോചിക്കാവുന്നതാണ്.

സബ് - സെൻറർ, മീത്തലെ ചമ്പാട് :-

മീത്തലെ ചമ്പാട് , അഞ്ചാം വാർഡിൽ സ്വന്തമായി കെട്ടിടത്തിൽ സബ് സെൻറർ സ്ഥിതി ചെയ്യുന്നു. സ്ഥിരമായി ഒരു എ.എൻ.എം ഉണ്ട്. പ്രതിരോധകുത്തിവയ്പ്പും ഗർഭിണികൾക്കുള്ള പരിശോധനയും നടന്നുവരുന്നു.

സബ് സെൻറർ, മനേക്കര: -

മനേക്കരയിൽ ആറാം വാർഡിൽ വാടകകെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന സബ് സെൻററിന്റെ സ്ഥിതി ഏറെ പരിതാപകരമാണ്. 5 സെൻറ് സ്ഥലം കണ്ടെത്തിയാൽ സർക്കാർ കെട്ടിടമെടുക്കുന്ന സ്ഥിതിയുണ്ട്. ഇതിനുള്ള സാധ്യതകൾ ആരായണം. സ്ത്രീകളുടെ ആരോഗ്യ - സുരക്ഷാപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി അംഗൻവാടികൾ, 8 മഹിളാസമ്പൂർണ്ണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകളിൽ സ്ത്രീ പ്രാതിനിധ്യം ശ്രദ്ധേയമാണ്.

സർക്കാർ സ്ഥാപനങ്ങൾക്കുപുറമേ പഞ്ചായത്തിൽ 9 ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നു. 6പേർ അലോപ്പതിയും 2പേർ ഹോമിയോപ്പതിയും ഒരാൾ ആയുർവ്വേദവുമാണ്. നാടൻ വൈദ്യ ചികിൽസാരംഗത്ത് 5 പേർ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ ആയുർവ്വേദൗഷധ നിർമ്മാണ-വിതരണത്തിനുള്ള ലൈസൻസ് സർക്കാർ നൽകിയിട്ടുണ്ട്.

പകർച്ചവ്യാധികൾ :-

ഒരു കാലത്ത് നാട്ടിൽ നിന്ന് അപ്രത്യക്ഷമായ പല സാക്രമികരോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുന്നു. പോളിയോരോഗം മാത്രമാണിതിനപവാദം. കഴിഞ്ഞ കുറെ വർഷങ്ങളായി പോളിയോരോഗം പഞ്ചായത്തിൽ എവിടേയും പ്രത്യക്ഷപ്പെട്ടിട്ടില്ല. കൊതുകുമൂലം വരുന്ന മലമ്പനിയുടെ വർദ്ധനവും ശ്രദ്ധിക്കപ്പെടണം.

പട്ടിക H6

മലമ്പനി		
വർഷം	പന്ന്യന്നൂർ പഞ്ചായത്ത്	കണ്ണൂർ ജില്ല ★
1993 - 94	14	516
1994 - 95	16	702
1995 - 96	17	1012

★ അവലംബം:- പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം വികസന റിപ്പോർട്ട്

1996–97 ൽ ഇതിനകം 9 കേസ്സുകൾ റിപ്പോർട്ടുകൾ ചെയ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ വയറിക്കരോഗങ്ങളും കൂടിവരുന്നതായി കണക്കുകൾ കണ്ടുവരുന്നു. ജീവിതനിലവാരം മെച്ചപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ ഇത്തരം രോഗങ്ങൾക്കുള്ള കാരണം

ശുദ്ധജലക്ഷാമവും മറ്റ് അനാരോഗ്യ പരിതഃസ്ഥിതിയുമാണെന്ന് അനുമാനിക്കാം. മൊത്തം 2630 കിണറുകൾ ഉള്ളതിൽ 1430ലും വരൾച്ചാക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. ഇതുമായി ബന്ധപ്പെടുത്തി ഇക്കാര്യത്തെപ്പറ്റിയുള്ള പഠനം നടത്തേണ്ടതുണ്ട്. വിശദവിവരങ്ങൾക്ക് പട്ടികതാഴെ കൊടുക്കുന്നു.

പട്ടിക H7

വർഷം	റിപ്പോർട്ട് ചെയ്യപ്പെട്ട★ വയറിളക്ക രോഗങ്ങൾ
1994 - 95	80
1995 - 96	61
1996 - 97 Upto out '96	154

★അവലംബം health dept. statistics

കേന്ദ്രഗവൺമെൻറിൻെറ ഹൃസ്വകാല ക്ഷയരോഗപദ്ധതിയുടെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലയാണ്. നമ്മുടെ പ്രദേശത്തുള്ള ക്ഷയരോഗികൾക്ക് പാനൂർ പി.എച്ച്.സി മുഖാന്തരം വളരെ വിലകൂടിയതും മെച്ചപ്പെട്ടതുമായ ഔഷധങ്ങൾ ആരോഗ്യവകുപ്പ് ജീവനക്കാർ തന്നെ നേരിട്ട് എത്തിച്ചുകൊടുക്കുന്ന സംവിധാനമുണ്ടെങ്കിലും ഈ പഞ്ചായത്തിലെ ഒരു രോഗിയും നാളിതുവരെയായി ഇതുപയോഗപ്പെടുത്തീട്ടില്ല. പഞ്ചായത്തിൽ ആകെ കണ്ടെത്തിയ 9 കുഷ്ഠരോഗി കളിൽ ആറുപേരെ ഇതിനകം ചികിൽസിച്ച് ഭേദപ്പെടുത്തീട്ടുണ്ട്.

വിസർജ്ജ്യനിർമ്മാജ്ജന സൗകര്യങ്ങൾ: –

മെച്ചപ്പെട്ട വിസർജ്ജ്യനിർമ്മാജ്ജന സൗകര്യങ്ങൾ ഒരു ജനതയുടെ ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. സംസ്ഥാന ശരാശരിയേക്കാൾ വളരെ കൂടിയ ജനസാന്ദ്രതയുള്ള നമ്മുടെ പഞ്ചായത്തിലെ ഇത്തരം സൗകര്യങ്ങളെ കുറിച്ചുള്ള പഠനങ്ങൾ അത്യാവശ്യമാണ്. കക്കൂസുകളെ കുറിച്ച് പഞ്ചായത്ത് നടത്തിയ ഒരു പഠനം കാണിക്കുന്നത് ആകെ 5021 വീടുകളിൽ 195 എണ്ണത്തിൽ കക്കൂസുകൾ ഇല്ല എന്നതാണ്. ഇത് കേവലം 4 ശതമാനം മാത്രമേ വരികയുള്ളൂ എങ്കിലും പകർച്ചവ്യാധികളുടെ വ്യാപനത്തിന് ഇതുതന്നെ ധാരാളമാണ്. 1988 ലെ കെ.എസ്.ഐയുടെ പഠനത്തിൽ ഗ്രാമപ്രദേശത്തെ വീടുകളിൽ 22 ശതമാനത്തിൽ മാത്രമെ കക്കൂസുകൾ ഉള്ളൂഎന്നാണ് കണക്ക്. ഇക്കാര്യത്തിൽ നാം വളരെ മുന്നോട്ടാണെങ്കിലും നിലവിലുള്ള സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. പൊതു സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ സ്ഥാപിക്കുന്നത് പരിഗണിക്കപ്പെടേണ്ടതാണ്.

മാലിന്യങ്ങൾ:–

പൊതുവായ സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് ഇട പെടാറില്ല. പഞ്ചായത്തിൽ സ്വീപ്പർ തസ്തിക നിലവിലുണ്ടെങ്കിലും പൊതു സ്ഥലങ്ങൾ വൃത്തിയാക്കാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കിയിട്ടില്ല. ബസാറുകളിൽ ഖരമാലിന്യങ്ങൾ പ്രധാനപ്പെട്ട പ്രശ്നങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. തൊഴിലുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ ഏറെയില്ല.കാരണം വ്യവസായ സ്ഥാപനങ്ങൾ ഇല്ല എന്നതു കൊണ്ടുതന്നെ.

കുടുംബക്ഷേമം :–

ചെറിയ കുടുംബം എന്ന ആശയത്തിന് മെച്ചപ്പെട്ട പ്രചാരണം സിദ്ധിച്ച ഒരു പഞ്ചായത്താണ് നമ്മുടേത്. ഉയർന്ന സ്ത്രീ സാക്ഷരതയും (93.11 ശതമാനം) വളരെ താഴ്ന്ന ശിശുമരണ നിരക്കും ഇതിനെ സ്വാധീനിച്ച ഘടകങ്ങളാവാം. പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക H8

(സ്ഥിര കുടുംബാസൂത്രണ മാർഗ്ഗം)			
ദമ്പതികളുടെ എണ്ണം	പി.പി.എസ് ചെയ്തത്	വാസക്ടമി ചെയ്തത്	ശതമാനം
2883	1140	49	41.24%
EC Register HD			

സ്ഥിരമായുള്ള കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച പുരുഷന്മാരുടെ ശതമാനം 1.69 മാത്രമാണ്.

രോഗ പ്രതിരോധ പ്രവർത്തനം :–

6 മാരകരോഗങ്ങളായ ടെറ്റനസ്, ഡഫ്റ്റീരിയ, വില്ലൻചുമ, പോളിയോ, ക്ഷയം, മീസൽസ് എന്നിവയ്ക്കുള്ള വാസിനുകൾ മുഴുവൻ കുട്ടികൾക്കും നൽകിയിട്ടുണ്ട്. പൾസ് പോളിയോ പദ്ധതിയുടെ കീഴിൽ പഞ്ചായത്തിലെ 5 വയസ്സ് പ്രായമായ മുഴുവൻ (1538) കുട്ടികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അമ്മമാർക്കുള്ള ടെറ്റനസ്സിന് എതിരായ വാക്സിനും എല്ലാവരും എടുത്തുവരുന്നുണ്ട്.

നമ്മുടെ ആരോഗ്യ മാതൃകകളുടെ അടിത്തറ ദുർബലമാണെന്നോർക്കുക. നാം കൈവരിച്ച നേട്ടങ്ങൾ ഓരോന്നായി ഇല്ലാതാകുകയും പുതിയ പ്രശ്നങ്ങൾ ഉടലെടുക്കുകയുമാണ്. ചികിൽസാ ച്ചെലവ് ക്രമാതീതമായി വർദ്ധിച്ചുവരുന്നു.

സ്വകാര്യമേഖലയിൽ ഹൈ-ടെക് ആരോഗ്യ മേഖല കൈയ്യടക്കിയിരിക്കുന്നു. പൊതുമേഖല പിൻതള്ളപ്പെടുന്നു. പൊതുജനപങ്കാളിത്തത്തോടെ ശ്രദ്ധാപൂർവ്വം രൂപപ്പെടുന്ന ആരോഗ്യനയങ്ങളിലൂടെ ആരോഗ്യമുള്ള ഒരു ജനതയെ [illegible]ത്തെടുക്കാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ:-

1) പന്ന്യന്നൂർപി.എച്ച്.സി യിൽ വാർഡ് തുറന്നു പ്രവർത്തിക്കുന്നില്ല.
2) ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങളില്ല.
3) അരയാക്കൂലിൽ പി.എച്ച്.സി സബ് സെൻറർ ആവശ്യമാണ്.
4) ആശുപത്രികൾ ഒ.പി ടിക്കറ്റിനും കവറിനും ഏറെ ബുദ്ധിമുട്ടുന്നു.
5) പാനൂർ പി.എച്ച്.സി യിൽ [illegible]നെക്കോളജിസ്റ്റ് ഇല്ല.
6) പന്ന്യന്നൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ല.
7) ബസാറുകൾ കേന്ദ്രീകരിച്ച് ഖരമാലിന്യങ്ങൾ വർദ്ദിക്കുന്നു.
8) കൊതുക് ശല്യം വ്യാപകമാവുന്നു.
9) ഓവുചാലുകൾ പ്രശ്നം സൃഷ്ടിക്കുന്നു.
10) കുട്ടികളിൽ പോഷണക്കുറവ് കണ്ടുവരുന്നു.
11) വയറിളക്ക രോഗങ്ങൾ കൂടിവരുന്നു.
12) പി.എച്ച്.സി മരുന്നുകൾക്ക് ദൗർലഭ്യം കണ്ടുവരുന്നു.
13) സബ് സെൻററുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

സാധ്യതകൾ: -

1) പന്ന്യന്നൂർ പി.എച്ച്.സി യിൽ വാർഡ് തുറന്ന് പ്രവർത്തിക്കാൻ വേണ്ടി പി.ഡബ്ല്യു.ഡി യുമായി ബന്ധപ്പെട്ട് വാർഡ് വൈദ്യുതീകരിക്കണം. ആശുപത്രിക്ക് ചുറ്റ് മതിൽ കെട്ടണം.
2) പി.എച്ച്.സി കെട്ടിടത്തിൻെറ ചോർച്ച തടയാനുള്ള നടപടികൾ സ്വീകരിക്കണം.
3) 5000 ജനസംഖ്യക്ക് ഒരു സബ് സെൻററെന്ന നിലയ്ക്ക് നമ്മുക്കർഹതപ്പെട്ട ഒരു സബ് സെൻറർ അരയാക്കൂലിൽ ആരംഭിക്കാം.
4) മയക്ക് മരുന്നുപയോഗം [illegible]ബോധവൽക്കരണം വേണം.
5) ആശുപത്രി വികസനസമിതി മുഖേന ഒ.പി ടിക്കറ്റിന് ഒരു രൂപ വച്ച് വാങ്ങിയാൽ സ്റ്റേഷനറി/ ഗുളിക പൊതിയാനുള്ള കവർ മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കാം.
6) പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറിയ്ക്ക് സാധ്യതയുണ്ട്. പറ്റിയ സ്ഥലം കണ്ടെത്തണം.
7) ഖരമാലിന്യങ്ങൾ നീക്കം ചെയ്യാൻ പൊതുജനസഹകരണത്തോട് കൂടിയുള്ള സംവിധാനങ്ങൾ രൂപം കൊടുക്കണം.
8) ഓടകൾ കാലവർഷത്തിന് മുൻപ് വൃത്തിയാക്കണം. ഓടയിൽ ചപ്പ് ചവറുകളും ഖരമാലിന്യങ്ങളും നിക്ഷേപിക്കുന്നത് തടയണം.
9) സ്കൂൾ അംഗൻവാടി ഉച്ചഭക്ഷണ പരിപാടി പോഷകാഹാര കുറവ് പരിഹരിക്കുംവിധം ശക്തിപ്പെടുത്തണം.
10) കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിനുള്ള പരിപാടികൾ വേണം.
11) ഔഷധങ്ങളുടെ സംഭരണ-വിതരണ സംവിധാനങ്ങൾ ജില്ലാതലത്തിൽ ശക്തിപ്പെടുത്തി ആവശ്യമായ മരുന്ന് വിതരണം ചെയ്യണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) പഞ്ചായത്തിനെ പേവിമുക്തമാക്കാൻ വേണ്ട നടപടിയുണ്ടാവണം.
2) പാനൂർ ആശുപത്രിയിൽ രാത്രി ഡോക്ടർ ഉണ്ടാവണം
3) താഴെ ചമ്പാട് ആയുർവ്വേദ ഡിസ്പെൻസറിക്ക് ചുറ്റു മതിൽ കെട്ടുകയും രോഗികളെ കിടത്തി ചികിൽസിക്കാനാവശ്യമായ സംവിധാനമുണ്ടാക്കുകയും ചെയ്യണം. കിഴി, പിഴിച്ചിൽ, വസ്തി തുടങ്ങിയ ചികിൽസാ മാർഗ്ഗങ്ങൾ രോഗികൾക്ക് ഉപയോഗപ്പെടുത്താൻ കഴിയും.
4. പന്ന്യന്നൂരിൽ പ്രവർത്തിക്കുന്ന അലോപ്പതി ആശുപത്രിയുടെ കീഴിൽ ഒരു ഒ. പി സബ്സെൻറർ എന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിക്കുക.
5. പന്ന്യന്നൂർ പഞ്ചായത്തിൽ നിലവിലുള്ള ആശുപത്രിയുടെ ഗുണം പൊതുജനങ്ങൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല. ഈ സ്ഥാപനം വൈദ്യുതീകരിക്കുക, ചുറ്റുമതിൽ കെട്ടുക, ആവശ്യമായ സ്റ്റാഫിനെ നിയമിക്കുക, അവർക്കാവശ്യമായ ക്വാർട്ടേഴ്സും മറ്റു സൗകര്യങ്ങളും ഒരുക്കുക, അത്യാവശ്യ മരുന്നുകളും മറ്റുസൗകര്യങ്ങളും ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ ചെയ്ത് ആശുപത്രി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വളർത്തിയെടുക്കണം.
6. താഴെ ചമ്പാട് ആയുർവ്വേദ ഡിസ്പെൻസറിയിൽ പ്രാദേശികമായ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പ് അധികൃതരുമായി

ബന്ധപ്പെടുക. ആയുർവ്വേദ ഡിസ്പെൻസറി കോമ്പൗണ്ടിൽ പച്ചമരുന്ന് തോട്ടം വെച്ച്പിടിപ്പിക്കുക.

7. കഴിയുന്നത്ര പ്രദേശങ്ങളിൽ മറ്റ് കൃഷിയുടെ കൂടെത്തന്നെ ഔഷധ സസ്യങ്ങൾ വെച്ച് പിടിപ്പിക്കുക. നല്ല വരുമാനമുണ്ടാകുന്ന കൃഷിയാണ്.

8. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക.

9. താഴെചമ്പാട് 152 മീറ്റർ ഓവുചാൽ ഇപ്പോൾ അഴുക്കുചാലായിട്ടാണ് ഉപയോഗിച്ചു വരുന്നത്. ഇതുകാരണം കൊതുക് ശല്യവും ദുർഗന്ധവും പെരുകിയിട്ടുണ്ട്. അനാരോഗ്യകരമായ ഈ അവസ്ഥ അവസാനിപ്പിക്കാൻ വേണ്ടത് ചെയ്യണം.

10. പുകവലി, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ മൂലമുണ്ടാകുന്ന മാരക രോഗങ്ങളെപറ്റി ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

11. കൊതുക് നിവാരണം ഫലപ്രദമായി നടത്തുക.

12. പഞ്ചായത്തിൽ പ്രധാന ബജാറിൽ പൊതു മൂത്രപ്പുര നിർമ്മിക്കണം.

13. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പ്, രോഗനിർണ്ണയക്യാമ്പുകൾ എന്നിവ നടത്താൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

14. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അറവുമായി ബന്ധപ്പെട്ടുള്ള മാലിന്യങ്ങൾ വേണ്ട രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യാത്തതു കാരണം ആരോഗ്യ പ്രശ്നങ്ങൾ നിലനില്ക്കുന്നു. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി ഉണ്ടാകണം.

15. കക്കൂസ് ഇല്ലാത്ത വീടുകളിൽ പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ചുകൊടുക്കുവാനുള്ള നടപടിയുണ്ടാകണം.

16. സ്കൂൾ കുട്ടികളുടെ രക്തഗ്രൂപ്പ് നിർണ്ണയിച്ച് കാർഡ് കൊടുക്കണം. വിദ്യാലയങ്ങളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപിക്കുകയും അദ്ധ്യാപകർക്കും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കും . പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകുകയും ചെയ്യുക.

17. പഞ്ചായത്തിൽ പൊതു ശ്മശാനം സ്ഥാപിക്കുക.

18. ഹോട്ടലുകൾ, ചായക്കടകൾ മറ്റ് വ്യാപാര സ്ഥാപനങ്ങൾ. എന്നിവയ്ക്ക് മാലിന്യം നിക്ഷേപിക്കുവാനുള്ള സൗകര്യം നിയമംമൂലം ഉറപ്പുവരുത്തുക.

19. ആരോഗ്യ പ്രവർത്തകരുടെ ഗൃഹ സന്ദർശനം ചിട്ടപ്പെടുത്തുക.

20. പരിസര മലിനീകരണത്തെക്കുറിച്ച് ബോധവല്ക്കരണ പ്രവർത്തനം സംഘടിപ്പിക്കുക.

സാംസ്കാരികം

മഹത്തായ സ്വന്തം പാരമ്പര്യത്തിന്റെ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് വെള്ളവും വളവും വലിച്ചെടുത്ത് വേണം പുതിയ തലമുറ വളരേണ്ടത്. പാരമ്പര്യമായ എന്തിനേയും നിഷേധിക്കുകയും പാശ്ചാത്യമായ എന്തിനേയും കെട്ടിപ്പുണരുകയും ചെയ്യുന്ന നമ്മുടെ യാത്ര സാംസ്കാരിക രംഗത്തെ പുരോഗമനമല്ലെന്ന് പുതിയ തലമുറ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു നാടിന്റെ സാംസ്കാരിക ചരിത്രം ആ പ്രദേശത്ത് ജീവിച്ച് മൺമറഞ്ഞ് പോയ മഹൽ വ്യക്തികളുടെ ജീവചരിത്രമായും അവിടെ നിലവിലുണ്ടായിരുന്ന ഭരണക്രമം, ആചാരങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയവയായും ബന്ധപ്പെട്ട് കിടക്കുന്നു. ഈ വിധത്തിൽ പരിശോധിക്കുമ്പോൾ വടക്കേ മലബാറിന്റെ സാംസ്കാരിക തലസ്ഥാനം എന്ന് വിശേഷിപ്പിക്കാവുന്ന തലശ്ശേരിയുമായി വളരെ അടുത്ത് സ്ഥിതിചെയ്യുന്ന പന്ന്യന്നൂർ പഞ്ചായത്ത് സാംസ്കാരിക രംഗത്ത് മോശമല്ലാത്ത ഒരു ചരിത്രത്തിന്റെ സൂക്ഷിപ്പ്കേന്ദ്രമായിരുന്നു എന്ന് വിശേഷിപ്പിക്കാം.

സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ സജീവമായ ഒരു സമരമുഖമായിരുന്നു പന്ന്യന്നൂർ. മൊയാരത്ത് ശങ്കരൻ തൊട്ടടുത്ത ചൊക്ലി പഞ്ചായത്തിൽപെട്ട നിടുമ്പ്രം സ്വദേശി ആയിരുന്നു എങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തന കേന്ദ്രം പന്ന്യന്നൂർ ആയിരുന്നു. പന്ന്യന്നൂർ പഞ്ചായത്തിലെ ഇപ്പോഴത്തെ അരയാക്കൂൽ യു.പി. സ്കൂൾ അങ്കണത്തിൽ വച്ച് 1937 ൽ നടന്ന വടക്കേ മലബാർ ജില്ലാ രാഷ്ട്രീയ സമ്മേളനം മൂന്ന്ദിവസം നീണ്ടുനിന്ന ഒരു സമ്പൂർണ്ണ സമ്മേളനം ആയിരുന്നു. തറമ്മൽ കൃഷ്ണൻ പ്രസിഡണ്ടും ടി.എൻ.ഗോവിന്ദൻ അടിയോടി സെക്രട്ടറിയും ആയിരുന്നു. സി.എച്ച്.കണാരൻ, ദിനകർ മേത്ത, എ.കെ.ജി, ഇ.എം.എസ് തുടങ്ങിയ കോൺഗ്രസ്സിന്റെ പ്രമുഖ നേതാക്കൾ ഈ സമ്മേളനത്തിൽ സജീവമായി പങ്കെടുത്തു. സമ്മേളനത്തിന്റെ ജീവനാഡിയും ശിൽപിയും മൊയാരത്ത് ശങ്കരൻ ആയിരുന്നു. ഈ സമ്മേളനത്തോടനുബന്ധിച്ച് യാഥാസ്ഥിതിക ജാതിചിന്തകൾക്ക് എതിരായ വമ്പിച്ച ഒരു മുന്നേറ്റം ഇവിടെ നടക്കുകയുണ്ടായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. സമ്മേളനത്തിന്റെ സ്വാഗത സംഘം സെക്രട്ടറിയായിരുന്ന ടി.എൻ.ഗോവിന്ദൻ അടിയോടിയുടെ മിശ്രവിവാഹം വമ്പിച്ച ചലനങ്ങൾ സൃഷ്ടിച്ചു. തൊട്ടുകൂടായ്മക്കെതിരെ പഞ്ചായ

ത്തിന്റെ ചില ഭാഗങ്ങളിൽ ഒരു വെല്ലുവിളി എന്ന നിലയിൽ മിശ്ര ഭോജനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. ഈ സംഭവം പന്ന്യന്നൂരിന്റെ ചക്രവാളത്തിൽ വരുത്തിയ മാറ്റം ചില്ലറയല്ല. മിശ്ര ഭോജനത്തിൽ പങ്കെടുത്ത നായർ ചെറുപ്പക്കാർക്ക് യാഥാസ്ഥിതിക വിഭാഗത്തിന്റെ വലിയ എതിർപ്പിനെ നേരിടേണ്ടി വന്നു. സാമൂഹ്യ ബഹിഷ്കരണം അടക്കം പല ശിക്ഷാമുറകളും മിശ്രഭോജനത്തിൽ പങ്കെടുത്തവർക്കെതിരെ നടപ്പിലാക്കി. ഈ യുവതലമുറയുടെ നേതൃത്വം മൊയാരത്ത് ശങ്കരനും, ടി.എൻ.ഗോവിന്ദൻ അടിയോടിക്കും ആയിരുന്നു. രണ്ടുപേരും ബ്രണ്ണൻ കോളേജിൽ പഠിക്കുമ്പോൾ കോളേജിൽ നിന്ന് പുറത്താക്കപ്പെട്ടു. പ്രിൻസിപ്പലിനെ " തൊപ്പിയില്ലാത്ത പോലീസുകാരൻ " എന്ന് ആക്ഷേപിച്ച് പൊതുവേദിയിൽ പ്രസംഗിച്ചതിനാണ് മൊയാരത്ത് ശങ്കരനെ കോളേജിൽനിന്നും ഡിസ്മിസ് ചെയ്യുന്നത്. 1934-ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടു. 'ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്' എന്ന പേരിൽ മൊയാരത്ത് ശങ്കരൻ എഴുതിയ കോൺഗ്രസ്സിന്റെ ചരിത്രം അക്കാലത്തെ സംബന്ധിച്ച യഥാർത്ഥ വിവരം നൽകുന്നു. ഇന്നും ഒരു ചരിത്രം എന്ന നിലയിൽ പ്രസ്തുത ഗ്രന്ഥത്തിന്റെ ആധികാരികത ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. 1948 ൽ ഒളിവിൽ കഴിയുന്ന കാലത്ത് പോലീസ് മർദ്ദനമേറ്റാണ് അദ്ദേഹത്തിന്റെ അന്ത്യം സംഭവിക്കുന്നത്.

ടി.എൻ.ഗോവിന്ദൻ അടിയോടിയുടെ പൊതുപ്രവർത്തന ചരിത്രത്തിൽ തലശ്ശേരി താലൂക്ക് ഓഫീസിന്റെ മുകളിൽ ദേശീയപതാക ഉയർത്തിയ സംഭവം തങ്കലിപികളാൽ രേഖപ്പെടുത്തേണ്ടതാണ്. പോലീസിനെ മുൻകൂട്ടി അറിയിച്ചിരുന്നു. പുലർകാലത്ത് കെട്ടിടത്തിന്റെ മുകളിൽ ഒളിച്ചിരുന്ന് യൂനിയൻ ജാക്ക് താഴ്ത്തി ദേശീയ പതാക ഉയർത്തിയത് ടി.എൻ.ഗോവിന്ദൻ അടിയോടിയായിരുന്നു. മൊയാരത്ത് ശങ്കരന്റെ അനുചരനും പിൻഗാമിയുമായിട്ടാണ് തായാട്ട് ശങ്കരൻ പൊതുരംഗത്തേക്ക് കടന്നു വരുന്നത്. പന്ന്യന്നൂരിന്റെ രാഷ്ട്രീയ സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കേ കെ.കേളപ്പന്റെ നിർബന്ധത്തിന്റെ ഫലമായിട്ടാണ് തായാട്ടിന്റെ പ്രവർത്തനം കോഴിക്കോട്ടേക്ക് മാറ്റിയത്.

1946- ൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ ചമ്പാട് വച്ച് നടന്ന അഖില മലബാർ വിലനിയന്ത്രണ സമ്മേളനവും എടുത്ത് പറയേണ്ടതാണ്. സഖാവ്. കൃഷ്ണപിള്ളയും മറ്റും ഈ സമ്മേളനത്തിൽ സജീവമായി പങ്കെടുത്തു. സി.എച്ച്.കണാരൻ, സർദാർചന്ത്രോത്ത് കുഞ്ഞിരാമൻ നായർ, എം.കെ.കേളു, ഇമ്പിച്ചിബാവ തുടങ്ങിയ പ്രമുഖ നേതാക്കൾ ഇതിൽ പങ്കെടുക്കുകയുണ്ടായി. ഇത്തരം സമ്മേളനങ്ങളും ഇതിനൊക്കെ സാക്ഷ്യം വഹിച്ച നേതാക്കളും പന്ന്യന്നൂരിന്റെ സാംസ്കാരിക ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിക്കുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടു നടന്ന അധ്യാപക പ്രക്ഷോഭങ്ങളെയും സാംസ്കാരിക ചരിത്രത്തിൽ വിസ്മരിക്കാവുന്നതല്ല. ബ്രിട്ടീഷ് വാഴ്ചക്കെതിരായിട്ടുള്ള പ്രത്യക്ഷ സമരത്തിന്റെ ഭാഗമായിട്ടുള്ള ' ഗുരുജന സമാജം' പിക്കറ്റ് ചെയ്തതിന് അദ്ധ്യാപക നേതാക്കളെ 6 മാസം കഠിന തടവിന് ശിക്ഷിക്കപ്പെട്ടു. കെ.കെ.വേലായുധൻ അടിയോടി, അച്ചായി ടീച്ചർ, പി.വി.വേണുനമ്പ്യാർ, പാതിരിയാട് കുമാരൻ മാസ്റ്റർ പാനേൻറവിട അബ്ദുൾറഹ്മാൻ മാസ്റ്റർ എന്നീ നേതാക്കൾ ഈ ശിക്ഷയനുഭവിച്ച ഈ നാട്ടുകാരാണ്. അദ്ധ്യാപക സമരത്തെതുടർന്ന് പലരുടേയും സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുകയും ജോലിയിൽനിന്ന് പിരിച്ചുവിടപ്പെടുകയും ചെയ്തു. അദ്ധ്യാപക പ്രസ്ഥാനത്തിന്റെ സമുന്നത നേതാക്കൾ പ്രവർത്തനം കേന്ദ്രീകരിച്ചത് പന്ന്യന്നൂർ പഞ്ചായത്തിലെ, ചമ്പാട് പ്രദേശവുമായി ബന്ധപ്പെട്ടാണ്. കെ.എം.കൃഷ്ണൻ മാസ്റ്റർ മൊകേരി പഞ്ചായത്തുകാരനായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലം പന്ന്യന്നൂരായിരുന്നു. കെ.എസ്. പാലായി (കുറ്റിയിൽ ശങ്കരൻ മാസ്റ്റർ) ആണ്ടി നാരായണൻ മാസ്റ്റർ, കെ.അനന്തൻ മാസ്റ്റർ തുടങ്ങി എത്രയോ പ്രമുഖ വ്യക്തികൾ അദ്ധ്യാപക പ്രസ്ഥാനവുമായി ബന്ധപ്പെട്ടതിന്റെ പേരിൽ തിക്തഫലങ്ങൾ അനുഭവിച്ചവരാണ്. മലബാർ എയിഡഡ് പ്രൈമറി ടീച്ചേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറിയായി കെ.കെ.വേലായുധൻ അടിയോടി തന്റെ 14ാമത്തെ വയസ്സിൽ ചമ്പാട് എലിമെൻററി സ്കൂളിൽ അദ്ധ്യാപകനായി ജോലിനോക്കി. ട്രെയിനിംഗിന് ശേഷം കുന്നുമ്മൽ സ്കൂളിൽ അദ്ധ്യാപകനായി.

ജ്യോതിഷം, വൈദ്യം, സാഹിത്യം, ചിത്രരചന തുടങ്ങിയ രംഗത്ത് മായാത്ത വ്യക്തിമുദ്രകൾ പതിപ്പിച്ച മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ പ്രഗല്ഭ വ്യക്തികൾ ഈ പഞ്ചായത്തിലുണ്ട്. സംസ്കൃത വിദ്യാ പാരംഗതനും ജ്യോതിശാസ്ത്ര വിദഗ്ദനുമായ മനയിൽ ഗോവിന്ദൻ ഗുരുക്കൾ, ഹൈക്കോടതി റജിസ്ട്രാർ ആയിരുന്ന ടി.എം.കൃഷ്ണൻ നമ്പ്യാർ, ജ്യോതിഷ പണ്ഡിത

നായ ആലക്കാടൻറവിട കോരൻ ഗുരുക്കൾ, രാമർ ഗുരുക്കൾ കളരി അഭ്യാസത്തിൽ അസാമാന്യ പ്രതിഭയായിരുന്ന ചമ്പേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ, വൈദ്യശാസ്ത്ര രംഗത്ത് പ്രശോഭിച്ചിരുന്ന മണിയമ്പത്ത് ചാത്തുഗുരുക്കൾ, നേത്ര വിദഗ്ദനായിരുന്ന മണിയമ്പത്ത് കുമാരൻ മാസ്റ്റർ, ചന്ത്രോത്ത് തമ്പുരാൻറെ സാഹിത്യ സായാഹ്ന ങ്ങളിൽ സന്ദർശകനായി എത്താറുള്ള സരസശ്രുത കവി കെ.സി. എന്നീ മൺമറഞ്ഞവരും ചിത്രരചനാ രംഗത്ത് അഖിലേന്ത്യാ പ്രശസ്തിനേടിയ വ്യക്തിയും കേരള ലളിതകലാ അക്കാദമിയുടെ ചെയർമാൻ പദം അലങ്കരിച്ചിരുന്ന വ്യക്തിയും പ്രമുഖ വാസ്തുശില്പിയും ആയ എം.വി.ദേവൻ ഈ പഞ്ചാ യത്ത്കാരൻ ആണ് എന്നുള്ളത് ദേശവാസികൾക്ക് അഭിമാനിക്കാനുള്ള വകനൽകുന്നു. കേരളത്തിലെ പ്രമുഖ റേഡിയോനാടകകൃത്തും നിരവധി ബാലസാഹിത്യ കൃതികളുടെ ഉപജ്ഞാതാവും അദ്ധ്യാപകർക്കുള്ള ദേശീയ അവാർഡ് നേടിയ പഞ്ചായത്തിലെ വ്യക്തിയുമായ " കെ.തായാട്ട് " എന്നപേരിൽ അറിയപ്പെടുന്ന തായാട്ട് കുഞ്ഞനന്തൻ മാസ്റ്റർ ഈ പ്രദേശത്തുകാരനാണ്."കേരളത്തിലെ ആഫ്രിക്ക" "കേരളത്തിലെ അമേരിക്ക" എന്നീ പ്രസിദ്ധ ഗ്രന്ഥങ്ങളുടെ കർത്താവായ കെ.പാനൂർ, സർക്കസ് രംഗത്തെ പരാമർശിക്കുന്ന നിരവധി കഥകൾ എഴുതി പൊതുജനശ്രദ്ധ ആകർഷിച്ച ശ്രീധരൻ ചമ്പാട്, ബാലസാഹിത്യ കൃതികളും സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ആധികാരിക ഗ്രന്ഥങ്ങളും രചിച്ച പന്ന്യന്നൂർ ഭാസി തുടങ്ങിയ സാഹിത്യകാരൻമാരും ഈ പഞ്ചായത്തുമായി ബന്ധപ്പെട്ടുകിടക്കുന്നു.

സംസ്ഥാനത്തിൻറെ അകത്തും പുറത്തുമായി ഭരണ നിർവ്വഹണ തസ്തികകളിൽ ജോലിചെയ്യുന്ന പലരും ഈ പഞ്ചായത്തിൽ ഉണ്ട്. വർത്തമാനകാല സംസ്കാരവുമായി ബന്ധപ്പെട്ടുകിടക്കുന്ന നിരവധി സാംസ്കാരിക സ്ഥാപനങ്ങളേയും ഇവിടെ പരിശോധനാ വിഷയമാക്കേണ്ടതുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് ഗ്രന്ഥശാലാ പ്രസ്ഥാനം. അനൗപ ചാരിക വിദ്യാഭ്യാസ രംഗത്ത് സ്തുത്യർഹമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഗ്രന്ഥശാലാ സംഘത്തിനേറെയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിനേറെയും നിരവധി പ്രവർത്തകൻമാർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക സംഘടന എന്ന് വിശേഷിപ്പിക്കാവുന്ന ഗ്രന്ഥശാലാ സംഘത്തിൻറെ അദ്ധ്യക്ഷസ്ഥാനം ഒരുകാലത്ത് അലങ്കരിച്ചിരുന്നത് ഈ പഞ്ചായത്തിലെ സുപ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണനും സാഹിത്യ നിരൂപകനും ആയിരുന്ന പ്രൊഫസർ തായാട്ട് ശങ്കരൻ ആയിരുന്നു. ദേശീയ പ്രക്ഷോഭത്തിൻറെ തീ വെളിച്ചത്തിൽ പിറന്നുവീണ ഈ അക്ഷരകൂട്ടങ്ങൾ നാടിൻറെ മുക്കിലും മൂലയിലും സ്ഥാപിച്ച വായനപുരകൾ ജനങ്ങളെ വിജ്ഞാനത്തിലേക്ക് നയിക്കുക മാത്രമല്ല അവരുടെ കർമ്മശേഷി നാടിൻറെ പുരോഗതിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനും വലിയ ശക്തിയായി പ്രവർത്തിച്ചു. നമ്മുടെ പഞ്ചായത്തിലും നിരവധി വായനമുറികൾ ഇക്കാലത്ത് സ്ഥാപിച്ചു. കെട്ടിട ഉടമകൾക്ക് വാടക നൽകാനുള്ള സാമ്പത്തിക വൈഷമ്യം. പത്രമാസികകൾ സംഭാവനയായി ലഭിക്കാനുള്ള വിഷമം, പ്രവർത്തകന്മാരുടെ അഭാവം എന്നിവ കൊണ്ട് ഇവയിൽ പലതിനേറെയും പ്രവർത്തനം പിൽകാലത്ത് നിലച്ചുപോവുകയു ണ്ടായി. ഗ്രന്ഥശാലാ സംഘത്തിൻറെ എഫിലിയേ ഷൻ ലഭിച്ച മൂന്ന് ഗ്രന്ഥാലയങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയിൽ രണ്ടെണ്ണം ബി ഗ്രേഡിലും ഒരെണ്ണം സി ഗ്രേഡിലും പെട്ടതാണ്. ഇതിനുപുറമെ മണിയമ്പത്ത് കുമാരൻ മാസ്റ്റർ സ്മാരകമായി മനേക്കരയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഗ്രന്ഥാലയവും അടുത്തകാലത്ത് പഞ്ചായത്ത് 2-ാം വാർഡിൽ പ്രവർത്തനം ആരംഭിച്ച സാംസ്കാരിക നിലയവുമാണ് ഔപചാരികമായ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഗ്രന്ഥാലയ ങ്ങൾ. ഇതിനുപുറമെ മാക്കുനി, കുണ്ടുകുളങ്ങര, പെരിയാണ്ടി തുടങ്ങിയ സ്ഥലങ്ങളിൽ ജനസഹ കരണത്തോടെ നടത്തപ്പെടുന്ന വായനശാലകളും ഉണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല ക്ലബ്ബുകളിലും വായനാസൗകര്യം ഏർപ്പെടുത്തിയി ട്ടുണ്ട്. ജനങ്ങളുടെ വായനാശീലം പ്രത്യേകിച്ച് ഗ്രന്ഥപാരായണം പഞ്ചായത്തിൽ കുറഞ്ഞുവരുന്നു. പത്രമാസിക പാരായണം താരതമ്യേന വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മിക്ക വീടുകളിലും ഒരു പത്രം എങ്കിലും വരുത്തുന്നു. 1980ഓടുകൂടി ഇലക്ട്രോണിക് മാധ്യമങ്ങൾ ഈ രംഗത്ത് ഉണ്ടാക്കിയ വിസ്ഫോടനം ഈ പഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട്. " ഗ്രന്ഥശാലകൾ നാടിൻറെ വിജ്ഞാന കേന്ദ്രങ്ങൾ" എന്നത്കൊണ്ട് പൊതുജന പങ്കാളിത്തത്തോടെ ഗ്രന്ഥശാലയുടെ പ്രവർത്തനം പഞ്ചായത്തിൽ ഇനിയും പുരോഗമിപ്പിക്കേണ്ടതുണ്ട്. ഗ്രന്ധശാലാ പ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്ക് തുലോം മോശമാണ്. ഇത് പരിഹരിക്കപ്പെടണം.

ഐക്യകേരളത്തിൻറെ 4 പതിറ്റാണ്ട് കാലത്തെ അന്ത്യദശയിലെ എടുത്തുകാട്ടപ്പെടേണ്ട നേട്ടമാണ് 1990ൽ അവസാനം നടപ്പിലാക്കിയ

സമ്പൂർണ്ണ സാക്ഷരത. ഈ സാക്ഷരതാ പ്രവർത്തനത്തിൽ ജാതി മത രാഷ്ട്രീയ ചിന്തകൾ മറന്ന് എല്ലാവരും ഒരേലക്ഷ്യത്തിനുവേണ്ടി ഒരേമനസ്സോടെ പ്രവർത്തിച്ചു എന്നത് എടുത്തുപറയാവുന്ന കാര്യമാണ്. അഭ്യസ്ഥവിദ്യരായ നിരവധി യുവതീയുവാക്കൾ പുതുതായി സാമൂഹ്യരംഗത്തേക്ക് ഈ പഞ്ചായത്തിൽ കടന്നുവന്നു എന്നത് ഈ പ്രസ്ഥാനത്തിന്റെ മറ്റൊരു നേട്ടമാണ്. പക്ഷെ ഈ ഉണർവ്വും ആവേശവും വേണ്ടപോലെ ഉപയോഗപ്പെടുത്താൻ തുടർസാക്ഷരതാ പരിപാടിക്ക് കഴിഞ്ഞില്ല. പഞ്ചായത്തിൽ രണ്ടിടത്ത് ജനവിദ്യാകേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും മറ്റ് ഒരു പ്രവർത്തനവും നടന്നില്ല എന്നതാണ് സത്യം. പഞ്ചായത്തിൽ സാക്ഷരത നേടിയ നൂറുകണക്കിനാളുകൾ വീണ്ടും നിരക്ഷരതയിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്നു. ഇതിന് ഒരു പരിഹാരം ഉണ്ടാക്കപ്പെടേണ്ടതാണ്.

കലാസമിതികൾ :

നാടിന്റെ തനത് കലയെ സംരക്ഷിക്കുക, തദ്ദേശവാസികളുടെ കലാഭിരുചികളെ വളർത്തിയെടുക്കുക, താൽപര്യമുള്ള പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകുക ഇവയൊക്കെയാണ് ഒരു പ്രദേശത്തെ ഗ്രാമീണ കലാസമിതികൊണ്ട് ഉദ്ദേശിക്കുന്നത്.

പഞ്ചായത്തിൽ 20 ഓളം കലാസമിതികളും ക്ലബ്ബുകളും പ്രവർത്തിക്കുന്നു. മീത്തലെ ചമ്പാട് ഉപാസനാ കലാവേദി ഒരു ആർട്സ്ഫോറം സംഘടിപ്പിച്ച് കല എന്ന പേരിൽ നിലവാരമുള്ള കലാപരിപാടികൾ മാസംതോറും നടത്തിവരുന്നു. പല കലാസമിതികളും വർഷത്തിലൊരിക്കൽ വാർഷികാഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട്. വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന പല കലാസമിതികളും പ്രവർത്തകക്ഷാമംമൂലം നിർജ്ജീവമായിവരുന്ന അവസ്ഥയുണ്ട്. എന്നാൽ അതേസമയം പുതിയ കലാസമിതികൾ നാടിന്റെ പലഭാഗത്തും ഉയർന്നുവരുന്നത് ശ്രദ്ധേയമാണ്.

കായികരംഗം :

ന്യൂചാലഞ്ചേഴ്സ് മനേക്കര, ബ്രദേർസ് ക്ലബ്ബ് മാക്കുനി, നിറം ആർട്സ് പന്ന്യന്നൂർ, വിന്നേഴ്സ് ക്ലബ്ബ് ചമ്പാട്, പി.ടി.കെ. അനന്തൻമെമ്മോറിയൽ സ്പോർട്സ്ക്ലബ്ബ്, റെഡ്സ്റ്റാർ അരയാക്കൂൽ. തുടങ്ങി കായികരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ചില ക്ലബ്ബുകൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ രംഗത്ത് ആവശ്യമായ പ്രോത്സാഹനം നൽകി പഞ്ചായത്തിന്റെ കായികരംഗം കൂടുതലായി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. മീത്തലെ ചമ്പാട് സ്ഥിതിചെയ്യുന്ന ഓപ്പൺഎയർ തിയറ്ററും മൈതാനവും കലാപരവും കായികപരവുമായ കഴിവുകൾ മാറ്റുരയ്ക്കുന്നതിനുള്ള വേദിയാണ്.

ശ്രീ നാരായണ മഠങ്ങൾ :

ശ്രീ നാരായണഗുരുവിന്റെ സംഘടിക്കുക ശക്തരാവുക വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന തത്വോദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നാടിന്റെ പലഭാഗത്തും ശ്രീ നാരായണ മഠങ്ങൾ സ്ഥാപിക്കപ്പെട്ടപ്പോൾ നമ്മുടെ പഞ്ചായത്തിലും നിരവധി ശ്രീനാരായണ സംഘങ്ങൾ രൂപീകരിക്കുകയുണ്ടായി. പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന അത്തരം പല സ്ഥാപനങ്ങളുമിന്ന് ശ്രീ നാരായണ ജയന്തി ആഘോഷിക്കുക എന്ന ഒറ്റ പ്രവർത്തനത്തിൽ മാത്രം ഒതുങ്ങിക്കൂടുകയാണ്. സ്വന്തമായി കെട്ടിടമുള്ള ഇത്തരം മഠങ്ങൾ പ്രവർത്തനക്ഷമമാക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വേണ്ടതുണ്ട്.

പട്ടിക 1

ആകെ	സ്വന്തംകെട്ടിടമുള്ളത്	കെട്ടിടമില്ലാത്തത്
14	10	4

ഇത്തരം സ്ഥാപനങ്ങളെ മതമൈത്രീ കേന്ദ്രങ്ങളും സാംസ്കാരിക കേന്ദ്രങ്ങളുമാക്കി പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. ഇത്തരം മഠങ്ങൾ വിവാഹ വേദികളാക്കിക്കൊണ്ട് വിവാഹച്ചെലവ് ചുരുക്കാൻ ശ്രമിക്കേണ്ടതാണ് എന്ന ഗ്രാമസഭാ നിർദ്ദേശം പരിഗണിക്കേണ്ടതുണ്ട്. ഇതിനു പുറമെ ഏതാനും ചില അയ്യപ്പ മഠങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

കളരി :

കളരി ചികിത്സയോടും അഭ്യാസമുറകളോടും അടുത്തകാലത്ത് ജനങ്ങൾക്ക് ആഭിമുഖ്യം കൂടിവരുന്നു.

പ്രസിദ്ധരായ പല കളരിഗുരുക്കൻമാരും പഞ്ചായത്തിൽ ജീവിച്ചിട്ടുണ്ട്. കോട്ടക്കൽ കണാരൻ ഗുരുക്കളുടെ പ്രധാന ശിഷ്യനായ ചമ്പേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ ഈ രംഗത്തെ ഒരു ഉജ്ജ്വല പ്രതിഭയായിരുന്നു. നാടിന്റെ വീരഗാഥകളോടൊപ്പം കുഞ്ഞിക്കണ്ണൻ ഗുരുക്കളുടെ പേര് ഇന്നും നിലനില്ക്കുന്നു. ഇദ്ദേഹത്തിന്റെ ശിഷ്യനായ മൺമറഞ്ഞ കോരു ഗുരുക്കൾ

ചമ്പേരിയുടെ മരുമകനായ ഗോപാലൻ ഗുരുക്കൾ,കുഞ്ഞിരാമൻ ഗുരുക്കൾ വാച്ചാലി ജയൻ ഗുരുക്കൾ തുടങ്ങിയവർ കളരികെട്ടി പഞ്ചായത്തിലെ നിരവധി വ്യക്തികൾക്ക് ഈകലയിൽ താല്പര്യവും കഴിവും നേടികൊടുത്തിട്ടുണ്ട്. " ഭാരത കളരി സംഘം" "കേരള കളരി സംഘം" എന്നീ പേരുകളിൽ രണ്ട് കളരി സംഘങ്ങൾ ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വാച്ചാലി ശ്രീ ജയൻ ഗുരുക്കളുടെ നേതൃത്വത്തിലുള്ള കേരള കളരി സംഘം ഇന്ന് നന്നായി പ്രവർത്തിച്ചുവരുന്ന ഒരു സംഘമാണ്.

കാവുകളും ക്ഷേത്രങ്ങളും :

ഒരു പ്രദേശത്തെകുറിച്ച് ചരിത്രപഠനം നടത്തുന്നവർക്ക് ആ പ്രദേശത്തെ പഴയ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ഉത്സവ മുറകളും നാട്ടിൽ പ്രചാരമുള്ള പഴയ പാട്ടുകളും അക്ഷയഖനികളാണ്. കൂട്ടായ്മയുടേയും സുഭിക്ഷ തയുടേയും ആനന്ദത്തിന്റേയും വേദികൾ കൂടിയായിരുന്നു ഒരു കാലത്ത് ഉത്സവങ്ങൾ. നിരവധി കാവുകളും ഏതാനും അമ്പലങ്ങളും ഒരുകാലത്ത് ഈ പഞ്ചായത്തിന് ഉണ്ടായിരുന്നു. അവയിൽ ചിലതൊക്കെ നാമാവശേഷമായിതീർന്നു. എന്നാൽ ചിലതൊക്കെ പുനരുദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മിക്ക കാവുകളിലും കെട്ടിയാടപ്പെടുന്ന മൂർത്തികൾ ഏതാണ്ട് ഒരുപോലെതന്നെയാണ്. മലയർ, അഞ്ഞൂറ്റർ, മുന്നൂറ്റർ, വണ്ണാൻ എന്നീ ജാതിയിൽ പെട്ടവരാണ് സാധാരണയായി തെയ്യകോലങ്ങൾ കെട്ടിയാടുന്നത്. ഒരേ കാവിൽ തന്നെ മൂന്ന് വർഗ്ഗക്കാരുടേയും വകയായുള്ള ദൈവമൂർത്തികളും ഉണ്ട്. ആട്ടത്തിൽ മാത്രമല്ല ആചാരാധികാരങ്ങളിലും വ്യത്യസ്ഥ ജാതിയിൽപെട്ടവർക്ക് പ്രത്യേകം പ്രത്യേകം സ്ഥാനങ്ങൾ ഉണ്ടായിരുന്നു. ചില കാവുകളിലെ ആരാധനാ മൂർത്തികൾ അന്യപ്രദേശങ്ങളുമായും ബന്ധപ്പെട്ടുകിടക്കുന്നു. ഇത് അയൽ നാട്ടുകാരുമായുള്ള ഐക്യത്തെ സൂചിപ്പിക്കുന്നതായി കരുതാം. ഉദാഹരണത്തിന് "മേപ്പനാട്ട്" കാവിൽ കുട്ടിച്ചാത്തൻ, ഗുളികൻ, വസൂരിമാല ഭഗവതി, എന്നീ ആരാധനാ മൂർത്തികൾക്ക് പുറമെ "കുറൂളിക്കാവ്" ഭഗവതിയുടെ അനിയത്തി എന്ന നിലയിൽ ആരാധനാമൂർത്തി കൂടിയുണ്ട്. മേപ്പനാട്ട് കാവിലെ തിറകഴിഞ്ഞാൽ ക്ഷേത്ര തന്ത്രിയായ എമ്പ്രാൻ പീഠവുമായി കടവത്തൂർ കുറൂളി കാവിലേക്ക്പുറപ്പെടുന്നു. പീഠം പുഴയിൽ കുളിപ്പിച്ചതിന്ശേഷം ക്ഷേത്രത്തിലേക്ക് ആനയിക്കുന്നു. അതോടെ അവിടെ ഉത്സവം ആരംഭിക്കുന്നു.

പഞ്ചായത്തിൽ ആദ്യമായി തിറയുത്സവം ആരംഭിക്കുന്നത് ചോതൂർകുന്നിലെ തുലാം ഒമ്പതാം തീയതിയത്തെ തിറയോടുകൂടിയാണ്. മറ്റ് സ്ഥലങ്ങളിൽ ഇല്ലാത്ത ചില പ്രത്യേക തെയ്യകോലങ്ങൾ കുനിയാമ്പ്രത്ത് കെട്ടിയാടപ്പെടുന്നു. കുട്ടിച്ചാത്തൻ, കണ്ടകർണൻ, ഗുളികൻ എന്നീ കോലങ്ങൾ മലയ സമുദായക്കാരും അങ്കക്കാരൻ, ബപ്പൂരാൻ, എള്ളടത്ത് ഭഗവതി, തൂവക്കാരി, മലക്കാരി, കാരണവർ, മണത്തനാളി, നാഗഭഗവതി എന്നീ കോലങ്ങൾ വണ്ണാൻ സമുദായക്കാരും കെട്ടുന്നു.

നിരവധി ഐതിഹ്യങ്ങൾ ചൂഴ്ന്നുനിൽക്കുന്ന പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ക്ഷേത്രമാണ് ചമ്പാടൻ കുറ്റി. നാടിന്റെ പേരോടു കൂടിയ ക്ഷേത്രം. മറ്റൊരിടത്തും ഇല്ലാത്ത കളരിഭഗവതി, ഒരുകാലത്ത് ഇവിടുത്തെ ആരാധനാ മൂർത്തിയായിരുന്നു.

കൂവാട്ട് എന്ന സ്ഥലം ആശാരി സമൂഹത്തിൽപെട്ടവർക്ക് അവകാശപ്പെട്ട കാവാണ്. ചോതാവൂർ കാട്ടിൽനിന്നും ഇവിടുത്തേക്ക് മാറ്റപ്പെട്ടു എന്ന് വിശ്വസിക്കുന്നു. വടക്കെ മലബാറിൽ വളരെ അപൂർവ്വമായി മാത്രം കെട്ടിയാടപ്പെടുന്ന ആരാധനാമൂർത്തിയാണ് പുലിതെയ്യം. കണ്ടനും പുലിയും എന്നപേരിൽ അറിയപ്പടുന്നു. ഇത് ഇവിടെ കെട്ടിയാടപ്പെടുന്നു എന്നതാണ് പ്രത്യേകത. പയ്യന്നൂർ കഴിഞ്ഞാൽ പന്ന്യന്നൂർ മാത്രമാണ് ഇത്തരത്തിൽ കണ്ടനും പുലിയുമെന്നപേരിൽ തെയ്യം ഉള്ളത്.

പഞ്ചായത്തിലെ പ്രസിദ്ധമായ ഒരു മഠപ്പുര യാണ് ജന്മിപുത്തമ്പുര മഠപ്പുര. മുതുവന മഠപ്പുര യായിരുന്നു ആരൂഢം. എരഞ്ഞോളിക്കാരനായ ഒരു രാമോട്ടിക്കായിരുന്നു ഇതിന്റെ ഉടമസ്ഥാവകാശം. അയാൾ മുള്ളാക്കാട്ടിൽ കുഞ്ഞാമൻ എന്നയാൾ മുതൽ സ്ഥലത്തെ പ്രധാനപ്പെട്ട പതിനൊന്ന് വ്യക്തികൾക്ക് ഉടമസ്ഥാവകാശം കൈമാറി.

മുണ്ടയന്നൂർ എന്ന സ്ഥലത്ത് മലയ സമുദായത്തിന്റെ ആരൂഢസ്ഥലമായി ഉച്ചട്ട ഗുളികൻ, കുട്ടിച്ചാത്തൻ, കൈതചാമുണ്ടി, തുടങ്ങിയ തെയ്യകോലങ്ങൾ കെട്ടിയാടപ്പെടുന്നു.

മലയർ, ആശാരി, തീയ്യർ, നായർ തുടങ്ങിയ വർക്കൊക്കെ പ്രത്യേകം പ്രത്യേകം ആരാധനാ സ്ഥലങ്ങൾ ഉണ്ടായിരുന്നു.

ദിവസ പൂജ നടക്കുന്ന 3 ക്ഷേത്രങ്ങളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. മനയിൽ ശ്രീ ഭഗവതീ ക്ഷേത്രം, തട്ടാരത്ത് അമ്പലം, കീരാൽകൂലോത്ത് എന്നിവയാണവ. വൃശ്ചികം ഒന്നിനുതുടങ്ങി ധനുപത്തിന് അവസാനിക്കുന്ന മണ്ഡലകാലത്താണ് ഇവിടങ്ങളിൽ വിശേഷ ഉത്സവങ്ങൾ നടക്കുന്നത്.

പന്ന്യന്നൂർ പഞ്ചായത്തിലെ നള്ളക്കണ്ടി എന്ന സ്ഥലത്തെ " വില്ലിപ്പാലൻ" മാർക്കാണ് കൊട്ടിയൂർ ക്ഷേത്രത്തിൽ നെയ്യ് എഴുന്നള്ളിക്കാനുള്ള അധികാരമുള്ളത്. കൊട്ടിയൂർ ഉത്സവത്തിന്റെ പ്രധാന ചടങ്ങാണ് വിഗ്രഹത്തിലുള്ള നെയ്യഭിഷേകം.

പള്ളികളും മദ്രസകളും :

ഹിന്ദുക്കളും മുസ്ലീങ്ങളും ഇവിടെ മത സൗഹാർദ്ദത്തോടെ കഴിയുന്നു. എല്ലാരംഗങ്ങളിലും പരസ്പര സഹകരണം കാണുന്നു. വർഗ്ഗീയ ഭ്രാന്തൻമാർ പല പ്രദേശങ്ങളിലും ഉറഞ്ഞുതുള്ളിയപ്പോൾ ഇവിടെ അതിന്റെ നേരിയ ചലനംപോലും ഉണ്ടായതായി കാണുന്നില്ല. 8 പള്ളികളും 6 മദ്രസകളുമാണ് പഞ്ചായത്തിൽ ഉള്ളത്. മീത്തലെ ചമ്പാട് പള്ളിയിലും, പന്ന്യന്നൂർ പള്ളിയിലും ശവസംസ്കാരം നടത്താനുള്ള സംവിധാനമുണ്ട്. വളരെകാലംമുമ്പേതന്നെ ഈ രണ്ട് പള്ളികളും നിലവിലുണ്ടായിരുന്നു. ആറ് മദ്രസയിലും കൂടി തൊള്ളായിരത്തോളം കുട്ടികൾ മതപഠനം നടത്തുന്നു. ഇതിൽ ഭൂരിപക്ഷവും പെൺകുട്ടികളാണ്.

പൂരക്കളി, കോൽകളി, നാടൻ പാട്ടുകൾ, ഗോതാമൂരി, വേടൻപ്പാട്ട്, തുടങ്ങിയവയും ഒരു പ്രദേശത്തിന്റെ സാംസ്ക്കാരിക പൈതൃകത്തിൽ പ്രധാനപ്പെട്ടതാണ്. പൂരക്കളിയിലും കോൽക്കളിയിലും പ്രഗൽഭരായ ചില വ്യക്തികൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. വാച്ചാലി കൃഷ്ണൻ ഗുരുക്കൾ, മനേക്കരയിലെ അനന്തൻ ഗുരുക്കൾ, ആലക്കാടൻ കുഞ്ഞിക്കണ്ണൻ തുടങ്ങിയവർ ഇക്കാര്യത്തിൽ പ്രഗൽഭരായിരുന്നു.

പ്രശ്നങ്ങളും പ്രതിവിധികളും :

1. സാക്ഷരതാ പ്രസ്ഥാനത്തെ തുടർന്ന് നവസാക്ഷരരായ പലരും നിരക്ഷരതയിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്നു. പേരിന് ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചുവെങ്കിലും തുടർ സാക്ഷരതാ പരിപാടിയായി മറ്റൊന്നും നടക്കുന്നില്ല.

2. വായനാശീലം പ്രത്യേകിച്ച് ഗ്രന്ഥപാരായണം ചുരുങ്ങിവരുന്നു. സ്ത്രീകളുടെ ഇടയിലുള്ള വായനാശീലം തുലോം പരിതാപാർഹമാണ്.

3. ഗ്രന്ഥശാലാ പ്രസ്ഥാനത്തിൽ സ്ത്രീകളുടെ പങ്ക് തീരെ തൃപ്തികരമല്ല.

4. ഇലക്ട്രോണിക് മാധ്യമങ്ങൾ പ്രത്യേകിച്ച് ടെലിവിഷനിലെ മലയാള സംപ്രേഷണം കുട്ടികളുടെ പഠനസമയത്തെ ബാധിക്കുന്നു.

5. ഇലക്ട്രോണിക് മാധ്യമങ്ങളിലെ പരസ്യങ്ങളും, ഉപഭോക്തൃ വിഭ്രാന്തിയുണ്ടാക്കുന്നു. ഇത് വീട്ടമ്മമാരേയും ബാധിച്ചുതുടങ്ങിയിട്ടുണ്ട്.

6. നിരവധി കലാസമിതികളും, ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും കലാഭിരുചിയുള്ളവരെ കണ്ടുപിടിച്ച് നൃത്തം, സംഗീതം, ചിത്രരചന തുടങ്ങിയവയിൽ പ്രോത്സാഹനം നൽകുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യപ്പെടുന്നില്ല. ഇതിന്റെ ഫലമായി താല്പര്യമുള്ള രക്ഷിതാക്കൾ തങ്ങളുടെ മക്കളുടെ കലാഭ്യാസനത്തിനായി നഗരങ്ങളിലെ ശിക്ഷണകേന്ദ്രങ്ങളെ ആശ്രയിക്കുകയും ചെയ്യുന്നു.

7. കേരളോത്സവത്തോടനുബന്ധിച്ച് നടക്കുന്ന പഞ്ചായത്ത്തല കലാ കായിക മത്സരങ്ങളുടെ കലാ സമിതികളിൽ കൂടെയുള്ള പങ്കാളിത്തം വളരെ കുറവാണ്.

8. നമ്മുടെ പല പഴയ നാടൻ പാട്ടുകളും, ഗോതാമൂരിപാട്ടുകളും വേടൻ പാട്ടുകളും നശിച്ചു കൊണ്ടിരിക്കുന്നു.

9. തെയ്യങ്ങൾ കെട്ടിയാടുന്ന മലയർ, വണ്ണാൻ തുടങ്ങിയ വിഭാഗങ്ങൾക്ക് പലവിധ ആനുകൂല്യങ്ങളും നൽകിവരുന്നു. എങ്കിലും പഞ്ചായത്തിലെ ഈ വിഭാഗം ജനങ്ങളുടെ സ്ഥിതി തുലോം ശോചനീയമാണ്. ക്ഷേത്ര കലകൾ പലതും നശിച്ചുകൊണ്ടിരിക്കുന്നു.

10. മതസൗഹാർദ്ദത്തിന്, വിപരീതമായി പ്രവർത്തിക്കുന്ന വിഭാഗീയ പ്രവർത്തനങ്ങൾ നേരിയതോതിലെങ്കിലും പഞ്ചായത്തിൽ കടന്നുവരുന്നുണ്ട്.

11. സാമൂഹ്യ അനാചാരങ്ങൾക്ക് എതിരായും മതമൈത്രിക്ക് വേണ്ടിയും പ്രവർത്തിക്കേണ്ടുന്ന ശ്രീനാരായണ മഠങ്ങൾ അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അരിക്കും നിറവേറ്റുന്നില്ല.

12. ഗ്രന്ഥശാലകൾ പത്ര മാസികകളുടെ വിലക്കയറ്റം നിമിത്തം നന്നെവിഷമിക്കുന്നു. പ്രവർത്തകൻമാരുടെ അഭാവം ഈ രംഗത്തെ കാര്യമായി ബാധിക്കുന്നു.

13. കുട്ടികളുടെ സാഹിത്യാഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നതിന്, കലാസമിതികളും ക്ലബ്ബുകളും, കൈയെഴുത്ത് മാസികകൾ ഒരുകാലത്ത് ധാരാളമായി ഇവിടെ പ്രസിദ്ധീകരിച്ചിരുന്നു. അവയൊക്കെ ഇന്ന് നിലച്ചുപോയിരിക്കുന്നു.

14. യുവാക്കളിൽ മദ്യാസക്തി കൂടിവരികയും അതൊരു ഫാഷനായി വളർന്നുവരുകയും ചെയ്യുന്ന അവസ്ഥയുണ്ട്.

15. വിവാഹ ധൂർത്ത് കൂടിവരുന്നുണ്ട്. ഇത് സമൂഹത്തിന്റെ അഭിമാന പ്രശ്നമായി മാറുന്നു.

പ്രതിവിധികൾ :

1. തുടർ സാക്ഷരതാ പരിപാടി അടിയന്തിര മായി പുനഃരുജ്ജീവിപ്പിക്കണം. ജനവിദ്യാകേന്ദ്രങ്ങൾ കൂടുതൽ സ്ഥാപിക്കുകയും നവസാക്ഷരർക്കുള്ള പുസ്തകങ്ങൾ ശേഖരിക്കുകയും വിതരണം ചെയ്യു കയും വേണം. അവർക്കാവശ്യമായ ബോധവൽക്ക രണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

2. സ്ത്രീകൾക്ക് ഗ്രന്ഥാലയങ്ങളിൽ വന്ന് പുസ്തകങ്ങൾ വാങ്ങുന്നതിന് വിഷമമുണ്ട്. ഇത് പരിഹ രിക്കുന്നതിനായി ഗ്രന്ഥാലയങ്ങളിൽനിന്നും പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന പദ്ധതി ഗ്രന്ഥശാലാ സംഘത്തിന്റെ സഹായ ത്തോടെ ആവിഷ്കരിക്കണം.

3. പഞ്ചായത്തിൽ ഏതാനും കേന്ദ്രങ്ങളിൽ സ്ത്രീകൾക്കായുള്ള വായനശാലകൾ ആരംഭിക്കണം. ഓരോ ഗ്രന്ഥശാലയുടേയും പ്രവർത്തകസമിതിയിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യണം.

4. ടി.വി.യിലെ മലയാള സംപ്രേഷണ സമയം കുട്ടികളുടെ പഠന നിലവാരത്തെ ബാധി ക്കുന്നു എന്നതുകൊണ്ട് പ്രസ്തുത സംപ്രേഷണ സമയം മാറ്റികിട്ടുന്നതിനുവേണ്ടിയുള്ള സമ്മർദ്ദം എല്ലാഭാഗത്തുനിന്നും ഉണ്ടാവണം.

5. ഓരോ പ്രദേശത്തേയും കലാ സമിതികൾ ആ പ്രദേശത്തുള്ള കലാ പ്രതിഭകളെ കണ്ടെത്തി അവരുടെ കലാഭിരുചി പോഷിപ്പിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകണം. കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കാത്ത തരത്തിൽ പഞ്ചായത്തിൽ യുക്തമായ ഒരുസ്ഥലത്ത് നൃത്തം, സംഗീതം, ചിത്രമെഴുത്ത്, എന്നിവയിൽ ശിക്ഷണം നൽകാനുള്ള അദ്ധ്യാപകരെ ഏർപ്പെടു ത്തി അവരുടെ കലാ വാസന പരിപോഷിപ്പിക്കണം. ഇതിനോടനുബന്ധിച്ച് ഉണ്ടാവുന്ന ചിലവുകൾ കഴിവതും കുട്ടികളിൽനിന്ന് ഈടാക്കാതെ കലാസമിതികളും പഞ്ചായത്തുകളും സഹകരിച്ച് ജനകീയ പങ്കാളിത്തത്തോടെ ഉണ്ടാക്കണം.

6. കേരളോത്സവത്തോടനുബന്ധിച്ച് പഞ്ചായത്തിലെ കലാ കായിക മത്സരങ്ങൾ സജീവമാക്കുന്നതിനുള്ള പരിപാടികൾ വർഷാരംഭത്തിൽതന്നെ ആസൂത്രണം ചെയ്ത് നാടിന്റെ ഉത്സവമാക്കി മാറ്റാനുള്ള സംവിധാനം ഉണ്ടാക്കണം. കലാസമിതികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

7. നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ നാടൻ പാട്ടുകൾ, ഗോതാമൂരി പാട്ടുകൾ, വേടൻ പാട്ടുകൾ, തച്ചുമന്ത്രപ്പാട്ടുകൾ, എണ്ണമന്ത്രപാട്ടുകൾ, തോറ്റംപാട്ടുകൾ തുടങ്ങിയവ ഡോക്യുമെന്റേഷൻ ചെയ്ത് സൂക്ഷിക്കണം.

8. മലയർ, വണ്ണാൻ തുടങ്ങിയ പിന്നോക്ക സമുദായങ്ങൾക്ക് നൽകപ്പെടുന്ന സഹായങ്ങൾ സ്വാതന്ത്ര്യം ലഭിച്ച് 50 വർഷം കഴിഞ്ഞിട്ടും വലിയ പ്രയോജനമില്ലാതെ പാഴായിപോകുന്നു എന്നതാണ് അവസ്ഥ. ഇത് ഒരു ദേശീയ വിപത്തായി കണ്ട് അവർക്കുള്ള സഹായങ്ങൾ പരമാവധി അർഹിക്കുന്ന വിധത്തിൽ തന്നെ ലഭിക്കുന്ന സാഹചര്യമുണ്ടാക്കണം. കിണർ കുഴിക്കൽ, വീടുവെക്കൽ, കക്കൂസ് നിർമ്മാണം, വൈദ്യുതീ കരണം തുടങ്ങിയവയ്ക്ക് നൽകുന്ന സാമ്പത്തിക സഹായം പഞ്ചായത്ത് സന്നദ്ധ സംഘടനകളിൽ കൂടി ഏറ്റെടുത്ത് നടത്തിക്കൊടുക്കുന്ന സംവിധാനം ഉണ്ടാക്കണം.

9. തെയ്യം കെട്ടിയാടാനുള്ള " കോപ്പു" കളുടെ നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണം. ചെണ്ട മുതലായ വാദ്യോ പകരണങ്ങൾക്കും ഇക്കാര്യം പരിഗണിക്കേണ്ടതാണ്. അവശരായ തെയ്യം കലാകാരൻമാർക്ക് പെൻഷൻ വിതരണം നടത്തണം.

10. മതസൗഹാദ്ദത്തിന് വിപരീതമായി പ്രവർത്തിക്കുന്ന വിഭാഗീയ പ്രവർത്തനങ്ങൾ മുൻകൂട്ടികണ്ട് മുളയിൽ തന്നെ നുള്ളികളയാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും, ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും വേണം.

11. ശ്രീ നാരായണ മഠങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും സാമൂഹിക അനാചാരങ്ങൾക്കെതിരായി സംഘടനയിൽകൂടി ജനങ്ങളെ ബോധവൽ ക്കരിക്കുന്ന പ്രക്രിയ ആസൂത്രണം ചെയ്യണം..

12. ഗ്രന്ഥശാലാ പ്രവർത്തനം പത്രമാസികകളുടെ വിലവർദ്ധനവ് നിമിത്തം പ്രതിസന്ധിയെ നേരിടുന്നു. പഞ്ചായത്തിൽനിന്ന് അർഹമായ സാമ്പത്തിക സഹായം ഇക്കാര്യത്തിൽ ലഭ്യമാക്കണം. ഗ്രന്ഥശാലാ പ്രവർത്തകൻമാർക്ക് സമൂഹത്തിൽ മാന്യമായ ഒരു അവസ്ഥ സംജാത മാക്കണം. പഞ്ചായത്തിന്റേയും മറ്റും പൊതു പരിപാടികളിൽ അവർക്ക്കൂടി പങ്കാളിത്തം നൽകണം.

13. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകണം. വിദ്യാലയങ്ങളിലും കലാസമിതി ഗ്രന്ഥാലയങ്ങളിലും തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ കൈയ്യെഴുത്തുമാസികകൾ, ചിത്രകലാ കേമ്പുകൾ

എന്നിവ സംഘടിപ്പിക്കണം.

14. യുവാക്കളിൽ ഒരു ഫാഷനായി ആരംഭിക്കുന്ന മദ്യപാന ശീലത്തിനെതിരായി ശക്തമായ ബോധവൽക്കരണ പ്രക്രിയ ആരംഭിക്കണം. വിവാഹ ധൂർത്ത് ഒഴിവാക്കുന്നതിന് ശ്രീനാരായണ മഠങ്ങൾ പോലെയുള്ള സാംസ്കാരിക വേദികൾ വിവാഹ വേദികളായി മാറണം. പഞ്ചായത്തിൽ അടിയന്തിരമായി ഒരു കല്ല്യാണ മണ്ഡപം നിർമ്മിക്കുന്നതിനുള്ള പണി ആരംഭിക്കണം. (കമ്മ്യൂണിറ്റി ഹാൾ ആയാലും മതി) വിവാഹധൂർത്തിനെതിരായി ശക്തമായ ബോധവൽക്കരണം ആരംഭിക്കണം.

15. വൃദ്ധജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ എന്നിവർക്ക് വൈകുന്നേരങ്ങളിൽ മനസ്സമാധാനത്തോടെ വിശ്രമിക്കാനും പ്രകൃതി സൗന്ദര്യം ആസ്വദിക്കാനും പറ്റിയതരത്തിൽ പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്ത് ഒരു "പാർക്ക്" (വിനോദ കേന്ദ്രം) ആരംഭിക്കുന്നതിനെകുറിച്ച് ഗൗരവമായി ആലോചിക്കണം. ജനങ്ങളിൽ സൗന്ദര്യബോധം വളർത്താൻകൂടി ഇതുപകരിക്കും.

16. ഒരുകാലത്ത് നമ്മുടെ കുട്ടികൾ നീന്തികുളിച്ച് ആർത്തുല്ലസിച്ചിരുന്ന കുളങ്ങളും, തോടുകളും ഏതാണ്ട് നാമാവശേഷമായിരിക്കേ കുട്ടികൾക്ക് നീന്തൽപരിശീലനത്തിനുള്ള ചെറിയതരത്തിലുള്ള നീന്തൽകുളങ്ങൾ നിർമ്മിക്കേണ്ടതാണ്.

17. കളരി അഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കളരി ഗുരുക്കൻമാരിൽ അവശരായവർക്ക് പെൻഷൻ നൽകുകയും കളരി കെട്ടിമേയുന്നതിനുള്ള സാമ്പത്തിക സഹായം നൽകേണ്ടതുമാണ്.

18. നശിച്ചുപോയ ഗ്രന്ഥാലയങ്ങൾ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള സത്വര നടപടികൾ ആരംഭിക്കണം.

19. പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാർത്ഥികൾ ഇന്ന് ഉപരിപഠനത്തിന് ആശ്രയിക്കുന്നത് പാരലൽ കോളേജുകളെയാണ്. അവരുടെ പഠനവിഷയത്തോടനുബന്ധിച്ചുള്ള വിശദമായ വായനക്കാവശ്യമുള്ള റഫറൻസ് പുസ്തകങ്ങൾ അവർക്ക് തീരെ ലഭിക്കുന്നില്ല. ഇതിന്റെ അഭാവം അവരുടെ പഠന നിലവാരത്തെ ബാധിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി പഞ്ചായത്ത് ഏതെങ്കിലും ഒരു ലൈബ്രറിയിൽ അക്കാദമിക് റഫറൻസ് ഗ്രന്ഥങ്ങളുടെ ശേഖരം ഉണ്ടാവണം. ഗ്രന്ഥശാലാസംഘത്തിന്റെയും പഞ്ചായത്തിന്റെയും സ്ഥാപനത്തിന്റെയും സഹായം ഇക്കാര്യത്തിലുണ്ടാവണം.



പാർപ്പിടം

സമൂഹത്തിന്റെ മൂല ഘടകമായ കുടുംബത്തിന്റെ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. സുരക്ഷിതത്വം നൽകുന്ന ഒരു സങ്കേതം എന്നതിലുപരി വ്യക്തികളുടെ മാനസികവും വൈകാരികവുമായ വളർച്ചയ്ക്ക് നിദാനമായ ഒരു സാഹചര്യം എന്ന നിലക്കാണ് പാർപ്പിടത്തിന് പ്രാധാന്യം. വൃത്തിയും സൗകര്യവുമുള്ള പാർപ്പിടത്തിന്റെ അപര്യാപ്തത കുടുംബാംഗങ്ങളുടെ ആരോഗ്യത്തെ മാത്രമല്ല, വ്യക്തി ബന്ധങ്ങളെയും സാമൂഹ്യ സമീപനത്തേയും പ്രതികൂലമായി ബാധിക്കും. സമൂഹത്തിലെ കുറ്റവാസനകൾ വലിയ ഒരളവിൽ കുടുംബ സാഹചര്യത്തിലെ ഇത്തരം തകരാറുകൾ മൂലം ഉടലെടുക്കുന്നവയാണ്. അത്കൊണ്ട്തന്നെയാണ് പാർപ്പിട പ്രശ്നം ഒരു സാമൂഹ്യ പ്രശ്നമായി വീക്ഷിക്കപ്പെടുന്നതും.

എല്ലാ കുടുംബങ്ങൾക്കും വേണ്ടത്ര പാർപ്പിടങ്ങൾ ഒരിടത്തുമില്ലെന്ന് പറയാം. ഇത് നമ്മുടെ പഞ്ചായത്തിനെസംബന്ധിച്ചും അർത്ഥവത്താണ്. നമ്മുടെ പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച പട്ടിക താഴെകൊടുക്കുന്നു.

പട്ടിക 1

ആകെ വീടുകൾ	ഇരുനില	ടെറസ്	ഓട്	ഓല	കൂടിൽ
5021	1256	1452	1764	228	321

(അവലംബം -- ദ്വിതീയ വിവര ശേഖരണം)

അണുകുടുംബമെന്ന സാമൂഹ്യ ഘടനയനുസരിച്ച് നമ്മുടെ പഞ്ചായത്തിലും വീടുകളുടെ എണ്ണം കഴിഞ്ഞ പത്തുവർഷക്കാലത്തിനിടയിൽ അതിവേഗം വർധിച്ചതായി കാണുന്നു.

സംസ്ഥാനത്ത് 1991 സെൻസസ് പ്രകാരം 54,59,474 വീടുകളാണുള്ളത്. കണ്ണൂർ ജില്ലയിൽ 377668 ഉം നമ്മുടെ പഞ്ചായത്തിൽ 5021 ഉം വീടുകളാണ് ഉള്ളത്. ജനസംഖ്യാനുപാതികമായി വീടുകളുടെ എണ്ണം സംസ്ഥാന ജില്ലാ ശരാശരികളെ പഞ്ചായത്തുമായി താരതമ്യം ചെയ്ത് പട്ടിക 2ൽ കൊടുക്കുന്നു.

പട്ടികയനുസരിച്ചുള്ള പഞ്ചായത്ത് ശരാശരി

പട്ടിക 2

	വീടുകളുടെ എണ്ണം	ജനസംഖ്യ	ശരാശരി എത്ര പേർക്ക് ഒരു വീട്
കേരളം	5459474	29098518	5.32
കണ്ണൂർ	367668	2251727	6.12
പന്ന്യന്നൂർ പഞ്ചായത്ത്	5021	19312	3.84

(അവലംബം :- ദ്വിതീയ വിവര ശേഖരണം)

സൂചിപ്പിക്കുന്നത് നമ്മുടെ വീടുകളുടെ വർദ്ധനവിനെയാണ്.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന കോൺക്രീറ്റ് സംസ്കാരവും ചെലവേറിയ വീടുകൾ സ്ഥാപിക്കലും നമ്മുടെ പഞ്ചായത്തിലും വ്യാപിച്ചു വരുന്നതായി കാണാം. പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന ഇടത്തരക്കാരിൽ നല്ലൊരു ശതമാനവും ഗൃഹനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സമാഹരണം നടത്തിയിരിക്കുന്നത് ഹൗസിങ്ങ് ലോൺ, പേഴ്സണൽ ലോൺ എന്നിവയിലൂടെയാണെന്ന് ഗ്രാമസഭാ ചർച്ചകളിൽ നിന്നും മനസ്സിലാകുന്നു.

വീടുനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ പഞ്ചായത്തിന് പുറത്തുനിന്നാണ് പ്രധാനമായും ശേഖരിക്കുന്നത്. ഇത്മൂലം കയറ്റിറക്ക് കൂലിയിലെ ഭാരിച്ച അധിക ബാധ്യത ഗൃഹ നിർമ്മാണ രംഗത്തെ സാരമായി ബാധിക്കുന്നു. നിർമ്മാണ തൊഴിലാളികളുടെ ദൗർബല്യവും നിർമ്മാണത്തിലെ ആസൂത്രണമില്ലായ്മയും ഈരംഗത്ത് പ്രശ്നങ്ങളുണ്ടാക്കുന്നു.

ഗൾഫ് മേഖലയിൽനിന്നും വരുന്ന സമ്പത്തിന്റെ ഭൂരിഭാഗവും ആഡംബരപൂർണ്ണമായ വീടുകൾ നിർമ്മിക്കുന്നതിനാണ് ഉപയോഗിച്ചു വരുന്നത്. അയൽക്കാരനോട് തുല്യതപ്പെടാൻ വേണ്ടി സാധാരണ വരുമാനക്കാരും മത്സരിക്കേണ്ടി വരുന്ന ഒരു ദുർവ്യയ സംസ്കാരം പഞ്ചായത്തിൽ വർദ്ധിച്ചതോതിൽ അനുഭവപ്പെടുന്നു.

ഹൗസിങ്ങ് ലോണുകളും, ബാങ്ക് ലോണുകളും ലഭിക്കുന്നതിലുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ ഭവന നിർമ്മാണ പൂർത്തീകരണത്തിന് പ്രതിബന്ധമായി നിൽക്കുന്ന ഘടകങ്ങളാണ്. ഗൃഹനിർമ്മാണത്തിൽ മിതവ്യയ ശീലം പാലിക്കുക എന്ന രീതി നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. ഇതിനാവശ്യമായ സാങ്കേതിക വിദ്യയുടെ ലഭ്യതയും വിദഗ്ദൻമാരുടെ സേവനവും ഇതിന് പ്രതിബന്ധങ്ങളായി നിൽക്കുന്നുണ്ട്. പാരമ്പര്യ വാസ്തുശില്പ മാതൃകയിലുള്ള പാർപ്പിട രീതി നമ്മുടെ പ്രദേശത്തുനിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് നമ്മുടെ വീടുകൾ പരിശോധിച്ചാൽ മനസ്സിലാകും നമ്മുടെ കാലാവസ്ഥക്കും ജീവിതരീതിക്കും ഇണങ്ങാത്തതാണ് ഇന്നുണ്ടാവുന്ന പാർപ്പിടങ്ങളിൽ ഭൂരിഭാഗവും.

ലക്ഷംവീട് കോളനി :

പഞ്ചായത്തിൽ 3 ലക്ഷംവീട് കോളനികളിലായി 55 വീടുകളാണ് ഉള്ളത്. വാർഡ്തിരിച്ച വിവരങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3

കോളനിയുടെ പേർ	വാർഡ്	വീടുകളുടെ എണ്ണം
തോട്ടോൾ ലക്ഷംവീട് കോളനി	III	14
വലിയപറമ്പ് ലക്ഷംവീട് കോളനി	VII	13
നെല്ലിയുള്ളതിൽ ലക്ഷംവീട് കോളനി	VIII	28

(അവലംബം : ദ്വിതീയ വിവര ശേഖരണം)

സർക്കാർ പദ്ധതി അനുസരിച്ച് സ്ഥലമെടുത്ത് വീട് നിർമ്മിച്ചു കൊടുക്കുക എന്ന പ്രവർത്തനം തോട്ടോൾ ലക്ഷംവീട് കോളനിയിൽ മാത്രമാണ് നടന്നത്. ബാക്കി രണ്ട് കോളനികൾക്കായി സ്ഥലമെടുത്തത് പഞ്ചായത്താണെങ്കിലും പാർപ്പിടം നിർമ്മിച്ചത് അതിന്റെ ഗുണഭോക്താക്കൾ തന്നെയാണ്. നിർദ്ധനരായ ആളുകളെ പുനരധിവസിപ്പിക്കുക എന്ന ക്ഷ്യത്തോടെ കൊണ്ടുവന്ന ലക്ഷംവീട് പദ്ധതിയിൻകീഴിലുള്ള വീടുകൾ നിയമത്തിന്റെ ചില പഴുതുകൾ ഉപയോഗിച്ച് താമസക്കാർ മറ്റുള്ളവർക്ക് കൈമാറുന്ന അവസ്ഥയുണ്ട്. ഇത് പരിശോധിച്ച് വേണ്ട നിയമഭേദഗതികൾ വരുത്തിയില്ലെങ്കിൽ ഈ സ്കീമിന്റെ സാധുത തന്നെ നഷ്ടപ്പെടാനിടയുണ്ട്.

ലക്ഷംവീട് കോളനികൾ പൊതുവിൽ വൈദ്യുതീകരിച്ചതാണെങ്കിലും ചില വീടുകളിൽ വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ല. ആവശ്യമായ തോതിലുണ്ടാകേണ്ട അടിസ്ഥാന സൗകര്യങ്ങൾ മിക്ക വീടുകളിലുമില്ല.

ഗൃഹ നിർമ്മാണ രംഗം :

നമ്മുടെ പഞ്ചായത്തിൽ ഗൃഹനിർമ്മാണ രംഗത്ത് 480 തൊഴിലാളികളുണ്ട്. കെട്ടിട നിർമ്മാണ രംഗത്തെ തൊഴിലാളികളുടെ എണ്ണം മേൽ സൂചിപ്പിച്ചതാണെങ്കിലും സമയോചിതമായി ഇവരുടെ സേവന ലഭ്യതയിലും വൈദഗ്ദ്യത്തിലുമുള്ള പങ്കാളിത്തം തൃപ്തികരമല്ലെന്നാണ് ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായം. കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിച്ചുവരുന്ന തൊഴിലാളി

കളുടെ വിവരങ്ങൾ പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4

തൊഴിലാളികൾ			ക്ഷേമ നിധി		
സ്ത്രീ	പു.	ആകെ	സ്ത്രീ	പു.	ആകെ
260	220	480	120	160	280

അവലോകനം :

മൊത്തം തൊഴിലാളികളുടെ എണ്ണം വെച്ചുനോക്കുമ്പോൾ മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. തൊഴിലാളികൾക്ക് കിട്ടുന്ന ഒരു ആനുകൂല്യം എന്ന നിലയിൽ ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളും, തൊഴിലാളി സംഘടനകളും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ക്ഷേമനിധി ആനുകൂല്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്ന് സത്വര ശ്രദ്ധ പതിയേണ്ടതാണ്.

നമ്മുടെ പ്രദേശത്ത് കെട്ടിടനിർമ്മാണ രംഗത്ത് പുരുഷന്റെ കൂലിനിരക്ക് 110 രൂപയും സ്ത്രീയുടേത് 80 രൂപയുമാണ്. കൂലിനിരക്കിലുള്ള വ്യത്യാസം അധ്വാന ഭാരത്തിനനുസരിച്ച് ആനുപാതികമാണെന്നാണ് ഗ്രാമസഭയിലെ അഭിപ്രായമെങ്കിലും ജില്ലക്ക് പുറത്ത് ഇതേ തൊഴിൽചെയ്യുന്ന പുരുഷന് ലഭിക്കുന്ന കൂലി ആനുപാതികമായി ഇവിടെ സ്ത്രീകൾക്ക് ലഭിക്കുന്നില്ലെന്നും അഭിപ്രായമുണ്ട്. 1985 മുതൽ '95 വരെ കൂലിനിരക്കിൽ വന്ന വർധനവ് പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

സർക്കാർ നിശ്ചയിച്ച ജീവിത സൂചികയനുസരിച്ചുള്ള കൂലിനിരക്ക് ലഭിക്കുന്നിലെങ്കിൽ പോലും

പട്ടിക 5

വർഷം	കൂലി	
	പുരുഷൻ	സ്ത്രീ / രൂപ
1985	65 രൂപ	40 രൂപ
1990	85 രൂപ	55 രൂപ
1995	100 രൂപ	70 രൂപ

(അവലംബം: ദ്വിതീയ വിവര ശേഖരണം)

താരതമ്യേന മെച്ചപ്പെട്ട വേതനമാണ് ഈ രംഗത്തെ തൊഴിലാളികൾക്ക് ഇന്ന് ലഭിക്കുന്നത്. സംഘടിത മേഖല എന്നനിലയിൽ കാലാകാലങ്ങളിൽ കൂലിവർദ്ധന നേടാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്തിൽ നിലനിൽക്കുന്നു. ഉപഭോക്താവിന്റെ ആവശ്യകതക്കനുസരിച്ച് ശാസ്ത്രീയവും സാങ്കേതികവുമായ വൈദഗ്ധ്യം ആർജ്ജിച്ച് ദുർവ്യയം പരമാവധി ഒഴിവാക്കിക്കൊണ്ടുള്ള ഗൃഹ നിർമ്മാണരീതികൾ അവലംബിക്കാനുള്ള മനസ്ഥിതി ഈ തൊഴിലാളികൾ ഉൾക്കൊള്ളേണ്ടതാണ്.

പ്രശ്നങ്ങൾ :

* വീടുകളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
* കെട്ടിട നിർമ്മാണ സാമഗ്രികൾ പുറത്തുനിന്ന് കൊണ്ടുവരേണ്ടതിനാൽ നിർമ്മാണ ചെലവിൽ സാരമായ വർദ്ധനവ് വരുന്നു.
* ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിന് സാങ്കേതിക പ്രയാസങ്ങൾ അനുഭവപ്പെടുന്നു.
* ചെലവ്കുറഞ്ഞതും നൂതനവുമായ നിർമ്മാണ സങ്കേതങ്ങൾ ഉൾകൊള്ളാനുള്ള തൊഴിലാളികളുടെ വിമുഖത നിർമ്മാണ ചെലവ് വർദ്ധിപ്പിക്കുന്നു.
* വലുതും ആഡംബരപൂർണ്ണവുമായ വീടുകൾ പണിയുന്ന പ്രവണത വർദ്ധിച്ചുവരുന്നു.
* നിർമ്മാണതൊഴിലാളികളുടെ ദൗർലഭ്യം
* ലക്ഷംവീട് കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ.
* ദരിദ്ര വിഭാഗങ്ങൾക്ക് ഗൃഹനിർമ്മാണത്തിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സാമ്പത്തിക വായ്പ അപര്യാപ്തമാണ്.

സാധ്യതകൾ :

* ചെലവ് കുറഞ്ഞ ഗൃഹനിർമ്മാണ രീതികളുടെ പ്രചരണം.
* തൊഴിലാളികൾക്ക് വൈദഗ്ദ്യം ഉയർത്താനുള്ള പരിശീലനം നൽകുക
* നൂതനവും സാങ്കേതികവുമായ നിർമ്മാണ രീതിയിലുള്ള പരിജ്ഞാനം വർദ്ധിപ്പിക്കുക.
* തൊഴിലാളികളുടെ ലഭ്യതയും പ്രവർത്തനവും ക്രമീകരിക്കാനാവശ്യമായ രജിസ്ട്രേഷൻ ഓഫീസുകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.
* ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കുക
* ദുർവ്യയ ഭവന നിർമ്മാണം നിരുൽസാഹപ്പെടുത്താനുള്ള നികുതിസമ്പ്രദായം ഉണ്ടാക്കുക.
* ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവന പദ്ധതികൾ കാര്യക്ഷമമാക്കുക.
* വായ്പകൾ ലഭിക്കുന്നതിനുള്ള നിബന്ധനകൾ സുതാര്യവും ലളിതവും ആക്കുക.
* പരമ്പരാഗത കെട്ടിട നിർമ്മാണ രീതിയിൽ ആധുനിക സാങ്കേതികവിദ്യ സംയോജിപ്പിച്ചുകൊണ്ടുള്ള വാസ്തുശില്പരീതി അവലംബിക്കുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ :

1. വിവിധ വകുപ്പുകൾ വഴിയുള്ള ഭവന നിർമ്മാണത്തിനുള്ള പലിശ കുറഞ്ഞ വായ്പ അർഹതപ്പെട്ടവർക്ക് ലഭിക്കാൻ സംവിധാന മുണ്ടാകണം. ജാമ്യ വ്യവസ്ഥ ഉദാരമാക്കാനും വീടെടുക്കുന്ന സ്ഥലം ജാമ്യമായി സ്വീകരിക്കാനു മുള്ള സൗകര്യം വേണം. സാങ്കേതികമായ തടസ്സ ങ്ങൾ പരമാവധി കുറക്കാനുള്ള നിയമവും മനോ ഭാവവും ഉണ്ടാക്കണം. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലിനിരക്കിലുള്ള അന്തരം കുറക്കുകയും കൂലി പഞ്ചായത്തിൽ ഏകീകരി ക്കുകയും വേണം. തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കാനും തൊഴിൽ പരിചയം ഉള്ളവരുടെ എണ്ണം വർദ്ധിപ്പിക്കാനും പുതിയ ആളുകളെ കണ്ടെത്തി പരിശീലനം നൽകാനുള്ള സംവിധാനം വേണം.

2. ലക്ഷംവീട് കോളനികളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക, കുടിനീർ ജോതി പദ്ധതി വിപുലീകരിക്കുക, അറ്റകുറ്റപണികൾ നടത്തുക, ഓലപ്പുര കെട്ടിമേയാനുള്ള സംവിധാനം നൽകുക. എന്നീ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകണം.

3. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടേയും ജോലി ഈ പഞ്ചായത്തിലെ തൊഴിലാളികൾക്കുതന്നെ നൽകണം.

4. കെട്ടിട നികുതി പ്ലാൻറ് ഏറിയക്കനുസരിച്ച് സ്ലാബ് സമ്പ്രദായത്തിൽ ആവശ്യമായ വർദ്ധനവ് വരുത്തേണ്ടതും വലിയ വീടുകൾ ഉണ്ടാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. വിദേശ വരുമാനത്തിന്റെ സിംഹഭാഗവും വീട് നിർമ്മിക്കാൻ മാത്രം ഉപയോഗിക്കുന്നതിൽനിന്ന് പിന്തിരിപ്പി ക്കാനുള്ള ബോധവൽകരണം നടത്തണം.

5. ഭവനനിർമ്മാണത്തിന് രാജീവ് ദശലക്ഷം പദ്ധതി തുടങ്ങിയ പദ്ധതികളിൽ കാലോചിതമായ പരിഷ്കാരം വരുത്തണം.



ഊർജ്ജം

വൈദ്യുതിയും വൈദ്യുതേതര ഊർജ്ജശ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചകവാതകം, കൽക്കരി എണ്ണ, എണ്ണയുല്പന്നങ്ങൾ തുടങ്ങിയവയെല്ലാം ആധാരമാക്കി കൊണ്ടുള്ള ആസൂത്രണമാണ് ഊർജ്ജാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. വ്യവസായങ്ങൾ, കൃഷി, ഗതാഗതം, വാർത്താവിനിമയം, ഭക്ഷണം പാചകം ചെയ്യൽ തുടങ്ങി എല്ലാ തുറകളിലും ഊർജ്ജത്തിന്റെ ആവശ്യകതയുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഊർജ്ജ ആവശ്യങ്ങളെ പൊതുവായി താഴെ കൊടുത്തിരിക്കത്തക്ക വിധം തരം തിരിക്കാവുന്നതാണ്.

1. വീട്ടാവശ്യം - പാചകം, വെളിച്ചം, മറ്റാവശ്യങ്ങൾ
2. സേവനം - തെരുവ് വിളക്ക്, ജലവിതരണം.
3. വ്യാപാരസ്ഥാപനങ്ങൾ
4. കൃഷി - ജലസേചനം
5. ചെറുകിട- വ്യവസായങ്ങൾ

ഗാർഹിക മേഖലയിലെ ഊർജ്ജാവശ്യത്തിനായി 80%ൽ കൂടുതൽ ആളുകൾ ഉപയോഗിക്കുന്നത് വിറകാണ്. 12% ആളുകൾ മണ്ണെണ്ണയും 8% പേർ പാചകവാതകവും (LPG) ഉപയോഗിച്ചു വരുന്നു. പാചകാവശ്യത്തിനായി ഒരു മാസത്തിൽ 11745 ലിറ്റർ മണ്ണെണ്ണ പാചകാവശ്യത്തിനടക്കം പൊതുവിതരണകേന്ദ്രം വഴി വിറ്റഴിക്കപ്പെടുന്നുണ്ട്. (അവലംബം സെക്കൻറി ഡാറ്റാ കലക്ഷൻ)

വിറകടുപ്പുകളെയാണ് ഭൂരിപക്ഷം ജനങ്ങളും ഇന്ന് ആശ്രയിക്കുന്നത്. പ്രതിവർഷം 1500 രൂപയുടെ വിറകുകൾ ഓരോ കുടുംബവും ഉപയോഗിക്കുന്നുണ്ട്. ചെറിയ ഒരു

ശതമാനം ആളുകൾ വിറക് വില കൊടുത്തു വാങ്ങുന്നു എന്നത് ഒഴിച്ചാൽ ഭൂരിപക്ഷം പേരും പഞ്ചായത്തിനകത്തു നിന്നാണ് വിറക് സംഭരിക്കുന്നത്. വിറകിന്റെ ക്ഷാമം ഇന്ന് നമ്മെ ഗൗരവമായി ബാധിച്ചിട്ടുണ്ട്. അതിനാൽ വിറകിന്റെ ഉപയോഗം പരമാവധി കുറക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. ദക്ഷത കൂടിയ വിറകടുപ്പുകൾ (പരിഷ്കരിച്ച അടുപ്പുകൾ) വ്യാപിപ്പിക്കുകയാണ് ഉടൻ ചെയ്യാവുന്ന മാർഗ്ഗം. ഇതുവഴി ഇന്ന് ഉപയോഗിക്കുന്ന വിറകിന്റെ ഉപഭോഗത്തെ പകുതിയായി കുറക്കാൻ കഴിയും. ഇതുവഴി സ്ത്രീകളുടെ ആരോഗ്യത്തകർച്ചക്ക് ഒരു പരിധി വരെ പരിഹാരം കാണാനും സാധിക്കും. പഞ്ചായത്ത് സാമ്പത്തികസഹായം ചെയ്ത് കൊണ്ട് ദക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കാനുള്ള ഒരു പദ്ധതിയെ ക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

പന്ന്യന്നൂർ പഞ്ചായത്തിലെ വൈദ്യുതിയെ സംബന്ധിച്ച വിവരം പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

1.	ഗാർഹികം	2144
2.	വ്യാപാരം	282
3.	വ്യാവസായികം	12
4.	കാർഷികം	48
5.	നിലവിലുള്ള ആകെ ഉപഭോക്താക്കൾ	2486

പാനൂർ കേന്ദ്രമായുള്ള മേജർ ഇലക്ട്രിക് സബ്ഡിവിഷൻ ഓഫീസിന്റെ പരിധിയിലാണ് നമ്മുടെ പഞ്ചായത്ത് നിലകൊള്ളുന്നത്. 16601 കണക്ഷനുകളുള്ള ഈ ഓഫീസിന് മൊത്തം 6 പഞ്ചായത്തുകൾ ഉൾപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം ഇനം തിരിച്ച് പട്ടിക 2ൽ ചേർത്തിരിക്കുന്നു.

പട്ടിക 2

ഇനം	എണ്ണം
ഓർഡിനറി	125
OPT	01
OYEC	25
ആകെ	151

മൊത്തം 151 അപേക്ഷകർക്ക് ഇനി വൈദ്യുതി ലഭിക്കാൻ ബാക്കിയുണ്ട് എന്ന കാര്യം പരിഹരിക്കപ്പെടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ 10 വാർഡുകളിലുമായി 172, 60 വോൾട്ട് ബൾബുകൾ പ്രകാശിക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ ട്യൂബ് ലൈറ്റുകളോ, മെർക്കുറി വേപ്പർ ലാമ്പുകളോ സ്ഥാപിക്കപ്പെട്ടിട്ടില്ല. 7 സോഡിയം വേപ്പർ ലാമ്പുകൾ പ്രധാന കവലകളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തെരുവ് വിളക്കുകൾക്കായി പഞ്ചായത്ത് പ്രതിവർഷം 36636 രൂപ ചെലവഴിക്കുന്നുണ്ട്. 1996 വർഷത്തിൽ ഇതിനകം നൽകിയ വൈദ്യുത കണക്ഷനുകളെ സംബന്ധിച്ച വിവരം പട്ടിക 3ൽ താഴെ കൊടുക്കുന്നു.

പട്ടിക 3

ഇനം	എണ്ണം
ഓർഡിനറി	67
OPT	02
OYEC	97
മുൻ വർഷത്തെ കണക്ഷൻ ആകെ	166

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ താഴെ പറയും ക്രമത്തിലാണ് (മൊത്തം 13 എണ്ണം) ഓരോ

ട്രാൻസ്ഫോർമറുകളിലും ഉള്ള കണക്റ്റഡ് ലോഡും ഇവക്കെതിരെ ചേർത്തിട്ടുണ്ട്. പട്ടിക 3 നോക്കുക

പട്ടിക 3

No	LT ട്രാൻസ്ഫോർമറുകളുടെ പേര്	കണക്റ്റഡ് ലോഡ്
1.	പി. എം മുക്ക്	127
2.	മേലേ ചമ്പാട്	241
3.	ചമ്പാട് സെൻട്രൽ	298
4.	ചമ്പാട്	163
5.	അരയാക്കൂൽ	101
6.	കുറിച്ചീക്കര	147
7.	കുന്നോത്തെ പീടിക	195
8.	കുണ്ടുകുളം	325
9.	മനേക്കര	157
10.	വയൽപീടിക	183
11.	പന്ന്യന്നൂർ	154
12.	ഈസ്റ്റ് പന്ന്യന്നൂർ	101
13.	ആണ്ടിപീടിക	294
	ആകെ	2486

ചമ്പാട് അരയാക്കൂലിൽ നിന്നും പന്ന്യന്നൂരിലേക്ക് പോകുന്ന LT ലൈനിന് 1.5 കി.മീ. ൽ അധികം ദൂരമുണ്ട്. ചമ്പാട് അരയാക്കൂൽ ട്രാൻസ്ഫോർമറുകളുടെ പരിധിയിൽ പന്ന്യന്നൂരിലേക്ക് പോകുന്ന ലൈനിന് വോൾട്ടേജ് ക്ഷാമം ഇപ്പോൾ കാര്യമായി അനുഭവപ്പെടുന്നുണ്ട്. പന്ന്യന്നൂർ LT ട്രാൻസ്ഫോർമറുമായി ഈ ലൈനിനെ (അരയാക്കൂൽ ലൈൻ) ബന്ധിപ്പിക്കേണ്ട ഒരു നിർദ്ദേശം നിലവിലുള്ളത് ത്വരിതപ്പെടുത്താനാവശ്യമായ നീക്കങ്ങൾ ചെയ്യേണ്ടതാണ്.

വോൾട്ടേജ് കുറവ്, തുടരെത്തുടരെയുള്ള അപ്രഖ്യാപിത പവർകട്ടുകൾ, സ്റ്റെബിലൈസർ ഉപയോഗിക്കൽ, വൈദ്യുതഉപയോഗത്തിനുള്ള ആർഭാഡം, ബോധവല്ക്കരണത്തിന്റെ അപര്യാപ്തത എന്നിവ ഈ രംഗത്തുള്ള പ്രധാന പ്രശ്നങ്ങളാണ്.

ഘർഷണ രഹിത ഫ്യൂട്ട് വാൾവുകൾ, കോംപാക്ട് ഫ്ലൂറസെന്റ് ബൾബുകൾ, ഇലക്ട്രോണിക് ചോക്കുകൾ എന്നിവ നേരിയ തോതിൽ മാത്രമേ ഉപയോഗിച്ചു വരുന്നുള്ളൂ. ഇവ വ്യാപകമാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വാർഡുകളിലെ പ്രധാന സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
2. പഞ്ചായത്ത് ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം പണം നല്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.
3. ബൾബുകൾ കൃത്യസമയത്ത് മാറ്റി ഇടാനുള്ള സംവിധാനം ഉണ്ടാക്കണം.
4. പ്രധാന കവലകളിൽ സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിക്കണം.
5. പന്ന്യന്നൂർ തിരുവലത്ത് മുക്ക്, ചമ്പാട് മുരിക്കോൾമുക്ക് എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
6. പുകയില്ലാത്ത അടുപ്പുകൾ സബ്സിഡി കൊടുത്ത് സാധ്യമായ വീടുകളിലെല്ലാം സ്ഥാപിക്കണം.
7. വ്യവസായ യൂണിറ്റുകൾക്ക് വേണ്ട വൈദ്യുതി ലഭിക്കുന്നില്ല.

സാധ്യതകൾ

1. ദക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കൽ
2. പ്രസരണനഷ്ടം കുറക്കാനായി സന്നദ്ധപ്രവർത്തനം ആസൂത്രണം ചെയ്യണം.
3. ഊർജ്ജലാഭമുള്ള വൈദ്യുതി ബൾബുകൾ സബ്സിഡി കൊടുത്ത് പ്രചരിപ്പിക്കണം.
4. വൈദ്യുത ഉപകരണങ്ങൾ അത്യാവശ്യത്തിനുമാത്രം ഉപയോഗിക്കാൻ വേണ്ടിയുള്ള ബോധവല്ക്കരണം.

5. വൈദ്യുത ബോർഡും സന്നദ്ധ സംഘടനകളും ചേർന്ന് വൈദ്യുത ഉപഭോഗത്തെക്കുറിച്ച് ബോധവല്ക്കരണം നടത്തണം.

6. കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ മത്തിക്കുളം ഭാഗത്ത് ഒരു ഡീസൽ നിലയം സ്ഥാപിക്കുക വഴി വൈദ്യുതപ്രശ്നം പരമാവധി പരിഹരിക്കാൻ കഴിയും. ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പദ്ധതിയിൻ കീഴിൽ ഇത് നടപ്പാക്കണം.

7. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാനുള്ള മാർഗ്ഗ നിർദ്ദേശവും സാമ്പത്തിക സഹായവും നൽകണം.







മാർക്കറ്റിങ്ങ്

വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുക ഉപഭോക്താക്കൾക്ക് സൗകര്യത്തിൽ ഉല്പന്നങ്ങൾ ലഭിക്കുക എന്നീ കാര്യങ്ങൾ പരിഗണിക്കുമ്പോൾ മാർക്കറ്റിങ്ങിന് ആസൂത്രണത്തിലുള്ള വമ്പിച്ച പങ്ക് തർക്കമറ്റതാണ്.

വിവിധ വ്യവസായ യൂണിറ്റുകളിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് പഞ്ചായത്തിലെ വീടുകളിൽ നേരിട്ട് വിപണനം നടത്താൻ താല്പര്യമുള്ള യുവതീയുവാക്കളുടെ ഗ്രൂപ്പുകളെ കണ്ടെത്തുകയും പ്രോത്സാഹനം കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ഭക്ഷ്യോല്പന്നങ്ങളുടെ വിപണനത്തിലും ഗാർമെൻറുകളുടെ വിപണനത്തിലും ധാരാളം സാധ്യതകൾ ഈ രീതിക്കുണ്ടെന്ന് പഞ്ചായത്തിൽ തന്നെ ഇതിനകം തെളിഞ്ഞിട്ടുണ്ട്. ഇതു ക്രമത്തിൽ പഞ്ചായത്തിനു പുറത്തും പരീക്ഷിക്കാവുന്നതാണ്.

ചില വ്യാവസായിക ഉല്പന്നങ്ങൾക്ക് വ്യാപകമായ വിപണി കണ്ടെത്താൻ ചില എപക്സ് ഏജൻസികളുടെ സഹായം തേടാവുന്നതാണ്. വിവിധയിനം ഗാർമെൻറുകൾ സഹകരണാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചാൽ കോപ്ടക്സ്, ഹാൻവീവ് തുടങ്ങിയ എപക്സ് ഏജൻസികളിൽകൂടി വിപണനസൗകര്യം കണ്ടെത്താൻ സംവിധാനം ഉണ്ടാക്കണം. ഭക്ഷ്യോല്പന്നങ്ങൾക്ക് കേരളഖാദി വില്ലേജ് ഇൻഡസ്ട്രീസ് എന്ന അപക്സ് ഏജൻസിയിൽ കൂടി വിപണനം കണ്ടെത്താം. സ്വകാര്യസംരംഭകർക്കും ഈ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

പഞ്ചായത്തിൽ അഞ്ചാം വാർഡിൽ പ്രവർത്തിച്ചു വരുന്ന കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോറിൻെറ പ്രവർത്തനം മാതൃകാപരമാണ്. ഉപഭോക്താക്കൾക്ക് ആശ്വാസം പകരുന്നഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയെന്നത് പരിഗണിക്കണം. നമ്മുടെ പഞ്ചായത്തിൽ നാളികേര ഉല്പന്നങ്ങൾ സംഭരിക്കാനുള്ള കേന്ദ്രീകൃത മാർക്കറ്റിങ്ങ് സൗകര്യം ഇല്ല. എടുത്തു പറയത്തക്ക മത്സ്യമാർക്കറ്റോ മാംസമാർക്കറ്റോ ഇല്ല. പച്ചക്കറി മാർക്കറ്റിൻേറയും കഥ വേറെ അല്ല. കൃഷിക്കാരൻെറ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാനും ഉപഭോക്താവിന് യഥേഷ്ടം സാധനങ്ങൾ ലഭ്യമാകാനും ആഴ്ചചന്തകളുടെ സ്ഥാപനം പരിഗണിക്കാവുന്നതാണ്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കണം.
2. പ്രധാന സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കണം.
3. താഴെചമ്പാട്ടും പന്ന്യന്നൂർ അരയാക്കൂലിലും കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കണം.
4. മിൽമാബൂത്ത്, സഹകരണ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കണം.
5. സഹകരണാടിസ്ഥാനത്തിൽ കൊപ്ര, അടക്ക, കുരുമുളക്, കശുവണ്ടി, പച്ചക്കറി എന്നിവ സംഭരിക്കാനുള്ള കേന്ദ്രവും വിതരണകേന്ദ്രവും സ്ഥാപിക്കണം.





ഗതാഗതം

പന്ന്യന്നൂർ പഞ്ചായത്തിലെ പ്രധാന ഗതാഗതസൗകര്യം റോഡുകൾ മാത്രമാണ്. പഞ്ചായത്തിൽ നിലവിലുള്ള മിക്ക റോഡുകളും സംഘബോധശക്തിയിൽ നിന്നുളവായ ശ്രമദാന ഫലമായി നിർമ്മിക്കപ്പെട്ടവയാണ്. പഞ്ചായത്തിലെ ഔദ്യോഗിക രേഖ പ്രകാരം പഞ്ചായത്തിൽ ഇന്ന് 71 റോഡുകളുണ്ട്. ഇവയുടെ ആകെ നീളം 53.86 കി.മീറ്റർ വരും. ഇതിൽ 3.75 കി.മീറ്റർ ടാർ ചെയ്തതും 9.75 കി.മീറ്റർ സോൾ ചെയ്തതും ശേഷിച്ച 40.36 കി.മീറ്റർ കച്ചയും ആണ്. പഞ്ചായത്തിൽ 12കി.മീറ്റർ പി.ഡബ്ല്യു.ഡി. റോഡുണ്ട്. ഇതിനെല്ലാം പുറമെ ഉദ്ദേശം 10 കി.മീറ്റർ കച്ചറോഡ് പഞ്ചായത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലായി പൊതുജനങ്ങളുടെ ശ്രമദാനത്തിൽ കൂടി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അവ പഞ്ചായത്തിന് കൈ മാറിയിട്ടില്ല. ഇതൊക്കെ പരിഗണിക്കുമ്പോൾ പഞ്ചായത്തിൽ മൊത്തം 75.86 കി.മീറ്റർ റോഡ് സൗകര്യം നിലവിലുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ .6 കി.മീ / Sq. K.M അധികമാണ്.

പന്ന്യന്നൂർ പഞ്ചായത്ത് സ്ഥാപിതമാകുന്നതിന് മുമ്പ് പഞ്ചായത്തിൽ ഏതാനും കച്ച റോഡുകൾ മാത്രമെയുണ്ടായിരുന്നുള്ളൂ. വികസനമെന്നാൽ റോഡ് നിർമാണമാണെന്ന ധാരണ റോഡ് ഗതാഗതരംഗത്ത് വമ്പിച്ച മുന്നേറ്റം പഞ്ചായത്തിലുണ്ടാക്കിയിട്ടുണ്ട്. ഒരു റോഡ് ശൃംഖല തന്നെ 1965ന് ശേഷം പഞ്ചായത്തിൽ രൂപപ്പെട്ട് വന്നിരുന്നു. 1960 കളിലും 70 കളിലുമായി പഞ്ചായത്തിലൂടെയുള്ള 5 പി.ഡബ്ല്യൂ.ഡി റോഡുകൾ ടാർ ചെയ്യപ്പെടുകയും 1980 കളിലും 1990 കളിലും 4 പഞ്ചായത്ത് റോഡുകൾ ടാർ ചെയ്യപ്പെടുകയുമുണ്ടായി. പഞ്ചായത്തിലെ റോഡുകളിൽ കൂടി ഇന്ന് ആകെ പബ്ലിക്ക് ട്രാൻസ്പോർട്ട് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 4 പഞ്ചായത്ത് ഷെൽട്ടറുകൾ ഉൾപ്പെടെ 10 ബസ് വെയിറ്റിങ്ങ് ഷെൽട്ടറുകളാണ് പഞ്ചായത്തിലുള്ളത്. ഇതിനു പുറമെ താൽക്കാലിക 4 ഷെൽട്ടറുകളുമുണ്ട്. പാനൂർ-തലശ്ശേരി പട്ടണങ്ങളെതമ്മിൽ ബന്ധിപ്പിക്കുന്ന ദൂരം കുറഞ്ഞ എല്ലാ റോഡുകളും ഈ

പഞ്ചായത്തിൽ കൂടെയാണ് കടന്നു പോകുന്നത്. അതുകൊണ്ടു തന്നെ ട്രാഫിക് സാന്ദ്രത അനുദിനം വർദ്ധിച്ചു വരുന്നുണ്ട്.

സംസ്ഥാന ശരാശരിയേക്കാൾ റോഡ് സൗകര്യം പഞ്ചായത്തിനുണ്ടായിട്ടും എല്ലാ വിശേഷാൽ ഗ്രാമസഭകളിലും സജീവ ചർച്ച ഉയർന്നു വന്നത് റോഡു ഗതാഗത സൗകര്യം ഇനിയും വർദ്ധിപ്പിക്കണമെന്ന ദിശയിലാണ്. എന്നാൽ സാമ്പത്തികമായി ഏറ്റവും പിന്നിലുള്ള ഈ പഞ്ചായത്തിൽ ജനകീയ അഭിലാഷത്തിനൊപ്പം ഉയരാൻ സാധിക്കുക എന്നത് ഏറെ ശ്രമകരമാണ്. ഇതിനു പുറമെ വികസനമെന്നാൽ റോഡ് നിർമ്മാണം മാത്രമാണെന്ന ധാരണക്ക് തിരുത്തൽ നല്കുന്ന ബോധവല്ക്കരണ പരിപാടിയെക്കുറിച്ച് ശ്രദ്ധിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന എല്ലാ പി. ഡബ്ല്യൂ. ഡി. റോഡുകളുടെയും നിലവാരം വളരെ മോശമാണ്. ട്രാഫിക് സമ്മർദ്ദം അനുദിനം വർദ്ധിക്കുന്ന ഈ റോഡുകളിൽ കാലാകാലങ്ങളിൽ കുറഞ്ഞ അളവിൽ വേണ്ട അറ്റകുറ്റപണികൾ പോലും നടത്താറില്ല. ഇത്മൂലം വർഷ കാലം ഓരോന്ന് കഴിയുന്തോറും റോഡുകൾ ഗതാഗതയോഗ്യമല്ലാതാവുകയും റോഡ പകടസാധ്യത ഏറി വരുകയും ചെയ്യു ന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ മുൻഗണനാടിസ്ഥാനത്തിൽ പതിയേണ്ട തുണ്ട്. പി. ഡബ്ല്യൂ. ഡി. ഏറ്റെടുക്കാ നാവശ്യമായ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടി ട്ടുള്ള റോഡുകൾ പോലും പി. ഡബ്ല്യൂ. ഡി. ഏറ്റെടുക്കുന്നതിലുള്ള കാലതാമസം പഞ്ചായത്തിന് അധിക ബാദ്ധ്യതയുണ്ടാ ക്കുന്നുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയാകട്ടെ പഞ്ചായത്ത് റോഡുകളിൽ കാലാകാലം നടത്തേണ്ട അറ്റകുറ്റ പണികൾ പോലും നടത്താൻ പര്യാപ്തവുമല്ല.

പ്രധാന പഞ്ചായത്ത് റോഡുകൾ അത്യാവശ്യ നിലയിൽ വീതി കൂട്ടുന്നതിൽ ബന്ധപ്പെട്ട സ്ഥലം ഉടമകളുടെ സഹകരണം വേണ്ടത്രയുണ്ടാവുന്നില്ല. റോഡരികിലുള്ള ജനസാന്ദ്രത അവഗണിക്കാനാവാത്ത ഒരു തടസ്സമാണ്. ജനസാന്ദ്രത കൂടുതലുള്ള നമ്മുടേത് പോലുള്ള പഞ്ചായത്തിൽ റോഡിന്റെ വീതിയുടെ കാര്യത്തിൽ ദേശീയ മാനദണ്ഡം പാലിക്കാനുള്ള പ്രായോഗിക വിഷമം സജീവ പരിഗണനക്ക് വിധേയമാകേണ്ടതാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡ് സൗകര്യം താഴെ കൊടുത്ത പട്ടിക സൂചിപ്പിക്കുന്നു.

ആകെ റോഡ്	ടാർ ചെയ്ത ദൂരം		സോൾ ചെയ്തത് പഞ്ചായത്ത്	കച്ച പഞ്ചായത്ത്	പഞ്ചായത്ത് ഏറ്റെടുക്കാൻ കച്ച	ആകെ
	പി. ഡബ്ല്യൂ. ഡി.	പഞ്ചായത്ത്				
76	12 കി. മീ	3.75 കി. മീ	9.75 കി.മീ	40.36	10 കി.മീ	75.86

അവലംബം സെക്കൻറി ഡാറ്റ പ്രൈമറി ഡാറ്റ

പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ നിലവാരം താരതമ്യേന മോശമാണ്.
2. മിക്ക റോഡുകൾക്കും ഓടകളില്ല.
3. റോഡുകൾക്ക് പൊതുവെ വീതി കുറവാണ്.
4. റോഡുകൾ വീതി കൂട്ടുന്ന കാര്യത്തിൽ പ്രധാന തടസം റോഡരികിലുള്ള

ജനസാന്ദ്രതയാണ്.

5. പല റോഡുകളിലും വർഷത്തിലൊരിക്കൽ പോലും അറ്റകുറ്റപണികൾ നടത്താറില്ല.
6. പല റോഡുകളിലും ആവശ്യത്തിന് കൾവർട്ടുകളില്ല.
7. ചില റോഡുകൾ ആവശ്യമായ ഭൂവിതാനത്തിലും താഴെയാണ്.
8. റോഡിന് അത്യാവശ്യഅളവിൽ വീതിവെപ്പിക്കാൻബന്ധപ്പെട്ട സ്ഥലമുടമകളുടെ സഹകരണമില്ലായ്മ.
9. വർഷകാലത്തുള്ള പ്രകൃതിക്ഷോഭം നിമിത്തം റോഡുകൾ താറുമാറാകൽ
10. റോഡിന്റെ വീതിയുടെ കാര്യത്തിലുള്ള കർശനമായ ദേശീയ മാനദണ്ഡം.

സാധ്യതകൾ

1. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കാനുള്ള പദ്ധതി.
2. റോഡുകളുടെ അറ്റകുറ്റപണി നടത്താൻ പദ്ധതി
3. പ്രധാന റോഡുകൾ ടാർ ചെയ്യാൻ പദ്ധതി.
4. നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ കൾവർട്ട് നിർമ്മിക്കാൻ പദ്ധതി.
5. നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ള ഇടങ്ങളിൽ റോഡ്വിതാനം ഉയർത്താൻ പദ്ധതി.
6. പൂർത്തീകരിക്കപ്പെടേണ്ട റോഡുകൾ പൂർത്തിയാക്കാൻ പദ്ധതി.
7. ആവശ്യമുള്ളയിടങ്ങളിൽ നടപ്പാത നിർമ്മാണത്തിന് പദ്ധതി.
8. റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികളുടെ രൂപീകരണവും ബോധവല്ക്കരണവും.
9. ആവശ്യത്തിന് വീതിയുള്ള റോഡരുകിൽ മാവ്, പ്ലാവ്, പുളി, തേക്ക്, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കാൻ പ്രോത്സാഹനം.
10. റോഡരികിൽ സിഗ്നൽ ബോർഡുകൾ വെക്കാൻ പദ്ധതി.

ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ.

പത്ത് വിശേഷാൽ ഗ്രാമ സഭകളിൽനിന്നായി 16 പഞ്ചായത്ത് റോഡുകൾ ടാർ ചെയ്യേണ്ട നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. വാർഡുകൾ തിരിച്ചുള്ള അവയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ടദൂരം
1.	0301	03	ചമ്പാട്-അരയാക്കൂൽ- പന്ന്യന്നൂർ-അരയാക്കൂൽ	1-900
2.	0902	09	പന്ന്യന്നൂർ-അരയാക്കൂൽ-പെരിയാണ്ടിഎൽ.പി.എസ്	1.750
3.	0103	01	ചമ്പാട്-അരയാക്കൂൽ-മൊകേരി വയൽ	.465
4.	0704	07	മനേക്കര ഷെൽട്ടർ-മീത്തലെ ചമ്പാട്	2.കി.മീ.
5.	0505	05	മാക്കുനി-പൊന്ന്യം പാലം	600
6.	0406	04	താഴെചമ്പാട്-മൊകേരി വയൽ	1കി.മീ.
7.	0707	07	മനേക്കര-പന്ന്യന്നൂർ ഡിസ്പെൻസറി	1.100
8.	1008	10	പന്ന്യന്നൂർ പള്ളി-തായാട്ട് താഴെ	1.500
9.	0209	02	തായാട്ട് താഴെ- തോട്ടോൾലക്ഷം വീട്	480
10.	0310	03	ലക്ഷംവീട്-ചമ്പാട് അരയാക്കൂൽ മെയിൻറോഡ്	900
11.	1011	10	പന്ന്യന്നൂർപള്ളി- ആണ്ടിപീടിക	1.കി.മീ.
12.	0512	05	മാക്കുനി- കുന്നുമ്മൽപാലം	300
13.	0613	06	കുണ്ടുകുളങ്ങര-കോട്ടോയ്ക്കൂലോം	700
14.	0614	06	കോട്ടോയ്ക്കുലോം- താഴെ ചമ്പാട്	720
15.	0215	02	കുറിച്ചീക്കര റേഷൻ പീടിക-പൂക്കോം.	1.100
16.	0616	06	കോട്ടോയ്ക്കുലോം-മുള്ളൻമാളി	750
				15.18

സൂചിക: കോഡ് ആദ്യത്തെ രണ്ട് അക്കം വാഡിനെ സൂചിപ്പിക്കുന്നു. അടുത്ത രണ്ടക്കങ്ങൾ റോഡിനെ സൂചിപ്പിക്കുന്നു. നിർമ്മാണ വേളയിൽ മുൻഗണനാക്രമം കർമ്മസമിതിയാണ് നിശ്ചയിക്കുക.

നിലവിൽ ടാർ ചെയ്തതും എന്നാൽ അടിയന്തിര പ്രാധാന്യത്തോടെ റീടാർ ചെയ്യേണ്ടതുമായ നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

നമ്പർ	കോഡ്	വാർഡ്	പേര് : നീളം
1	0501	05	മീത്തലെ ചമ്പാട്-കൂരാറ
2.	0402	04	താഴെ ചമ്പാട്-കൂരാറ

മേൽകൊടുത്ത റോഡുകളിൽ ബസ് ഗതാഗതസൗകര്യം നിലവിലുണ്ടെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഗ്രാമസഭകളിൽ നിന്നും 17 പുതിയ റോഡുകളുടെ നിർമ്മാണം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

നമ്പർ	കോഡ്	വാർഡ്	പേര് : നീളം
1.	0601	06	താമരശ്ശേരി - ചാത്തോത്ത്
2.	0402	04	ബാവാൻറപറമ്പ എൽ.പി.എസ് - ലിങ്ക് റോഡ്
3.	0603	06	പച്ചേൻറവി-കോട്ടോയ്ക്കൂലോം-മനേക്കര പി.ഡബ്ല്യൂ.ഡി. റോഡ്
4.	0404	04	മനയത്ത്വയൽറോഡ്-മൂർത്തക്കാട്ട്പറമ്പ്.
5.	0505	05	കുന്നുമ്മൽക്കണ്ടി-ചാടാലപ്പുഴ
6.	0506	05	ഇടക്കുളം പൊന്ന്യംപാലംറോഡ്
7.	1007	10	സബ്സ്റ്റേഷൻ-ആണ്ടിപീടിക
8.	0508	05	കിരാൽകൂലോത്ത്-പുഞ്ചവയൽ
9.	0409	04	മനയത്ത്വയൽ-അരയാക്കണ്ടിപ്പറമ്പ്
10.	0710	07	മനേക്കര-പുഞ്ചക്കര
11.	0811	08	പന്ന്യന്നൂർ അരയാക്കൂൽ-പുതുക്കുടി-നാമത്ത്പൊയിൽ
12.	0612	06	കോറോത്ത്മുക്ക്-കോമത്തംമുക്ക്
13.	0413	04	ചാമ്പേത്ത്മുക്ക്-അരയാക്കൂൽ
14.	0414	04	വണ്ണാങ്കണ്ടിമുക്ക്-പുഞ്ചവയൽ
15.	0415	04	കുറ്റിക്കാട്ടിൽതാഴ-വടക്കയിൽ ഇടവഴി-ചമ്പാടൻകുറ്റി
16.	0416	04	പാലേരി ഇടവഴി-മൊകേരിവയൽ
17.	0417	04	മനയത്ത്വയൽ-കുച്ചണ്ടി

ഇതിനു പുറമെ താഴെപറയുന്ന നിർമ്മാണപ്രവർത്തികളും ഗ്രാമസഭാ നിർദ്ദേശങ്ങളിൽപ്പെടുന്നു.

1. 4-ാം വാർഡിൽ മീത്തലെ ചമ്പാട്-കൂരാററോഡിൽ മുരിക്കോർ മുക്കിൽ കൾവർട്ട് നിർമ്മിക്കൽ

2. 7-ാം വാർഡിൽ കോരമ്പത്ത് താഴ തോടിനു കുറുകെ നടപ്പാലം കെട്ടൽ.
3. 7-ാം വാർഡിൽ വണ്ണാത്തി തോടിനു കുറുകെ റോഡ് പാലം നിർമ്മിക്കൽ.

നിലവിലുള്ളതും എന്നാൽ കൂടുതൽ വീതിയും റിപ്പയറും ആവശ്യമായ 29 റോഡുകളുടെ പേർ ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ പെടുത്തിയിട്ടുണ്ട്.

നമ്പർ	കോഡ്	വാർഡ്	പേര്	നീളം
1.	0901	09	പന്ന്യന്നൂർ പി.ഡബ്ല്യൂ.ഡി -ബീഡിപീടിക റോഡ്	/35
2.	0102	01	കിഴക്കെചമ്പാട്-മൊകേരിവയൽ	/630
3.	0101	01	തറച്ചാണ്ടിയിൽ-മൊകേരിവയൽ	/330
4.	0104	01	കുറിച്ചിവയൽ-പള്ളിക്കണ്ടി	/520
5.	0105	01	ശിശുമന്ദിരം-തറച്ചാണ്ടിയിൽ	/600
6.	0206	02	കിഴക്കെചമ്പാട്-പൂക്കോം	1/100
7.	0207	02	കുറിച്ചിക്കര റേഷൻപീടിക-കോട്ടക്കുന്ന്	/750
8.	0308	03	കുണ്ടുകുളങ്ങര-ചന്ദ്രോത്ത്മുക്ക്	/530
9.	0409	04	താഴെചമ്പാട്-കൂരാറ റോഡ്	1.കി.മീ
10.	0510	05	മീത്തലെചമ്പാട്-കൂരാററോഡ്	1/47
11.	0511	05	മാക്കുനി-പൊന്ന്യംപാലം	/600
12.	0612	06	താഴെചമ്പാട്-കോട്ടോയ്ക്കൂലോം	/720
13.	0613	06	കുണ്ടുകുളങ്ങര-കോട്ടോയ്ക്കൂലോം	/700
14.	0714	07	മനേക്കര-പന്ന്യന്നൂർ ഡിസ്പെൻസറി	1.100
15.	1015	10	പന്ന്യന്നൂർപള്ളി-ആണ്ടിപീടിക	1.കി.മീ
16.	0416	04	ആയുർവ്വേദ ആശുപത്രി-ഇല്ലിക്കേൻറവിട താഴ	/285
17.	0817	08	മനത്താനത്ത്-പന്ന്യന്നൂർ ഡിസ്പെൻസറി	/970
18.	0818	08	മനത്താനത്ത്-നാമത്ത് പൊയിൽ	/500
19.	0519	05	തൊടുവയൽ-പുഴക്കൽ	/325
20.	0820	08	കരിഞ്ഞപറമ്പത്ത്-പന്ന്യന്നൂർ പി.ഡബ്ല്യൂ.ഡി റോഡ്	/800
21.	0521	05	പി.എം മുക്ക്-മനയത്ത് വയൽ	/600
22.	0522	05	പി.എം. മുക്ക്-അരിയരപൊയിൽ	1-400
23.	0823	08	കിഴക്കെ പന്ന്യന്നൂർ ലക്ഷം വീട്	/920
24.	0424	04	ജന്മി പുത്തൻപുര	/23
25.	0525	05	പി.എം മുക്ക് വാണിയപീടിക-പുഴക്കൽ	/210
26.	0526	05	ചമ്പാട് വെസ്റ്റ് യു.പി.അരിയര പൊയിൽ	/500
27.	0427	04	ചാത്തോത്ത്-ചമ്പാടൻകുറ്റി റോഡ്	/600
28.	1028	10	പന്ന്യന്നൂർപള്ളി -പൂക്കോം	/600
29.	0729	07	മന്ദലത്ത്-വണ്ണാത്തിതോട്	/160

മേൽപ്പറഞ്ഞ പട്ടികകളിൽ നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ പഞ്ചായത്ത് ഏറ്റെടുക്കാത്തവയും പെടുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

റോഡുകൾക്ക് പുറമെ ഏതാനും ഗ്രാമസഭകളിൽനിന്ന് താഴെ പട്ടികയിൽപ്പെടുത്തിയ നടപ്പാത നിർമ്മാണവും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

നമ്പർ	കോഡ്	വാർഡ്	പേര് നീളം
1.	0301	03	കുണ്ടുകുളങ്ങര - ചന്ദ്രോത്ത് താഴ
2.	0402	04	രയരോത്ത് മുക്ക് - ചമ്പാട് നോർത്ത് എൽ.പി.എസ്
3.	0403	04	രയരോത്ത്മുക്ക് - ശ്രീനാരായണ മഠം
4.	0904	09	കൈപ്പളത്ത്താഴ - കുറ്റിപ്രം എൽ.പി.എസ്
5.	0205	02	ഇല്ലോൾതാഴ - ജനരഞ്ജിനി.എൽ.പി.എസ്
6.	0706	07	ചുമടത്തിൽതാഴ - പുഞ്ചക്കര
7.	0907	09	രാഘവൻമാസ്റ്റർ വീട് - ശ്രീനാരായണമഠം
8.	0508	05	മീത്തലെചമ്പാട് കൂരാററോഡ് - മനയത്ത്ഭാഗം
9.	0809	08	നാമത്ത്മുക്ക് പുതുക്കുടി താഴ - പന്ന്യന്നൂർ ഡിസ്പെൻസറി
10.	0810	08	കോരമ്പത്ത് വയൽ - നടുമ്പ്രം

പാരിസ്ഥിതിക പ്രശ്നങ്ങൾ

1. പുതുതായി റോഡ് നിർമ്മിക്കുമ്പോൾ ഓരങ്ങളിൽ ധാരാളം മരങ്ങൾ നശിപ്പിക്കപ്പെടേണ്ടി വരാറുണ്ട്. ഇത് വമ്പിച്ച തോതിൽ മണ്ണൊലിപ്പിന് ഇടയാക്കുന്നുണ്ട്.
2. പുതിയ റോഡുകൾ നിർമ്മിക്കുന്ന വേളയിൽതന്നെ മണ്ണൊലിപ്പ് തടയാനുള്ള സംവിധാനം കൂടി ഉറപ്പു വരുത്തേണ്ടതാണ്.
3. പുതുതായി റോഡുകൾ നിർമ്മിക്കുമ്പോൾ നീർക്കെട്ടുകൾ ഒഴിവാക്കേണ്ട സംവിധാനം ഉറപ്പു വരുത്തണം.



സഹകരണം

രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് നാട്ടിൽ ഭക്ഷ്യക്ഷാമവും പട്ടിണിമരണവും ഉണ്ടായി. ഇതിനെതിരായ ജനകീയ പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ച 1940 കളുടെ അവസാനത്തിലാണ് മലബാറിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ലക്ഷ്യം ധാന്യശേഖരണവും റേഷൻ വിതരണവും ആയിരുന്നു. തുടർന്ന് ഈ പ്രവർത്തനം ഗവൺമെൻറ് അവസാനിപ്പിച്ചതിനെതുടർന്ന് ഇത്തരം സംഘങ്ങളുടെ പ്രവർത്തനം നിലച്ചു. ഇതേ തുടർന്ന് ഐക്യ നാണയസംഘങ്ങൾ എന്ന പേരിൽ സഹകരണ പ്രസ്ഥാനം പ്രവർത്തനം പുനരാരംഭിച്ചു. പഞ്ചായത്തിലെ ആദ്യസഹകരണസംഘം ഈ ഐക്യനാണയസംഘമായിരുന്നു. പിൽക്കാലത്ത് ഏതാനും സഹകരണസംഘങ്ങൾ കൂടി പഞ്ചായത്തിൽ ഉദയം ചെയ്തു.

പഞ്ചായത്തിൽ ഇന്നു പ്രവർത്തിച്ചു വരുന്ന സഹകരണസംഘങ്ങൾ താഴെ പട്ടികയായി കൊടുക്കുന്നു.

പഞ്ചായത്തിലെ സഹകരണസംഘങ്ങൾ

ക്രമ നം.	സഹകരണ സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം	ലാഭം നഷ്ടം	ജീവനക്കാരുടെ എണ്ണം	റിമാർക്സ്
1	മൊകേരി ചക്കര സൊസൈറ്റി	1948	മൊകേരി പന്ന്യന്നൂർ പഞ്ചായത്തുകൾ					നിലവിൽ പ്രവർത്തനം ഇല്ല.
2.	പന്ന്യന്നൂർ സർവീസ് സഹകരണ ബാങ്ക്	1950	പന്ന്യന്നൂർ പഞ്ചായത്ത്	7056	608358	ലാഭം	11	2 ശാഖകൾ
3	പന്ന്യന്നൂർ പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ		പന്ന്യന്നൂർ പഞ്ചായത്ത്	241	34000/77000	ലാഭം	4	താഴെ ചമ്പാട് സിമൻറ് ഡിപ്പോ ഉണ്ട്.
4	മനേക്കര ക്ഷീരോല്പാദക സഹകരണ സംഘം	1985	പഞ്ചായത്തിലെ 5,6 വാർഡ്	257	4020	ലാഭം	10	
5.	സെറി കൾച്ചർ സഹകരണ സംഘം		പന്ന്യന്നൂർ പഞ്ചായത്ത്	12	—	—	—	നിലവിൽ പ്രവർത്തിക്കുന്നില്ല.

മൊകേരി ചക്കര നിർമ്മാണ സഹകരണസംഘം

മീത്തലെ ചമ്പാട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന മൊകേരിചക്കരനിർമ്മാണ സഹകരണസംഘം രൂപീകരണത്തോടെ നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന മലബാർ പ്രദേശം. 1948-ൽ മദിരാശി സംസ്ഥാന ഗവൺമെൻറ് മദ്യ നിരോധനം ഏർപ്പെടുത്തിയപ്പോൾ കള്ളുചെത്ത് മേഖലകളിലെ തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. ഈ മേഖലയിൽ ജോലി ചെയ്തിരുന്ന നമ്മുടെ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശത്തെ തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി രൂപീകരിക്കപ്പെട്ടാണ് മേൽസഹകരണസംഘം. ഇതിന്റെ പ്രവർത്തനം ആരംഭിച്ചതോടെ തെങ്ങിൻചക്കര വ്യവസായം പുഷ്ടിപ്പെടുകയും തൊഴിലാളികളുടെ ജീവിതഭദ്രത ഉറപ്പാക്കപ്പെടുകയും ചെയ്തു. എന്നാൽ പിന്നീട് മദ്യനിരോധനം എടുത്തുകളഞ്ഞപ്പോൾ

തൊഴിലാളികൾ കൂടുതൽ മെച്ചപ്പെട്ട മദ്യവ്യവസായ മേഖലയിലേക്ക് മാറി. അതോടെ ഈ സംഘത്തിന്റെ പ്രവർത്തനം നിലച്ചു. പിന്നീട് ഇത്തരം സംഘങ്ങൾ ഖാദിഗ്രാമവ്യവസായ കോർപ്പറേഷന്റെ കീഴിലായെങ്കിലും പ്രവർത്തനം പുനരുജ്ജീവിപ്പിക്കപ്പെട്ടില്ല.

പന്ന്യന്നൂർ സർവീസ് സഹകരണബാങ്ക്

പന്ന്യന്നൂർ ആസ്ഥാനമായി ഐക്യനാണയസഹകരണസംഘം എന്ന പേരിൽ സ്ഥാപിക്കപ്പെട്ട സഹകരണസംഘം ഘട്ടംഘട്ടമായി വളർന്ന് ഇന്നത്തെ നിലയിലെത്തി. 1950 ഒക്ടോബർ 12ന് പന്ന്യന്നൂർ വിവിധോദ്ദേശസഹകരണ സംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ സംഘത്തിൽ പതിമൂന്ന് അംഗങ്ങളാണുണ്ടായിരുന്നത്. 1963-ൽ പന്ന്യന്നൂർ സർവീസ് സഹകരണസംഘമായി വളർന്നു. അംഗസംഖ്യ 441 ആയിരുന്നു. 1981 ജനവരി 2-ാം തീയതി സർവീസ് സഹകരണബാങ്കായി ഉയർത്തപ്പെട്ടു. അംഗസംഖ്യ 1227 ആയി വർദ്ധിച്ചു. ബാങ്കിംഗ് പ്രവർത്തനത്തിനു പുറമെ റേഷൻഷോപ്പും സഹകരണ സ്റ്റോറും നടത്തിയിരുന്നു. ബാങ്കിംഗിനു പുറമെ വളം വില്പനയും കൊപ്രാസംഭരണവും ഇന്ന് നടത്തുന്നുണ്ട്. ബാങ്കിന് രണ്ടു ശാഖകളുണ്ട്. ഇന്നുള്ള 7056 അംഗങ്ങളിൽ എ.ക്ലാസ് അംഗങ്ങൾ 3162, ബി.ക്ലാസ് അംഗങ്ങൾ1, സി. ക്ലാസ് അംഗങ്ങൾ 3893 ആണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന് 30-6-96 ന് 133ലക്ഷം നിക്ഷേപവും 198ലക്ഷം വായ്പയും ഉണ്ട്. കാർഷികമേഖലയ്ക്ക് മുൻതൂക്കമുള്ള നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന് കാർഷിക വായ്പയായി 24 ലക്ഷം രൂപയാണ് നല്കിയിട്ടുള്ളത് (12.12%)

വ്യവസായത്തിന് ഒരു പൈസ പോലും നല്കിയിട്ടില്ല. 174 ലക്ഷം വായ്പ നല്കിയത് മറ്റിനത്തിൽ. പഞ്ചായത്തിന്റെ വികസനത്തിനുതകുന്ന തരത്തിൽ വായ്പാ വിതരണം ശാസ്ത്രീയമാക്കാൻ ബാങ്ക് ശ്രദ്ധിക്കേണ്ടതാണ്. ബാങ്കിന്റെ നടപ്പു പദ്ധതികൾ താഴെപ്പറയുന്നതാണ്.

1. <u>വിളവായ്പ:</u> നേന്ത്രവാഴ, തെങ്ങ്, മരച്ചീനി കൃഷിക്കാർക്ക് ഹ്രസ്വകാല വായ്പ-5000രൂപ വരെ-പലിശ 12%

2. <u>ദീർഘകാല കാർഷികവായ്പ:</u> പമ്പ്സെറ്റുവാങ്ങാൻ, കിണർ കുഴിക്കാൻ 5000രൂപ മുതൽ 15000രൂപവരെ- പലിശ 12%. കാലാവധി 10 വർഷം വരെ

3. മധ്യകാല കാർഷികേതര വായ്പ: വീട് റിപ്പേർ, കക്കൂസ് നിർമ്മാണം, പെൺകുട്ടികളുടെ വിവാഹാവശ്യം, വിദേശത്തേക്ക് ജോലിക്ക് പോകുന്നതിനുള്ള വായ്പ, ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന്, ഓലപ്പുര ഓട് മേയുന്നതിന് എന്നീ ഇനങ്ങളിലായി 15000 രൂപ വരെ 18½% പലിശയ്ക്ക് 5 വർഷത്തെ കാലാവധിക്ക് നല്കുന്നു.

4. <u>ഐ. ആർ. ഡി. പി. കാർഷിക വായ്പ:</u> കിണർ കുഴിക്കാൻ, പമ്പ്സെറ്റ് സ്ഥാപിക്കാൻ, കറവപ്പശു, ആട്വളർത്തൽ, ആലനിർമ്മാണം എന്നിവയ്ക്ക് 12½% 9-10 വർഷത്തെ കാലാവധിക്ക് നല്കുന്നു.

5. <u>ഐ. ആർ. ഡി. പി. കാർഷികേതര വായ്പ:</u> ഗാർമെൻറ് മെയ്ക്കിംഗ്, ടെയിലറിംഗ്, പ്ലാസ്റ്റിക് കെയിൻ വർക്ക്, സ്റ്റേഷനറി, വാദ്യോപകരണം തുടങ്ങിയവയ്ക്ക് 12% നിരക്കിൽ 5 വർഷത്തെ കാലാവധിക്ക് നല്കുന്നു. ഇതിന് 3ൽ ഒരു ഭാഗം സബ്സിഡി ഉണ്ട്. പട്ടികജാതി-വികലാംഗവിഭാഗത്തിൽപെട്ടവർക്ക് 50% സബ്സിഡി നല്കുന്നു.

6. പഠനത്തിനും ചികിത്സക്കും, വീട് അറ്റകുറ്റപണിക്കും 18½% നിരക്കിൽ ഒരുവർഷ കാലാവധിക്ക് നല്കുന്നു.

മേൽപ്പറഞ്ഞ എല്ലാ വായ്പകൾക്കും ബാങ്ക് നിർദേശിക്കുന്ന ജാമ്യം നല്കേണ്ടതാണ്.

7. സ്വർണ്ണ പണയ വായ്പ: സ്വർണ്ണാഭരണത്തിന്റെ പണയത്തിന്മേൽ 18½% പലിശ നിരക്കിൽ ഒരു വർഷത്തേക്ക് വായ്പ നല്കുന്നു.

മനേക്കര ക്ഷീരോല്പാദക സഹകരണ സംഘം.

1985 ഫെബ്രുവരി 14-ാംന് പന്ന്യന്നൂർ പഞ്ചായത്തിലെ 5,6 വാർഡുകൾ പ്രവർത്തനമേഖലയായിട്ടുള്ള ഈ സംഘത്തിൽ 257 അംഗങ്ങളുണ്ട്. 4020 രൂപ ഓഹരി മൂലധനവും 5000 രൂപ പ്രവർത്തനമൂലധനവുമുള്ള ഈ സ്ഥാപനം ലാഭത്തിൽ പ്രവർത്തിക്കുന്നു. 1985-ൽ പാലുല്പാദനം 245 ലിറ്ററായിരുന്നത് 1996-ൽ 1000 ലിറ്ററായി ഉയർന്നു. 10 പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

പന്ന്യന്നൂർ പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ

നിത്യോപയോഗ സാധനങ്ങൾ മൊത്തമായി വാങ്ങി ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് വിതരണം ചെയ്യുക, അംഗങ്ങളിൽ മിതവ്യയശീലം, സ്വാശ്രയത്വം, സഹകരണമനോഭാവം എന്നിവ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടി സ്ഥാപിക്കപ്പെട്ട പന്ന്യന്നൂർ പഞ്ചായത്ത് കൺസ്യൂമർ സ്റ്റോറിൽ 241 അംഗങ്ങളുണ്ട്. പന്ന്യന്നൂർ പഞ്ചായത്ത് പ്രവർത്തന പരിധിയായിട്ടുള്ള സ്റ്റോറിന് താഴെചമ്പാട് സിമൻറ് വിതരണത്തിനായി ഒരു ശാഖയുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്റ്റോറിൽ 4 ജീവനക്കാരുണ്ട്. മെച്ചമേറിയ പ്രവർത്തനത്തിലും ലാഭത്തിലും ജില്ലയിൽ രണ്ടാം സ്ഥാനം നില്ക്കുന്ന സ്ഥാപനമാണിത്.

പന്ന്യന്നൂർ പഞ്ചായത്ത് സെറികൾച്ചറൽ സൊസൈറ്റി

12 കൃഷിക്കാർ ചേർന്ന് രൂപീകരിച്ച ഈ സംഘം മൾബറി കൃഷി ചെയ്യാൻ താല്പര്യമുള്ളവർ ഇല്ലാത്തതിനാൽ പ്രവർത്തനം നിലച്ചിരിക്കയാണ്. ഇത് ഖാദി ബോർഡിൽ രജിസ്റ്റർ ചെയ്തതായിരുന്നു.

നിർദ്ദേശങ്ങൾ

1. മൊകേരി ചക്കര നിർമ്മാണസൊസൈറ്റി പ്രവർത്തനം നിലവിലില്ല. ചക്കരനിർമ്മാണം പുനരുജ്ജീവിപ്പിക്കുവാൻ സൊസൈറ്റിക്ക് കഴിയാതെ വന്നു. പ്രസ്തുത സൊസൈറ്റിയെ ഇൻഡസ്ട്രിയൽ സൊസൈറ്റിയായി ബൈലോഭേദഗതി ചെയ്ത് രൂപാന്തരപ്പെടുത്തിയാൽ പ്രവർത്തനക്ഷമമാക്കാൻ കഴിയും.
2. സെറികൾച്ചറൽ സൊസൈറ്റി പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് പ്രവർത്തനക്ഷമമല്ല. ഇത് നഴ്സറി സൊസൈറ്റിയായി രൂപാന്തരപ്പെടുത്തി പ്രവർത്തനം നടത്താവുന്നതാണ്.

പ്രശ്നങ്ങൾ

1. വായ്പാവിതരണത്തിലുള്ള അപാകത
2. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുവരാനുള്ള ആത്മാധൈര്യമില്ലായ്മ.
3. സാങ്കേതിക നവീകരണത്തിന്റെ കുറവ്.

സാധ്യതകൾ

1. വനിതാസഹകരണസംഘം രൂപീകരിക്കുക.
2. ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവല്ക്കരിക്കാൻ പ്രൊഫഷണൽ മാനേജ്മെൻറിൽ പരിശീലനവും എൻ.ആർ.ഇ. നിക്ഷേപം തുടങ്ങാനുള്ള സംവിധാനവും സഹകരണബാങ്കിൽ ഏർപ്പെടുത്തുക.
3. പഞ്ചായത്ത് വികസനപദ്ധതികളുമായി ബന്ധമുള്ള മാർക്കറ്റിങ്ങ് സഹകരണസംഘങ്ങൾ രൂപീകരിക്കുക.
4. ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിക്കുക.
5. സഹകരണ ബാങ്കുകളുടെ വായ്പാനടപടി ക്രമങ്ങൾ ലഘൂകരിക്കുക.

ഗ്രാമസഭകളിൽനിന്നും വന്ന നിർദ്ദേശങ്ങൾ

1. ക്ഷീരസഹകരണസംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിൽ മുഴുവൻ വാർഡിലും വ്യാപിപ്പിക്കുകയോ മേഖലാടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ തുടങ്ങുകയോ ചെയ്യണം.

കാലിത്തീറ്റ നിർമ്മാണ യൂനിറ്റുകൾ തുടങ്ങുവാൻ കഴിയണം.

പാലുല്പന്നങ്ങളുടെ യൂനിറ്റുകൾ രൂപീകരിച്ച് തൊഴിലവസരം സൃഷ്ടിക്കണം.

2. വീടുകളിൽ ആടുകളെയും ഇറച്ചിക്കോഴിയേയും മുട്ടക്കോഴിയേയും വളർത്തിവില്പനയ്ക്ക് സഹകരണാടിസ്ഥാനത്തിൽ സംഘം ആരംഭിക്കണം.

3. തരിശുഭൂമികളിലും പറമ്പുകളിലും പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും സഹകരണസ്റ്റോർ മുഖാന്തരം ശേഖരിച്ച് വിതരണം നടത്തുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം. ഇതുപ്രകാരം തന്നെ മത്സ്യകൃഷിയും കൂൺകൃഷിയും നടത്തുവാനും പ്രോത്സാഹിപ്പിക്കണം.

4. കാർഷിക രംഗത്തുള്ള തൊഴിൽ പ്രതിസന്ധി പരിഹരിക്കുവാനും ഉല്പാദന രംഗത്തുള്ള മാന്ദ്യത മാറ്റുവാനും കർഷക തൊഴിലാളി സഹകരണസംഘങ്ങൾ സ്ഥാപിച്ച് കാർഷിക മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ വേണ്ടത് ശ്രമിക്കേണ്ടതാണ്.

5. വിവിധ മേഖലയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, വനിതാ സഹകരണസ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കേണ്ടതാണ്.

സോപ്പ്	സ്പിന്നിംഗ്
മെഴുകുതിരി	വീവിംഗ്
കരകൗശലവസ്തുക്കൾ	ചന്ദനത്തിരി
ഹോളോബ്രിക്സ്	ചകിരി-ചൂടി
കട്ടില ജാലകങ്ങൾ	മസാലപ്പൊടി
റെഡിമെയ്ഡ്വസ്ത്രങ്ങൾ	അച്ചാറ്
ഫർണിച്ചറുകൾ	സ്റ്റീൽ അലമാര
തീപ്പെട്ടി	ലൈത്ത്
ചെരിപ്പ്	ജാം
ആണി	ഓയിൽമിൽ
നോട്ട്ബുക്ക്	കൺഫക്ഷനറി
കുട	സാധനങ്ങൾ

ഫൈബർ കസേല

എന്നിവ ഉൾപ്പെടുത്തിയുള്ള വിവിധ മേഖലകൾ .

സാധ്യതകൾ

1. കൺസ്യൂമർ സ്റ്റോറുകൾ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ആരംഭിക്കുവാൻ പര്യാലോചിക്കണം.

2. കെട്ടിട നിർമ്മാണ തൊഴിലാളി സഹകരണസംഘം പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുവാൻ ആലോചിക്കണം.

3. സഹകരണ ബാങ്കിന്റെ പ്രവർത്തനം മുഴുവൻ വാർഡിലും കിട്ടത്തക്ക നിലയിൽ വ്യാപിപ്പിക്കണം.

4. സഹകരണബാങ്കിൽ നിന്നുള്ള വായ്പ ഉദാരവല്ക്കരിക്കണം. തിരിച്ചടക്കൽ വീടുകളിൽ നിന്ന് ശേഖരിക്കാൻ പാകത്തിൽ (ഉദാ- പിഗ്മി ഡിപ്പോസിറ്റ്) രൂപത്തിൽ സ്വീകരിക്കുന്ന രീതി നടപ്പാക്കണം. ഉദ്യോഗസ്ഥൻ ഏതുപഞ്ചായത്തിലായാലും സി ക്ലാസ് മെമ്പർഷിപ്പ് നല്കി ജാമ്യം നില്ക്കുവാനുള്ള അവസരം ഉണ്ടാക്കണം.

വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. സമൂഹത്തിന്റെ വളർച്ചയെ ലക്ഷ്യമാക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തേയും ലക്ഷ്യം. വ്യക്തി വികസനത്തിലൂടെ ഒരു പ്രദേശത്തിന്റേയും അതിലൂടെ ഒരു രാജ്യത്തിന്റേയും വികസനം പൂർത്തീകരിക്കപ്പെടുക എന്ന ലക്ഷ്യംകൂടി വിദ്യാഭ്യാസത്തിലൂടെ സാധിതമാകുന്നുണ്ട്.

കേരളത്തിൽ ഏറ്റവും കൂടുതൽ സാമൂഹിക ഇടപെടൽ നടന്ന മേഖലകളിലൊന്നാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തെ സവർണ്ണ- സമ്പന്ന- ന്യൂനപക്ഷ മേഖലകളിൽ നിന്നും മോചിപ്പിക്കാനും അതിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭ്യമാക്കാനും നടത്തിയ പരിശ്രമങ്ങളെ നാം ആദരപൂർവ്വം ഓർക്കുകയാണ്. സാമൂഹിക പരിഷ്കർത്താക്കളുടേയും, സാമുദായിക ആചാര്യൻമാരുടേയും മിഷിണറിമാരുടേയും കൂടിപള്ളികൂടം ആശാൻമാരുടേയും ഒക്കെ ഒറ്റയ്ക്കും കൂട്ടായുമുള്ള പരിശ്രമങ്ങൾ ഈ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നിട്ടുണ്ട്. മലബാർ ഡിസ്ട്രിക്ട് ബോർഡും, ഗ്രന്ഥശാലാ പ്രസ്ഥാനവും 57 മുതലുള്ള വിവിധ സർക്കാരുകളും ഈ പരിവർത്തനത്തിന് നേതൃത്വം കൊടുത്തിട്ടുണ്ട്. മുൻമുറക്കാർ വെട്ടിയൊരുക്കിയ പാതയിൽനിന്നും പിന്തിരിഞ്ഞ് നോക്കിയാവണം നാളെയുടെ വഴിയിലേക്കുള്ള കുതിപ്പും കിതപ്പും രൂപപ്പെടുത്തേണ്ടത്.

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ ഇപ്പോഴുള്ള ഏഴാം വാർഡിൽ പടിഞ്ഞാറെ മനേക്കര ഭാഗത്തുള്ള പുല്ലേരിപൊയിൽ എന്നപേരിൽ അറിയപ്പെട്ടിരുന്ന പന്ന്യന്നൂർ വിദ്യാവിലാസിനി എൽ.പി. സ്കൂളാണ് ആദ്യമായി സ്ഥാപിക്കപ്പെട്ട അംഗീകൃത വിദ്യാലയം എന്നൊരു പക്ഷമുണ്ട്. രണ്ടാം വാർഡിൽ കിഴക്കെ ചമ്പാട് കോട്ടക്കുന്ന് ഭാഗത്ത് കൊറ്റോൽ സ്കൂൾ എന്നറിയപ്പെടുന്ന ' ജനരഞ്ജിനി എൽ.പി ' സ്കൂളാണ് ആദ്യത്തേതെന്നും പറയപ്പെടുന്നു. പന്ന്യന്നൂർ വിദ്യാവിലാസിനി സ്കൂളിന്റെ സ്ഥാപകൻ, അധ്യാപനം ജീവിത ദൗത്യമായി കരുതിയിരുന്ന ശ്രീ മണിയമ്പത്ത് ചാത്തുഗുരിക്കളായിരുന്നു. ജനരഞ്ജിനി സ്കൂളിന്റെ സ്ഥാപകൻ ഒരു ജന്മിയായിരുന്ന ആലകുന്ന് ശങ്കരൻ നമ്പ്യാർ ആയിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെയായിരുന്നു ഈ വിദ്യാലയങ്ങൾ നിലവിൽ വന്നത്. എന്നാൽ ഈ രണ്ട് വിദ്യാലയങ്ങളേക്കാൾ പരിസര പ്രദേശങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ചത് കുന്നുമ്മൽ ഹയർ എലിമെൻററി സ്കൂൾ ആയിരുന്നു. ഫീസ് നൽകാതെ പഠിച്ച് ഇ.എസ്.എൽ.സി (എലിമെൻററി സ്കൂൾ ലീവിങ്ങ് സർട്ടിഫിക്കറ്റ്) പാസ്സാകാൻ സൗകര്യം ലഭിച്ചിരുന്ന മറ്റൊരു സ്കൂൾ സമീപ പ്രദേശങ്ങളിലൊന്നും ഉണ്ടായിരുന്നില്ല. പാനൂരിലെ ബാസൽ മിഷൻ വിദ്യാലയത്തിൽ ഉയർന്ന ഫീസ് ചുമത്തിയിരുന്നു. പെരിങ്ങളം, കരിയാട്, കോടിയേരി, പാനൂർ എന്നീ പ്രദേശങ്ങളിൽ നിന്നെല്ലാം 10ഉം 12ഉം നാഴിക നടന്നുവന്നാണ് പല വിദ്യാർത്ഥികളും കുന്നുമ്മൽ

സ്കൂളിൽ പഠനം നടത്തിയിരുന്നത്.

ഈ പഞ്ചായത്തിലെ 18 സ്കൂളുകളിൽ ബഹു ഭൂരിപക്ഷവും 1920 ന് മുമ്പ് സ്ഥാപിക്കപ്പെട്ടവയാണ്. 1920 കളിൽ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയിൽ വിഭജിച്ച് ഭരിക്കുക എന്ന ലക്ഷ്യം വച്ചായിരിക്കണം പ്രത്യേകം മുസ്ലീം വിദ്യാലയങ്ങൾ അനുവദിച്ചിരുന്നു. മുസ്ലീം പെൺ, മുസ്ലീം ആൺ പള്ളികൂടങ്ങൾ ഹിന്ദു ആൺ, ഹിന്ദു പെൺ പള്ളികൂടങ്ങൾ എന്നിങ്ങനെ നാലു വിഭാഗങ്ങളായാണ് അന്ന് വിദ്യാലയങ്ങൾ അനുവദിക്കപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ വിദ്യാലയങ്ങളുടെ ഭൂപരിധി അന്നൊരു പ്രശ്നമായി അനുഭവപ്പെട്ടിരുന്നില്ല. നല്ലൊരു ശതമാനം കുട്ടികൾ അന്ന് സ്കൂളുകളിൽ എത്തിയിരുന്നില്ല. വലിയൊരു വിഭാഗം വർഷംതോറും കൊഴിഞ്ഞുപോയിരുന്നു. സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറവായിരുന്നു.

ഇന്ന് നൂറുശതമാനം കുട്ടികളും വിദ്യാലയത്തിൽ എത്തുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നു. ഈ പഞ്ചായത്ത് പാനൂരിനേറെയും, തലശ്ശേരിയുടേയും മധ്യത്തിൽ കിടക്കുന്നതിനാൽ ഈ പട്ടണങ്ങളിലെ ആൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ധാരാളം കുട്ടികൾ പോയി പഠിക്കുന്നുണ്ട്. മാത്രമല്ല ഈ പഞ്ചായത്തിൽ ഏഴാം വാർഡിൽ ഒരു ആൺ എയിഡഡ് ആൺ റക്ഗ്നൈസ്ഡ് ഇംഗ്ലീഷ്മീഡിയം സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്. നാട്ടിൻപുറത്തെ സ്കൂളുകൾ പോരാ എന്ന ഒരു മനോഭാവം നല്ലൊരു വിഭാഗം രക്ഷിതാക്കളെ പിടികൂടിയിട്ടുണ്ട്. ' ടൈ'യും 'സോക്സും' 'ഷൂ'വും ധരിച്ച് നഗരത്തിലെ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ സ്വന്തം മക്കളെ അയക്കുന്നതിൽ അവർ വലിയ സംതൃപ്തി അനുഭവിക്കുന്നു.

സാമൂഹിക സാഹചര്യം:

മലബാർ ജില്ലയിൽ 19ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽതന്നെ പൊതു വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള പ്രേരണയും സഹായവും ബ്രിട്ടീഷ് ഗവൺമെൻറിൽനിന്നും ലഭിച്ചിരുന്നു. അതതു പ്രദേശങ്ങളിലെ ഗുരുക്കൻമാർ സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുകയും 5 ഉം 10 ഉം വർഷം നടത്തിക്കൊണ്ടു പോയശേഷം സർക്കാർ അംഗീകാരവും ഗ്രാൻറും ലഭിക്കുകയാണുണ്ടായത്. ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ടവയാണ് ഒരു ഗവ: എൽ.പി. സ്കൂൾ ഒഴികെ ഇന്ന് പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 17 വിദ്യാലയങ്ങൾ. ഇവയെല്ലാം 1920 ന് മുമ്പ് സ്ഥാപിക്കപ്പെട്ടു. സെൻട്രൽ ചമ്പാട് ഗേൾസ് എൽ.പി. സ്കൂൾ 'അനാദായകരമായ' വിദ്യാലയമെന്ന പേരിൽ 1992 ൽ അടച്ചു പൂട്ടുകയുണ്ടായി.

നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളെ സംബന്ധിച്ച പൊതുവിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

മുമ്പ് മലബാർ ജില്ലാ ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പന്ന്യന്നൂർ ബോർഡ് ലോവർ എലിമെൻററി സ്കൂൾ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തമൂലം അടച്ചുപൂട്ടി. 1960ന് ശേഷം നാട്ടുകാരുടെ ഉത്സാഹത്തിൽ ഗവ: എൽ.പി.സ്കൂൾ പന്ന്യന്നൂർ സെൻറർ എന്നപേരിൽ ഒരു സർക്കാർ വിദ്യാലയമായി പുനഃ സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇതുമാത്രമാണ് ഈ പഞ്ചായത്തിലെ സർക്കാർ വിദ്യാലയം.

അവലോകനം :-

1995 ജൂണിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ചോതാവൂർ ഹൈസ്കൂളും 3 യു.പി. സ്കൂളും അടക്കം 18 വിദ്യാലയങ്ങളിലായി ആകെ 3430 വിദ്യാർത്ഥികൾ മാത്രമാണ് അധ്യയനം നടത്തിവരുന്നത്. 7 എൽ.പി. സ്കൂളുകളിൽ നാലാം ക്ലാസ്സ്വരേയും 7 എൽ.പി. സ്കൂളുകളിൽ അഞ്ചാം തരംവരെയും ക്ലാസ്സുകളാണ് യഥാക്രമം നിലവിലുള്ളത്. പന്ന്യന്നൂർ എൽ.പി. യിലും, ഗവ: എൽ.പി. യിലും യഥാക്രമം 77 ഉം 56 ഉം കുട്ടികൾ മാത്രമാണ് പഠിച്ചുവരുന്നത്. 672 കുട്ടികൾ പഠിക്കുന്ന ചോതാവൂർ ഹൈസ്ക്കൂൾ, മൊത്തം 1075 കുട്ടികൾ പഠിക്കുന്ന മൂന്ന് യു.പി. സ്ക്കൂളുകൾ ഇവ കഴിച്ചാൽ 14 പ്രാഥമിക വിദ്യാലയങ്ങളിൽ 866 ആൺകുട്ടികളും 817 പെൺകുട്ടികളും പഠിച്ചുവരുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട രണ്ട് കുട്ടികൾ പഠനം നിർത്തിയതായി കാണുന്നു. പട്ടികജാതി വിഭാഗത്തിൽ പെട്ട 2 വിദ്യാർത്ഥികൾ തോറ്റു പഠിക്കുമ്പോൾ മറ്റുവിഭാഗക്കാരിൽ അത് 149 ആണ്.

വിദ്യാലയങ്ങൾ സന്ദർശിച്ചപ്പോഴുള്ള അനുഭവവും രജിസ്റ്ററിൽ രേഖപ്പെടുത്തപ്പെട്ട കുട്ടികളുടെ എണ്ണവും തമ്മിൽ കാര്യമായ അന്തരമുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 3430 വിദ്യാർത്ഥികളാണ് റജിസ്റ്ററിൽ ഉള്ളതെങ്കിലും 2700ൽ ൽ താഴെ വിദ്യാർത്ഥികൾ മാത്രമാണ് യഥാർഥത്തിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠനം നടത്തിവരു ന്നത്.

അധ്യാപകർ :-

ഇവിടുത്തെ 18 വിദ്യാലയങ്ങളിൽ 148 അധ്യാപകരുടെ ആവശ്യമുള്ളപ്പോൾ 146 പേർ പ്രവർത്തിച്ചുവരുന്നു. അധ്യാപന രംഗത്ത് സ്ത്രീകൾ വർദ്ധിച്ചുവരുന്ന പ്രവണതയാണുള്ളത്. ഒരേസമയം ഗൃഹ ഭരണവും, അധ്യാപനവും ഒന്നിച്ചുകൊണ്ടു പോകേണ്ടി വരുന്നതിനാൽ പൊതുവെ അധ്യപകരിൽ

പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് സ്കൂളിന്റെ പൊതു വിവരം

സ്കൂളിന്റെ പേര്	H.S U.P L.P Pre-Primary	സ്കൂളിന്റെ ഉടമസ്ഥത			കുട്ടികളുടെ എണ്ണം		അധ്യാപകരുടെ എണ്ണം						സ്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റുകുറിപ്പുകൾ
1.ഗവ:എൽ.പി		സർക്കാർ കെട്ടിടം വാടക/സ്വന്തം	എയിഡഡ്	അൺ എയ്ഡഡ്	അംഗീകാരം ഇല്ലാത്തത്	ആൺ	പെൺ	ആകെ	ആകെ വേണ്ടവർ	നിലവിലുള്ളവർ	ഒഴിവുകൾ	ദീർഘകാല ലീവിലുള്ളവർ				
പന്ന്യന്നൂർസെൻറർ	I to IV	സ്വന്തം	ഗവ:	-	-	21	35	56	5	4	1	-	45ച.മീ	-	-	-
2.പന്ന്യന്നൂർ L.P	I to IV	"	എ.	-	-	34	43	77	5	5		-	15സെ.	-	-	
3.ചമ്പാട്പൊടിക്കളം L.P	I to IV	"				65	39	104	4	4		-	4.5സെ.	-	-	
4.ചമ്പാട് നോർത്ത് L.P	I to IV	"	-	-	-	64	52	116	6	5	1	-	2.5സെ	-	-	-
5.ചമ്പാട് L.P	I to IV	"	-	-	-	58	57	115	5	5	-	-	4.5സെ	-	-	-
6.കുന്നുമ്മൽ L.P	I to IV	"	"	-	-	40	70	110	5	4	-	-				
7.ചോതാവൂർഈസ്റ്റ് L.P	I to IV	"	"	-	-	60	45	105	5	5	-	-	-	-	-	
8.ജനരഞ്ജിനി L.P	I to V	"	"	-	-	60	73	139	6	6	-	-	-	-	-	
9.പുഴക്കൽ L.P	I to V	"	"	-	-	81	66	147	6	6	-	-	3സെ.	-	-	-
10.ബാവാൻറെപറമ്പ L.P	I to V	"	"	-	-	82	55	137	6	6	-	-	4സെ.	-	-	-
11.പെരിയാണ്ടി L.P	I to V	"	"	-	-	57	55	112	6	6	-	-	3സെ	-	-	-
12.കുറ്റിപ്രം L.P	I to V	"	"	-	-	84	78	162	6	6	-	-	5സെ	-	20	-
13.മാരാങ്കണ്ടി L.P	I to V	"	"	-	-	88	73	161	6	6	-	-	35സെ	5സെ	-	-
14.പന്ന്യന്നൂർ V.V L.P	I to V	"	"	-	-	66	76	142	5	5	-	-	20സെ	-	-	-
15.പന്ന്യന്നൂർഅരയാക്കുൽ U.P	I to VII	"	"	-	-	229	195	424	17	17	-	-	20സെ			
16.ചമ്പാട് വെസ്റ്റ് U.P	I to VII	"				203	171	374	20	20	-	-	50സെ			
17.കുന്നുമ്മൽ U.P	I to VII	"				154	123	277	13	13	-		1.25ഏ.	10സെ		
18.ചോതാവൂർ H.S	I to IX	"	"	-	-	340	332	672	27	27	-	-	3ഏ8സെ			
ആകെ						1792	1638	3430	148	146						

അവലംബം - സെക്കൻററി - ഡാറ്റ

നിന്ന് പാഠ്യേതര പ്രവർത്തനങ്ങളിൽ വേണ്ടത്ര പങ്കാളിത്തം ലഭിക്കുന്നില്ല എന്ന പരാതി ഇടക്കാലത്ത് ഉയർന്നു വന്നിട്ടുണ്ട്. അധ്യാപനത്തോടുള്ള പ്രത്യേക താൽപര്യം കൊണ്ടല്ലാതെ സൗകര്യവും, എളുപ്പവും കരുതി ഭീമമായ സംഖ്യ മാനേജർക്ക് നൽകി ഈ മേഖലയിലേക്ക് കടന്നുവന്നവരിൽ ഒരു ചെറുവിഭാഗം അധ്യാപകരിൽ ഒരുതരം നിഷ്ക്രിയത്വം പ്രകടമാണ്. അധ്യാപനം ഒരു ഉദ്യോഗം എന്നതിലുപരി രാഷ്ട്ര സേവനമാണെന്ന അർത്ഥത്തിൽ പ്രവർത്തിച്ച ഒട്ടനവധി ഗുരുവര്യൻമാരുടെ പാരമ്പര്യമുള്ള പഞ്ചായത്താണിതെന്നുകൂടി ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്.

ചാത്തു ഗുരിക്കൾ, രാമർ ഗുരിക്കൾ, വെള്ളോത്ത് കണ്ണൻ ഗുരിക്കൾ എന്നീ മഹദ്വ്യക്തികളെ സ്മരിക്കാതെ ഈ റിപ്പോർട്ട് പൂർണ്ണമാവുകയില്ല.

ദേശീയ പ്രസ്ഥാനങ്ങളുടെ ഭാഗമായി നടന്ന അധ്യാപക പ്രക്ഷോഭങ്ങൾ സ്മർത്തവ്യമാണ്. ബ്രിട്ടീഷ് വാഴ്ചക്കെതിരെയുള്ള പ്രത്യക്ഷ സമരത്തിന്റെ ഭാഗമായി ഗുരുജനസമാജം പിക്കറ്റ്ചെയ്തതിന് 6 മാസം കഠിനതടവിന് ശിക്ഷിക്കപ്പെട്ട അധ്യാപക നേതാക്കളിൽ 4 പേർ ഈ പ്രദേശത്തുകാരായിരുന്നു. ശ്രീമാൻമാർ കെ.കെ. വേലായുധൻ അടിയോടി, പി.വി. നാണുനമ്പ്യാർ, പാതിരിയാട് കുമാരൻമാസ്റ്റർ, പാനേൻറവിട അബ്ദുൾറഹിമാൻ മാസ്റ്റർ എന്നിവരായിരുന്നു ആ നാല്പേർ.

രക്ഷിതാക്കളുടെ പങ്ക് :-

ഏകദേശം 15% രക്ഷിതാക്കൾ മാത്രമാണ് മക്കളുടെ പഠനകാര്യത്തിൽ കാര്യമായി ശ്രദ്ധിക്കുകയും സ്കൂളുകളുമായി പതിവായി സമ്പർക്കം പുലർത്തുകയും ചെയ്യുന്നത്. മറ്റൊരു 20% പരീക്ഷാവേളകളിൽ കുട്ടികളുടെ പഠനകാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്. 40% ത്തോളം പേർ വല്ലപ്പോഴും ശ്രദ്ധിക്കുന്നവരാണ്. ശേഷിക്കുന്നവരിൽ ഭൂരിഭാഗവും സ്വന്തം മക്കൾ ഏത് ക്ലാസ്സിൽ പഠിക്കുന്നു എന്നുപോലും ശ്രദ്ധിക്കാത്തവരാണ്. അടുത്തകാലത്തായി പി.ടി.എ., മാതൃസംഗമം എന്നിവയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്നുണ്ട് എന്നത് ആശാവഹമാണ്. എന്നാൽ വിദ്യാഭ്യാസ പ്രവർത്തനത്തിലെ നിർണ്ണായകമായ ഒരു ഘടകം എന്നനിലയ്ക്ക് മുഴുവൻ

പട്ടിക – 2

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് – സ്കൂളിന്റെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ

	സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള മുറികൾ/കെട്ടിടം നിർമ്മിക്കേണ്ടതുണ്ടോ? ഇല്ല / ഉണ്ട്	നിലവിലുള്ള ശുചിമുറികളുടെ എണ്ണം	മൂത്രപ്പുരകളുടെ എണ്ണം	ഇനി ആവശ്യമായ മൂത്രപ്പുരകളുടെ എണ്ണം	നിലവിൽ കുടിവെള്ള സൗകര്യം ഉള്ളവ	ഉപയോഗശൂന്യമായ കുടിവെള്ള സ്രോതസ്സുകളുടെ എണ്ണം	പാചകപ്പുര / ഗ്യാസ് സൗകര്യം ഉള്ളവ/ഇല്ലാത്തവ	വൈദ്യുതി ഉള്ള / ഇല്ല	ഇനി ആവശ്യമായിട്ടുള്ള ഫർണിച്ചറുകളുടെ എണ്ണം				
			സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം											നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? ഉണ്ട് / ഇല്ല	ഡസ്ക് / ബെഞ്ച്	ബെഞ്ച്	മേശ	കസേര
1.	പന്ന്യന്നൂർ L.P.S	4	"	-	-	"	-	-	-	-	ഇല്ല	-	-	ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3	8	2	2
2.	പൊടിക്കളം L.P.S	4	"	-	-	2	-	-	-	ഇല്ല	താൽക്കാലികം	3	2	"	-	പാത്രത്തിൽ സൂക്ഷിക്കുന്നു	"	"	-	3	1	2
3.	ചമ്പാട്നോർത്ത്L.P.S	4	2	-	-	4	-	-	2	"	1	4	1	"	ഇല്ല	ഇല്ല	"	"	5	5	2	2
4.	ചമ്പാട് L.P.S	4	"	-	-	4	-	-	-	-	1	10	2	"	-	"	"	"	5	5	2	4
5.	കുന്നുമ്മൽ L.P.S	4	1	"	"	2	"	"	1	"	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	"	മതിയാവില്ല	ഇല്ല	24	2	2 (Old)
6.	ജി.എൽ.പി. സ്കൂൾ	4	1	-	-	ഓഫീസ് മാത്രം ബാക്കി ഹാൾ	-	-	ഇല്ല	"	1	3	-	1	-	"	"	ഇല്ല	1	4	2	2
7.	ചോതാവൂർഈസ്റ്റ് L.P.S		-	-	-	5	-	-	-	-	-	-	2	-	-	"	"	"	10	10	4	4
8.	പുഴക്കൽ L.P.S	5	2	1	ഇല്ല	4	1	-	1	"	ഇല്ല	-	2	ഇല്ല	-	"	ഉണ്ട്	"	4	5	1	3
9.	ജനരഞ്ജിനി L.P.S	5	2	1	-	-	5	"	2	"	"	-	2	"	-	"	ഇല്ല	"	6	6	2	3
10.	വി.വി.എൽ.പി. പന്ന്യന്നൂർ		സ്ഥിരം	-	-	1	-	-	ക്ലാസ്സ് തിരിക്കണം	"	"	-	1	"	-	ഉണ്ട്കിണർ	"	"	10	10	2	2
11.	കുറ്റിപ്പുറം L.P.S	5	2	-	-	6	-		1	"	"	-	2	"	"	ഇല്ല	"	-	-	-	-	-
12.	മാരാങ്കണ്ടി L.P.S	5	1	-	-	6	-	-	-	"	1	4	-	1	-	ഉണ്ട് പൈപ്പ്	ഉണ്ട്	"	10	10	-	-
13.	പെരിയാണ്ടി L.P.S	5	1	-	1	ഹാൾ	1	1	ഇല്ല	-	1	10	1	ഇല്ല	"	ഇല്ല	ഇല്ല	"	3	3	1	1
14.	ബാവാന്റെപാമ്പ U.P	5	1	-	1	1	-	1	1	ഇല്ല	1	4	1	"	"	ഉണ്ട്കിണർ	"	"	9	9	2	4
15.	പി.എ.യു.പി.എസ്.	13	1	4	ഇല്ല	9	6	ഇല്ല	ഇല്ല	"	2	4	3	1	"	ഉണ്ട്	"	"	26	27	6	10
16.	ചമ്പാട് വെസ്റ്റ്U.P.S	12	4	2	-	2മുറി 2ഹാൾ	1മുറി 1ഹാൾ	-	ഉണ്ട്/4	ഉണ്ട്	2	20	-	1	"	"	ഉണ്ട്	"	-	-	5	10
17.	കുന്നുമ്മൽ U.P.S	9	2	3	-	ഇല്ല	ഇല്ല	"	3	ഇല്ല	1	5	3	1	"	ഇല്ല	ഇല്ല	"	10	15	2	6
18.	ചോതാവൂർ H.S	17	5	-	-	20	-	-	-	ഉണ്ട്	1	10	ഇല്ല	ഇല്ല	"	"	ഉണ്ട്	-	-	-	-	-

പട്ടിക – 6

വിദ്യാലയങ്ങളിലെ അക്കാദമിക് സൗകര്യങ്ങൾ

ക്രമ നമ്പ്ർ	സ്കൂളിന്റെ പേര്	ലൈബ്രറി		ലബോറട്ടറി സയൻസ് കോർണർ		പഠനോപകരണങ്ങൾ, മേപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ ഉണ്ട് / ഇല്ല	ദൃശ്യ -ശ്രാവ്യ- ഉപകരണങ്ങൾ					കമ്പ്യൂട്ടർ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	സ്ക്രീൻ	കമ്പ്യൂട്ടർ ഉപയോഗിക്കുന്ന അധ്യാപകർ	എസ്.ടി. അധ്യാപകർ	നിലവിലുള്ള കുട്ടികളുടെ എണ്ണം 96 96	സയൻസ് ലാബിലുള്ള കുട്ടികളുടെ എണ്ണം	ടെലിവിഷൻ ഉപയോഗിക്കുന്ന കുട്ടികളുടെ എണ്ണം – ഒരു ദിവസം	അധ്യാപകരുടെ സേവനം ലഭ്യമാണോ/ സമയം	പ്രവർത്തിക്കുന്ന സ്കൂൾ ടി.വി. ഉണ്ടോ/ ഇല്ലേ
		ഉണ്ട്	പ്രവർത്തിക്കുന്നില്ല	ഉണ്ട്	പ്രവർത്തിക്കുന്നില്ല		റേഡിയോ	ടേപ്പ്റിക്കാർഡർ	ടി.വി.	വി.സി.ആർ /വി.സി.പി.	സിനിമാ പ്രൊജക്ടർ											
1.	പന്ന്യന്നൂർ L.P.S	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ആവശ്യത്തിന് മതിയാവില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	3	187	7	–	സജീവം	പ്രത്യേകം ഇല്ല
2.	ചമ്പാട് പൊടിക്കളം	"	"	"	"	ഇല്ല	"	"	"	"	"	"	"	"	1	4	192 1/2	2	4	"	പ്രവർത്തിക്കുന്നു
3.	ചമ്പാട്നോർത്ത്L.P.S	"	"	"	"	ഗ്ലോബില്ല	"	"	"	"	"	"	"	"	"	5	191 1/2	4	–	"	"
4.	ചമ്പാട് L.P.S	"	"	സയൻസ് കോർണർ ഉണ്ട്	"	ഉണ്ട്	"	"	"	"	"	"	"	"	3	4	186 1/2	ഇല്ല	–	"	"
5.	കുന്നുമ്മൽ L.P.S	"	"	ഇല്ല	"	O.Bസ്കീം പ്രകാരം കിട്ടിയത്	"	"	"	"	"	"	"	"	5	4	193	–	–	"	"
6.	ജി.എൽ.പി. സ്കൂൾ പന്ന്യന്നൂർ സെൻറർ	"	"	"	"	ഗ്ലോബില്ല	ഉണ്ട്	ഉണ്ട്	"	"	"	"	"	"	1	3	181	4	13	"	"
7.	ചോതാവൂർഈസ്റ്റ് L.P.S	"	"	"	"	ഉണ്ട്	"	"	"	"	"	"	"	"	4	4	185	–	–	"	പ്രവർത്തിക്കുന്നില്ല
8.	പുഴക്കൽ L.P.S	"	"	"	"	ഉണ്ട് മതിയാവില്ല	ഇല്ല	ഇല്ല	"	"	"	"	"	"	–	5	187	5	5	"	പ്രവർത്തിക്കുന്നു
9.	ജനരഞ്ജിനി L.P.S	"	"	ഉണ്ട്	"	ഉണ്ട്	"	"	"	"	"	"	"	"	2	5	194	ഇല്ല	6	"	"
10.	വി.വി.എൽ.പി.എസ്. പന്ന്യന്നൂർ	"	"	ലാബ് ഇല്ല	ഇല്ല	"	"	"	"	"	"	"	"	"	2	5	191	2	3	"	ഉണ്ട്
11.	കുറ്റിപ്രം L.P.S	"	"	ഉണ്ട്	ഉണ്ട്	"	"	"	"	"	"	"	"	"	–	6	192	ഇല്ല	5	"	ഇല്ല
12.	മരാമ്പണ്ടി L.P.S	"	"	"	"	"	"	"	"	"	"	"	"	"	5	5	186 1/2	–	4	"	"
13.	പെരിയാണ്ടി L.P.S	"	"	ഇല്ല	ഇല്ല	"	"	"	"	"	"	"	"	"	6	5	–	–	–	"	"
14.	ബാവാന്റെപറമ്പ്L.P.S	"	"	ഉണ്ട്	ഉണ്ട്	ഉണ്ട് മതിയാവില്ല	"	"	"	"	"	"	"	"	5	2	184 1/2	5	5	"	ഇല്ല ടീം എക്സാമിനു ശേഷം വിളിക്കാറുണ്ട്
15.	പി.എ.യു.പി.എസ്.	"	"	"	"	"	"	"	"	"	"	"	"	"	15	13	186 1/2	4	3	"	സജീവം
16.	ചമ്പാട് വെസ്റ്റ്U.P.S	"	"	"	"	ചാർട്ട്, ഗ്ലോബ് ഇല്ല	"	"	"	"	"	"	"	"	1	13	194 1/2	1	4 1/2	"	ഉണ്ട്
17.	കുന്നുമ്മൽ U.P.S	"	"	"	"	മേപ്പ്, ഗ്ലോബ് ഇല്ല	"	"	"	"	"	"	"	"	11	9	191 1/2	4	17	"	"
18.	ചോതാവൂർ H.S	"	"	"	"	ഉണ്ട്	1	"	"	"	"	"	"	"	–	18	193 1/2	–	–	"	"

രക്ഷിതാക്കളുടേയും പങ്കാളിത്തം ഉറപ്പുവരുത്താനുള്ള ബോധവൽക്കരണം നടക്കേണ്ടതുണ്ട്. തങ്ങളുടെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനുള്ള കടമ രക്ഷിതാക്കൾക്കും കൂടി ഉണ്ടെന്നുള്ള ബോധം ഇനിയും വളർന്നു വന്നിട്ടില്ല.

സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ പട്ടിക 2 ൽ വിശദീകരിക്കുന്നുണ്ട്.

ഭൗതികസാഹചര്യങ്ങൾ – അവലോകനം :

മൊത്തത്തിൽ പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വളരെ ശോചനീയമാണ്. ആകെ 107 ഡിവിഷനുകൾക്ക് സ്ഥിരം കെട്ടിടങ്ങളും 11 അർദ്ധസ്ഥിര കെട്ടിടങ്ങളും 2 താൽക്കാലിക ഷെഡ്ഡുകളും മാത്രമാണുള്ളത്. ഏറ്റവും കുറഞ്ഞത് 15 ഓളം ക്ലാസ്സുമുറികളെങ്കിലും പോരാതെയാണുള്ളത്. അഞ്ച് വിദ്യാലയങ്ങളിൽ ഓഫീസ് മുറിയോ ഹെഡ്മാസ്റ്റർക്ക് പ്രത്യേകം മുറിയോ ഇല്ല. എൽ.പി. സ്കൂളുകളിലൊന്നിലും പ്രത്യേകം സ്റ്റാഫ്റൂം ഇല്ല. മൂത്രപുരകളുടെ കാര്യമാണ് കൂടുതൾ പരിതാപകരം. 7 സ്കൂളുകളിൽ മൂത്രപ്പുര ഇല്ല. ഉള്ളവയിൽതന്നെ ഒരേസമയം വിരലിലെണ്ണാവുന്ന കുട്ടികൾക്ക് മാത്രമേ മൂത്രപ്പുര ഉപയോഗിക്കാനുള്ള സൗകര്യമുള്ളൂ. അഞ്ച് വിദ്യാലയങ്ങളിൽ മാത്രമാണ് കക്കൂസ് ഉള്ളത്. പ്രാഥമിക വിദ്യാലയങ്ങളിൽ നിർബന്ധമായും കക്കൂസുകൾ കൂടിയേതീരൂ. 12 വിദ്യാലയങ്ങളിൽ കുടിവെള്ള സംവിധാനം ഇല്ല. ഒരു വിദ്യാലയത്തിൽ മാത്രമാണ് സ്വന്തമായി ടേങ്കും പൈപ്പ്വെള്ളവും ലഭ്യമായിട്ടുള്ളത്. ബെഞ്ച്, ഡസ്ക്, മേശ, കസേര എന്നിവയുടെ കമ്മി ഭീമമാണ്. ബഹുഭൂരിപക്ഷം വിദ്യാലയങ്ങൾക്കും കളിസ്ഥലമില്ല.

മേൽപറഞ്ഞ പരാധീനതകളും പ്രശ്നങ്ങളും പരിഹരിക്കാൻ രക്ഷകർത്താക്കളുടേയും ബഹുജനങ്ങളുടേയും കൂട്ടായ പങ്കാളിത്തം ഉറപ്പുവരുത്തുകയേ കരണീയമായിട്ടുള്ളൂ. ബന്ധപ്പെട്ട സർക്കാർ അധികാരികളുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതുണ്ട്.

പട്ടിക 3

ആകെ വിദ്യാർത്ഥികൾ	L.P ആൺ	പെൺ	%	U.P ആൺ	പെൺ	%	ആൺ	H.S പെൺ	%
3430	1032	945	47.79	668	578	46.38	92	115	55.5
				ആകെ = 47.6%					

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് പട്ടിക 4 ൽ കൊടുത്തിരിക്കുന്നു. ക്ലാസുതിരിച്ചുള്ള കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 5ലും വിദ്യാലയങ്ങളിലെ അക്കദമിക് സൗകര്യങ്ങൾ പട്ടിക 6ലും കൊടുത്തിരിക്കുന്നു.

പട്ടിക 4

L.P			U.P			H.S		
ആകെ	S.C	%	ആകെ	S.C	%	ആകെ	S.C	%
1977	13	0.65	1246	13	1.04	207	ലഭ്യമല്ല	
ആകെ 0.76 %								
അവലംബം - ദ്വിതീയ വിവര ശേഖരം								

അക്കാദമിക് സൗകര്യങ്ങൾ : അവലോകനം :–

ദൃശ്യ–ശ്രാവ്യ ഉപകരണങ്ങളുടെ കൂട്ടത്തിൽ ഒരു റേഡിയോ, അല്ലെങ്കിൽ ഒരു ടേപ്പ്റിക്കാഡർ പോലും ബഹുഭൂരിപക്ഷം വിദ്യാലയങ്ങളിലും ഇല്ല എന്നത് എടുത്തുപറയേണ്ട ഒരു പോരായ്മയാണ്, പ്രൈമറി വിദ്യാലയങ്ങളിൽ വിദ്യാർത്ഥി സമരംമൂലം അധ്യയന ദിവസങ്ങൾ നഷ്ടമാകുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. പഠനോപകരണങ്ങൾ മിക്ക സ്കൂളുകളിലും ആവശ്യത്തിന് ഇല്ലെന്നത് ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ പി.ടി.എ. യുടെ സജീവ ശ്രദ്ധ പതിയേണ്ടതുണ്ട്.

കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിച്ച വിവരം :

സബ്ജില്ലാ ബാലകലോത്സവം, യുവജനോത്സവമേളകളിൽ തുടർച്ചയായി ചാമ്പ്യൻഷിപ്പ് നേടുന്ന വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുള്ളവയാണ്. ചോതാവൂർ ഹൈസ്ക്കൂൾ യു.പി. വിഭാഗം, ചമ്പാട് നോർത്ത് എൽ.പി. സ്ക്കൂൾ ബാവാൻെറപറമ്പ എൽ.പി. സ്ക്കൂൾ എന്നീ വിദ്യാലയങ്ങളുടെ പ്രകടനം ശ്ലാഘനീയമാണ്. 1994– 95 വർഷത്തിൽ ' ജില്ലാതിലകപട്ടം' ചൂടാൻ ഈ പഞ്ചായത്തിലെ ഒരു വിദ്യാർത്ഥിനിക്ക് സാധിച്ചത് ഒരു നേട്ടമാണ്.

ശാസ്ത്രപ്രവൃത്തിപരിചയമേളയിൽ തുടർച്ചയായി ചാമ്പ്യൻപട്ടം ചൂടുന്ന പന്ന്യന്നൂർ അരയാക്കൂൽ യു.പി.യും, ചമ്പാട് വെസ്റ്റ് യു.പി.യും ഈ പഞ്ചായത്തിലുള്ള വിദ്യാലയങ്ങളാണെന്നത് അഭിമാനാർഹമാണ്. മിക്കപ്പോഴും സബ്ജില്ലാ മേളകളിൽ പ്രധാന മൽസരം ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ തമ്മിലാണെന്നത് ഇക്കാര്യത്തിൽ അവർ കാണിക്കുന്ന താല്പര്യം പ്രകടമാക്കുന്നു.

ഗുരുകുലം സമഗ്ര സ്ക്കൂൾ വിദ്യാഭ്യസ പദ്ധതി :

പൊതു വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ' ഗുരുകുലം ' പദ്ധതി വളരെ ശാസ്ത്രീയവും പ്രായോഗികവുമാണ്. സ്കൂൾ തലത്തിൽ ഏറെകുറേ ഇതിൻെറ പ്രവർത്തനം സജീവമാണെങ്കിലും ഇതിൻെറ അനുബന്ധമായ 'അയൽകൂട്ടം', വാർഡ് സമിതികൾ, വിദ്യാഭ്യാസ കോപ്ലക്സ്

പട്ടിക VII

സ്ക്കൂളുകളിലെ അക്കാദമിക്ക് നിലവാരം

സ്ക്കൂളിന്റെ പേര്	ക്ലാസ്സുകൾ	ആകെ കുട്ടികൾ	കുട്ടികളുടെ പൊതുനിലവാരം				
			30%താഴെ മാർക്കു നേടുന്നവർ	30–40% മാർക്കു നേടുന്നവർ	40–50% മാർക്കു നേടുന്നവർ	50–60% മാർക്കു നേടുന്നവർ	60% കൂടുതൽ
പന്ന്യന്നൂർ എൽ.പി	3	20	2	2	10	3	3
	4	17	4	2	4	4	3
ചമ്പാട് പൊടിക്കളം	3	26	2	5	10	5	4
എൽ.പി	4	26	2	4	9	5	5
ചമ്പാട്നോർത്ത്	3	30	2	4	8	7	9
എൽ.പി	4	30	3	8	10	4	5
ചമ്പാട് എൽ.പി	3	30	2	8	6	9	5
	4	23	2	4	7	7	3
കുന്നുമ്മൽ എൽ.പി	3	29	–	—	1	7	21
	4	26		-	1	3	22
ജിഎൽപിഎസ്	3	20	2	-	5	1	12
	4	13	3	1	-	1	8
ചോതാവൂർ ഈസ്റ്റ്	3	30	4	8	8	5	5
എൽ.പി	4	28	3	8	7	5	5
പുഴക്കൽ എൽ.പി	3	29	1	2	7	16	3
	4	30	1	1	6	17	5
	5	33	1	3	6	7	6
ജനരഞ്ജിനി എൽ.പി	3	28	2	6	5	5	10
	4	28	2	5	6	7	8
	5	30	2	7	10	6	5
പന്ന്യന്നൂർവി.വി	3	29	5	3	8	8	5
എൽ.പി	4	30	3	5	9	7	6
	5	30	3	5	8	7	7
കുറ്റിഗ്രാം എൽ.പി	3	28		4	6	10	8
	4	31		2	10	15	4
	5	30		3	10	12	5
മാരാങ്കണ്ടി എൽ.പി	3	33	3	4	6	12	8
	4	33	4	3	5	15	6
	5	34	4	3	4	17	8
പെരിയാണ്ടി എൽ.പി	3	22	2	4	4	6	6
	4	23	2	4	6	7	4
	5	24		4	10	7	3
ബാവാൻറപറമ്പ	3	25		1	7	12	5
എൽ.പി	4	28		2	14	2	10
	5	33	1	-	5	3	24
പന്ന്യന്നൂർഅരയാക്കൂൽ	3	33	4	7	4	5	13
യു.പി.എസ്	4	27	4	3	5	5	10
	5	75	10	15	19	17	14
	6	103	8	30	25	19	21
	7	100	18	40	20	12	10
ചമ്പാട് വെസ്റ്റ്യു.പി	3	25	2	2	-	-	21
	4	26	3	4	5	2	12
	5	53	8	5	5	9	25
	6	101	13	10	10	12	56
	7	107	10	12	21	28	36
കുന്നുമ്മൽ യു.പി	ലഭ്യമല്ല						
ചോതാവൂർ	3	39	1	3	10	15	10
എച്ച്.എസ്	4	40	1	2	11	14	12
	5	82	3	7	18	30	24
	6	114	3	7	24	53	27
	7	127	3	6	30	64	24
	8	169	8	25	45	50	41
	9	38	-	-	3	15	20

അവലംബം - സെക്കൻറി ഡാറ്റാ -

പട്ടിക 5

സ്റ്റാൻ കുട്ടികളുടെ എണ്ണം				കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ			തോറ്റു പഠിക്കുന്നവർ		
ഡേർഡ്				S.C/ST			S.C/ST			മറ്റുള്ളവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	279	207	486	3	2	5	-	-	-	-	-	-
II	257	238	495	2	2	4	-	-	-	14	15	29
III	267	236	503	-	1	1	-	-	-	20	14	34
IV	229	264	493	1	2	3	-	-	-	17	15	32
V	260	205	465	1	4	5	-	1	1	15	3	18
VI	194	185	375	1	2	2	-	-	-	8	3	11
VII	214	188	402	2	3	5	-	1	1	11	14	25
VIII	78	91	169		ലഭ്യമല്ല		-	-	-	-	-	-
IX	14	24	38		ലഭ്യമല്ല		-	-	-	-	-	-
ആകെ	1792	1638	3430	10	16	26	0	2	2	85	64	149

അവംലംബം - സ്കൂൾ രേഖകൾ

എന്നിവയുടെ പ്രവർത്തനം ഉദ്ദേശിച്ച രീതിയിലായില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട തലങ്ങളിൽ നിന്നും സജീവ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. ഇതിന്റെ ഭാഗമായി പരീക്ഷാ സമ്പ്രദായം, സ്കൂൾ അസംബ്ലി, യൂനിഫോം, സാഹിത്യസമാജം, കൈയെഴുത്ത് മാസിക, പ്രധാന ദിനാഘോഷങ്ങൾ, പി.ടി.എ. , മാതൃ സംഗമം, മാസ്ട്രിൽ എന്നീ മേഖലകളിൽ സജീവമായ മാറ്റം ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ 10 ഗ്രാമസഭകളിലും വിദ്യാഭ്യാസ മേഖല സജീവ ചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാദമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോഅംഗവും പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തിയതായി കാണാം. അക്കദമിക് നിലവാര തകർച്ച, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാവുന്ന കാലതാമസം, ഭൗതിക സാഹചര്യങ്ങൾ അധ്യാപക രക്ഷാകർതൃ സമിതി, ഉച്ചക്കഞ്ഞി, അധ്യാപകരുടെ പുനഃപരിശീലനം, ഡി.ഐ.ഇ.ടി യുടെ സേവനം, മാസാന്ത പരീക്ഷകൾ, മൂല്യനിർണ്ണയം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെകുറിച്ചെല്ലാം ഓരോ ഗ്രാമസഭയിലും ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്.
ഗ്രാമസഭകളിൽ നിന്നും വന്ന അഭിപ്രായങ്ങളും നിൽദേശങ്ങളും

പ്രീ-പ്രൈമറി

1. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം കെട്ടിടങ്ങൾ സുരക്ഷിതമാക്കുകയും, കളിക്കോപ്പുകൾ നൽകുകയും കക്കൂസ് നിർമ്മിക്കുകയും വേണം.
2. അംഗനവാടികൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കണം.
3. അംഗനവാടികൾ കേന്ദ്രമാക്കി അമ്മമാർക്ക് 'ശിശുപരിപാലന' ക്ലാസുകൾ കാര്യക്ഷമമായി നടത്തണം.

പഠന നിലവാരം ഉയർത്തൽ

4. കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിന്റെ പ്രായപരിധി ഉയർത്തുക. 5 വയസ് പൂർത്തിയായാൽ ഒരു വർഷത്തെ പ്രീ- പ്രൈമറി വിദ്യാഭ്യാസം നൽകി 6 വയസ്സ് പൂർത്തിയായാൽ മാത്രം 1ാം ക്ലാസിൽ ചേർക്കുക.
5. അധ്യാപക വിദ്യാർത്ഥി അനുപാതം 1: 30 ആക്കി കുറക്കുക.
6. കുട്ടികളുടെ പഠന ഭാരവും, പുസ്തകഭാരവും കുറക്കാൻ സിലബസ് ലഘൂകരിക്കുക. യശ്പാൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്തുക.
7. വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ലക്ഷ്യത്തോടെ രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുക.
8. പി.ടി.എ. പ്രവർത്തനം എല്ലാവിധത്തിലും സജീവമാക്കുക.
9. അധ്യാപകർക്ക് കാലാകാലങ്ങളിൽ റിഫ്രഷർ കോഴ്സുകൾ നടത്തുക.
10. വിദ്യാർത്ഥികൾക്ക് പ്രായോഗിക പരീക്ഷ നടത്തുക.
11. ആവശ്യമായ കെട്ടിടസൗകര്യങ്ങളും, ഫർണിച്ചറും പഠനോപകരണങ്ങളും പി.ടി.എ യുടേയും സന്നദ്ധ സംഘടനകളുടേയും സഹായത്തോടെ സംഘടിപ്പിക്കുക.
12. പ്രൈമറി തലത്തിൽ ഇംഗ്ലീഷും ഹിന്ദിയും ഒഴിവാക്കി മാതൃഭാഷ മാത്രം പഠിപ്പിക്കുക.
13. ഹൈസ്ക്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ പ്രത്യേകം പരിശീലനം നേടിയ അധ്യാപകരെ നിയമിക്കുക.
14. പെൻഷൻ പറ്റിയ അധ്യാപകർ, അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവര ടങ്ങുന്ന വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുക.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ :

15. സ്ക്കൂളുകളിൽ മതിയായ ഹർണിച്ചർ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, ക്ലാസുകൾ പ്രത്യേക മുറികളാക്കി തിരിക്കൽ, പൂന്തോട്ടം, പച്ചക്കറി തോട്ടം, ലൈബ്രറി, വായനമൂല ഇവ ഏർപ്പെടുത്തണം.
16. ഉച്ചഭക്ഷണം മുഴുവൻ കുട്ടികൾക്കും ലഭിക്കുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുക.
17. സ്കൂളുകളിലേക്കുള്ള വഴി നന്നാക്കണം.
18. സ്കൂൾ പ്രവർത്തി സമയം രാവിലെ 8 മണിമുതൽ ഉച്ചയ്ക്ക് ശേഷം 1 മണിവരെയാക്കുക. വൈകുന്നേരം തൊഴിൽ പരിശീലനത്തിന് സംവിധാനം ഉണ്ടാക്കുക.
19. എല്ലാ വിദ്യാലയങ്ങളിലേയും അവധി ദിവസങ്ങൾ ഏകീകരിക്കുക.
20. കംപ്യൂട്ടർ പഠനകേന്ദ്രം, ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ കോച്ചിംഗ് ക്ലാസ്, പെൺകുട്ടികൾക്ക് തുന്നൽ പരിശീലന ക്ലാസ് എന്നിവ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.
21. ഉദ്യോഗാർത്ഥികളുടേയും മറ്റും ആവശ്യത്തിനായി പഞ്ചായത്താഫീസിൽ ഒരു ഗൈഡൻസ് ബ്യൂറോ ആരംഭിക്കുക.
22. പഞ്ചായത്ത് തലത്തിൽ പഠനോപകരണ നിർമ്മാണക്യാമ്പ്, റഫ്രഷർ കോഴ്സുകൾ ഇവ നടത്തുക.
23. അൺ എയിഡഡ് സ്കൂളുകൾ നിർത്തലാക്കുക.
24. അയൽപക്ക വിദ്യാലയ സമ്പ്രദായം ഏർപ്പെടുത്തുക.

പഞ്ചായത്ത് വികസന രേഖയിൽ കാർഷിക കോല്പന്നാധിഷ്ഠിതമായ ചെറുകിട വ്യവസായങ്ങൾക്കാണ് പ്രാമുഖ്യം നല്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ഈ മേഖലയുമായി ബന്ധപ്പെട്ട പരിശീലന ക്ലാസുകൾ വിദ്യാർത്ഥികൾക്ക് നൽകേണ്ട താണ്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടണമെങ്കിൽ വിദ്യാർത്ഥി- അധ്യാപകൻ - രക്ഷിതാവ്- സമൂഹം എന്നീ നാല് കണ്ണികളുടെ ബന്ധം ദൃഢപ്പെടേണ്ട തുണ്ട്. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം സജീവമാക്കിക്കൊണ്ട് വിദ്യാഭ്യാസ മേഖലയിൽ ആശാവഹമായ മുന്നേറ്റങ്ങൾ ഉണ്ടാക്കാമെന്ന വിശ്വാസം ഈ റിപ്പോർട്ട് നമുക്ക് പ്രതീക്ഷ നല്കുന്നു.

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. ഇ. ശ്രീധരക്കുറുപ്പ്
2. ടി. ഗംഗാധരൻ
3. എൻ. പി. പ്രകാശ്
4. ഷാജി വി.വി
5. വി. എം. ബാബു
6. ഷൈജ. കെ. പി
7. അഷില. പി. പി
8. ഷീന. പി. പി
9. എം. ഉമ്മർകുട്ടിഹാജി
10. കെ. കെ. ഖാദർ
11. കെ. കെ. രാജീവൻ
12. കെ. എം. രവീന്ദ്രൻ
    (കൃഷിഅസിസ്റ്റൻറ്)
13. കെ. കെ. കുമാരൻ മാസ്റ്റർ
14. ജസില. എം. കെ
15. ജനില. എം. കെ
16. ഇ. മധുസൂദനൻ
17. സുരേഷ് ബാബു. കെ
18. ശിവാനന്ദൻ. വി. പി
19. രമ. ടി. ടി. കെ
20. കെ. ജയരാജൻ
21. പി. ടി. കെ. പ്രേമൻ
22. ടി. സുമതി
23. ടി. ടി. വിമല
24. പി.പി. രവീന്ദ്രൻ
25. എം.വി. ബാലൻ നമ്പ്യാർ
26. ആർ. ശാന്ത
27. കെ. ഗോവിന്ദൻ
28. വി. കെ. പ്രമോദ് കുമാർ
29. കെ. ഗോവിന്ദൻ മാസ്റ്റർ
30. ഇ. ശിവദാസൻ
31. കെ.കെ. മുകുന്ദൻ മാസ്റ്റർ
32. ടി.കെ. ശ്രീധരൻ നമ്പ്യാർ
33. സി.പി. അനീഷ്
34. കെ. ബാലൻ
35. എ.കെ രാമകൃഷ്ണൻ
36. പി.വി.രഘുനാഥൻ
37. സി.കെ. അശോകൻ
38. എൻ. ഉണ്ണിമാസ്റ്റർ
39. ടി.വി. രവീന്ദ്രൻ
40. വി. വി. വേലായുധൻ
41. പി. എം. ഹരീന്ദ്രൻ
42. ടി.വി.സഗീഷ്
43. വി. പി. സജീവൻ
44. കെ. നാണുമാസ്റ്റർ

1996 നവമ്പർ 11ന് ചേർന്ന പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 221/96
തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുന്നത്.

വികസന മുന്നേറ്റത്തിന് കുടക്കീഴിൽ